പുസ്തകം–1

# നിയമ ധ്വനി

ജനുവരി 2017

## കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം

ലക്കം–1

പേജ് 157



# നിയമ ധ്വനി



കേരള സർക്കാർ നിയമ വകുപ് പ്രസിദ്ധീകരണം

**പത്രാധിപ സമിതി**

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **ബി. ജി. ഹരീന്ദ്രനാഥ്**<br>നിയമ സെക്രട്ടറി |
| എഡിറ്റർ | : | **പി.ഒ. ജോസ്**<br>അഡീഷണൽ നിയമ സെക്രട്ടറി |
| അംഗങ്ങൾ | : | **മിനി ഭാസ്കർ എസ്.**<br>ജോയിന്റ് സെക്രട്ടറി |
| | : | **സോണിഷ് കെ.**<br>സെക്ഷൻ ആഫീസർ |
| | : | **സുജിത പി.എസ്.**<br>ലീഗൽ അസിസ്റ്റന്റ് |
| | : | **ലക്ഷ്മി പ്രതാപൻ**<br>ലീഗൽ അസിസ്റ്റന്റ് |
| പുറംതാൾ രൂപകല്പന | : | **ഗോകുൽ പ്രതാപ്** |
| വിലാസം | : | നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകു<br>ഗവൺമെന്റ് സെക്രട്ടറിയേറ്റ്,<br>തിരുവനന്തപുരം-695 001. |
| ഫോൺ | : | 0471-2517064, 0471-2517066 |


ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനത്തിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റേയോ നിയമവകുപ്പിന്റേയോ അല്ലായെന്നും അവ ലേഖകന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ ആണെന്നും അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകന് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

പത്രാധിപസമിതി



# പ്രസാധക കുറിപ്പ്

കേരള സംസ്ഥാന രൂപീകരണത്തിന്റെ 60-ാം വർഷവും മലയാള ഭാഷ വർഷാചരണവും ആഘോഷിക്കുന്ന വേളയിൽ 2017 പുതുവർഷ സമ്മാനമായി 'നിയമ ധ്വനി' യുടെ പുസ്തകം I ലക്കം I അഭിമാനപൂർവ്വം സമർപ്പിക്കുന്നു. ഒന്ന് പിൻതിരിഞ്ഞു നോക്കുമ്പോൾ, അഭിഭാഷക സുഹൃത്തുക്കളും മാധ്യമ സമൂഹവും തമ്മിലുണ്ടായ സംഘട്ടനങ്ങളും, കോടതിമുറികളിലെ റിപ്പോർട്ടിംഗിനുള്ള മാധ്യമങ്ങളുടെ നിയന്ത്രണങ്ങളും, ജഡ്ജിമാരുടെ നിയമനസംബന്ധമായി ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുണ്ടായിട്ടുള്ള പ്രശ്നങ്ങളും 2016-ലെ വേദനിപ്പിക്കുന്ന ഓർമ്മപ്പെടുത്തലുകളായി അവശേഷിക്കുന്നു. നിയമം നിയമത്തിന്റെ വഴിക്ക്, നിയമലംഘനം നടത്തുന്നവരുടെ ജാതിയോ വർണ്ണമോ പദവിയോ കുറ്റവിമുക്തിക്ക് പരിഗണനാർഹമല്ല. അഴിമതി ഏറ്റവും ഹീനമായ തിന്മയും കുറ്റകൃത്യവുമാണ്. നീതിനിർവ്വഹണം പരിപാവനമാകണം. നിയമങ്ങളെ സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട കോടതികളുടെ വ്യാഖ്യാനം നിയമങ്ങളായി പ്രചരിക്കപ്പെടണം. ബഹുമാനപ്പെട്ട സുപ്രീം കോടതിയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള കാര്യപ്രസക്തവും കാലികവുമായ ഏതാനും വിധിന്യായങ്ങൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നു. കൂടാതെ 'മാധ്യമവിചാരണ' സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട ജസ്റ്റിസ് രാം കുമാറിന്റെ (റിട്ടയേർഡ്) ഒരു ഇംഗ്ലീഷ് ലേഖനം കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'നിയമ ധ്വനി' എന്ന ഈ പ്രസിദ്ധീകരണം സാധാരണക്കാരായ വായനക്കാർക്ക് അല്പമെങ്കിലും നിയമ അവബോധം ഉണ്ടാകുവാൻ ഒരു പ്രേരകശക്തിയായി തീരുമെന്ന് പ്രത്യാശിക്കട്ടെ. എല്ലാ വായനക്കാർക്കും സമ്പൽസമൃദ്ധവും ഐശ്വര്യപൂർണ്ണവുമായ ഒരു പുതുവത്സരം നേർന്നുകൊണ്ട്,

**ബി.ജി. ഹരീന്ദ്രനാഥ്,**
നിയമ സെക്രട്ടറി.

നിയമ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്.
തിരുവനന്തപുരം,
31-01-2017.

## ഉൾത്താളുകളിൽ .............

### സുപ്രീം കോടതി വിധിന്യായങ്ങൾ


1. ഗോവിന്ദസ്വാമി അഭി കേരള സർക്കാർ 3-13
2. യൂണിയൻ ഓഫ് ഇൻഡ്യ അഭി കെ.വി. ലക്ഷ്മണനും മറ്റുള്ളവരും 14-26
3. ഫിലോമിന കെ.എ അഭി ജില്ലാ കളക്ടർ ആലപ്പുഴയും മറ്റൊരാളും 27-30
4. സുബ്രഹ്മ്യ. എം.എൻ അഭി വിറ്റില. എം.എൻ & മറ്റുള്ളവരും 31-44
5. ദുലു ദേവി അഭി ആസ്സാം സർക്കാരും മറ്റുള്ളവരും 45-51
6. സഞ്ജയ് അഭി ഉത്തർപ്രദേശ് സർക്കാർ 52-61


### ഹൈക്കോടതി വിധിന്യായങ്ങൾ


1. മുഹമ്മദ് അഷറഫ് അഭി കേരള സർക്കാർ 65-72
2. അരവിന്ദാക്ഷൻ പിള്ള അഭി കേരള സർക്കാർ 73-79
3. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് അഭി അരവിന്ദാക്ഷൻ 80-83
4. മുഹമ്മദ് കുഞ്ഞി അഭി കേരള സർക്കാർ 84-94
5. റെജു അഭി മെയിന്റനൻസ് ട്രിബ്യൂണൽ 95-98
6. സപ്ന, പുനർജ്ജനി ചാരിറ്റബിൾ ട്രസ്റ്റ് അഭി കേരള സർക്കാർ 99-112
7. ദീപ അഭി ശശി 113-120
8. ആഷിഷ് അരോർ അഭി കേരള സർക്കാർ 121-129


### ലേഖനം


Trial by Media By Justice V. Ramkumar (Retd.) 130-156

# സുപ്രീം കോടതി വിധിന്യായങ്ങൾ

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് രൻജൻ ഗോഗോയ്**
**ബഹു. ജസ്റ്റിസ് പ്രഫുല്ല സി. പന്ത്**
**&**
**ബഹു. ജസ്റ്റിസ് ഉദയ് ഉമേഷ് ലളിത്**

**ഗോവിന്ദസ്വാമി**
**അഭി**
**കേരള സർക്കാർ**

**ക്രിമിനൽ അപ്പീൽ നമ്പറുകൾ 1584-1585/2014**
2016 സെപ്റ്റംബർ 15ന് വിധി കൽപ്പിച്ചത്
**വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ**

ഇന്ത്യൻ ശിക്ഷാ നിയമസംഹിത, 1860-വകുപ്പുകൾ 302, 376, 394, 397, 447-കുറ്റസ്ഥാപനത്തിന്റെ സാധുത-ഐ.പി.സി 302 വകുപ്പു പ്രകാരം പ്രതി ഉത്തരവാദിയാണെന്ന് വിധിക്കുന്നതിന് ആവശ്യമായത് എന്തെന്നാൽ, മരണം സംഭവിപ്പി ക്കുന്നതിനുള്ള ഒരു ഉദ്ദേശ്യം അല്ലെങ്കിൽ പ്രതിയുടെ പ്രവൃത്തി മരണം സംഭവിപ്പിക്കുന്നതിന് ഇടയുള്ളതാണെന്ന അറിവ് ആണ്. മരണപ്പെട്ടയാളെ മലർന്നുകിടക്കുന്ന സ്ഥിതിയിൽ നിലനിർത്തിയതിൽ പ്രതിയ്ക്കുള്ള ഉദ്ദേശ്യം, പി.ഡബ്ല്യു. 64-ന്റെ അഭിപ്രായത്തിൽ ലൈംഗിക മായി ദേഹോപദ്രവത്തിനുള്ള ലക്ഷ്യത്തിനായിരുന്നു. അത്തര ത്തിലുള്ള അറിവും വിവരവും യഥാർത്ഥത്തിൽ മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫിന്റെ പരിശീലന പാഠ്യക്രമത്തിലൂടെ ലഭിക്കുന്നതാണെന്ന അർത്ഥത്തിൽ പി.ഡബ്ല്യു. 64-ന്റെ തെളിവ് തന്നെ ഉള്ളപ്പോൾ, ഈ സാഹചര്യങ്ങളിൽ അത്തരത്തി ലൊരു പ്രവൃത്തി മരണം സംഭവിപ്പിക്കാം എന്ന അത്യാവശ്യമായ അറിവ് പ്രതിയിൽ ചുമത്തുവാൻ കഴിയുന്നതല്ല

ഐ.പി.സി 376 വകുപ്പ്, ഐ.പി.സി 394 വകുപ്പ് ഐ.പി.സി 397 വകുപ്പുമായി കൂട്ടിവായിച്ചതും ഐ.പി.സി 447 വകുപ്പുപ്രകാരമുള്ള കുറ്റസ്ഥാപനവും പ്രസ്തുത കുറ്റകൃത്യങ്ങളുടെ ചെയ്തികൾക്കായി ചുമത്തിയിട്ടുള്ള ശിക്ഷകളും നിലനിർത്തവേ, ഐ.പി.സി.302 വകുപ്പുപ്രകാരമുള്ള കുറ്റസ്ഥാപനം റദ്ദാക്കുകയും ഐ.പി.സി.325 വകുപ്പുപ്രകാരമുള്ള ഒന്നിലേക്ക് മാറ്റിയിട്ടുള്ളതുമാകുന്നു.

## വിധിന്യായം

രൻജൻ ഗോഗോയ്, ജെ.

1. 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (ഇതിനുശേഷം ഐ.പി.സി എന്നാണ് പരാമർശിക്കുക) 302 വകുപ്പ് പ്രകാരം അപ്പീൽവാദി പ്രതിയെ കുറ്റക്കാരനെന്നു വിധിക്കുകയും മരണശിക്ഷയ്ക്ക് ശിക്ഷിച്ചിട്ടുള്ളതു മാകുന്നു. ഇതിലുപരിയായി ഐ.പി.സി 376-ാം വകുപ്പിൻകീഴിൽ അയാൾ കുറ്റക്കാരനെന്ന് വിധിക്കുകയും ജീവപര്യന്തം തടവിനായി ശിക്ഷിച്ചി ട്ടുള്ളതുമാണ്. കൂടാതെ, ഐ.പി.സി 394-ാം വകുപ്പ് 397-ാം വകുപ്പുമായി കൂട്ടിവായിച്ചതുപോലെ തന്നെ വകുപ്പ് 447-ൻ കീഴിലും ശിക്ഷാർഹമായ കുറ്റങ്ങൾക്ക് അയാൾ കുറ്റക്കാരനെന്ന് കണ്ടെത്തിയിട്ടുള്ളതും ആയതിന് അയാളെ യഥാക്രമം ഏഴ് വർഷവും മൂന്ന് മാസവും കഠിന തടവ് അനുഭവിക്കുന്നതിന് പ്രത്യേകം ശിക്ഷിച്ചിട്ടുള്ളതുമാണ്. അപ്പീൽവാദിയായ പ്രതിയുടെ മേലുള്ള കുറ്റസ്ഥാപനവും ചുമത്തിയിട്ടുള്ള ശിക്ഷകളും ഹൈക്കോടതി അപ്പീലിൽ ശരിവച്ചിട്ടുള്ളതാണ്. ഇതിൽ പരാതിപ്പെട്ടുകൊണ്ട്, ഈ അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളതാണ്.

2. ചുരുക്കത്തിൽ പ്രോസിക്യൂഷന്റെ കേസ് എന്താണെന്നാൽ, എറണാകുളത്ത് ജോലി ചെയ്തുവന്നിരുന്ന ഏകദേശം 23 വയസ്സുള്ള മരണപ്പെട്ടയാൾ/ഇരയായ പെൺകുട്ടിയുടെ വിവാഹം എറണാകുളത്ത് തന്നെ ജോലി ചെയ്യുന്നതിന് ഇടയായ ഒരു അനൂപുമായി (പി.ഡബ്ല്യു.76) നിശ്ചയിച്ചിട്ടുള്ളതായിരുന്നു. 2011 ഫെബ്രുവരി 2-ന് മരണപ്പെട്ടയാളുടെ ഷൊർണ്ണൂരിലുള്ള വീട്ടിൽ വച്ച് അവരുടെ വിവാഹ നിശ്ചയ ചടങ്ങ് ആകേണ്ടതായിരുന്നു. പി.ഡബ്ല്യു.76 അയാളുടെ കുടുംബാംഗങ്ങളുമായി ആ ദിവസം മരണപ്പെട്ടയാളുടെ വീട് സന്ദർശിക്കുന്നതിനായി നിശ്ചയിച്ചിരുന്നു. അതനുസരിച്ച്, 2011 ഫെബ്രുവരി 1-ന് മരണപ്പെട്ടയാൾ അവളുടെ ഷൊർണ്ണൂരി ലുള്ള വീട്ടിലേക്ക് പോകുന്നതിനായി എറണാകുളം ടൗൺ നോർത്ത് റെയിൽവേസ്റ്റേഷനിൽ നിന്നും വൈകുന്നേരം ഏകദേശം 5 മണിക്ക് എറണാകുളം-ഷൊർണ്ണൂർ പാസ്സഞ്ചർ ട്രെയിനിൽ കയറി. മരണപ്പെട്ടയാൾ കയറിയത് ലേഡീസ് ഡിവിഷനിലെ ഒടുവിലത്തെ കംപാർട്ട്മെന്റിലായിരുന്നു. സ്ത്രീകളുടെ ഡിവിഷൻ കംപാർട്ട്മെന്റിൽ മരണപ്പെട്ടയാളോടൊപ്പം മറ്റ് യാത്രക്കാരും ഉണ്ടായിരുന്നു. ട്രെയിൻ മുല്ലൂർക്കരയിൽ എത്തിയപ്പോൾ കംപാർട്ട്മെന്റിന്റെ സ്ത്രീകളുടെ ഡിവിഷനിലെ മറ്റെല്ലാ സ്ത്രീ യാത്രക്കാരും ഇറങ്ങിയിട്ടുള്ളതും ആയതിനാൽ മരണപ്പെട്ടയാളും അവരോടൊപ്പം ഇറങ്ങി അവസാന കംപാർട്ട്മെന്റിനു തൊട്ടുമുന്നിൽ ഘടിപ്പിച്ചിരുന്ന വനിതാ കോച്ചിൽ ധൃതിയിൽ പ്രവേശിക്കുകയും ചെയ്തു. ട്രെയിൻ വള്ളത്തോൾ നഗർ റെയിൽവേസ്റ്റേഷനിൽ എത്തിയപ്പോൾ അവിടെ കുറച്ചുസമയത്തേക്ക് നിർത്തിയിടുകയും ചെയ്തു.

3. പ്രോസിക്യൂഷൻ കേസ് അനുസരിച്ച്, ഒരു സ്ഥിരം കുറ്റവാളിയായ അപ്പീൽവാദിയായ പ്രതി സ്ത്രീകളുടെ കംപാർട്ട്മെന്റിൽ മരണപ്പെട്ടയാൾ തനിച്ചാണെന്ന് നിരീക്ഷിച്ചു. ട്രെയിൻ വള്ളത്തോൾ നഗർ റെയിൽവേസ്റ്റേഷൻ വിട്ട് ഷൊർണ്ണൂരിലേക്ക് നീങ്ങിയ ഉടനെ പ്രതി സ്ത്രീകളുടെ കംപാർട്ട്മെന്റിൽ കടന്നു ചെന്നു. കംപാർട്ട്മെന്റിനുള്ളിൽ പ്രതി മരണപ്പെട്ടയാളെ ആക്രമി ക്കുകയും, അവളുടെ തല കംപാർട്ട്മെന്റിന്റെ ചുമരിൽ തുടർച്ചയായി ഇടിക്കുകയും ചെയ്തുവെന്ന് പ്രോസിക്യൂഷൻ ആരോപിക്കുന്നു. അതുകൂടാതെ, മരണപ്പെട്ടയാൾ കരയുകയും നിലവിളിക്കുകയും ചെയ്തു എന്നും പ്രോസിക്യൂഷൻ ആരോപിച്ചു. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ നിന്നും ട്രാക്കിലേക്ക് പ്രതി ഇരയെ വീഴ്ത്തി/ പിടിച്ചുതള്ളുകയും അവളുടെ മുഖത്തിന്റെ വശം റെയിൽവേ ലൈനിന്റെ ക്രോസ് ഓവറിൽ ഇടിക്കുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്. ഓടിക്കൊണ്ടിരുന്ന ട്രെയിനിന്റെ മറുവശത്തു നിന്നും അപ്പീൽവാദിയായ പ്രതി ചാടുകയും ട്രാക്കിനരികിലുള്ള മറ്റൊരു സ്ഥലത്തേക്ക് ഇരയെ എടുത്തുമാറ്റിയശേഷം അവളെ അവൻ ലൈംഗികമായി ആക്രമിച്ചു. അതിനുശേഷം അവൻ അവളുടെ വസ്തുവകകൾ കൊള്ളയടിച്ചശേഷം അവളുടെ മൊബൈൽ ഫോണുമായി സ്ഥലത്തുനിന്നും പോയിട്ടുള്ളതുമാണ്.

4. കൂടാതെ, പി.ഡബ്ല്യു.4-ടോമി ദേവസ്യയും പി.ഡബ്ല്യു.40-അബ്ദുൾ ഷുക്കൂറും സ്ത്രീകളുടെ കംപാർട്ട്മെന്റിനു മുന്നിലായി ഘടിപ്പിച്ച ജനറൽ കംപാർട്ട്മെന്റിൽ യാത്ര ചെയ്തിരുന്നുവെന്നതും പ്രോസിക്യൂഷന്റെ കേസാണ്. പ്രോസിക്യൂഷന്റെ അഭിപ്രായത്തിൽ, മേൽപ്പറഞ്ഞ സാക്ഷികൾ മരണപ്പെട്ടയാളുടെ കരച്ചിൽ കേട്ടിട്ടുണ്ട്. പി.ഡബ്ല്യു.4 ട്രെയിൻ നിറുത്തുന്നതിനായി അലാറം ചെയിൻ വലിക്കുവാൻ ഇച്ഛിച്ചുവെങ്കിലും കംപാർട്ട്മെന്റിന്റെ വാതിലിൽ നിൽക്കുകയായിരുന്ന മധ്യവയസ്കനായ ഒരാൾ പെൺകുട്ടി ട്രെയിനിൽ നിന്നും ചാടി രക്ഷപ്പെട്ടുവെന്നും ഈ സാഹചര്യത്തിൽ അയാൾ എന്തെങ്കിലും കൂടുതലായി ചെയ്യരുതെന്നും ആയത് അവരെ എല്ലാവരെയും കോടതിയിലേക്ക് വലിച്ചിഴയ്ക്കും എന്നു പറഞ്ഞ് പിന്തിരിപ്പിക്കുകയുമുണ്ടായി. എന്നുവരികിലും, 10 മിനിട്ടിനുള്ളിൽ ട്രെയിൻ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ, പി.ഡബ്ല്യു. 4-ഉം പി.ഡബ്ല്യു.40-ഉം ട്രെയിനിലെ അംഗരക്ഷകനായ പി.ഡബ്ല്യു.34 ജോബി സ്കറിയയുടെ അടുത്തേക്ക് ഓടിയെത്തി സംഭവത്തെക്കുറിച്ച് പരാതിപ്പെടുകയും ആയത് മരണപ്പെട്ട യാൾക്കായും പ്രതിയ്ക്കുമായുമുള്ള ഒരു അന്വേഷണത്തിന് പ്രേരിപ്പിച്ചിട്ടു ള്ളതുമാണ്. തത്ഫലമായി, മരണപ്പെട്ടയാൾ വളരെ ഗുരുതരമായി പരിക്കേറ്റ അവസ്ഥയിൽ റെയിൽവേ ട്രാക്കിന്റെ വശത്തായി കിടക്കുന്നത് കണ്ടെത്തുകയും ഉടൻ

തന്നെ പ്രതിയെയും പിടികൂടിയിട്ടുള്ളതുമാണ്. പ്രോസിക്യൂഷന്റെ അഭിപ്രായത്തിൽ, മരണപ്പെട്ടയാളെ പ്രാദേശിക ആശുപത്രിയിലേക്ക് നീക്കം ചെയ്തിട്ടുള്ളതും ആയതിനുശേഷം അവരെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയിട്ടുള്ളതും 2011 ഫെബ്രുവരി 6-ന് അവർക്കേറ്റ പരിക്കുകളാൽ മരണത്തിന് കീഴടങ്ങിയിട്ടുള്ളതുമാണ്. ഈ സാഹചര്യങ്ങളിലാണ് ആരോപിക്കപ്പെട്ട കുറ്റകൃത്യങ്ങളുടെ ചെയ്തികൾക്ക് പ്രതിയെ ചാർജ്ജ് ചെയ്തിട്ടുള്ളതും ആയതിന് അയാളെ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും നേരത്തേ സൂചിപ്പിച്ചതുപോലെ ശിക്ഷിച്ചിട്ടുള്ളതും.

5. പ്രോസിക്യൂഷൻ അതിന്റെ കേസ് ബലപ്പെടുത്തുന്നതിലേക്കായി നിരവധി സാക്ഷികളെ (ആകെ 83) വിസ്തരിച്ചിട്ടുള്ളതും നൂറിലധികം രേഖകൾ അക്കമിട്ടിട്ടുള്ളതുമാണ്. ഇപ്പോഴത്തേക്ക് പി.ഡബ്ല്യു.4, 40, 64, 70 എന്നിവരുടെ തെളിവ് പരിശോധിക്കുന്നത് മതിയാകുന്നതാണ്. പോസ്റ്റ് മോർട്ടം റിപ്പോർട്ടിലും (എക്സിബിറ്റ് പി-69) ഡി.എൻ.എ പ്രൊഫൈലിലും (എക്സിബിറ്റ് പി-2) ഒരു പ്രത്യേക പരിഗണന ആവശ്യമായിരിക്കുന്നതും അതിന്റെ പ്രസക്ത ഭാഗം പിന്നെ ഹാജരാക്കുന്നതിനുമായും ആവശ്യപ്പെടാവുന്നതാണ്.

6. മുമ്പ് പരാമർശിച്ചതുപോലെ, പി.ഡബ്ല്യു.4-ഉം പി.ഡബ്ല്യു.40-ഉം സ്ത്രീകളുടെ കംപാർട്ട്മെന്റിനു മുന്നിലായി ഘടിപ്പിച്ച ജനറൽ കംപാർട്ട്മെന്റിൽ യാത്ര ചെയ്യുകയായിരുന്നു. രണ്ടു സാക്ഷികളുടെയും അഭിപ്രായമനുസരിച്ച്, ഒരു സ്ത്രീയുടെ കരച്ചിലിന്റെയും നിലവിളിയുടെയും ശബ്ദങ്ങൾ അവർ കേട്ടിട്ടുള്ളതും പി.ഡബ്ല്യു.4 ട്രെയിനിന്റെ അലാറം ചെയിൻ വലിക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും സ്ത്രീ ട്രെയിനിൽ നിന്നും ഇറങ്ങുകയും രക്ഷപ്പെടുകയും ചെയ്തിട്ടുള്ളതിനാൽ പ്രശ്നം ഇനി കൂടുതലായി എടുക്കേണ്ടതില്ലായെന്ന് അവരെ അറിയിച്ചുകൊണ്ട് ഒരു മധ്യവയസ്കൻ അയാളെ പിന്തിരിപ്പിച്ചിട്ടുള്ളതുമാണ്. പി.ഡബ്ല്യു.4-ന്റെയും പി.ഡബ്ല്യു.40-യുടേയും അഭിപ്രായമനുസരിച്ച്, ട്രെയിൻ ഷൊർണ്ണൂർ റെയിൽവേസ്റ്റേഷൻ എത്തിയ ഉടൻ, അവർ വിഷയം ട്രെയിനിന്റെ ഗാർഡായ പി.ഡബ്ല്യു. 34-ന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതിനുശേഷം മരണപ്പെട്ടയാളുടെ വീണ്ടെടുക്കലും പ്രതിയുടെ കസ്റ്റഡിയിൽ എടുക്കലും പിന്തുടർന്നിട്ടുള്ളതാണ്.

7. തൃശ്ശൂർ എം.സി.എച്ചിൽ പ്രൊഫസറായും ഫോറൻസിക് മെഡിസിന്റെ ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റായി അന്ന് ജോലി നോക്കിയിരുന്ന ഡോ. ഷേർലി വാസു-പി.ഡബ്ല്യു.64, മറ്റ് അഞ്ച് ഡോക്ടർമാരുടെ (അവരെയും വിസ്തരിച്ചിട്ടുണ്ട്) സഹായത്തോടുകൂടി മരണപ്പെട്ടയാളുടെ പോസ്റ്റുമോർട്ടം പരിശോധന നടത്തിയിട്ടുള്ളതാണ്. പി.ഡബ്ല്യു.64-ന്റെ അഭിപ്രായത്തിൽ,

അദ്ദേഹം മരണപ്പെട്ടയാളുടെ ശരീരത്തിൽ 24 മൃത്യുപൂർവ്വമായ പരിക്കുകൾ നിരീക്ഷിച്ചിട്ടുള്ളതാണ്, ആയവയുടെ വിശദാംശങ്ങൾ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ (എക്സിബിറ്റ് പി.69) അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. മരണപ്പെട്ടയാൾ അനുഭവിച്ച/സഹിച്ച ഓരോ പരിക്കുകളുടെയും വിശദ വിവരങ്ങൾ സൂചിപ്പിക്കുന്നത് ആവശ്യമില്ലായെന്നിരിക്കെ, പി.ഡബ്ല്യു.64-ന്റെ അഭിപ്രായത്തിൽ 1-ഉം 2-ഉം പരിക്കുകളെ സംബന്ധിച്ചിടത്തോളം, ആയവ നിർണ്ണായകമായതും പ്രത്യേകമായ ശ്രദ്ധ ആവശ്യമാകേണ്ടതും ആകയാൽ താഴെ ഉദ്ധരിച്ചിട്ടുള്ളതുമാണ്.

"അവളെ സ്തംഭിപ്പിക്കുന്നതിനും സ്പർശബോധമറ്റതാക്കുന്നതിനും ഒന്നാം നമ്പർ മുറിവ് പര്യാപ്തമാണ്. അത് തലയ്ക്ക് സ്തംഭനം ഉണ്ടാക്കുന്നതിനും പ്രതികരിക്കുന്നതിന് അപ്രാപ്തമാക്കുന്നതിനും ശേഷിയുള്ളതാണ്. ഈ മുറിവുകൾ പൂർണ്ണമായും മരണകാരണമാകുന്ന സ്വഭാവത്തിലുള്ളവയല്ല. ഒരു ഉറപ്പായ പരന്ന പ്രതലത്തിനെതിരെ തല പിറകിലോട്ടും മുമ്പിലോട്ടും ബലമായി ഇടിക്കുന്നെങ്കിൽ മാത്രം ഈ മുറിവ് ഉണ്ടാകുന്നതാണ്. പൂർണ്ണമായും അബോധാവസ്ഥയിൽ ആകണമെന്നില്ല. പക്ഷെ ഒന്നും ചെയ്യുവാൻ കഴിയില്ല. നം.1-ൽ വിശദീകരിച്ചിട്ടുള്ള പരിക്ക് വലതുകൈയ്യിൽ മുടി പിറകിൽ നിന്നും പിടിച്ചുകൊണ്ട് ഒരു പരന്ന പ്രതലത്തിനെതിരെ 4-5 തവണ ഇടിച്ചതിൽ ഉണ്ടായതാണ്. എക്സിബിറ്റ്.പി.70 സിഡിയിൽ ഈ പരിക്കുകളുടെ വിശദമായ ഫോട്ടോ എടുത്തിട്ടുണ്ട്. ഇത് എന്റെ സ്വതന്ത്രമായ കണ്ടെത്തലുകളാണ്. റിക്വിസിഷനിൽ പട്ടികയിൽ ചേർത്തിട്ടുള്ള വിഷയങ്ങളും ഒരു സ്വതന്ത്രമായ വിലയിരുത്തലിൽ ഞാൻ പരിശോധിച്ചിട്ടുള്ളതിൽ ഞാൻ മനസ്സിലാക്കിയത് എന്തെന്നാൽ ഒരു പരന്ന ഉറപ്പായ വസ്തുവിൽ തല പലതവണ ഇടിച്ചതിനും സ്പർശബോധമറ്റതാക്കിയതിനും ശേഷം താഴെ ഇട്ടു എന്നാണ് (ചോദ്യം) പിറകിൽ നിന്നും മുടി പിടിച്ച് ചുമരിനെതിരെ (ട്രെയിനിന്റെ) ഇടിക്കുകയാണെങ്കിൽ അത് സംഭവിക്കുമോ? (ഉത്തരം) അതെ. അങ്ങനെ അത് ഉണ്ടാകാം.

മുറിവ് നം. 2. ഇടതുകണ്ണിനു താഴെ നിന്നും താടി എല്ല് വരെ പറ്റിയിട്ടുള്ളതാണ് ഈ മുറിവ്. കുറെക്കൂടി താഴെയും ചുണ്ടിലും കവിളെല്ലിലും കീഴ്ത്താടിയെല്ലിലും പൊട്ടലുകൾ ഉണ്ട്. ഏകദേശം 13 പല്ലുകൾ വേർപെട്ടു പോയിട്ടുണ്ട്. ഇടത് കവിളെല്ല് പൊടിഞ്ഞു പോയിരിക്കുന്നു. താടിയെല്ലും കവിളും ഉരഞ്ഞതിന്റെ ലംബമായ ഒരു നീണ്ട അടയാളം കണ്ടു. ആയതിനാൽ, ഒരു കമ്പിയുടെ മിനുസമായ പ്രതലത്തിൽ വീഴുകയും മുന്നിലോട്ട് വഴുതുകയും (മുകളിലോട്ട്) (വഴുതൽ) എന്ന് കുറിപ്പിൽ കൂട്ടിച്ചേർത്തിട്ടുള്ളതാണ്. കീഴ്ത്താടിയിൽ വഴുതലിന്റെ അടയാളം 5 സെ.മീ. ആണെന്ന് കാണപ്പെടുന്നു. (വഴുതൽ ചലനം). പോസ്റ്റ്മോർട്ടം അപേക്ഷയിൽ അത് ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ നിന്നും താഴേക്ക്

തള്ളിയിട്ടു എന്നാണ്. അതൊരു ഓടിക്കൊണ്ടിരിക്കുന്ന ട്രെയിൻ ആയിരുന്നെങ്കിലും അതിന് നിസ്സാരമായ വേഗത മാത്രമെ ഉണ്ടായിരുന്നുള്ളു. ഈ പരിക്ക് ഏല്പിക്കുന്നതിൽ ട്രെയിനിന്റെ വേഗതയ്ക്ക് അവഗണിക്കാവുന്ന ഒരു പങ്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. വേഗത അവഗണിക്കാവുന്നതാണ്. മുറിവ് നം.1 ന്റെ കാരണത്താൽ അവൾ സ്പർശബോധമറ്റതാക്കിയിട്ടുള്ളതാകയാൽ, സ്വാഭാവികമായ ക്ഷിപ്രപ്രതികരണ ശേഷിയുടെ അഭാവത്തിൽ, വീഴ്ചയുടെ മുഴുവൻ ബലവും മുഖത്തി നാണ് വഹിക്കേണ്ടിവരുന്നത് എന്ന് കാണുന്നു. അവൾ സ്തംഭിച്ചിട്ടില്ലാത്തതും ഉഷാറായ ക്ഷിപ്രപ്രതികരണശേഷി ഉണ്ടായിരുന്നതുമായ അത്തരമൊരു അവസ്ഥയിൽ വീണിരുന്നതെങ്കിൽ, അവൾ കൈകൾ മുന്നോട്ട് നീക്കുമായിരുന്നതും വീഴ്ചയുടെ ബലം ഒരു പരിധി വരെ കൈകൾ കാണിക്കേണ്ടതായിരുന്നു. കൈമുട്ടിലോ കണങ്കൈയിലോ കൈത്തണ്ടയിലെ ഉൾഅരികുകളിലോ വീഴ്ചയുടെ പരിക്കുകൾ യാതൊന്നും ഇല്ലാത്തതാണ്. ഈ വീഴ്ചയിൽ ക്ഷിപ്രപ്രതികരണ ശേഷികൾ ഒന്നും ഇല്ല. 5 മുതൽ 8 അടി വരെയുള്ള ഉയരത്തിൽ നിന്നും ഈ ആളിന്റെ ഭാരമുള്ള (42 കെജി) ഒരാളിന്റെ വീഴ്ചയാൽ ഉണ്ടാകാവുന്നതാണ് നം. 2 പരിക്കുകൾ. ട്രെയിൻ ട്രാക്കിനെ തിരെ ഈ ഭാഗം (ഇടത് കവിളെല്ല് തിരശ്ചീനമായി) ഇടിക്കുന്നെങ്കിൽ, ഈ പരിക്കുകൾ പറ്റുന്നതാണ്. ഈ സംഭവസ്ഥലം ചേലക്കര സി.ഐയുമായി 09-02-2011-ൽ ഞാൻ സന്ദർശിച്ചിട്ടുണ്ട്.

ഈ അഞ്ച് ട്രാക്കുകൾ കാണപ്പെടുന്നു. അവ വളഞ്ഞു കിടക്കുന്നതായാണ് (ക്രോസ്) കാണപ്പെടുന്നത്. അങ്ങനെ ഓടിക്കൊണ്ടി രിക്കുന്ന ഒരു ട്രെയിനിൽ നിന്നും അടുത്ത ക്രോസ് ട്രാക്കിനരികിലേക്ക് വീഴുമ്പോൾ അത് സംഭവിക്കാമെന്ന് മനസ്സിലായി. സാധാരണയായി രണ്ട് ട്രാക്കുകൾ സമാന്തരമായി പോകുന്നു. അങ്ങനെയുള്ള ഒരു സ്ഥലമല്ല ഇത്. താടിയെല്ലിനകത്തായി വായു അറകൾ ഉള്ളതിനാൽ വീഴ്ചയുടെ ഊക്ക് കൊണ്ട് ഇടത് കവിളെല്ല് പൂർണ്ണമായും പൊടിഞ്ഞുപോയിട്ടുള്ളതാണ്.

8. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മരണകാരണത്തെക്കുറിച്ച് വിശദീകരിച്ചിട്ടുള്ള പി.ഡബ്ല്യു. 64-ന്റെ അഭിപ്രായം താഴെപ്പറയുംപ്രകാരമാണ്:

"മരണപ്പെട്ടയാൾ പ്രാണവായു രഹിതമായ, തലച്ചോറിന്റെ ക്ഷതത്തിൽ കലാശിക്കുന്ന പരുഷമായ ആഘാതത്തിന്റെയും വീഴ്ചയുടെയും അവയുടെ സങ്കീർണ്ണതകളും ശ്വാസനാളത്തിലേക്ക് രക്തത്തിന്റെ ഉച്ഛ്വാസനം ഉൾപ്പെടെ യുള്ളവയുടെ (തലയുടെ ക്ഷതത്തെ തുടർന്നുള്ള അരക്ഷിതമായ അബോധാവസ്ഥയ്ക്കിടയിൽ) ഫലമായി തലയ്ക്കേറ്റ പരുഷമായ പരിക്കുകളാലാണ് മരണമടഞ്ഞിട്ടുള്ളത്. ആക്രമണത്തിന്റെയും ബലമായ ലൈംഗികബന്ധത്തിന്റെയും ഫലമായുള്ള പരിക്കുകളും അവൾ കാണിച്ചു. മരണസമയത്ത് അനേകം അവയവങ്ങ

ളുടെ പ്രവർത്തനമില്ലായ്മയുടെ ലക്ഷണങ്ങൾ അവളിലുണ്ടായിരുന്നു.

9. ഇരയെ മിക്കവാറും ലൈംഗികബന്ധത്തിനായി മലർത്തി കിടത്തിയ അവസ്ഥ കാരണമാകാം ശ്വാസനാളത്തിലേക്ക് രക്തത്തിന്റെ ഉച്ഛ്വസനം നടന്നേക്കാവുന്നതും ആയത് പ്രാണവായുരഹിതമായ തലച്ചോറിന്റെ ക്ഷതത്തിൽ കലാശിക്കാ വുന്നതാണെന്നും പി.ഡബ്ല്യു. 64 അദ്ദേഹത്തിന്റെ തെളിവിൽ വിശദീകരിച്ചിട്ടുണ്ട്.

10. പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ മറ്റു ഭാഗങ്ങളും പി.ഡബ്ല്യു.64 ന്റെ തെളിവും ഉണ്ട്, ആയതും അപ്പീൽവാദിയായ പ്രതിക്കെതിരെ ആരോപിച്ചിട്ടുള്ള ഐ.പി.സി 376 വകുപ്പുപ്രകാരമുള്ള കുറ്റത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക ശ്രദ്ധ ആവശ്യമാകുന്നതാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ ബന്ധപ്പെട്ട ഭാഗം താഴെ ഉദ്ധരിച്ചിരിക്കുന്നു:
"ശ്രോണി ഘടന": മൂത്രാശയം ശൂന്യമായിരുന്നു. ഗർഭാശയവും അതിന്റെ ഉപാംഗങ്ങളും സാധാരണയായി കാണപ്പെടുന്നു, ഉൾഭാഗം ശൂന്യമായിരുന്നു. ഗർഭാശയ ചർമ്മം രക്തം കെട്ടിനിൽക്കുന്നതായി കാണിച്ചിരുന്നതും സെർവിക്കൽ ഓ.എസ് വൃത്താകാരവുമായിരുന്നു. വലത് അണ്ഡാശയം പോളിസിസ്റ്റിക് മാറ്റങ്ങൾ കാണിച്ചു.

നട്ടെല്ല് കേടുപറ്റാത്തതായിരുന്നു.

യോനീദ്വാരവും ഭിത്തിയും ചുറ്റിലും ചതവ് കാണിച്ചു, മൂത്രനാളീദ്വാരത്തിന്റെ തൊട്ടുപിറക് കൂടുതൽ മുഴച്ചു കാണുന്നു. കന്യാചർമ്മം അടുത്തകാലത്തായി 5'0 ക്ലോക്ക് അവസ്ഥയിൽ പൂർണ്ണമായും 7'0 ക്ലോക്ക് അവസ്ഥയിൽ ഭാഗികമായും ഉള്ള വേർപെടുത്തലും (നീരുകെട്ടലും അരികുകളുടെ രോഗകരമാംവിധം വർദ്ധമാനമായ വേദന തോന്നിപ്പിക്കുന്നതുപോലെ) 1'0 ക്ലോക്ക് അവസ്ഥയിൽ സ്വാഭാവികമായ ഒരു വളവും (അഭിപ്രായം-സമീപകാലത്തായുള്ള ലൈംഗിക ബന്ധം)"

11. തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഡി.എൻ.എ, അസിസ്റ്റന്റ് ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന ഡോ. ആർ. ശ്രീകുമാർ, ജോയിന്റ് ഡയറക്ടറുടെ (റിസർച്ച്) തെളിവും പരിശോധനയുടെ റിപ്പോർട്ടും (എക്സിബിറ്റ് പി-2) ഇപ്പോൾ പരിശോധിക്കാവുന്നതാണ്.

12. പരിശോധനയ്ക്കുശേഷം താഴെപ്പറയുന്ന റിസൽട്ടുകൾ എക്സിബിറ്റ് പി-2-ന്റെ 19-ഉം 20-ഉം പേജുകളിൽ രേഖപ്പെടുത്തി യിട്ടുള്ളതായി പി.ഡബ്ല്യു. 70 അദ്ദേഹത്തിന്റെ മൊഴിയിൽ പ്രസ്താവിച്ചിട്ടുണ്ട്:
ഇനം 1 (എ) യും 2 (ബി) യും ഇരയുടെ യോനിസ്വാബ് ഉൾക്കൊള്ളുന്ന താണെന്നിരിക്കെ, ഇരയിൽ നിന്നും ശേഖരിച്ച യോനി സ്മിയർ ആണ് ഇനം നം. 3 (എ) ഒരു കീറി മുറിച്ച വസ്ത്രവും (എം.ഒ.1) ഇനം 18 ഒരു കീറിപ്പറിഞ്ഞ ലുങ്കിയുമാണ് (എം.ഒ.5) ഇനം നം. 18 പ്രതിയുടെ രക്തത്തിന്റെ സാമ്പിളാണ്. പി.ഡബ്ല്യു.70-ന്റെ അഭിപ്രായത്തിൽ, ഡി.എൻ.എ നിർണ്ണയപ്രകാരം ഇനം നം. 8-ലുള്ള രക്തസാമ്പിളിന് ഉടമയായ

പ്രതിയുടെ ശുക്ലക്കറയാണ് ഇനം. നം. 1 (1), 2 (എ) 2 (ബി), 3 (എ) യിലും 18-ലുമുള്ളത്.

അതിനുപുറമേ, പി.ഡബ്ല്യു. 70-ന്റെ തെളിവിൽ നിന്നും സ്പഷ്ട മാകുന്നത് ഇരയുടെ രക്തമാണ് (ഇനം 1 (ബി) ) പ്രതിയുടെ വസ്ത്രങ്ങളിൽ, അതായത്, പാന്റ്സ് (ഇനം നം. 13 (എം. ഓ.8), അടിവസ്ത്രം (ഇനം നം. 14 (എം.ഓ. 21); ഷർട്ട് (ഇനം നം. 17 (എം.ഓ. 6) എന്നിവയിൽ കാണപ്പെട്ടത് എന്നാണ്.

13. ഐ.പി.സി 376 വകുപ്പു പ്രകാരമുള്ള കുറ്റകൃത്യത്തെ സംബ ന്ധിച്ചിടത്തോളം, പോസ്റ്റുമോർട്ടം റിപ്പോർട്ട് (എക്സിബിറ്റ് പി-69), ഡി.എൻ.എ പ്രൊഫൈൽ (എക്സിബി റ്റ് പി-2) പി.ഡബ്ല്യു. 64-ന്റെയും പി.ഡബ്ല്യു. 70 ന്റെയും തെളിവ് എന്നിവയുടെ പരിഗണനയിൽ നിന്നും, അപ്പീൽവാദിയായ പ്രതിയാണ് പ്രസ്തുത കുറ്റകൃത്യം ചെയ്തിട്ടുള്ള തെന്നതിന് യാതൊരു വിധ സംശയവുമില്ലാത്തതാണ്. മേൽ ഉദ്ധരിച്ച ഡി.എൻ.എ പ്രൊഫൈൽ വിവാദവിഷയം ദൃഢമാക്കുന്നതും യാതൊരു സംശയത്തിനോ തർക്കത്തി നോ അവസരം വിട്ടുകൊടുക്കാതെ പ്രതിയുടെ ഉത്തരവാദിത്വം സ്പഷ്ട മാക്കുന്നതുമാകുന്നു. ആകയാൽ, ഐ.പി.സി. 376 വകുപ്പുപ്രകാരം പ്രതിയ്ക്കുള്ള കുറ്റസ്ഥാപനം സ്ഥിരീ കരിക്കുന്നതിൽ യാതൊരു പ്രയാസ വും ഞങ്ങൾ കാണുന്നില്ല. തീവ്രമായ പരിക്കുകൾ ഇതിനകം തന്നെ അനു ഭവിച്ച മരണപ്പെട്ടയാളുടെ ശരീരത്തി ലാണ് അത്തരം കുറ്റകൃത്യം ചെയ്തി ട്ടുള്ളത് എന്ന വസ്തുത പരിഗണിക്കു മ്പോൾ, ഐ.പി.സി 376 വകുപ്പിൻ കീഴിലെ കുറ്റകൃത്യം പ്രതിയാണ് ചെയ്തതെന്നു മാത്രമല്ല, ആയത് ഏറ്റവും മൃഗീയവും വികൃതവുമായ ഒരു രീതിയിൽ ചെയ്തിട്ടുള്ളതാ ണെന്നും ആയതിന്, പ്രാഗത്ഭ്യമുള്ള വിചാരണ കോടതി വിധിച്ചിട്ടുള്ളതും ഹൈക്കോടതി സ്ഥിരീകരിച്ചിട്ടുള്ള തുമായ ജീവപര്യന്തം തടവ് ശിക്ഷ ചുമത്തുന്നത് ന്യായീകരിക്കാവു ന്നതാണ് എന്ന അഭിപ്രായത്തിലാണ് ഞങ്ങൾ.

14. ഐ.പി.സി 394 വകുപ്പ് 397 വകുപ്പുമായി കൂട്ടിവായിച്ചതു പ്രകാ രമുള്ള കുറ്റകൃത്യത്തെ സംബന്ധിച്ചിട ത്തോളം, കുറ്റകൃത്യം ചെയ്തതിനു ശേഷം പ്രതി മരണപ്പെട്ടയാളുടെ മൊബൈൽ ഫോണുമായി കടന്നു കളഞ്ഞിട്ടുള്ളതും വാസ്തവത്തിൽ, അയാൾ ആയത് പി.ഡബ്ല്യു.7-മാണിക്യന് വിൽക്കുകയും, ടിയാൻ അത് പോലീസ് മൊബൈൽ ഫോൺ പിടിച്ചെടുത്ത പി.ഡബ്ല്യു.10-ബേബി വർഗ്ഗീസിന്, പിന്നീട് വിറ്റു എന്നത് വെളിപ്പെടുത്തുന്നതിന് മതിയായ തെളിവും റിക്കോർഡിൽ ഉണ്ട്.

15. ഇത് ഐ.പി.സി 302 വകുപ്പുപ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യത്തിനുള്ള പ്രതിയുടെ അപരാധത്തിന്റെയും അപ്രകാരം പ്രതി ഉത്തരവാദിയാണെന്ന് വിധിക്കുക

യാണെങ്കിൽ, അവന് നൽകേണ്ടതായ ഉചിതമായ ശിക്ഷ എന്തായിരിക്കും എന്ന പരിഗണനയിലേയ്ക്ക് കോടതിയെ കൊണ്ടുവരികയും ചെയ്യുന്നതാണ്. പി.ഡബ്ല്യു 64-ന്റെ തെളിവ്, പ്രത്യേകിച്ചും മുറിവ് നം. 1-നേയും 2-നേയും സംബന്ധിച്ച്, ആയവയുടെ വിശദാംശങ്ങൾ മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്, മരണപ്പെട്ടയാളുടെ മരണത്തിന് ഹേതുവായത് 1-ഉം 2-ഉം മുറിവുകളുടെ കൂടിച്ചേരലും അതിൽ നിന്നും ഉണ്ടാകുന്ന സങ്കീർണ്ണതകളും, തലച്ചോറിന്റെ വായുരഹിതമായ ക്ഷതത്തിൽ കലാശിക്കുന്ന രക്തത്തിന്റെ ശ്വാസനാളത്തിലേയ്ക്കുള്ള പ്രവാഹം ഉൾപ്പെടെ ആണെന്ന് സൂചിപ്പിക്കാവുന്നതാണ്. ആയത് ഡോക്ടറുടെ (പി.ഡബ്ല്യു.64) അഭിപ്രായത്തിൽ, ലൈംഗിക ആക്രമണത്തിനായുള്ള ഉദ്ദേശ്യത്തി നായി മരണപ്പെട്ടയാളെ മലർന്നുകിടക്കുന്ന സ്ഥിതിയിൽ നിർത്തിയ വസ്തുത കൊണ്ടാണ് സംഭവിച്ചിട്ടുള്ളത്. 1-ഉം 2-ഉം മുറിവുകളുടെയും മരണപ്പെട്ടയാളെ നിർത്തിയ അവസ്ഥകൊണ്ട് രക്തത്തിന്റെ ശ്വാസനാളങ്ങളിലേയ്ക്കുള്ള പ്രവാഹത്തിന്റെ കാരണം കൊണ്ടും ആണ് മരണം സംഭവിച്ചിട്ടുള്ളതെന്ന് സാക്ഷ്യപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ള ഒരു സാഹചര്യത്തിൽ, ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ നിന്നും മരണപ്പെട്ടയാളുടെ വീഴ്ചയാൽ പ്രത്യക്ഷമായി സംഭവിക്കപ്പെട്ടതായ മുറിവ് നം. 2-ന് പ്രതിയാണോ ഉത്തരവാദി എന്നതാണ് പരിഗണന ആവശ്യമാകുന്ന ആദ്യത്തെ നിർണ്ണായകമായ വിഷയം. പരിക്ക് നം. 2 കൈകാര്യം ചെയ്യുന്നതിനു മുമ്പ്, ലേഡീസ് കംപാർട്ട്മെന്റിൽ എന്ത് സംഭവിച്ചു എന്നതിന് പി.ഡബ്ല്യു.4-ന്റെയും പി.ഡബ്ല്യു.40-ന്റേയും തെളിവ് പി.ഡബ്ല്യു. 64-ന്റെ തെളിവും പോസ്റ്റ്മോർട്ടം റിപ്പോർട്ടും (എക്സിബിറ്റ് പി-69) കൂട്ടിയോജിപ്പിച്ചതിന്റെ വെളിച്ചത്തിൽ, മുറിവ് നം. 1-ലേയ്ക്കുള്ള പ്രതിയുടെ ഉത്തരവാദിത്വത്തെപ്പറ്റി പുനർനിർണ്ണയം ആവശ്യമാകുന്നില്ല എന്ന അഭിപ്രായത്തിലാണ് ഞങ്ങൾ എന്ന് നിരീക്ഷിക്കുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നിരുന്നാലും മുറിവ് നം.2-നെ സംബന്ധിച്ചിടത്തോളം, ഉറപ്പായതും വിശ്വസനീയവുമായ തെളിവിന്റെ അടിസ്ഥാനത്തിൽ ട്രെയിനിൽ നിന്നുള്ള വീഴ്ച പ്രതിയുടെ മേൽ ചുമത്തുവാൻ കഴിഞ്ഞില്ലെങ്കിൽ, അതിനാൽ അർത്ഥമാകുന്നത്, മരണപ്പെട്ടയാളെ ട്രെയിനിൽ നിന്നും പ്രതി തള്ളിയിട്ടതിനും മരണപ്പെട്ടയാൾ സ്വയമേ ട്രെയിനിൽ നിന്നും ചാടുന്നതിനുമുള്ള സാധ്യതയും തള്ളിക്കളയുന്നില്ലെങ്കിൽ, അത്തരം പരിക്കിന് പ്രതിയുടെ ഉത്തരവാദിത്വം അനിവാര്യമായി പിന്തുടരാവുന്നതല്ല.

16. ഇതു സംബന്ധിച്ച്, പ്രഗത്ഭനായ അഭിഭാഷകൻ, മരണപ്പെട്ടയാൾ അനുഭവിച്ച മുറിവ് നം. 1 പി.ഡബ്ല്യു. 64 സാക്ഷിപറഞ്ഞതുപോലെ വിശദീകരിച്ചിട്ടുള്ളതും ആ സമയത്ത് മരണപ്പെട്ടയാളിന് ഉണ്ടായ ബലഹീനമായ മാനസിക പ്രതികരണശേഷിയുടെ വെളിച്ചത്തിൽ, ട്രെയി

നിൽ നിന്നും ചാടുന്നതിലേക്ക് ഒരു തീരുമാനം എടുക്കുന്നതിന് അവൾക്ക് സാധ്യമാകാവുന്നതല്ലായെന്നും വാദിക്കുകയുണ്ടായി. പ്രസ്തുത അഭിപ്രായം നിർബന്ധമായും തെറ്റാണെന്ന് ആവശ്യമാകുന്നതല്ലെന്നിരിക്കെ, എന്താണ് അവഗണിക്കുവാൻ കഴിയാത്തതെന്നാൽ ട്രെയിനിൽ നിന്നും പെൺകുട്ടി ചാടിയെന്നും രക്ഷപ്പെട്ടിട്ടുണ്ടെന്നും കംപാർട്ട്മെന്റിന്റെ വാതിലിനരികിലായി നിന്നിരുന്ന മധ്യവയസ്കൻ അവരോട് പറഞ്ഞിരുന്നുവെന്ന അർത്ഥത്തിൽ ഇതുസംബന്ധിച്ച് പി.ഡബ്ല്യു. 4-ന്റെയും പി.ഡബ്ല്യു. 40-ന്റേയും തെളിവാണ്. പ്രതിക്കെതിരെ കാണപ്പെടുന്ന സാഹചര്യങ്ങൾ, റിക്കോർഡിലുള്ള വാക്കാലുള്ള തെളിവിനെതിരെ തുലനം ചെയ്യേണ്ട തും പിന്തുടരേണ്ട തീരുമാനം, അവശ്യമായും മറ്റ് യാതൊരു സാധ്യതയും അംഗീകരിക്കാതെ സംഭവിക്കാവുന്ന ഏക തീരുമാനം ആയിരിക്കേണ്ടതുമാണ്. ഞങ്ങൾ പര്യാലോചന ചെയ്ത അഭിപ്രായത്തിൽ, മറ്റെന്തെങ്കിലും ഒഴിവാക്കിക്കൊണ്ട് അത്തരം ഒരു തീരുമാനം മേൽ സൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ എത്തുന്നതിന് കഴിയു ന്നില്ല.

17. ലൈംഗികമായി ദേഹോപദ്രവം ചെയ്യുന്നതിനായി മരണപ്പെട്ടയാളെ മലർത്തികിടത്തിയ സ്ഥിതിയിൽ വച്ചുകൊണ്ടിരുന്നത് മരണപ്പെട്ടയാളുടെ മരണകാരണത്തിന് ഒരു ആധാരമാക്കാവുന്നതാണെന്ന് പി. ഡബ്ല്യു. 64 സാക്ഷി പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, ഐ.പി.സി 302 വകുപ്പുപ്രകാരം പ്രതി ഉത്തരവാദിയാണെന്ന് വിധിക്കുന്നതിന് ആവശ്യമായത് എന്തെന്നാൽ, മരണം സംഭവിപ്പിക്കുന്നതിനുള്ള ഒരു ഉദ്ദേശ്യം അല്ലെങ്കിൽ പ്രതിയുടെ പ്രവൃത്തി മരണം സംഭവിപ്പിക്കുന്നതിന് ഇടയുള്ളതാണെന്ന അറിവ് ആണ്. മരണപ്പെട്ടയാളെ മലർന്നുകിടക്കുന്ന സ്ഥിതിയിൽ നിലനിർത്തിയതിൽ പ്രതിയ്ക്കുള്ള ഉദ്ദേശ്യം, പി.ഡബ്ല്യു. 64-ന്റെ അഭിപ്രായത്തിൽ ലൈംഗികമായി ദേഹോപദ്രവത്തിനുള്ള ലക്ഷ്യത്തിനായിരുന്നു. അത്തരത്തിലുള്ള അറിവും വിവരവും യഥാർത്ഥത്തിൽ മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫിന്റെ പരിശീലന പാഠ്യക്രമത്തിലൂടെ ലഭിക്കുന്നതാണെന്ന അർത്ഥത്തിൽ പി.ഡബ്ല്യു. 64-ന്റെ തെളിവ് തന്നെ ഉള്ളപ്പോൾ, ഈ സാഹചര്യങ്ങളിൽ അത്തരത്തിലൊരു പ്രവൃത്തി മരണം സംഭവിപ്പിക്കാം എന്ന അത്യാവശ്യമായ അറിവ് പ്രതിയിൽ ചുമത്തുവാൻ കഴിയുന്നതല്ല. മരണപ്പെട്ടയാൾ സംഭവശേഷം കുറച്ച് ദിവസത്തേക്ക് അതിജീവിക്കുകയും ഒടുവിൽ ആശുപത്രിയിൽ വച്ച് മരണപ്പെടുക യും ചെയ്തു എന്ന വസ്തുത മരണപ്പെട്ടയാളെ മലർന്നു കിടക്കുന്ന ഒരു സ്ഥിതിയിൽ നിർത്തിയ പ്രവൃത്തിയിലൂടെ മരണം സംഭവിപ്പിക്കുവാനുള്ള പ്രതിയുടെ ഏതെങ്കിലും ഉദ്ദേശ്യത്തിനെതിരാണെന്ന് സ്പഷ്ടമാകുന്നതുമാണ്. ആകയാൽ, മുകളിൽ ചർച്ചചെയ്ത മുഴുവൻ വസ്തുതകളിലും, മുറിവ് നം. 2-ന് പ്രതി

ഉത്തരവാദിയാണെന്ന് വിധിക്കുന്നതിന് കഴിയുകയില്ല. അതുപോലെ, മരണപ്പെട്ട യാളെ മലർത്തി കിടത്തിയ ഒരു അവസ്ഥ നിലനിറുത്തിയതും, മരണം സംഭവിപ്പിക്കാനുള്ള ഉദ്ദേശ്യം അല്ലെങ്കിൽ അത്തരം പ്രവൃത്തി മരണ കാരണമായേക്കാം എന്ന അറിവ് എന്നിവ പ്രതിയിൽ ചുമത്തുന്നതിന് കഴിയുന്ന തല്ല. അപ്രകാരം, ഐ.പി.സി 302 വകുപ്പുപ്രകാരമുള്ള കുറ്റകൃത്യം പ്രതിക്കെതിരെ തെളിയിച്ച് അക്കാര്യത്തിലേക്ക് അയാളെ ബാദ്ധ്യസ്ഥനാക്കുന്നതിന് വിധിക്കുന്നതിനും കഴിയില്ല എന്ന അഭിപ്രായത്തിലാണ് ഞങ്ങൾ. അതിനേക്കാൾ, പ്രതിയിൽ ചുമത്താവുന്ന ദേഹോപദ്രവ പ്രവൃത്തികൾ ഐ.പി.സി 325 വകുപ്പിൻകീഴിൽ കൂടുതൽ ഉചിതമായി ആകർഷിക്കും എന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. തദനുസൃതമായി, പ്രസ്തുത കുറ്റകൃത്യത്തിന് അപ്പീൽവാദിയായ പ്രതി കുറ്റക്കാരനെന്ന് കാണുകയും പ്രസ്തുത കുറ്റകൃത്യം ചെയ്തതിന് ഏഴുവർഷത്തെ കഠിനതടവ് അനുഭവിക്കുന്നതിന് ഞങ്ങൾ അവനെ ശിക്ഷിക്കുകയും ചെയ്യുന്നു.

18. തത്ഫലമായും മേൽവിവരിച്ച വാദപ്രതിവാദങ്ങളുടെ വെളിച്ചത്തിലും, അപ്പീൽവാദിയായ പ്രതി ഫയൽ ചെയ്ത അപ്പീലുകൾ ഞങ്ങൾ ഭാഗികമായി അനുവദിക്കുന്നു. ഐ.പി.സി 376 വകുപ്പ്, ഐ.പി.സി 394 വകുപ്പ് ഐ.പി.സി 397 വകുപ്പുമായി കൂട്ടിവായിച്ചതും ഐ.പി.സി 447 വകുപ്പുപ്രകാരമുള്ള കുറ്റസ്ഥാപനവും പ്രസ്തുത കുറ്റകൃത്യങ്ങളുടെ ചെയ്തികൾക്കായി ചുമത്തിയിട്ടുള്ള ശിക്ഷകളും നിലനിർത്തവേ, ഐ.പി.സി.302 വകുപ്പുപ്രകാരമുള്ള കുറ്റസ്ഥാപനം റദ്ദാക്കുകയും ഐ.പി.സി.325 വകുപ്പുപ്രകാരമുള്ള ഒന്നിലേക്ക് മാറ്റിയിട്ടുള്ളതുമാകുന്നു. ഐ.പി.സി. 302 വകുപ്പുപ്രകാരമുള്ള കുറ്റകൃത്യം ചെയ്തതിനുള്ള മരണശിക്ഷ റദ്ദാക്കുകയും പകരം ഏഴു വർഷത്തേക്ക് കഠിനതടവ് അനുഭവിക്കുന്നതിന് പ്രതിയെ ശിക്ഷിക്കുകയും ചെയ്യുന്നു. ചുമത്തിയിട്ടുള്ള എല്ലാ ശിക്ഷകളും ഒരേ കാലയളവിൽ അനുഭവിക്കേണ്ടതാണ്. പ്രാഗത്ഭ്യമുള്ള വിചാരണ കോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവ് അപ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

******************

## ബഹു. സുപ്രീം കോടതി മുമ്പാകെ

## ജസ്റ്റിസ് അഭയ് മനോഹർ സപ്രേ
## ജസ്റ്റിസ് അശോക് ഭൂഷൺ
## യൂണിയൻ ഓഫ് ഇൻഡ്യ

## അഭി

## കെ.വി.ലക്ഷ്മണനും മറ്റുള്ളവരും

## സിവിൽ അപ്പീൽ നമ്പർ 920/2008
29.06.2016-ൽ വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**സിവിൽ നടപടി നിയമ സംഹിത, 1908, വകുപ്പ് 96, ഓർഡർ 41 ചട്ടം 27 - എല്ലാ തെളിവുകളും വിവേചിച്ചറിഞ്ഞ് വിചാരണ കോടതിയുടേതിൽ നിന്നും വ്യത്യസ്തമായ തീരുമാനത്തിൽ വേണമെങ്കിൽ എത്തുകയെന്നത് ആദ്യ അപ്പീൽ കോടതിയുടെ ചുമതലയാണ്.**

**സംഹിതയിലെ 41-ാം ഓർഡർ 27-ാം ചട്ടം, ആദ്യത്തെയും രണ്ടാമത്തെയും അപ്പീൽ ഘട്ടത്തിൽ കക്ഷിക്ക് കൂടുതൽ തെളിവ് ഹാജരാക്കാൻ പ്രാപ്തമാക്കുന്ന വ്യവസ്ഥയാണ്. അപ്പീലിൽ കക്ഷിയാ യിട്ടുള്ളയാൾ, അപ്പീൽ കോടതിയെ അങ്ങനെയുള്ള തെളിവ് വിചാരണ ഘട്ടത്തിൽ ഹാജരാക്കുവാൻ സാധിക്കേണ്ടതിനും കൂടുതൽ തെളിവ് കക്ഷികളുടെ അവകാശങ്ങൾ ഏതേതാണ് കേസിലെ വിഷയം തീരുമാനിക്കുന്നതിന് പ്രസക്തവും മുഖ്യമായത് അങ്ങനെയുള്ള കൂടുതൽ തെളിവ് ഹാജരാക്കാൻ കക്ഷിയെ കോടതി അനുവദിക്കേണ്ടതുണ്ട്.**

അഭയ് മനോഹർ സപ്രേ, ജെ:-

ഈ അപ്പീൽ ബാംഗ്ലൂറിലുള്ള കർണ്ണാടക ഹൈക്കോടതിയുടെ ആർ എഫ് എ നമ്പർ 933/2002-ലെ 24.6.2003-ലെ അന്തിമ വിധിയ്ക്കും ഉത്തരവിനും എതിരെ ഉള്ളതാണ്. ഇതിലെ അപ്പീൽ വാദി ഫയൽ ചെയ്തിരുന്ന അപ്പീൽ ഹൈക്കോടതി തള്ളുകയും ഫലത്തിൽ, ബാംഗ്ലൂരിലെ ഒന്നാം അഡീഷണൽ സിറ്റി സിവിൽ സെക്ഷൻസ് ജഡ്ജി ഒ.എസ്. നമ്പർ

5588/1976-ലെ 11.12.2001-ലെ വിധിന്യായ വും ഡിക്രിയും ശരിവയ്ക്കുകയും ചെയ്തു.

2. ഈ അപ്പീലിലുള്ള പരിമിതമായ വ്യാപ്തിയിൽ കിടക്കുന്ന തർക്കം വിവേചിച്ചറിയുന്നതിന് ചില പ്രസക്ത മായ വസ്തുതകൾ പ്രതിപാദിക്കേണ്ട തായുണ്ട്.

3. അപ്പീൽ വാദി-യൂണിയൻ ഓഫ് ഇന്ത്യ (Divisional Railway Manager, Banglore) കേസിലെ വാദിയും എതിർകക്ഷികൾ പ്രതികളുമാണ്.

4. ഈ കേസിലെ തർക്കം ബാംഗ്ലൂർ പട്ടണത്തിൽ നിന്നും 14 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന കൃഷ്ണരാജ പുരം റെയിൽവേ സ്റ്റേഷന് സമീപം സ്ഥിതിചെയ്യുന്ന ഒരു സ്ഥലത്തെപ്പറ്റി യാണ്-വിശദാംശങ്ങൾ അന്യായ ത്തിൽ വിവരിച്ചിട്ടുണ്ട്. ഇനിമേൽ "കേസിൽ ഉൾപ്പെട്ട വസ്തു " എന്ന് പരാമർശിക്കും. 5. അപ്പീൽ വാദി എതിർ കക്ഷികൾക്കെതിരെ സിവിൽ കേസ് നമ്പർ 5588/1976 എന്ന കേസ് ബാംഗ്ലൂർ 1-ാം അഡീഷണൽ സിറ്റി സിവിൽ ആന്റ് സെഷൻസ് ജഡ്ജി മുമ്പാകെ ഉടമസ്ഥാവകാശം സ്ഥാപി ച്ചെടുക്കുന്നതിനു വേണ്ടി അവരാണ് (അപ്പീൽവാദി) കേസിൽ ഉൾപ്പെട്ട വസ്തുവിന്റെ ഉടമസ്ഥനെന്നും ഈ പ്രതികൾ അവരുടെ പൂർവ്വികർക്ക് വസ്തുവിൽ അവകാശമുണ്ടെന്ന് അവകാശവാദം ഉന്നയിക്കുന്നുണ്ടെ ങ്കിലും കേസിലെ വസ്തുവിൽ അവകാശമോ, ഉടമസ്ഥാവകാശമോ ഓഹരിയോ ഇല്ല. കേസിൽ ഉൾപ്പെട്ട വസ്തുവിന്മേലുള്ള അവകാശ സ്ഥാപ നത്തിനായി അപ്പീൽ വാദി ചില രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

6. എതിർകക്ഷികൾ അവരുടെ പത്രിക ഫയൽ ചെയ്യുകയും അപ്പീൽ വാദിയുടെ ഉടമസ്ഥാവകാശം നിഷേധി ക്കുന്നതിനോടൊപ്പം അവരുടെ മുൻ തലമുറക്കാരിലൂടെ കേസിലെ വസ്തു വിന്മേൽ അവർക്കുള്ള അവരുടെ ഉടമസ്ഥാവകാശം ഉന്നയിക്കുകയും ചെയ്തു. റവന്യ നടപടികളിൽ കൂടി കേസിൽ ഉൾപ്പെട്ട വസ്തുവിന്മേൽ ഈ നടപടികളുടെ ബലത്തിൽ അവരുടെ മുൻഗാമികൾക്ക് കേസിൽ ഉൾപ്പെട്ട വസ്തുവിന്മേൽ സംസ്ഥാന പാട്ടാവകാശ നിയമം മൂലം അവരുടെ മുൻഗാമികൾക്ക് കൈവശാവകാശം സിദ്ധിച്ചതാണെന്നാണ് അവരുടെ പക്ഷം. അവരുടെ മുൻഗാമികളുടെ മരണശേഷം അവരിൽ അത് നിക്ഷി പ്തമായതായും വാദിച്ചിരിക്കുന്നു. കേസ് കാലഹരണപ്പെട്ടതാണ് എന്ന ഒരു വാദവും അപ്പീൽ പ്രതികൾ ഉന്നയിച്ചിട്ടുള്ള വാദമുഖങ്ങളുടെ അടിസ്ഥാനത്തിൽ വിചാരണക്കോടതി ഈ സിവിൽ കേസിൽ നിന്ന് ഉയർന്നുവരുന്ന തർക്ക വിഷയങ്ങൾ തയ്യാറാക്കി കക്ഷികൾ തെളിവ് ഹാജരാക്കി.

7. ആയതിനാൽ കക്ഷികൾ തമ്മിൽ ഉയർന്നുവരുന്ന തർക്കം, കേസിൽ ഉൾപ്പെട്ട വസ്തുവിന്റെ ഉടമസ്ഥർ ആരാണെന്നുള്ളതാണ്;

അപ്പീൽ വാദിയോ (യൂണിയൻ ഓഫ് ഇന്ത്യ റെയിൽവേ) അതോ പ്രതിയുടെ മുൻഗാമി ഉടമസ്ഥനോ?

8. വിചാരണക്കോടതി 11.12.2001 -ലെ വിധിന്യായം/ഡിക്രി മുഖേന രണ്ടു കാരണങ്ങളാൽ കേസ് തള്ളി. ഈ കേസ് കാലഹരണപ്പെട്ടതാണെന്ന് വിധിച്ചു. വാദി (അപ്പീൽവാദി) കേസിൽ ഉൾപ്പെട്ട വസ്തുവിന്മേലുള്ള അവരുടെ അവകാശം തെളിയിക്കുന്നതിൽ പരാജയപ്പെടുകയും, എന്നാൽ പ്രതികൾക്ക് (എതൃകക്ഷികൾ) കേസിൽ ഉൾപ്പെട്ട വസ്തുവിന്മേലുള്ള അവരുടെ അവകാശം സ്ഥാപിക്കാൻ സാധിച്ചിട്ടുള്ളതായും കൂടുതലായി വിധിച്ചു.

9. അപ്പീൽവാദി സങ്കടപ്പെട്ട് ഹൈക്കോടതി മുമ്പാകെ ആദ്യ അപ്പീൽ ഫയൽ ചെയ്തു. ഈ അപ്പീലിൽ, അപ്പീൽ വാദി അവരുടെ കേസിന് ഉപോൽബലകമായ കൂടുതൽ തെളിവ് ഹാജരാക്കാനുള്ള അനുമതി തേടിക്കൊണ്ട് 1908-ലെ സിവിൽ നടപടി സംഹിതയിൽ (ഇനിമേൽ സംഹിത എന്നു പരാമർശിക്കപ്പെടുന്നു') 41-ാം ഓർഡർ ചട്ടം 27 പ്രകാരമുള്ള ഒരു അപേക്ഷ ഫയൽ ചെയ്തു. കൂടുതൽ തെളിവിൽ മറ്റു പലതിന്റെയും കൂടെ സംസ്ഥാന ഭൂനികുതി വകുപ്പ് കേസിൽ ഉൾപ്പെട്ട വസ്തുവിനെ സംബന്ധിച്ച് നൽകിയ രേഖകളും ഉൾപ്പെട്ടിരിക്കുന്നു. ഈ രേഖകൾ ഉടമസ്ഥത സംബന്ധിച്ച തർക്കം തീരുമാനിക്കുന്നതിന് പ്രസക്തമായതും കേസിൽ മുമ്പിനാലേ ഫയൽ ചെയ്ത രേഖകളുമായി സസൂക്ഷ്മം പരിശോധിച്ചാൽ കേസിൽ ഉൾപ്പെട്ട വസ്തുവിന്മേൽ അപ്പീൽ വാദിക്കുള്ള അവകാശം പ്രതിയുൾപ്പെടെ മറ്റെല്ലാവരെയും ഒഴിവാക്കിക്കൊണ്ട് സ്ഥാപിക്കുന്നതാണ് എന്നതാണ് അപ്പീൽവാദിയുടെ വാദം. ഈ രേഖകൾ അപ്പീൽ വാദിക്ക് വിചാരണക്കോടതിയിൽ ഫയൽ ചെയ്യാൻ സാധിക്കാതെ വന്നത് ഒന്നാമതായി കാലപ്പഴക്കംകൊണ്ടും, രണ്ടാമതായി, അപ്പീൽവാദി ഈ രേഖകളെ ക്കുറിച്ചറിയുന്നത് സിവിൽ കേസിലെ തീരുമാനം പുറപ്പെടുവിച്ചതിനുശേഷവും, അവസാനമായി പൊതു രേഖകളുടെ സ്വഭാവമുള്ളതുകൊണ്ട് വളരെ പാടുപെട്ടതിനുശേഷം രേഖകൾ അടുത്ത കാലയളവിൽ കണ്ടെത്തിയിട്ടുള്ളതിനാലും, കോടതിക്ക് കേസിൽ ഉൾപ്പെട്ട വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കത്തിൽ ഉചിതമായ തീരുമാനം സാധ്യമാക്കി തീർക്കുന്നതിലേയ്ക്കായി അപ്പീൽ വാദിയെ അവ ഹാജരാക്കാൻ അനുവദിക്കേണ്ടതാണ്.

10. പ്രഗല്ഭനായ സിംഗിൾ ജഡ്ജി 50 പേജോളം വരുന്ന ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലൂടെ ആദ്യ അപ്പീൽ പെട്ടെന്ന് തള്ളുകയും പരിണിതഫലമായി വിചാരണ കോടതിയുടെ വിധിന്യായവും ഡിക്രിയും ശരിവച്ചിട്ടുള്ളതാണ്. പ്രഗല്ഭനായ സിംഗിൾ ജഡ്ജി, ഒന്നാമതായി വിചാരണക്കോടതി മുമ്പാകെയുള്ള സിവിൽ കേസിൽ അധിക തെളിവ് ഹാജരാക്കാൻ പറ്റാത്തതിന്റെ കാരണം

മതിയായതല്ലായെന്നും, രണ്ടാമതായി കൂടുതൽ തെളിവ് ഹാജരാക്കാൻ ഉദ്ദേശിക്കുന്നത് മുഖ്യമായതോ പ്രസക്തമായതോ അല്ല എന്ന് കണ്ട് സംഹിതയിലെ ഓർഡർ 41, 27-ാം ചട്ട പ്രകാരം അപ്പീൽ വാദി ഫയൽ ചെയ്ത അപേക്ഷയും തള്ളിയിട്ടുള്ളതാണ്. വാദി സങ്കടപ്പെട്ട് അപ്പീൽ ഈ കോടതി മുമ്പാകെ സ്പെഷ്യൽ ലീവായി ഫയൽ ചെയ്തിരിക്കുന്നു.

11. അപ്പീൽവാദിക്ക് വേണ്ടിയുള്ള പ്രഗല്ഭനായ അഭിഭാഷകനായ മിസ്റ്റർ എസ്.എൻ. ടേർഡലിനേയും പ്രതികൾക്ക് വേണ്ടി പ്രഗല്ഭനായ അഭിഭാഷകൻ പി.പി സിംഗിനേയും കേട്ടു.

12. അപ്പീൽ വാദിയുടെ പ്രഗല്ഭനായ അഭിഭാഷകൻ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിന്റെ നീതിയുക്തതയെയും കൃത്യതയെയും വിമർശിക്കുന്ന തിനിടയിൽ വിവിധ കാരണങ്ങൾ ഉയർത്തിക്കാട്ടി ഹൈ ക്കോടതി അപ്പീൽ വാദിയുടെ ആദ്യ അപ്പീൽ പെട്ടെന്ന് തള്ളിയതിലും സംഹിതയിലെ 41-ാം ഓർഡർ 27-ാം ചട്ട പ്രകാരം ഫയൽ ചെയ്ത അപേക്ഷ തള്ളിയതിലും പിഴവു പറ്റിയിരിക്കുന്നതായി ബോധിപ്പിച്ചു..

13. ആദ്യമായി അപ്പീലിന്, രണ്ടാമത്തെ അപ്പീലിൽ കാതലായ നിയമത്തെക്കുറിച്ച് ചോദ്യമില്ലാതെ അവസാന കേൾവിക്കായി അഡ്മിറ്റ് ചെയ്യേണ്ടതില്ലാത്തതിൽ നിന്നും വ്യത്യസ്തമായി 96-ാം വകുപ്പ് പ്രകാരം ആദ്യ അപ്പീലിന്റെ സ്വഭാവമുള്ളതിനാൽ അവകാശമെന്നപോലെ അവസാന കേൾവിയ്ക്കായി അഡ്മിറ്റ് ചെയ്യേണ്ടതാണെന്ന് പ്രഗല്ഭനായ അഭിഭാഷകൻ ബോധിപ്പിച്ചു. അപ്പീൽ അവസാന കേൾവിക്കായി അഡ്മിറ്റ് ചെയ്തിരുന്നുവെങ്കിൽ ഹൈക്കോടതിക്ക് എല്ലാ വസ്തുതാപരമായതും നിയമപരമായതുമായ ചോദ്യങ്ങളിലേയ്ക്കു കക്ഷിയുടെ ആദ്യ അപ്പീൽ അധികാരികതയിൽ തന്നെ സൂക്ഷ്മമായി പരിശോധിക്കാൻ സാധിക്കുമായിരുന്നതും വിചാരണക്കോടതിയുടെ കണ്ടെത്തലിന് വ്യത്യസ്തമായി തീരുമാനിക്കാൻ സാധിക്കുമായിരുന്നുവെന്ന് പ്രഗല്ഭനായ അഭിഭാഷകൻ ബോധിപ്പിച്ചു.

14. രണ്ടാമതായി, ആദ്യ അപ്പീൽ ഫയൽ ചെയ്യാനുള്ള അവകാശം വിലയേറിയ ഒരു നിയമാവകാശമാകയാൽ ഹൈക്കോടതിയ്ക്ക് അങ്ങനെയൊരവകാശത്തെ സാധാരണ രീതിയിൽ അപ്പീൽ വാദിയുടെ ആദ്യ അപ്പീൽ പെട്ടെന്ന് തള്ളുക വഴി എടുത്ത് കളയാൻ സാധിക്കുകയില്ലായെന്ന് പ്രഗല്ഭനായ അഭിഭാഷകൻ ബോധിപ്പിച്ചു.

15. മൂന്നാമതായി, കാലഹരണദോഷം എന്ന കാരണത്താലും അപ്പീൽ വാദി ഹാജരാക്കിയ തെളിവ് കേസിൽ ഉൾപ്പെട്ട വസ്തുവിൽ അവരുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ മതിയായതല്ല എന്ന കാരണത്താലും അപ്പീൽ വാദിയുടെ കേസ് തള്ളിയതിൽ രണ്ടു കോടതികൾക്കും പിഴവ് പറ്റിയിട്ടു ള്ളതാണെന്ന് പ്രഗല്ഭനായ അഭിഭാഷകൻ ബോധിപ്പിച്ചിരിക്കുന്നു.

രണ്ടു തീരുമാനങ്ങളും വസ്തുതാപര മായും നിയമപരമായും നിലനിൽക്ക ത്തക്കതല്ലാത്തതും കേസിലെ രേഖക ൾക്ക് വിരുദ്ധവുമാണ് എന്ന് പ്രഗ ല്ഭനായ അഭിഭാഷകൻ ബോധിപ്പിച്ചു.

16. നാലാമതായി, സംഹിതയിലെ 41-ാം ഓർഡർ 27-ാം ചട്ടപ്രകാരമുള്ള അപേക്ഷ തള്ളിയതിൽ ഹൈക്കോട തിക്ക് വീണ്ടും വീഴ്ച പറ്റിയിരിക്കുന്നു എന്ന് പ്രഗല്ഭനായ അഭിഭാഷകൻ എടുത്തു പറഞ്ഞിരിക്കുന്നു. 41-ാം ഓർഡർ 27-ാം ചട്ടപ്രകാരമുള്ള അപേക്ഷ അതിൽ പറഞ്ഞിരിക്കുന്ന കാരണത്താലും കൂടെ ഹാജരാക്കിയ രേഖകളുടെ സ്വഭാവം കണക്കിലെടു ത്തു അനുവദി ക്കേണ്ടതായിരുന്നു വെന്നാണ് പ്രഗല്ഭനായ അഭിഭാഷക ന്റെ അഭിപ്രായം. ഹാജരാക്കാൻ ഉദ്ദേശിക്കുന്ന കൂടുതൽ തെളിവ് കേസിൽ ഉൾപ്പെട്ട വസ്തുവിന്മേലുള്ള കക്ഷികളുടെ ഉടമസ്ഥാവകാശ തർക്കം തീരുമാനിക്കാൻ ഉചിതമായതാണ്. അതുകൊണ്ട് കക്ഷികളുടെ ഉടമസ്ഥാ വകാശം നിയമാനുസൃതമായി തീരുമാനിയ്ക്കുന്നതിലേയ്ക്കായി അത് രേഖപ്പെടുത്തി വയ്ക്കേണ്ടതായിരുന്നു വെന്ന് പ്രഗല്ഭനായ അഭിഭാഷകൻ എടുത്തുപറഞ്ഞു.

17. അഞ്ചാമതായി, ഹൈക്കോട തിയുടെ അപേക്ഷ തള്ളുന്ന സമയ ത്തെ സമീപനം തെറ്റായിരുന്നു. എന്തെന്നാൽ, അപേക്ഷ പരിഗണിക്കു ന്ന സമയത്ത് കൂടുതൽ തെളിവിന്റെ യോഗ്യത സാങ്കൽപികമായി പരിശോ ധിക്കുകയും രേഖകൾ പ്രസക്തമ ല്ലെന്ന് കണ്ടിട്ടുള്ളതുമാണെന്ന് പ്രഗ ല്ഭനായ അഭിഭാഷകൻ എടുത്തുകാട്ടി. അപേക്ഷ പരിഗണിക്കുന്ന സമയത്ത് അങ്ങനെ യുളള സമീപന രീതി അനുവദനീയമല്ല എന്ന് പ്രഗല്ഭനായ അഭിഭാഷകൻ ചൂണ്ടിക്കാട്ടി.

18. മറുപടിയിൽ, അപ്പീൽ പ്രതി കളുടെ പ്രഗല്ഭനായ അഭിഭാഷകൻ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തെ പിൻതാങ്ങുകയും അതിനെ സ്ഥിരീകരി ക്കുവാൻ അപേക്ഷിക്കുകയും ചെ യ്തു. ചോദ്യം ചെയ്യപ്പെട്ട വിധിന്യായ ത്തിൽ ഇടപെടാൻ ഉതകുന്നതായ ഒരു കേസില്ല എന്ന് പ്രഗല്ഭനായ അഭിഭാഷ കൻ ബോധിപ്പിച്ചു.

19. കക്ഷികളുടെ പ്രഗല്ഭരായ അഭിഭാഷകരുടെ വാദത്തിനൊപ്പം കേസിനാസ്പദമായ രേഖകൾ പരി ശോധിച്ചതിൽ നിന്നും അപ്പീൽ വാദി യുടെ പ്രഗല്ഭനായ അഭിഭാഷകന്റെ സമർപ്പണങ്ങളിൽ കഴമ്പുണ്ടെന്ന് ഞങ്ങൾ കാണുന്നു.

20. അപ്പീൽ വാദി ഭാഗം പ്രഗ ല്ഭനായ അഭിഭാഷകൻ ശരിയായി ബോധിപ്പിച്ചതുപോലെ ഹൈക്കോടതി അപ്പീൽ പെട്ടെന്ന് തള്ളരുതായിരുന്നു. എന്നാൽ ആദ്യ പടിയായി അപ്പീൽ അനുവദിക്കുകയും പിന്നീട് പ്രതികൾ ക്ക് അപ്പീൽ നോട്ടീസ് നൽകിയശേഷം അന്തിമമായി തീരുമാനിക്കേണ്ടതുമാ യിരുന്നു.

21. ഒരു ഭാഗത്ത് പ്രഗല്ഭനായ ജഡ്ജി അപ്പീലിൽ വാദിയ്ക്കാനായി യാതൊരു തർക്കവുമില്ല' എന്നു പ്രസ്താവിച്ചിരിക്കുന്നതും മറുഭാഗത്ത് ഈ പ്രസ്താവനകൾക്ക് ഊന്നൽ നൽകാനായി പ്രഗല്ഭനായ ജഡ്ജി 50

പേജുകൾ സമർപ്പിച്ചിരിക്കുന്നതായും ഞങ്ങൾ രേഖകളിൽ നിന്നും കണ്ടെ ത്തിയിരിക്കുന്നു. ഇതു തന്നെ അപ്പീലി ൽ വാദിക്കാവുന്ന തർക്കങ്ങൾ ഉണ്ടെ ന്ന് സൂചിപ്പിക്കുന്നു.

22. സംഹിതയിലെ 96-ാം വകുപ്പിനു കീഴിൽ ഡിക്രിയ്ക്കു എതിരായി ആദ്യ അപ്പീൽ ഫയൽ ചെയ്യാനുള്ള അവകാശം വ്യവഹാരി യുടെ ഒരു വിലയേറിയ നിയമാവകാശ മാണെന്നുള്ളത് അടിയുറച്ച നിയ മതത്ത്വമാണ്. ആദ്യ അപ്പീൽ കോടതി യുടെ ആദ്യ അപ്പീൽ കേൾക്കുമ്പോ ഴുള്ള അധികാരികത വളരെ വിപുല വും വിചാരണകോടതിയുടേതു പോലെയുള്ളതും അപ്പീൽ വാദിക്ക് വസ്തുതകളിലും നിയമത്തിന്മേലു മുള്ള എല്ലാ തീരുമാനങ്ങളിലും തർക്ക മുന്നയിക്കാൻ പറ്റുന്നതുമാണ്. എല്ലാ തെളിവുകളും വിവേചിച്ചറിഞ്ഞ് വിചാരണകോടതിയുടേതിൽ നിന്നും വ്യത്യസ്തമായ തീരുമാനത്തിൽ വേണ മെങ്കിൽ എത്തുകയെന്നത് ആദ്യ അപ്പീൽ കോടതിയുടെ ചുമതലയാണ്.

23. അതുപോലെ, ആദ്യ അപ്പീൽ തീരുമാനിക്കുന്ന സമയത്ത് ആദ്യ അപ്പീൽ കോടതിക്കുള്ള അധികാര ങ്ങൾ ഈ കോടതിയുടെ വിവിധ വിധി പ്രഖ്യാപനങ്ങളിലൂടെ നന്നായി വിവേചിച്ചിട്ടുള്ളതും അതുകൊണ്ട് അത് റസ്സ് ഇന്റഗ്ര വിഭാഗത്തിൽ പ്പെടുന്നില്ല. ഈ തർക്കത്തിന്മേലുള്ള നിയമം നോക്കുന്നത് സാന്ദർഭികമാണ്.

24. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ ജെ. (അന്ന് ബഹുമാന്യനായ ജഡ്ജി കേരള ഹൈക്കോടതി ജഡ്ജിയായിരു ന്നു) മുമ്പ് 1969-ൽ *കുര്യൻ ചാക്കോ* അഭി *വർക്കി ഔസേപ്പിൽ* (എ.ഐ. ആർ 1969 കേരള 316) സി.പി.സി-ലെ 96-ാം വകുപ്പിലുള്ള ആദ്യ അപ്പീലി നെക്കുറിച്ച് തീരുമാനിക്കുമ്പോൾ ആദ്യ അപ്പീൽ കോടതിയെ, ആദ്യ അപ്പീലിൽ തീരുമാനിക്കേണ്ട ചുമതലയെപ്പറ്റി ഓർമ്മിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വ്യത്യസ്തമായ വൈദഗ്ദ്ധ്യത്തോടെ യുള്ള ആശയപ്രകാശന രീതിയിൽ പ്രഗല്ഭനായ ജഡ്ജി താഴെപ്പറയും പ്രകാരം വിധിച്ചിട്ടുള്ളതാണ്:

"1. വാദി രണ്ടു കോടതികളിൽ തോറ്റുപോയതിനുശേഷം അയാളുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചു കിട്ടുന്ന തിനും കൈവശാവകാശം തിരികെ കിട്ടുന്നതിനും വേണ്ടിയുള്ള കേസ് തള്ളിയതിനാലാണ് ഇവിടെ വന്നിട്ടു ള്ളത്. പ്രതി വസ്തുവിന്മേൽ വാദി ക്കുള്ള ഉടമസ്ഥാവകാശത്തേയും അയാളുടെ കൈവശാവകാശത്തെയും തർക്കിക്കുകയും രണ്ടും അയാളുടെതാ ണെന്ന അവകാശമുന്നയിക്കുകയും ചെയ്തു. കേസ് വാദം കേട്ട പ്രഗ ല്ഭനായ മുൻസിഫ് വാദിയ്ക്കു എതി രായി ഉടമസ്ഥാവകാശത്തിലും കൈ വശാവകാശത്തിലും തീരുമാനങ്ങൾ രേഖപ്പെടുത്തി. എന്നാൽ, അപ്പീലിൽ പ്രഗല്ഭനായ സബ്ജഡ്ജി മൊത്തം വിഷയം ചെറിയ വാക്യങ്ങളിൽ ചപലമായും ചുരുക്കത്തിലും തീരു മാനിച്ചു.

2. സാധാരണയായി ഒരു അപ്പീൽ കോടതി വസ്തുതയെ സംബന്ധിച്ച്

അവസാന കോടതിയാണ്, അതുകൊണ്ട് തന്നെ ഒരു വ്യവഹാരിക്ക് മൊത്തമായും നീതിയുക്തമായും സ്വാതന്ത്ര്യമായ തെളിവെടുപ്പിന് അപ്പീൽ ഘട്ടത്തിൽ അവകാശമുളളതാണ്, ഇതിൽ നിന്ന് എന്തെങ്കിലും ചെറുതാണെങ്കിൽപോലും അയാൾക്ക് നീതിയുക്തമല്ലാത്തതും ഈ കേസിൽ പ്രഗല്ഭനായ സബ്ജഡ്ജി ഒരു അപ്പീൽ കോടതി എന്ന നിലയ്ക്ക് അദ്ദേഹത്തിൽ നിന്നും പ്രതീക്ഷിച്ചതിൽ നിന്നും കുറവായി എന്നതിൽ എനിക്ക് സംശയമില്ല. വാദി ഭാഗം അഭിഭാഷകനും പ്രതിഭാഗം അഭിഭാഷകനും തമ്മിൽ ഉഗ്രമായ തർക്കമുണ്ടെങ്കിലും ഈ നിരീക്ഷണത്തിൽ അവർ എന്നോട് യോജിച്ചു..... "

(ഊന്നൽ നൽകി)

25. ഈ കോടതിയും വിവിധ കേസുകളിൽ മേല്പറഞ്ഞ തത്ത്വം ആവർത്തിച്ചുപറഞ്ഞുകൊണ്ട് സംഹിതയിലെ 96-ാം വകുപ്പ് പ്രകാരം ആദ്യ അപ്പീൽ തീരുമാനിക്കുമ്പോഴുളള അപ്പീൽ കോടതിയുടെ അധികാരങ്ങൾ നിർവ്വചിച്ചിട്ടുണ്ട്.

26. ചില കേസുകൾ ഉദ്ധരിക്കുന്നത് ഉചിതമാണെന്ന് ഞങ്ങൾ വിചാരിക്കുന്നു.

27. *സന്തോഷ് ഹസാരി* അഭി *പുരുഷോത്തമം തിവാരി* (മരണപ്പെട്ടയാൾ) നിയമാനുസൃത അവകാശികൾ മുഖേന (2001) 3 എസ്സിസി 179: (എഐആർ 2001 എസ്‌സി 965, 969-ാം പേജിൽ) ഈ കോടതി, താഴെപ്പറയും പ്രകാരം വിധിച്ചിട്ടുള്ളതാണ് (188-189 പേജുകൾ):

"..... വിചാരണക്കോടതിയുടെ തീരുമാനങ്ങൾ തിരുത്തുന്നതിനോ ശരിവയ്ക്കുന്നതിനോ അപ്പീൽ കോടതിയ്ക്ക് അധികാരികതയുണ്ട്. ആദ്യ അപ്പീൽ കക്ഷികളുടെ വിലയേറിയ അവകാശവും, നിയമം വഴി പരിമിതപ്പെടുത്തിയിട്ടില്ലെങ്കിൽ അതു സംബന്ധിച്ച മുഴുവൻ കേസും വസ്തുതാപരവും നിയമപരവുമായ ചോദ്യങ്ങളിൽ വീണ്ടും കേൾക്കുന്ന തിനായി എടുക്കാവുന്നതുമാണ്. അപ്പീൽ കോടതിയുടെ വിധി അതുകൊണ്ട് ബോധപൂർവ്വമായി മനസിലാക്കി വ്യക്തമായ കാരണങ്ങളുടെ പിൻബലത്തോടുകൂടി തീരുമാനങ്ങൾ രേഖപ്പെടുത്തി വാദമുഖങ്ങളിൽ നിന്നും ഉയർന്നുവരുന്ന എല്ലാ തർക്കങ്ങളിലും അപ്പീൽകോടതിയുടെ തീരുമാനത്തിനായി കക്ഷികൾ ആവശ്യപ്പെടുമ്പോൾ.. വസ്തുതയിൽമേലുള്ള ഒരു തീരുമാനം ദുർബലപ്പെടുത്തുമ്പോൾ വിചാരണക്കോടതി നൽകിയ കാരണങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും അടുത്ത് വരുകയും എന്നിട്ട് മറിച്ച് ഒരു തീരുമാനത്തിന് അതിന്റെ തനതായ കാരണങ്ങൾ എടുത്തുകാട്ടുകയും വേണം. ഇത് വീണ്ടും അടുത്ത അപ്പീൽ കേൾക്കുന്ന കോടതിക്ക് ആദ്യ അപ്പീൽ കോടതി അതിൽ നിന്ന് പ്രതീക്ഷിക്കാവുന്ന ചുമതല നിർവ്വഹിച്ചുവെന്ന് തൃപ്തിപ്പെടുത്തുന്ന പക്ഷം..... "

28. ഈ കോടതിയുടെ മൂന്നു ജഡ്ജിമാരുടെ ബെഞ്ച് മേൽ കാഴ്ചപ്പാട് *മധുക്കറും മറ്റുളളവരും* അഭി

*സംഗ്രാമും മറ്റുള്ളവരും* (എ.ഐ.ആർ 2001 എസ്സി 2171) എന്ന കേസിലെ തീരുമാനത്തിലും പിൻതുടർന്നിട്ടുള്ളതും, ആദ്യ അപ്പീൽ കോടതിയായിരിക്കുമ്പോൾ കക്ഷികൾ കൊണ്ടുവരുന്ന എല്ലാ തർക്കങ്ങളും തെളിവുകളും അതിന്റെ തീരുമാനം രേഖപ്പെടുത്തുന്നതിനു മുമ്പ് കൈകാര്യം ചെയ്യേണ്ടതാണെന്നും ആവർത്തിച്ച് ഊന്നിപ്പറഞ്ഞു.

29. *എച്ച്.കെ.എൻ സ്വാമി* അഭി *എർഷാദ് ബസിത്തിൽ* (2005) 10 എസ്സിസി.243, ഈ കോടതി താഴെപ്പറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു. (എസ്സിസി ഖണ്ഡിക 3)

"3. ആദ്യ അപ്പീൽ വസ്തുതകളിന്മേലും അതുപോലെതന്നെ നിയമത്തിന്മേലും തീരുമാനിക്കേണ്ടതാണ്. ആദ്യ അപ്പീലിൽ കക്ഷികൾക്ക് നിയമത്തിന്മേലും വസ്തുതകളിന്മേലുമുള്ള ചോദ്യങ്ങൾ കേൾക്കാനുള്ള അവകാശമുള്ളതും ആദ്യ അപ്പീൽ കോടതി എല്ലാ തർക്കങ്ങളും നോക്കി കാരണങ്ങൾ കാണിച്ചുകൊണ്ട് തീരുമാനിക്കേണ്ടതുമാണ്. നിർഭാഗ്യവശാൽ, ഈ കേസിൽ ഹൈക്കോടതി, വസ്തുതകളിൽമേലോ നിയമത്തിന്മേലോ യാതൊരു തീരുമാനവും രേഖപ്പെടുത്തിയിട്ടില്ല. ആദ്യ അപ്പീൽ കോടതിയായി ഇരിക്കുമ്പോൾ, കക്ഷികൾ കൊണ്ടുവരുന്ന എല്ലാ തർക്കങ്ങളും തെളിവുകളും ഉടമസ്ഥാവകാശത്തെപ്പറ്റി തീർപ്പ് രേഖപ്പെടുത്തുന്നതിനു മുമ്പ് കൈകാര്യം ചെയ്യേണ്ടത് ഹൈക്കോടതിയുടെ ചുമതലയായിരുന്നു".

30. *ജഗനാഥ്* അഭി *അരുളപ്പയും മറ്റൊരാളിലും* ((2005) 12 എസ് സി സി 303) സിവിൽ നടപടി നിയമ സംഹിതയിലെ 96-ാം വകുപ്പിന്റെ വ്യാപ്തി വിചിന്തനം ചെയ്യുമ്പോൾ ഈ കോടതി വീണ്ടും താഴെപ്പറയും പ്രകാരം പ്രസ്താവിച്ചു. (എസ്സി സി 2-ാം ഖണ്ഡിക)

"2. ആദ്യ അപ്പീൽ കോടതിക്ക് മുഴുവൻ തെളിവും പുന: പരിശോധിച്ച് വ്യത്യസ്തമായ തീരുമാനത്തിലെത്താവുന്നതാണ്...... "

31. ബി വി *നാഗേഷും മറ്റൊരാളും* അഭി *എച്ച്. വി ശ്രീനിവാസ മൂർത്തി* (2010) 13 എസ് സി സി 530: 2010 എ ഐ ആർ എസ് സി ഡബ്ല്യു 6184) ഈ കോടതിയുടെ എല്ലാ വിധിന്യായങ്ങളും കണക്കിലെടുത്തുകൊണ്ട് മേൽപ്പറഞ്ഞ തത്ത്വം വീണ്ടും ഈ കോടതി ഈ വാക്കുകളിൽ പറഞ്ഞു.

"3. എങ്ങനെയാണ് സാധാരണ ആദ്യ അപ്പീൽ, അപ്പീൽ കോടതി/ഹൈക്കോടതി തീരുമാനിക്കുന്നതെന്ന് ഈ കോടതി നിരവധി വിധികളിൽ പരിഗണിച്ചിട്ടുണ്ട്. സി.പി.സി 41-ാം ഓർഡർ അസ്സൽ ഡിക്രിയിൽ നിന്നുള്ള അപ്പീലുകളെ സംബന്ധിച്ചതാണ്.

വിവിധ ചട്ടങ്ങൾക്കിടയിൽ 31-ാം ചട്ടത്തിൽ,

(എ) തീരുമാനിക്കേണ്ട വിഷയങ്ങൾ;

(ബി) അതിന്മേലുള്ള തീരുമാനങ്ങൾ;

(സി) തീരുമാനത്തിനുള്ള കാരണങ്ങളും

(ഡി) അപ്പീൽ വാദിക്ക് നിയമപര മായി അവകാശമുള്ള പരിഹാരം നൽകുന്നതിന് അപ്പീൽ ഫയൽ ചെയ്തിട്ടുള്ള ഡിക്രി മാറ്റം വരുത്തുന്നുവെങ്കിലോ അഥവാ രൂപഭേദം വരുത്തേണ്ടതുണ്ടെങ്കിലോ അപ്പീൽ കോടതിയുടെ വിധിന്യായത്തിൽ ചൂണ്ടിക്കാട്ടിയിരിക്കണം എന്ന് കല്പിച്ചിരിക്കുന്നു.

4. അപ്പീൽ കോടതിയ്ക്ക് കീഴ്ക്കോടതിയുടെ തീരുമാനങ്ങൾക്ക് എതിരായി വിധിക്കുന്നതിനോ ശരിവയ്ക്കുന്നതിനോ അധികാരികതയുണ്ട്. ആദ്യ അപ്പീൽ, കക്ഷികളുടെ വിലയേറിയ അവകാശവുമാണ്, നിയമം മൂലം നിരോധിക്കാത്തിടത്ത്, മുഴുവൻ കേസും വസ്തുതകളിന്മേലും നിയമത്തി ന്മേലുമുള്ള ചോദ്യങ്ങളിൽ വീണ്ടും കേൾക്കുന്നതിന് തടസ്സമില്ലാത്തതാണ്. അപ്പീൽ കോടതിയുടെ വിധിന്യായം അതുകൊണ്ട് ബോധപൂർവ്വക മായതാണെന്ന് പ്രതിധ്വനിക്കേണ്ടതും ഉന്നയിച്ചിരിക്കുന്ന വാദമുഖങ്ങളിൽ നിന്നുതിർന്നുവരുന്ന എല്ലാ തർക്കങ്ങളിന്മേലും കക്ഷികൾ അപ്പീൽ കോടതിയുടെ തീരുമാനത്തിനായി അപേക്ഷിച്ചിട്ടുള്ളിടത്ത് ആദ്യ അപ്പീൽ കോടതിയായിരിക്കുമ്പോൾ കക്ഷികൾ കൊണ്ടുവരുന്ന എല്ലാ തർക്കങ്ങളിലും തെളിവുകളിലും അതിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനുമുമ്പായി കൈകാര്യം ചെയ്യേണ്ടത് ഹൈക്കോടതിയുടെ ചുമതലയാണ്. കാരണങ്ങളുടെ പിന്തുണയോടുകൂടി തീരുമാനങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. ആദ്യ അപ്പീൽ ഒരു വിലയേറിയ അവകാശവും കക്ഷികൾക്ക് നിയമപരവും വസ്തുതാപരവുമായ ചോദ്യങ്ങളിന്മേൽ കേൾക്കുവാനുള്ള അവകാശമുണ്ടായിരിക്കുന്നതും ആദ്യ അപ്പീലിലെ വിധിന്യായം നിയമപരവും വസ്തുതാ പരവുമായ എല്ലാ ചോദ്യങ്ങളെയും അഭിമുഖീകരിക്കേണ്ടതും കണ്ടെത്തലുകൾക്ക് കാരണങ്ങളുടെ പിന്തുണയോടുകൂടി തീരുമാനിക്കേണ്ടതുമാണ്. (*സന്തോഷ് ഹസാരി* അഭി *പുരുഷോത്തം തീവാരി* (2001) എസ്സ് സി സി 179 (എ ഐ ആർ 2001 എസ്സ് സി 965, 968 ഉം 969 പേജുകളിൽ 15-ാം ഖണ്ഡിക) 188-ാം പേജിൽ 15-ാം ഖണ്ഡികയും *മധുക്കർ* അഭി സൻഗ്രാം (2001)4 എസ്സ് സി സി 756/എ ഐ ആർ 2001 എസ് സി 2171, 2172 പേജുകളിൽ 75-ാം ഖണ്ഡിക 758 -ാം പേജിൽ 5-ാം ഖണ്ഡിക.)

5. സ്തുത്യർഹമായ മേൽ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ, ചോദ്യം ചെയ്യപ്പെട്ട വിധിന്യായം അപഗ്രഥിക്കുമ്പോൾ, ആദ്യ അപ്പീൽ കോടതിയെന്ന നിലയിൽ അതിൽ അർപ്പിതമായ കർത്തവ്യം നിറവേറ്റുന്നതിൽ ഹൈക്കോടതിക്ക് പരാജയം സംഭവിച്ചതായി ഞങ്ങൾക്ക് ബോധ്യപ്പെടുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ അപ്പീലിലുള്ള വിധിന്യായത്തിന് ഗൂഢാർത്ഥമുള്ളതും കേസുമായി ബന്ധപ്പെട്ട സംഗതികൾ ഒന്നും തന്നെ നോക്കിയിട്ടില്ലാത്തതുമാണ്. തൃപ്തികരമല്ലാത്ത രീതിയിലാണ് ഈ അപ്പീൽ

തീരുമാനിക്കപ്പെട്ടിട്ടുളളത്. റഗുലർ ആദ്യ അപ്പീലിലെ വിധിന്യായം സൂക്ഷ്മമായി പരിശോധിച്ചതിൽ, ആയത് ആദ്യ അപ്പീൽ കോടതിയിൽ നിന്നും പ്രതീക്ഷിക്കുന്നതിൽ നിന്നും തരംതാണതാണെന്നു കാണുന്നു. അതുകൊണ്ട്, ഇരു കക്ഷികളുടെയും സ്വത്തിനു വേണ്ടിയുളള അവകാശ വാദത്തിന്റെ സത്യത്തിലേയ്ക്ക് കടക്കുന്നതിനു മുമ്പ് ചോദ്യം ചെയ്യപ്പെട്ട വിധിന്യായവും ഡിക്രിയും ഞങ്ങൾ അസ്ഥിരപ്പെടുത്തുകയും ഹൈക്കോടതിയുടെ നിയമാധിഷ്ഠിതമായ പുതിയ തീർപ്പാക്കലിനുവേണ്ടി സാധാരണ ആദ്യ അപ്പീൽ തിരിച്ചയയ്ക്കുകയും ചെയ്യുന്നു.

32. *സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ & മറ്റൊരാളും* അഭി *ഇമ്മസൺസ് ഇന്റർനാഷണൽ ലിമിറ്റഡ്* (2011) 12 എസ്സ്സി സി 174: [എഐആർ 2011 എസ്സി 2906] എന്ന കേസിൽ ഇതേ തത്വം ആവർത്തിക്കുമ്പോൾ മുകളിൽപ്പറഞ്ഞ കേസുകളെല്ലാം ഞങ്ങൾ ആശ്രയിച്ചു.

33. സംഹിതയിലെ 41-ാം ഓർഡർ 27-ാം ചട്ടപ്രകാരമുളള അപേക്ഷയെ സംബന്ധിച്ചുളള അടുത്ത ചോദ്യത്തിലേയ്ക്കാണ് ഇത് ഞങ്ങളെ നയിക്കുന്നത്. ഞങ്ങളുടെ കൂട്ടായ അഭിപ്രായത്തിൽ, സംഹിതയിലെ 41-ാം ഓർഡർ 27-ാം ചട്ടപ്രകാരമുളള അപേക്ഷ നിരസിച്ചതിൽ ഹൈക്കോടതി മറ്റൊരു തെറ്റ് ചെയ്തിരിക്കുന്നു. ഈ അപേക്ഷ, ഞങ്ങളുടെ അഭിപ്രായത്തിൽ, ഒന്നിൽ കൂടുതൽ കാരണങ്ങൾ കൊണ്ട് അനുവദിക്കേണ്ടതായിരുന്നു.

34. ആദ്യമായി, ഈ അപേക്ഷയെ എതിർക്കാൻ ആരും ഉണ്ടായിരുന്നില്ല. മറ്റൊരു രീതിയിൽ പറഞ്ഞാൽ എതിർകക്ഷികൾക്ക് അപ്പീൽ നോട്ടീസോ അപേക്ഷയോ നൽകിയിട്ടില്ലാത്തതും അതുകൊണ്ട് അവർ അപേക്ഷയെ എതിർത്തിട്ടില്ലാത്തതുമാണ്. രണ്ടാമതായി, എന്തുകൊണ്ടാണ് അവർക്ക് സിവിൽ കേസിൽ ആദ്യമേ കൂടുതൽ തെളിവ് ഹാജരാക്കാൻ സാധിച്ചില്ലായെന്നും അപ്പീൽ ഘട്ടത്തിൽ എന്തുകൊണ്ട് അങ്ങനെയുളള തെളിവ് ഫയൽ ചെയ്യാൻ താമസം വന്നുവെന്നും അപ്പീൽവാദി അപേക്ഷയിൽ പ്രസ്താവിച്ചിട്ടുണ്ട്. മൂന്നാമതായി, അപേക്ഷയിലുളള പ്രസ്താവനകൾക്ക് സത്യവാങ്മൂലത്തിന്റെ പിൻതുണയുളളതാകയാൽ ഖണ്ഡിക്കുവാൻ സാധിച്ചിട്ടുമില്ല. നാലാമതായി, എന്തുകൊണ്ട് അപ്പീലിലുളള യഥാർത്ഥ വിവാദം തീരുമാനിക്കാൻ കൂടുതൽ തെളിവ് ആവശ്യമായിരുന്നു വെന്നതിനെ സംബന്ധിച്ച അവശ്യ സത്യപ്രസ്താവനയും അപേക്ഷയിലുണ്ട്. അഞ്ചാമതായി, കൂടുതൽ തെളിവിന് പൊതുരേഖയുടെ സ്വഭാവമുളളതിനാലും കേസിലെ വസ്തുവിനെ സംബന്ധിച്ചുളളത് രേഖപ്പെടുത്തിവയ്ക്കേണ്ടതായിരുന്നുവെന്നും, അവസാനമായി, അപ്പീൽവാദി ഭാരത സർക്കാർ ആകയാൽ അവരുടെ അസാമാന്യമായ സജ്ജീകരണങ്ങളും പ്രവർത്തനരീതി കൊണ്ടും നീതിപൂർവ്വമായ അവകാശമാണ് അത്തരം നടപടിക്രമങ്ങളിൽ കൂടുതൽ ആനുകൂല്യം കാട്ടുകയെന്നത് നിയമപരമായി അവകാശപ്പെടുന്നതിന് അവർക്ക് അർഹതയുണ്ട്.

35. സംഹിതയിലെ 41-ാം ഓർഡർ 27-ാം ചട്ടപ്രകാരം അപ്പീൽവാദി ഫയൽ ചെയ്ത അപേക്ഷ അനുവദിക്കാൻ അർഹതയുളളതായിരുന്നുവെന്ന് ഞങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ളതും അതുകൊണ്ട് കൂടുതൽ തെളിവ് ഹാജരാക്കാൻ അനുവദിച്ചിട്ടുള്ളതുമാണ്.

36. അപ്പീൽ എതിർകക്ഷികളുടെ പ്രഗല്ഭനായ അഭിഭാഷകൻ അന്യായം തീരുമാനിക്കുന്നതിന് കൂടുതൽ തെളിവ് പ്രസക്തമല്ലാത്തതാണെന്ന് വാദിച്ചു. അപ്പീൽവാദി 41-ാം ഓർഡർ 27-ാം ചട്ടം അനുശാസിക്കുന്ന കാരണങ്ങളൊന്നും അത്തരം തെളിവ് ഹാജരാക്കുന്നതിന് അപ്പീൽ ഘട്ടത്തിൽ വാദിച്ചിട്ടില്ല എന്ന് അദ്ദേഹം ഉദ്ഘോഷിക്കുകയും ചെയ്തു. മുകളിൽപ്പറഞ്ഞ കാരണങ്ങളാൽ ഈ സമർപ്പണത്തിൽ ഞങ്ങൾക്ക് മതിപ്പ് തോന്നുന്നില്ല. അതുകൊണ്ട് ഈ സമർപ്പണം തള്ളിക്കളഞ്ഞു.

37. സംഹിതയിലെ 41-ാം ഓർഡർ 27-ാം ചട്ടം, ആദ്യത്തെയും രണ്ടാമത്തെയും അപ്പീൽ ഘട്ടത്തിൽ കക്ഷിക്ക് കൂടുതൽ തെളിവ് ഹാജരാക്കാൻ പ്രാപ്തമാക്കുന്ന വ്യവസ്ഥയാണ്. അപ്പീലിൽ കക്ഷിയായിട്ടുള്ളയാൾ, അപ്പീൽ കോടതിയെ അങ്ങനെയുള്ള തെളിവ് വിചാരണ ഘട്ടത്തിൽ ഹാജരാക്കുവാൻ സാധിക്കേണ്ടതിനും കൂടുതൽ തെളിവ് കക്ഷികളുടെ അവകാശങ്ങൾ ഏതേതാണ് കേസിലെ വിഷയം തീരുമാനിക്കുന്നതിന് പ്രസക്ത വും മുഖ്യമായതും അങ്ങനെയുള്ള കൂടുതൽ തെളിവ് ഹാജരാക്കാൻ കക്ഷിയെ കോടതി അനുവദിക്കേണ്ടതുണ്ട്. എന്നിരുന്നാലും, കോടതിയ്ക്ക് കക്ഷികൾക്ക് കാതലായ നീതി നടപ്പാക്കേണ്ടതുണ്ട്. അപ്പീലിൽ ഒരു കക്ഷിയെ കൂടുതൽ തെളിവ് ഹാജരാക്കാൻ കോടതി അനുവദിച്ചു എന്നതുകൊണ്ട് മാത്രം കോടതി മുഴുവൻ കേസും അയാൾക്കനുകൂലമായി തീരുമാനിച്ചെന്നും അങ്ങനെയുള്ള തെളിവ് സ്വീകരിച്ചെന്നും അർത്ഥമില്ല. വാസ്തവത്തിൽ, കൂടുതൽ തെളിവ് രേഖപ്പെടുത്താൻ അനുവദിച്ചാൽ മറുവശത്തിന് കൂടുതൽ തെളിവ് വഴി റദ്ദാക്കൽ നടത്താനുള്ള അവസരം നൽകാൻ അപ്പീൽ കോടതിയ്ക്ക് ചുമതലയുണ്ട്.

38. കേസിലോട്ട് വരുമ്പോൾ, സംഹിതയിലെ 41-ാം ഓർഡർ 27-ാം ചട്ടപ്രകാരം അപേക്ഷ ഫയൽ ചെയ്യാൻ അപ്പീൽ വാദിയെ ഞങ്ങൾ അനുവദിച്ചത് കൊണ്ടും കൂടുതൽ തെളിവ് ഹാജരാക്കാൻ അപ്പീൽ വാദിയെ അനുവദിച്ചതുകൊണ്ടും അതിന്റെ പരിണിതഫലമായി, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് അസ്ഥിരപ്പെടുത്തേണ്ടതും പ്രതികൾക്ക് കൂടുതൽ തെളിവ് റദ്ദാക്കൽ നടത്തുന്നതിലേയ്ക്കായി ഹാജരാക്കാനുള്ള അവസരം അങ്ങനെ ഹാജരാക്കാൻ അവർ ആഗ്രഹിക്കുന്നെങ്കിൽ നൽകേണ്ടതുണ്ട്.

39. ഹൈക്കോടതിയിലേക്ക് അപ്പീൽ അർഹതയിന്മേൽ പുതുതായി കേൾക്കുന്നതിനോ അല്ലെങ്കിൽ നിയമപരമായി അർഹതയ്ക്കനുസൃതമായി സിവിൽകേസ് പുതുതായി കേട്ട് തീരുമാനിയ്ക്കുന്നതിലേയ്ക്ക്

വിചാരണക്കോടതിയിലേയ്ക്കോ തിരിച്ചയയ്ക്കുന്നത് മറ്റൊരു ഒഴിച്ചുകൂടാൻ പറ്റാത്ത ഫലമാണ്.

40. വിവാദത്തിന്റെ സ്വഭാവമനുസരിച്ചും കേസ്/അപ്പീൽ തീരുമാനിക്കപ്പെട്ട രീതിയനുസരിച്ച് കക്ഷികളുടെ താല്പര്യപ്രകാരം വിചാരണക്കോടതിയിലേയ്ക്ക് (ഡിസ്ട്രിക്റ്റ് സെഷൻസ് ജഡ്ജി, ബാംഗ്ലൂരു) നിയമപരമായി അർഹതയിന്മേൽ പുതുതായി തീരുമാനിയ്ക്കുന്നതിനായി തിരിച്ചയയ്ക്കുന്നതായിരിക്കും ഉചിതമെന്ന് ഞങ്ങൾ കരുതുന്നു.

41. മേൽപ്പറഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ, അപ്പീൽ വിജയിക്കുകയും അത് അനുവദിക്കുകയും ചെയ്യുന്നു. ചോദ്യം ചെയ്യപ്പെട്ട വിധിന്യായവും കീഴ്ക്കോടതി പാസ്സാക്കിയ വിധിന്യായവും/ഡിക്രിയും അസ്ഥിരപ്പെടുത്തുന്നു.

42. സിവിൽ കേസ്, ഇപ്പോൾ അതിന്റെ ഫയലിലേയ്ക്ക് തിരിച്ചു കൊണ്ടുവരപ്പെട്ടു. വിചാരണക്കോടതി അതായത് ബാംഗ്ലൂരിലെ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതി സിവിൽ കേസ് അർഹതയിന്മേൽ പുനർവിചാരണ ചെയ്യാൻ നിർദ്ദേശിച്ചു. അപ്പീൽ വാദി ഹാജരാക്കിയ കൂടുതൽ തെളിവ് ഫയലിൽ സ്വീകരിച്ചു. എതിർകക്ഷികൾക്ക് എതിർവാദം നടത്തുന്നതിലേക്കായി കൂടുതൽ തെളിവ് ഹാജരാക്കുവാൻ ഒരവസരം നൽകി. കക്ഷികൾക്ക് അവരുടെ കേസിലെ വാദങ്ങളിൽ ഭേദഗതി വരുത്താൻ അവർ അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ കൂടുതൽ വാചികമായ തെളിവ് ഇതുവരെ ഹാജരാക്കിയതിൽ കൂടുതലായി അവതരിപ്പിക്കാനും അപ്പീൽ സ്റ്റേജിൽ ഹാജരാക്കിയ രേഖകൾ തെളിയിക്കാനും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

43. സിവിൽ കേസ് വിചാരണ ചെയ്യുമ്പോൾ, കോടതി അതിന്റെ വിവേചനമനുസരിച്ചോ അതോ, ഏതെങ്കിലും കക്ഷികൾക്ക് വേണ്ടിയോ അതതു സംഗതി പോലെ, കോടതി കമ്മീഷണറെ, കൂടുതൽ അഭിലഷണീയമായി ഒരു റിട്ടയേർഡ് സർക്കാർ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് സംഹിതയിലെ 26-ാം ഓർഡറിലെ വ്യവസ്ഥകളുടെ സഹായത്താൽ കേസിലെ വസ്തുവിനെ സംബന്ധിച്ച് ഒരു സ്ഥല പരിശോധന അതിന്റെ കൃത്യമായ സ്ഥാന നിർണ്ണയം, വിസ്തീർണ്ണം, അതിരുകൾ മുതലായവ പരിശോധിയ്ക്കുന്നതിലേയ്ക്കായി നിയമിക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

44. വിചാരണക്കോടതി സിവിൽകേസ്, നിർബന്ധമായും നിയമപരമായും കക്ഷികളുടെ വാദങ്ങളുടെയും ഹാജരാക്കിയ തെളിവുകളുടെയും അടിസ്ഥാനത്തിൽ ഇപ്പോൾ അസ്ഥിരപ്പെടുത്തിയ രണ്ടു കോടതികളുടെ തീരുമാനങ്ങളിലോ, കാരണങ്ങളിലോ അവലോകനത്തിലോ സ്വാധീനിക്കപ്പെടാതെ തീരുമാനിക്കേണ്ടതാണ്.

45. അർഹതയിന്മേൽ ഏതെങ്കിലും തീരുമാനം രേഖപ്പെടുത്തുന്നതിൽ നിന്നും ഞങ്ങൾ വിട്ടുനിൽക്കുന്നതായി ഞങ്ങൾ വീണ്ടും വ്യക്ത

മാക്കുന്നു.

46. സിവിൽ കേസ് പഴക്കം ചെന്നതാകയാൽ, ബാംഗ്ലൂരു ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിയെ കക്ഷികൾ അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരായി അഭിലഷണീയമായി 6 മാസത്തിനകം അടിയന്തിരമായി തീരുമാനിക്കാൻ നിർദ്ദേശിക്കുന്നു. 1.8.2016-ൽ കക്ഷികൾ ബാംഗ്ലൂരു ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്.

47. കേസിലെ അസ്സൽ രേഖകൾ, ആവശ്യപ്പെടുന്നപക്ഷം ഇപ്പോൾ തന്നെ വിചാരണക്കോടതി (ബാംഗ്ലൂരു) ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിയിലേയ്ക്ക് കക്ഷികൾ ഹാജരാകേണ്ട തീയതിയ്ക്കു മുമ്പായി ബന്ധപ്പെട്ട കോടതിയിൽ എത്തുന്നവിധം അയയ്ക്കേണ്ടതാണ്.

48. ചിലവില്ല.

അപ്പീൽ അനുവദിച്ചു.

*****************

## ബഹു. ജസ്റ്റിസ് എ.കെ. സിക്രി
## &
## ബഹു. ജസ്റ്റിസ് ആർ.കെ. അഗർവാൾ
## ഫിലോമിന കെ.എ
## അഭി
## ജില്ലാ കളക്ടർ ആലപ്പുഴയും മറ്റൊരാളും

## സിവിൽ അപ്പീൽ നം. 4454/2016
## (എസ്എൽപി (സി) നം. 10128/2015-ൽ നിന്നും ഉത്ഭവിച്ചത്)

2016 ഏപ്രിൽ 26-ന് വിധി കൽപ്പിച്ചത്

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 226, 161-കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ചട്ടങ്ങൾ-ചട്ടം 10-സ്വാതന്ത്ര്യസമര സേനാനിയുടെ പെൻഷൻ-അനുവദിക്കുന്നത്-ചട്ടം 10 പ്രകാരം അവിവാഹിതരായ പെൺമക്കൾ സ്വാതന്ത്ര്യസമര സേനാനി പെൻഷന് അർഹതയുള്ളവരും അവർ സ്വതന്ത്രരാണെങ്കിൽ മാത്രം അവർ അനർഹരായി മാറുന്നതുമാണ്. പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യസമര സേനാനിയുടെ കാര്യത്തിലും ഈ പരാശ്രയത്വം ബന്ധപ്പെട്ടിരിക്കുന്നു.**

**അപ്പീൽവാദിക്ക് മറ്റാരുമായോ ഉള്ള വിവാഹേതര ബന്ധത്തിൽ നിന്നും ജനിച്ച ഒരു മകനുണ്ടെന്ന വസ്തുതയിൽ, അയാൾ അവരോടൊപ്പമല്ല ജീവിക്കുന്നതെന്നും ഭാര്യയോടൊപ്പം അയാളുടെ ഭാര്യാഗൃഹത്തിലാണ് ജീവിക്കുന്നതെന്നുമുള്ള വസ്തുത അവഗണിച്ചതിൽ, ഹൈക്കോടതിക്ക് പിശക് പറ്റിയിട്ടുണ്ട്. ആയതിനാൽ, ഈ കേസിൽ, മേൽപ്പറഞ്ഞ ചട്ടം 10 പ്രകാരം പെൻഷൻ ലഭിക്കുന്നതിന് നിറവേറ്റേണ്ടതായി ആവശ്യമുള്ള എല്ലാ ഘടകങ്ങളും നിറവേറ്റപ്പെട്ടിട്ടുണ്ട് എന്ന അഭിപ്രായമാണ് ഞങ്ങൾക്ക്.**

### വിധിന്യായം

**ജസ്റ്റിസ് എ.കെ. സിക്രി:- അനുമതി നൽകി.**

2. ഒരു മുതിർന്ന സ്വാതന്ത്ര്യസമര സേനാനിയുടെ അവിവാഹിതയായ മകളാണ് അപ്പീൽവാദിയെന്നത് തർക്കമില്ലാത്ത വസ്തുതകളാണ്. എതിർകക്ഷികൾ വിളംബരപ്പെടുത്തിയ 1971-ലെ കേരള സ്വാതന്ത്ര്യസമര സേനാനി

പെൻഷൻ ചട്ടങ്ങൾ (ഇതിനുശേഷം `1971-ലെ ചട്ടങ്ങൾ' എന്നാണ് പരാമർശിക്കപ്പെടുക) പ്രകാരം അപ്പീൽവാദിയുടെ പിതാവിന് സ്വാതന്ത്ര്യസമര സേനാനി പെൻഷൻ നൽകിയിരുന്നു. അദ്ദേഹത്തിന് ഈ പെൻഷൻ 01-04-1971 മുതൽ 11-07-1985-ൽ അദ്ദേഹത്തിന്റെ മരണം വരെ ലഭിച്ചിരുന്നു. പെൻഷൻകാരന്റെ മരണശേഷം അയാളുടെ വിധവ/ പ്രായപൂർത്തിയാകാത്ത ആൺമക്കൾ/വിവാഹിതരാകാത്ത പെൺമക്കൾ മുതലായവർക്കും പെൻഷൻ നൽകുന്നതിന് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഇക്കാരണം കൊണ്ട് അപ്പീൽവാദിയുടെ പിതാവിന്റെ മരണശേഷം അവരുടെ മാതാവിന് പെൻഷൻ ലഭിച്ചു തുടങ്ങി. 13-09-2012-ൽ അവരും മരണപ്പെടുന്നതുവരെ ഈ പെൻഷൻ ലഭിച്ചുകൊണ്ടിരുന്നു. അപ്പീൽവാദി മുതിർന്ന സ്വാതന്ത്ര്യ സമര സേനാനിയുടെ അവിവാഹിതയായ മകളാണെന്ന കാരണത്താൽ 1971-ലെ ചട്ടങ്ങൾപ്രകാരം പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് അവർക്ക് അവകാശമുണ്ടെന്നു അപേക്ഷിച്ചു.

3. 02-05-2012 തീയതിയിലെ ഉത്തരവിലൂടെ പ്രസ്തുത ചട്ടങ്ങളിൽ ചട്ടം 11 എ ചേർക്കുകയും അതിൻ പ്രകാരം സർക്കാരിന്, ആശ്രിതരായ വിധവയായ മകൾക്ക്/വിവാഹമോചനം നേടിയ മകൾക്ക്, അവരുടെ പുനർവിവാഹം അല്ലെങ്കിൽ മരണം വരെയും ശാരീരിക/മാനസിക വൈകല്യമുള്ള ആശ്രിതരായ മകൻ/പെൺമക്കൾ എന്നിവർക്ക് കൂടി പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരമുണ്ടെന്നത് ശ്രദ്ധിക്കാവുന്നതാണ്.

4. അപ്പീൽവാദി 08-10-2012-ൽ മേല്പറഞ്ഞ 11 എ ചട്ടപ്രകാരം പെൻഷൻ അവകാശപ്പെട്ടുകൊണ്ട് നിവേദനം നൽകി. നിലവിലിരിക്കുന്ന ചട്ടങ്ങൾ പ്രകാരം, അപേക്ഷയിലെ ഉള്ളടക്കവും അതിലെ അവകാശവാദവും പരിശോധിക്കുന്നതിനായി വില്ലേജ് ഓഫീസർ അന്വേഷണം നടത്തുവാനുള്ളതാണ്. ഇപ്പോഴത്തെ കേസിൽ, ജില്ലാ കളക്ടറുടെ കാര്യാലയത്തിന് കീഴിൽവരുന്ന തഹസീൽദാർ ഈ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. ജില്ലാ കളക്ടർ 30-11-2012-ൽ അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചതിൽ മറ്റുപലതിന്റെയും കൂട്ടത്തിൽ താഴെ പറയുംപ്രകാരം പ്രസ്താവിക്കുന്നു:-

"അപേക്ഷക അവരുടെ പരേതയായ മാതാവിനോടൊപ്പം താമസിക്കുകയായിരുന്നു. അവർ ഇതുവരെ നിയമപരമായി വിവാഹം കഴിച്ചിട്ടില്ലാത്തതാണ്. എന്നിരുന്നാലും, അവരുടെ വിവാഹേതരബന്ധത്തിൽ അവർക്ക് 25 വയസ്സുള്ള ഒരു മകൻ ഉണ്ട്. ആ മകൻ, വിവാഹം കഴിഞ്ഞ് തുമ്പോളിയിൽ അയാളുടെ ഭാര്യാഗൃഹത്തിൽ താമസിക്കുന്നു. അപേക്ഷകയായ ഫിലോമിന ഇപ്പോൾ താമസിക്കുന്നത് അവരുടെ അനന്തരവന്റെ കൂടെയാണ്. അവർക്ക് മറ്റ് യാതൊരു വരുമാനവും ഇല്ലാത്തതാണ്. ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത് അപേക്ഷയും

അനുബന്ധ രേഖകളും സഹിതമാണ്.''

5. മേല്പറഞ്ഞ റിപ്പോർട്ട് പ്രകാരം അപ്പീൽവാദി വിവാഹിതയ ല്ലെന്ന് അദ്ദേഹം കണ്ടെത്തി. അതനു സരിച്ച്, അവർ മേല്പറഞ്ഞ ചട്ടങ്ങൾ പ്രകാരം സ്വാതന്ത്ര്യസമര സേനാനി പെൻഷൻ നൽകപ്പെട്ടിരുന്ന അവരുടെ പരേതനായ പിതാവിന്റെ അവിവാഹിത യായ മകളായിരുന്നു. അവരുടെ വിവാഹേതര ബന്ധത്തിൽ നിന്നും അവർക്ക് 25 വയസ്സായ ഒരു മകൻ ഉണ്ടെന്ന് സൂചിപ്പിച്ചിരുന്നതിൽ യാതൊ രു സംശയവുമില്ല. അതേസമയം, പ്രസ്തുത മകൻ വിവാഹിതനായി തു മ്പോളിയിൽ അയാളുടെ ഭാര്യാഗൃഹ ത്തിൽ താമസിക്കുകയായിരുന്നു, എന്നിരിക്കിലും ആലപ്പുഴ നിവാസി യായ അപ്പീൽവാദി അവരുടെ അനന്തരവനോടൊപ്പം താമസിക്കുക യാണെന്നും അന്വേഷണത്തിൽ കണ്ടെ ത്തുകയുണ്ടായി. അവരുടെ അനന്ത രവനോടൊപ്പമാണ് അവർ താമസിക്കു ന്നതെന്ന വസ്തുതയും കാണിക്കുന്നത് അവരുടെ മാതാപിതാക്കളുടെ മരണ ശേഷം അവരെ സംരക്ഷിക്കുന്നതിന് വേറൊരാളും ഇല്ല എന്നുള്ളതാണ്. അവർക്ക് മറ്റ് യാതൊരു വരുമാനവും ഇല്ലായെന്നും സ്പഷ്ടമായി കണ്ടെ ത്തിയിട്ടുണ്ട്.

6. മേല്പറഞ്ഞത് എന്തുതന്നെയാ യിരുന്നാലും, പെൻഷൻ അനുവദിക്കു ന്നതിനു വേണ്ടിയുള്ള അവരുടെ അപേ ക്ഷ, അവർക്ക് 25 വയസ്സുള്ള ഒരു മകനുണ്ടെന്നും അതിന്റെ അടിസ്ഥാന ത്തിൽ അവർ അവരുടെ മാതാപിതാ ക്കളുടെ ആശ്രിതയായിരുന്നില്ലെന്ന നിഗമനത്തിലെത്തുകയും ചെയ്ത കാരണത്താൽ നിരാകരിക്കുകയും ചെയ്തു. ജില്ലാ കളക്ടറുടെ ഉത്തര വിനെതിരായി ഫയൽ ചെയ്ത റിട്ട് ഹർജി തള്ളിക്കൊണ്ട് ഹൈക്കോടതി യിലെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി അതേ വീക്ഷണം തന്നെ എടു ത്തിട്ടുള്ളതും ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലൂടെ ഡിവിഷൻ ബഞ്ച് ഈ അഭിപ്രായം സ്ഥിരീകരിച്ചിട്ടു ള്ളതുമാണ്.

7. ഞങ്ങളെ സംബന്ധിച്ചിട ത്തോളം ചട്ടം 10 ആണ് ഈ കേസിൽ പ്രസക്തമായ ചട്ടം, അത് താഴെ പറയും പ്രകാരമാണ്:-

''10. 6-ാം ചട്ടപ്രകാരം ഒരു പെൻ ഷൻ അനുവദിക്കപ്പെട്ട ഒരു സ്വാത ന്ത്ര്യസമര സേനാനിയുടെ, മറ്റുവിധ ത്തിൽ ആശ്രിതരല്ലാതായി മാറാത്ത വിധവ/പ്രായപൂർത്തിയാകാത്ത ആൺ മക്കൾ/അവിവാഹിതരായ പെൺ മക്കൾ എന്നിവർക്ക് പെൻഷൻ തുടർ ന്നു കിട്ടുന്നതിനായി അർഹതയുണ്ടാ യിരിക്കുന്നതാണ്.''

8. മേല്പറഞ്ഞ ചട്ടപ്രകാരം അവിവാഹിതരായ പെൺമക്കൾ സ്വാ തന്ത്ര്യസമര സേനാനി പെൻഷന് അർ ഹതയുള്ളവരും അവർ സ്വതന്ത്രരാ ണെങ്കിൽ മാത്രം അവർ അനർഹരായി മാറുന്നതുമാണ്. പെൻഷൻ ലഭിച്ചു കൊണ്ടിരുന്ന സ്വാതന്ത്ര്യസമര സേനാ നിയുടെ കാര്യത്തിലും ഈ പരാശ്രയ

ത്വം ബന്ധപ്പെട്ടിരിക്കുന്നു.

9. നിലവിലെ കേസിൽ, മുകളിൽ വെളിപ്പെടുത്തിയ വസ്തുതകളിൽ നിന്നും ഒരു സ്വാതന്ത്ര്യസമര സേനാനിയായ പരേതനായ ശ്രീ. അന്ത്രാ യോസ് കരിയാടിപറമ്പന്റെയും പരേത യായ സ്റ്റെല്ലാ അന്ത്രായോസെഗിയുടെ യും ഒരിക്കലും വിവാഹംകഴിഞ്ഞിട്ടി ല്ലാത്ത അവിവാഹിതയായിരിക്കുന്ന മകളാണ് അപ്പീൽവാദിയെന്നാണ് വ്യക്തമായിരിക്കുന്നത്. തഹസീൽദാറു ടെ റിപ്പോർട്ടു പ്രകാരം അവർക്ക് യാതൊരു വരുമാനവും ഇല്ലാത്തതാണ്. അവരുടെ മാതാപിതാക്കളുടെ മരണ ശേഷം അവർ അവരുടെ അനന്തരവ നോടൊപ്പം ജീവിക്കാൻ തുടങ്ങി. അതുകൊണ്ട് ഒരു സ്വാതന്ത്ര്യസമര സേനാനിയായ അവരുടെ പിതാവിൽ നിന്നും അവർ ഒരിക്കലും ആശ്രയത്വം വേർപെടുത്തിയിരുന്നില്ല. അപ്പീൽവാ ദിക്ക് മറ്റാരുമായോ ഉള്ള വിവാഹേതര ബന്ധത്തിൽ നിന്നും ജനിച്ച ഒരു മകനു ണ്ടെന്ന വസ്തുതയിൽ, അയാൾ അവരോടൊപ്പമല്ല ജീവിക്കുന്നതെന്നും ഭാര്യയോടൊപ്പം അയാളുടെ ഭാര്യാഗൃ ഹത്തിലാണ് ജീവിക്കുന്നതെന്നുമുള്ള വസ്തുത അവഗണിച്ചതിൽ, ഹൈ ക്കോടതിക്ക് പിശക് പറ്റിയിട്ടുണ്ട്. ആയ തിനാൽ, ഈ കേസിൽ, മേൽപ്പറഞ്ഞ ചട്ടം 10 പ്രകാരം പെൻഷൻ ലഭിക്കു ന്നതിന് നിറവേറ്റേണ്ടതായി ആവശ്യ മുള്ള എല്ലാ ഘടകങ്ങളും നിറവേറ്റ പ്പെട്ടിട്ടുണ്ട് എന്ന അഭിപ്രായമാണ് ഞങ്ങൾക്ക്.

10. അതനുസരിച്ച്, ഞങ്ങൾ, ചോ ദ്യം ചെയ്യപ്പെട്ട വിധിന്യായത്തെ റദ്ദ് ചെയ്ത്കൊണ്ട് ഈ അപ്പീൽ അനുവദി ക്കുകയും അപ്പീൽവാദിയുടെ മാതാവ് 13-09-2012-ൽ മരണമടഞ്ഞതിനാൽ 14-09-2012 മുതൽ അവർക്ക് പെൻഷന് അവകാശമുണ്ടെന്നും വിധിക്കുന്നു. എതിർകക്ഷികൾ ഇന്നുമുതൽ ഒരു മാസത്തിനകം അപ്പീൽവാദിക്ക് പെൻ ഷൻ നൽകി തുടങ്ങേണ്ടതും കുടിശ്ശി കയെ സംബന്ധിച്ച്, ആയത് രണ്ടുമാസ ത്തിനകം നൽകേണ്ടതുമാണ്.

അപ്പീൽ അനുവദിച്ചു.

*************

ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കുര്യൻ ജോസഫ്

&

ബഹു. ജസ്റ്റിസ് ശ്രീമതി ആർ. ബാനുമതി

സുബ്രയ്യ. എം.എൻ

അഭി

വിറ്റില. എം.എൻ & മറ്റുള്ളവരും

സിവിൽ അപ്പീൽ നം. 5805/2016

(എസ്.എൽ.പി (സി) 27268/2008-ൽ നിന്നും ഉത്ഭവിച്ചത്)

2016 ജൂലൈ 5-ന് വിധി കൽപ്പിച്ചത്

വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**(എ) രജിസ്ട്രേഷൻ ആക്റ്റ് (1908-ലെ 16), വകുപ്പുകൾ 49, 17- കുടുംബക്രമീകരണം-തെളിവിൽ സ്വീകരിക്കുന്നത്-നൂറുരൂപയിൽ കൂടുതൽ വിലയുള്ള സ്ഥാവരവസ്തുക്കൾ കൈകാര്യം ചെയ്യുന്ന നിർബന്ധിത കുടുംബ ക്രമീകരണങ്ങൾ വാക്കാൽ ചെയ്യാവുന്നതും അങ്ങനെ ചെയ്യുമ്പോൾ, രജിസ്ട്രേഷന്റെ ചോദ്യങ്ങൾ യാതൊന്നും ആവിർഭവിക്കുന്നില്ല എന്നുവരികിലും അതിലെ വ്യവസ്ഥകൾ തെളിവാകണമെന്ന ലക്ഷ്യത്തോടെ ആയത് ലിഖിത രൂപത്തിൽ സംഗ്രഹിക്കുന്നതാണെങ്കിൽ, ആയതിന് രജിസ്ട്രേഷൻ ആവശ്യമാകുന്നതും രജിസ്ട്രേഷൻ ഇല്ലാതെ അത് സ്വീകാര്യയോഗ്യമല്ലാത്തതുമാണ്; എന്നാൽ, പ്രസ്തുത കുടുംബ ക്രമീകരണം കക്ഷികളുടെ പെരുമാറ്റം കാണിക്കുന്നതിനോ വിശദീകരിക്കുന്നതിനോ ആയുള്ള ഉപോദ്ബലക തെളിവിന്റെ അംശമായി ഉപയോഗിക്കാവുന്നതാണ്.**

**(ബി) ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 136-അപ്പീൽ- വിചാരണക്കോടതിയും ഹൈക്കോടതിയും തെളിവ് തെറ്റായി വിലയിരുത്തുകയും റിക്കോർഡിലുള്ള തെളിവിന്റെ പ്രാമുഖ്യം അവഗണിക്കുകയും തീർപ്പുകൾ ന്യായരഹിതവുമായിരിക്കുമ്പോൾ റിക്കോർഡിലുള്ള വസ്തുതകൾക്കും തെളിവുകൾക്കും യോജിച്ചതാണോ തീർപ്പുകൾ എന്നും തീരുമാനത്തിൽ ഇടപെടേണ്ടതാണോ എന്നും തീർച്ചയായും ഈ കോടതി പരിശോധിക്കേണ്ടതാണ്.**

**(സി) ഹിന്ദു നിയമം-ഭാഗം ചെയ്യൽ-ഇനം നം. 3-ന് പ്രതിയുടെ പേരിൽ പട്ടയം അനുവദിച്ചത് കുടുംബത്തിന്റെ പ്രയോജനത്തിനാകയാൽ, 1-ഉം 2-ഉം വാദികൾക്കും ഇനം നം. 3-ലെ ഒരു ഓഹരിക്ക് അർഹതയു**

**ണ്ടെന്ന് വിധിച്ചിട്ടുള്ളതും അങ്ങനെ വാദികൾക്കും പ്രതിക്കും ഇനം നം. 3-ൽ അഞ്ചിലൊന്ന് ഓഹരി വീത ത്തിന് അർഹതയുള്ളതുമാണ്.**

വിധിന്യായം

ശ്രീമതി ആർ. ബാനുമതി, ജെ:-

അനുമതി നൽകി

2. അപ്പീൽവാദി-പ്രതി ഫയൽ ചെയ്ത അപ്പീൽ തള്ളുകയും തന്നിമി ത്തം വിചാരണ കോടതി പാസ്സാക്കിയ ഭാഗംചെയ്യലിനായുള്ള വിധിയെയും വിധിന്യായത്തെയും സ്ഥിരീകരിക്കുക യും ചെയ്തുകൊണ്ട് കർണ്ണാടക ഹൈക്കോടതി ആർ.എഫ്.എ. 805/ 98-ൽ 20-03-2008-ൽ പ്രസ്താവിച്ച വിധിന്യായത്തിനെതിരെ ഫയൽ ചെ യ്തിട്ടുള്ളതാണ് ഈ അപ്പീൽ.

3. എതിർകക്ഷികൾ-വാദികളുടെ കേസ് ചുരുക്കത്തിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്-അപ്പീൽവാദി-പ്രതിയും എതിർകക്ഷികൾ- വാദികളും പരേത നായ നാരായണയുടെ മക്കളാണ്. അന്യായ പട്ടിക വസ്തുവിലെ ഇനം നം. 1-ൽ സർവ്വേ നം. 69/69-ൽ 1.00 ഏക്കറും ഇനം നം. 2 സർവ്വേ നം. 69/ 70-ൽ 0.25 ഏക്കറും ഇനം നം. 3-ൽ സർവ്വേ നം. 69/5 സി 2-ൽ 1.00 ഏക്കറും ഉൾപ്പെടുന്നതാണ്. ഇനം 1-ഉം 2-ഉം പരേതനായ നാരായണയുടെ കൂട്ടു കുടുംബ സ്വത്താണ്. നാരായണ 1962-ൽ മരണമടഞ്ഞിട്ടുള്ളതാണ്. 3-ഉം 4-ഉം വാദികൾ പട്ടാളത്തിൽ ജോലി ചെയ്തിരുന്നതും കൂട്ടുകുടുംബത്തി ലേക്ക് പണം അയച്ചുകൊണ്ടിരുന്നതും കൂട്ടുകുടുംബത്തിലെ കാര്യാദികൾ അപ്പീൽവാദി-പ്രതി നടത്തി വന്നിരുന്ന തുമാണ്. 3-ഉം 4-ഉം എതിർകക്ഷികൾ പട്ടാളത്തിൽ നിന്നും യഥാക്രമം 1988-ലും 1989-ലും വിരമിച്ചിട്ടുള്ളതാണ്. ഇനം 2-ൽ ഉള്ള വീട് 1980-ൽ കൂട്ടു കുടുംബത്തിൽ നിന്നുള്ള വരുമാനവും 3-ഉം 4-ഉം എതിർകക്ഷികളുടെ അംശ ദാനവും കൊണ്ട് നിർമ്മിച്ചിട്ടുള്ളതാണ്. അന്യായപട്ടിക വസ്തുവിലെ ഇനം. നം. 3 പരേതനായ നാരായണയുടെ കൈവശത്തിലായിരുന്നതും ആയത് വനഭൂമിയിൽ നിന്നും കൃഷിഭൂമി ആയി മാറ്റപ്പെട്ടിട്ടുള്ളതും പിന്നീട് അത് കൂട്ടുകുടുംബ വരുമാനവും 3-ഉം 4-ഉം എതിർകക്ഷികളുടെ അംശദാനവും കൊണ്ട് അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ള തുമാണ്. വാദികളുടെ അഭാവം മുത ലെടുത്തുകൊണ്ട്, അപ്പീൽവാദി ഇനം. നം. 3-സർവ്വേ നം. 69/5 സി 2-ന് പട്ടയം അനുവദിക്കുന്നതിനായി തഹസീൽ ദാർ മുമ്പാകെ ഒരു അപേക്ഷ ഫയൽ ചെയ്തിരുന്നതും ആയത് എതിർകക്ഷി കൾ തർക്കിച്ചിരുന്നതുമാണെന്ന വാദം എതിർകക്ഷികൾ- വാദികൾ ഉന്നയിച്ചി രുന്നു. അപ്പീൽവാദി അന്യായ പട്ടിക വസ്തുക്കൾ കൈക്കലാക്കുവാൻ ശ്രമി ക്കുകയാണെന്ന് ആരോപിച്ചുകൊണ്ട്, അവയിലോരോന്നിലും അഞ്ചിലൊന്ന് ഓഹരി അവകാശം ആവശ്യപ്പെട്ട് എതിർകക്ഷികൾ-വാദികൾ ഭാഗം ചെയ്യലിനായുള്ള അന്യായം ഫയൽ ചെയ്തിട്ടുള്ളതാണ്.

4. ഇനം. നം. 1-നേയും 2-നേയും സംബന്ധിച്ചിടത്തോളം, 1-ഉം 2-ഉം വാദികൾ അവരുടെ ഓഹരികൾ-0.50 ഏക്കർ വസ്തു പ്രതിയ്ക്കും 3-ാം

വാദിയ്ക്കുമായി 28-04-1976-ലെ വിലയാധാരപ്രകാരം വിറ്റിട്ടുള്ളതാണെന്നും ഇനം. നം. 1-ഉം 2-ഉം ഭാഗം ചെയ്യുന്നതിന് അവകാശം ഉന്നയിക്കുന്നതിനായി വാദികൾക്ക് യാതൊരു അവകാശവുമില്ലെന്നും അപ്പീൽവാദി-പ്രതി പത്രികയിൽ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. കൂടാതെ, 18-03-1995-ൽ വില്ലേജിൽ ഒരു പഞ്ചായത്ത് നടത്തിയിരുന്നുവെന്നും ആയതിൽ 3-ഉം 4-ഉം വാദികളും പ്രതിയും പങ്കെടുത്തിരുന്നുവെന്നും പ്രതി, 3-ഉം 4-ഉം വാദികൾക്ക് 50,000/- രൂപ നൽകുമെന്നും പ്രതിയ്ക്ക് ഇനം നം. 1-ലും 2-ലും സർവ്വാവകാശങ്ങളും ഉണ്ടായിരിക്കുമെന്നും കക്ഷികൾ തമ്മിൽ സമ്മതിച്ചിരുന്നതായി പ്രസ്താവിച്ചിട്ടുണ്ട്. അന്യായ പട്ടിക ഇനം നം. 3-നെ സംബന്ധിച്ചിടത്തോളം അപ്പീൽവാദി-പ്രതി സർവ്വേ നം. 69/5 സി 2-ലെ 1.25 ഏക്കർ വിസ്തീർണ്ണമുള്ള പ്രസ്തുത പ്രദേശം 1962-ൽ കൈയ്യേറിയിരുന്നുവെന്നും ആയതിനെ കൃഷിഭൂമിയായി മാറ്റിയിട്ടുണ്ടെന്നും കൈയ്യേറ്റം ക്രമവൽക്കരിക്കുന്നതിനായി സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ടെന്നും അവകാശപ്പെട്ടിരുന്നു. അന്വേഷണത്തിനുശേഷം റവന്യൂ അധികാരികൾ പ്രതിക്ക് പട്ടയം അനുവദിച്ചിരുന്നതും ആകയാൽ ഇനം നം. 3 പ്രതിയുടെ സ്വയാർജ്ജിത സ്വത്താകയാൽ വാദികൾക്ക് ഓഹരി ആവശ്യപ്പെടുവാൻ യാതൊരു അവകാശവുമില്ലാത്തതുമാണ്.

5. മുകളിൽ പ്രസ്താവിച്ച വാദങ്ങളിൽ, വിചാരണക്കോടതി അഞ്ച് തർക്കവിഷയങ്ങൾ തയ്യാറാക്കി. 3-ഉം 4-ഉം വാദികളെ വാദിഭാഗം 1-ഉം 2-ഉം സാക്ഷികളായി വിസ്തരിക്കുകയും അതിനുപുറമേ, രണ്ട് സാക്ഷികളെ വാദിഭാഗം 3-ഉം 4-ഉം സാക്ഷികളായും വിസ്തരിച്ചിട്ടുള്ളതുമാണ്. പ്രതിഭാഗം ഒന്നാം സാക്ഷിയായി പ്രതിയെ വിസ്തരിക്കുകയും മറ്റ് നാല് സാക്ഷികളെയും വിസ്തരിച്ചിട്ടുള്ളതുമാണ്. വിചാരണ വേളയിൽ, 1-ഉം 2-ഉം എതിർകക്ഷികൾ-1-ഉം 2-ഉം വാദികളെ 1-ഉം 2-ഉം കോടതി സാക്ഷികളായി വിസ്തരിക്കുകയും അവർ ഇനം നം. 1-ലും 2-ലും യാതൊരു അവകാശവാദമോ അവകാശമോ അവർക്ക് ഇല്ലെന്നും പറയുകയുണ്ടായി.

6. തെളിവുകൾ പരിഗണിച്ചതിൽ, വിചാരണക്കോടതി 28-04-1976-ലെ വിലയാധാരം (എക്സിബിറ്റ്.ഡി 13) തെളിയിക്കപ്പെട്ടുവെന്നും പ്രസ്തുത വില്പന 1-ഉം 2-ഉം വാദികളാൽ മാത്രമാണെന്നും 3-ഉം 4-ഉം വാദികളാൽ അല്ലെന്നും രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും ആധാരങ്ങൾ ഇല്ലാതെ അവകാശം വേണ്ടെന്നുവെയ്ക്കുന്നത് സാധ്യമാകുന്നതല്ല എന്നാകയാൽ അവർ അവരുടെ അവകാശം എക്സിബിറ്റ്.ഡി 14-ഉം ഡി 23-ഉം ആയി ഹാജരാക്കിയ പഞ്ചായത്തിലെ പ്രമേയമോ രസീതുകൾ മുഖേനയോ ഉപേക്ഷിച്ചതായി പറയുവാൻ കഴിയില്ലെന്നും അത്തരം തീർപ്പിൽ 3-ഉം 4-ഉം വാദികൾക്ക് 1-ഉം 2-ഉം ഇനങ്ങൾ ഓരോന്നിലും മൂന്നിലൊന്ന് ഓഹരിക്ക് അർഹതയുണ്ടെന്നും വിധിക്കുകയുണ്ടായി. ഇനം നം. 3-നെ സംബന്ധിച്ചിടത്തോളം, റ്റി.റ്റി പിഴയായി

പ്രതി നൽകിയ 3489/- രൂപ അയാളുടെ സ്വന്തം വരുമാനത്തിൽ നിന്നും നൽകിയതാണെന്ന് തെളിയിക്കുന്നതിന് പ്രതി പരാജയപ്പെട്ടുവെന്നും 3-ഉം 4-ഉം വാദികൾക്ക് ഇനം. 3-ലും മൂന്നിലൊന്ന് ഓഹരിക്ക് അർഹതയുണ്ടെന്നും വിചാരണക്കോടതി വിധിക്കുകയുണ്ടായി.

7. പരാതിപ്പെട്ടുകൊണ്ട്, പ്രതി ഹൈക്കോടതി മുമ്പാകെ ആർ.എഫ്.എ. നം. 805/1998 ആയി അപ്പീൽ ഫയൽ ചെയ്തിരുന്നു. കൈമാറ്റ ആധാരത്തിന്റെ അഭാവത്തിൽ, എക്സിബിറ്റ് ഡി 14-ഉം ഡി 23-ഉം അടിസ്ഥാനമാക്കി, 3-ഉം 4-ഉം വാദികളുടെ ഓഹരി പ്രതിയ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ടെന്ന് വിധിക്കുവാൻ കഴിയില്ലെന്ന വിചാരണക്കോടതിയുടെ വിധിന്യായം സ്ഥിരീകരിച്ചുകൊണ്ട് ഹൈക്കോടതി വിധിച്ചിട്ടുള്ളതാണ്. ഇനം നം. 3-നെ സംബന്ധിച്ചിടത്തോളം, അന്യായം ഫയൽ ചെയ്തശേഷമാണ് പ്രതിയുടെ പേരിൽ പട്ടയം അനുവദിച്ചിരുന്നതെന്നും ഭൂമി അനുവദിക്കുന്നതിനായി നൽകേണ്ട തുക അടയ്ക്കുന്നതിന് പ്രതിയ്ക്ക് സ്വന്തമായ വരുമാനമുണ്ടെന്ന് തെളിയിക്കുവാനും പരാജയപ്പെട്ടുവെന്ന് ഹൈക്കോടതി വിധിക്കുകയും അത്തരം തീർപ്പുകളിൻമേൽ അപ്പീൽവാദി ഫയൽ ചെയ്ത അപ്പീൽ തള്ളുകയുമുണ്ടായി. ആയതിൽ പരാതിപ്പെട്ടുകൊണ്ടാണ് അപ്പീൽവാദി ഞങ്ങൾക്കു മുന്നിൽ വന്നത്.

8. അപ്പീൽവാദിയുടെ വിജ്ഞാനിയായ അഭിഭാഷകൻ, 1-ഉം 2-ഉം ഇനങ്ങളെ സംബന്ധിച്ചിടത്തോളം, വാദികൾ പ്രതി നൽകിയ പണം സ്വീകരിച്ചശേഷം അവരുടെ അവകാശം വേണ്ടെന്ന് വച്ചിട്ടുണ്ടെന്നും വാക്കാലും രേഖകളാലും ഉള്ള തെളിവ് വിലയിരുത്തുന്നതിൽ കീഴ്ക്കോടതി പരാജയപ്പെട്ടുവെന്നും ബോധിപ്പിച്ചു. 19-06-1997-ൽ സർക്കാർ പ്രതിയ്ക്ക് അനുവദിച്ച പട്ടയം അംഗീകരിച്ചുകൊണ്ട് ഇനം നം. 3 പ്രതി അഭിവൃദ്ധിപ്പെടുത്തുകയും കൃഷിചെയ്യുകയും ചെയ്തിരുന്നു എന്നത് അംഗീകരിക്കുന്നതിൽ കീഴ്ക്കോടതികൾ പരാജയപ്പെട്ടുവെന്നും അന്യായ പട്ടിക വസ്തുവിന്റെ ഇനം നം. 3 ഒരു കൂട്ടുകുടുംബ വസ്തുവായി കണക്കാക്കിയതിൽ കീഴ്ക്കോടതികൾക്ക് തെറ്റുപറ്റിയെന്നും ബോധിപ്പി ക്കുകയുണ്ടായി. ഇനം നം. 3 ഒരിക്കലും പരേതനായ നാരായണയുടെ കൈവശത്തിലായിരുന്നില്ലെന്നും 3-ഉം 4-ഉം വാദികൾ ഉന്നയിച്ച ആരോപണങ്ങൾ നിരസിച്ചശേഷം പ്രതിക്ക് പട്ടയം അനുവദിച്ചിരുന്നത് ഹൈക്കോടതി ശരിയായി അംഗീകരിച്ചില്ലെന്നും ബോധിപ്പിക്കുകയുണ്ടായി.

9. നേരെമറിച്ച്, 3-ഉം 4-ഉം വാദികളുടെ വിജ്ഞാനിയായ അഭിഭാഷകൻ, വാദികൾ അന്യായപട്ടിക വസ്തുവിലെ ഇനം നം. 1-ഉം 2-ലുമുള്ള അവരുടെ ഓഹരികൾ വേണ്ടെന്ന് വെച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിലെ ഉത്തരവാദിത്വം വിടുതൽ ചെയ്യുന്നതിൽ അപ്പീൽവാദി-പ്രതി പരാജയപ്പെട്ടുവെന്നും വാദിച്ചു. കൂടാതെ, അന്യായ പട്ടിക വസ്തുവിന്റെ ഇനം നം. 3 പരേതനായ നാരായണയുടെ കൈവശത്തിലായിരുന്നുവെന്നും ആയത് അദ്ദേഹം അഭിവൃദ്ധിപ്പെടുത്തി

യെന്നും പ്രതിയ്ക്ക് ഇനം നം. 3 അയാളുടെ സ്വയാർജ്ജിത സ്വത്തായി കരുതുവാൻ കഴിയില്ലെന്നും വാദിക്കുകയുണ്ടായി. അന്യായ പട്ടിക വസ്തുവിലെ ഓരോന്നിലും 3-ഉം 4-ഉം വാദികൾക്ക് മൂന്നിലൊന്ന് ഓഹരിക്ക് അർഹതയുണ്ടെന്ന് സമവർത്തിയായ തീർപ്പുകൾ കീഴ്ക്കോടതി റെക്കോർഡ് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത സമാനമായ തീർപ്പുകളിൽ ഇടപെടുവാൻ കഴിയില്ലെന്നും വാദികളെ പ്രതിനിധീകരിച്ചുകൊണ്ട് വാദിക്കുകയുണ്ടായി.

10. ഞങ്ങൾ ശ്രദ്ധാപൂർവ്വം എതിർവാദങ്ങൾ പരിഗണിക്കുകയും തർക്കവിഷയമായ വിധിന്യായവും റെക്കോർഡിലുള്ള വസ്തുതകളും പരിശോധിക്കുകയുമുണ്ടായി.

11. കക്ഷികൾ തമ്മിലുള്ള ബന്ധുത്വത്തെ സംബന്ധിച്ചിടത്തോളം, പ്രതിയും വാദികളും പരേതനായ നാരായണയുടെ മക്കളാണ് എന്നതിൽ തർക്കമില്ല. നാരായണയ്ക്ക് രണ്ട് പെൺമക്കൾ ഉണ്ടായിരുന്നുവെന്നും അവർ വിവാഹിതരാണെന്നും അന്യായ പട്ടികവസ്തുവിൽ യാതൊരു അവകാശവും ഉന്നയിച്ചില്ലെന്നതും റെക്കോർഡിൽ നിന്നും ലഭ്യമാണ്. വാദികളുടെ അമ്മ 1987-ൽ മരണമടഞ്ഞിട്ടുള്ളതാണ്. വിചാരണ ക്കോടതിയിൽ, 1-ഉം 2-ഉം വാദികളെ 1-ഉം 2-ഉം കോടതി സാക്ഷികളായി വിസ്തരിച്ചിട്ടുള്ളതും അവർ അന്യായ വസ്തുക്കളിൽ ഓഹരി അവകാശപ്പെടുന്നില്ലെന്ന് പ്രസ്താവിച്ചിട്ടുള്ളതുമാണ്. തത്ഫലമായി, അന്യായ പട്ടിക വസ്തുവിന്റെ ഭാഗം ചെയ്യലിനെ സംബന്ധിക്കുന്ന തർക്കം 3-ഉം 4-ഉം വാദികളും അപ്പീൽവാദി പ്രതിയുമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്.

12. സർവ്വെ നം. 69/69-ൽ 1 ഏക്കർ അളവുള്ള ഇനം നം. 1 നെയും; സർവ്വെ നം. 69/70-ൽ 0.25 ഏക്കർ അളവുള്ള ഇനം നം. 2 നേയും സംബന്ധിച്ചിടത്തോളം, 1-ഉം 2-ഉം വാദികൾ 28-04-1976-ൽ രജിസ്റ്റർ ചെയ്ത ഒരു വിലയാധാരം (എക്സിബിറ്റ് ഡി 13) 3-ാം നം. വാദിയുടെയും പ്രതിയുടെയും പേരിൽ എഴുതി കൊടുത്തിട്ടുള്ളതും വിലയാധാര പ്രകാരം ഓരോ 50 സെന്റുകളിൽ (25 സെന്റ് + 25 സെന്റ്) ഓരോന്നിലുമുള്ള അവരുടെ ഓഹരികൾ വിറ്റിട്ടുള്ളതുമാണ്. 3-ഉം 4-ഉം വാദികളെ സംബന്ധിച്ചിടത്തോളം, പ്രതിയുടെ കേസ് എന്തെന്നാൽ, അന്യായ പട്ടിക വസ്തുവിലെ 1-ഉം 2-ഉം ഇനങ്ങളിൽ അവരുടെ ഓഹരികൾക്കു പകരമായി 50,000 രൂപ സ്വീകരിക്കുന്നതിന് 3-ഉം 4-ഉം വാദികൾ സമ്മതിച്ചിരുന്നു എന്നതാണ്. പ്രതിയുടെ പേർക്ക് 20,000/- രൂപയ്ക്ക് 3-ാം വാദി എഴുതിയ എക്സിബിറ്റ്.ഡി 14-നും (19-05-1995-ലെ) പ്രതിയുടെ പേർക്ക് 1-ഉം 2-ഉം ഇനങ്ങളിലുള്ള അയാളുടെ ഓഹരിക്കു പകരമായി 4-ാം വാദി എഴുതിയ എക്സിബിറ്റ്.ഡി 23 (12-12-1994-ലെ) യും പ്രതി ഹാജരാക്കിയിട്ടുള്ളതാണ്. 18-03-1995-ൽ വില്ലേജിൽ ഒരു പഞ്ചായത്ത് കൂടിയിരുന്നുവെന്നും ആയതിൽ 3-ഉം 4-ഉം വാദികളും പ്രതിയും പങ്കെടുത്തിരുന്നതായും ഒരു പ്രമേയം (എക്സിബിറ്റ്.ഡി 22)

പാസ്സാക്കിയിരുന്നതുമാണെന്ന് പ്രതി-പ്രതിഭാഗം 1-ാം സാക്ഷി അയാളുടെ തെളിവിൽ പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് അധികാരികളുടെ സാന്നിധ്യത്തിൽ പ്രതിയും 3-ഉം 4-ഉം വാദികളും പഞ്ചായത്ത് അധികാരികളും ഒപ്പുവെച്ച വില്ലേജ് പഞ്ചായത്ത് പ്രമേയമാണ് എക്സിബിറ്റ്.22. പ്രസ്തുത പ്രമേയം താഴെപ്പറയും പ്രകാരം പരാമർശിക്കുന്നു:-

"....ഗോപാലിന്റെയും ലിംഗപ്പയുടെയും ഓഹരികളായ താമസിക്കുന്ന വീടും 40 സെന്റ് കാപ്പിത്തോട്ടവും 50,000/- രൂപയ്ക്കുവീതം സുബ്രയ്യക്കു മാത്രമായി കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. സുബ്രയ്യ ആ തുകയിൽ നിന്നും 20,000/- രൂപ ഗോപാലിനും ലിംഗപ്പയ്ക്കുമായി നൽകിയിട്ടുള്ളതും ബാക്കി 30,000/- രൂപ രണ്ടു തവണകളായി, അതായത് 15,000/- രൂപ വീതം നൽകുന്നതും ആദ്യതവണ 30-04-1996-നു മുമ്പായി പ്രസ്തുത ഗോപാലിനും ലിംഗപ്പയ്ക്കുമായി നൽകി രസീത് സ്വീകരിക്കുന്നതും ബാക്കി 15,000/- രൂപ 18-03-1996 പ്രാബല്യം മുതൽ ബാങ്ക് നിരക്കിൽ പലിശ സഹിതം 15-04-1997-ൽ നൽകുന്നതിന് സമ്മതിച്ചിരിക്കുന്നതും ആയത് പഞ്ചായത്ത് മുഖേന നൽകുന്നതും ആവശ്യമുള്ള രസീത് ലഭ്യമാക്കേണ്ടതുമാണ്. ഗോപാലും ലിംഗപ്പയും വസ്തുവിൽ അവർക്കുള്ള അവകാശം ഒഴിഞ്ഞുകൊടുക്കുന്നതും ആയത് ഇന്നുതന്നെ സുബ്രയ്യക്ക് കൈമാറുന്നതുമാണ്. ഈ നടപടികളിലെ കക്ഷികൾ അവരുടെ കരാറിലെ ഭാഗം നിർവ്വഹിക്കുന്നില്ലെങ്കിലും നടപ്പിലാക്കുവാൻ വീഴ്ച വരുത്തുകയുമാണെങ്കിൽ, അനന്തരഫലങ്ങൾക്ക് അവർ തന്നെ ബാദ്ധ്യസ്ഥരും ഉത്തരവാദികളുമായിരിക്കുന്നതുമാണ്. സുബ്രയ്യയ്ക്ക് വസ്തുവിലും വീട്ടിലും ഇപ്പോൾ തൊട്ട് സർവ്വാ വകാശങ്ങളും ഉണ്ടായിരിക്കുന്നതിനും അനുഭവിക്കുന്നതിനും അയാളുടെ ഉടമസ്ഥാവകാശം പൂർണ്ണമാക്കുന്നതിനായി ഗോപാലും ലിംഗപ്പയും സഹകരിക്കുന്നതിനായി സമ്മതിച്ചിട്ടുള്ളതുമാകുന്നു".

പഞ്ചായത്ത് പ്രമേയം നടപ്പിലായെന്നും 3-ഉം 4-ഉം വാദികളോരോരുത്തർക്കും പ്രതി 15,000/- രൂപ വീതം നൽകിയിട്ടു ണ്ടെന്നുമാണ് പ്രതിയുടെ കേസ്.

13. അന്യായവസ്തുക്കളിലെ 1-ഉം 2-ഉം ഇനങ്ങളിൽ 3-ഉം 4-ഉം വാദികളുടെ അവകാശം ഒഴിഞ്ഞുകൊണ്ടുള്ള ഒരു പഞ്ചായത്ത് കൂടിയിരുന്നു എന്ന പ്രതിയുടെ വാദം സ്ഥിരീകരിക്കുന്നതിനായി, പ്രതി സി.ഡി. അണ്ണയ്യയെ (പ്രതിഭാഗം 2-ാംസാക്ഷി) വിസ്തരിച്ചിട്ടുള്ളതും 1-ഉം 2-ഉം ഇനങ്ങളെ സംബന്ധിച്ച് 3-ഉം 4-ഉം വാദികൾ പ്രതിയിൽ നിന്നും രൂപ കൈപ്പറ്റിയിട്ടുണ്ടെന്ന് അയാൾ മൊഴി പറഞ്ഞിട്ടുള്ളതുമാണ്. അതുകൂടാതെ, എക്സിബിറ്റ്.ഡി. 22 പഞ്ചായത്ത് പ്രമേയ പ്രകാരം വാദികൾ ഓരോരുത്തർക്കും 15,000/- രൂപ വീതം പ്രതി നൽകിയിട്ടുണ്ടെന്നും അയാൾ പറഞ്ഞിട്ടുണ്ട്. വാദികളുടെയും പ്രതിയുടെയും അളിയനായ അതായത്, പൂവമ്മ എന്നു പേരുള്ള അവരുടെ സഹോദരിയുടെ

ഭർത്താവ്, ബെല്ലിയപ്പ- പ്രതിഭാഗം 3-ാം സാക്ഷി, പഞ്ചായത്തിനെ കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതും 3-ഉം 4-ഉം വാദികൾക്ക് പ്രതി പണം നൽകിയതായും മൂന്നാം വാദി രസീതിൽ (എക്സിബിറ്റ്.ഡി 14) ഒപ്പിട്ടിട്ടുള്ളതായും എക്സിബിറ്റ്.ഡി. 23, 4-ാം വാദിയെ സംബന്ധിക്കുന്ന രസീതാണെന്നും ആ രസീതിൽ അയാൾ ഒപ്പിട്ടിട്ടില്ലെന്നും പറയുകയുണ്ടായി.

14. കനൂർ വില്ലേജ് പഞ്ചായത്ത് ചെയർമാനായ സി.ബി. മുത്തപ്പ-പ്രതിഭാഗം 4-ാം സാക്ഷിയെയും പ്രതി വിസ്തരിക്കുകയും അന്യായ പട്ടികവസ്തുവിലെ 1-ഉം 2-ഉം ഇനങ്ങളെ സംബന്ധിച്ച് കക്ഷികൾക്കിടയിലുള്ള തർക്കവുമായി ബന്ധപ്പെട്ടാണ് പഞ്ചായത്ത് കൂടിയിട്ടുള്ളതെന്ന് സാക്ഷിപറഞ്ഞിട്ടുള്ളതുമാണ്. 18-03-1995-ലെ ഒറിജിനൽ പ്രമേയം എക്സിബിറ്റ്.ഡി 22 അടങ്ങുന്ന പഞ്ചായത്ത് റസല്യൂഷൻ ബുക്ക്-എക്സിബിറ്റ്. 34 അദ്ദേഹം ഹാജരാക്കിയിട്ടുണ്ട്.

15. 3-ഉം 4-ഉം വാദികൾക്ക് 1-ഉം 2-ഉം ഇനങ്ങളിലുള്ള അവരുടെ അവകാശം വേണ്ടെന്നു വെച്ചിട്ടുണ്ടെന്ന വാദം പരിഗണിച്ചുകൊണ്ട്, എക്സിബിറ്റ്.ഡി 22 പ്രമേയവും വാക്കാലുള്ള തെളിവുകളും പരാമർശിച്ച ശേഷം എക്സിബിറ്റ്.ഡി 14, ഡി 23, ഡി 22 എന്നിവയിൽ ഏതെങ്കിലും കൈമാറ്റാധാരങ്ങളുടെ അഭാവത്തിൽ, അന്യായ പട്ടിക വസ്തുവിന്റെ 1-ഉം 2-ഉം ഇനങ്ങളെ സംബന്ധിച്ച് അവരുടെ അവകാശം 3-ഉം 4-ഉം വാദികൾ വേണ്ടെന്നു വച്ചിട്ടുണ്ടെന്ന് തീർച്ചപ്പെടുത്തുവാൻ കഴിയുന്നതല്ലെന്ന് വിചാരണക്കോടതിയും ഹൈക്കോടതിയും വിധിച്ചിട്ടുള്ളതാണ്. 3-ാം നമ്പർ വാദിയുടെ ഒപ്പ് എക്സിബിറ്റ്.ഡി. 14-ൽ ഉണ്ടെങ്കിലും എക്സിബിറ്റ്.ഡി 23-ൽ 4-ാം വാദിയുടെ കൈയൊപ്പില്ല എന്ന തീർപ്പ് കീഴ്ക്കോടതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൂടാതെ, അന്യായ പട്ടിക വസ്തുവിന്റെ 1-ഉം 2-ഉം ഇനങ്ങളിലുള്ള അവരുടെ അവകാശത്തിനു പകരമായാണ് 3-ഉം 4-ഉം വാദികൾ തുക സ്വീകരിച്ചിട്ടുള്ളതെന്ന് ആ രണ്ട് രസീതുകളിലും സൂചിപ്പിച്ചിട്ടില്ലെന്നും 3-ഉം 4-ഉം വാദികൾ ഇനം നം. 1-ലേയും 2-ലേയും അവരുടെ ഓഹരികളെ സംബന്ധിച്ചുള്ള അവരുടെ അവകാശം വേണ്ടെന്ന് വെച്ചിട്ടുണ്ടെന്നത് വാദിക്കുന്നതിന് എക്സിബിറ്റ്.ഡി. 14-ഉം എക്സിബിറ്റ്.ഡി 23-ഉം രസീതുകൾ ഹാജരാക്കുന്നതുമാത്രം അപ്പീൽ വാദി-പ്രതിക്ക് സഹായകമാകുന്നതല്ല എന്നും വിധിച്ചിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ, എക്സിബിറ്റ്.ഡി. 14, ഡി.23 എന്നിവയിൽ സർവ്വെ നമ്പർ ഉൾക്കൊള്ളുന്നില്ലെങ്കിലും എക്സിബിറ്റ്.ഡി.22 പഞ്ചായത്ത് പ്രമേയത്തിൽ സർവ്വേ നം. 69/69-ൽ 1.00 ഏക്കർ അളവുള്ളതും സർവ്വേ നം. 69/70-ൽ 0.25 ഏക്കർ അളവുള്ളതുമായ അന്യായ പട്ടിക ഇനം. നം. 1-ഉം 2-ഉം വസ്തുക്കൾ പരാമർശിക്കുന്നതും അതിലെ തുകയായ 20,000 രൂപ 3-ഉം 4-ഉം വാദികൾക്ക് പ്രതി നൽകിയിട്ടുള്ളതുമാണ്. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ, 3-ഉം 4-ഉം വാദികളും പഞ്ചായത്ത് അധികാരികളും ഒപ്പുവെ

ച്ചിട്ടുള്ളതാണ് എക്സിബിറ്റ്.ഡി 22 പ്രമേയം. ഞങ്ങൾ വിചിന്തനം ചെയ്തിട്ടുള്ള അഭിപ്രായത്തിൽ, അന്യായ പട്ടിക വസ്തുവിന്റെ 1-ഉം 2-ഉം ഇനങ്ങളിലുള്ള അവരുടെ അവകാശം 3-ഉം 4-ഉം വാദികൾ വേണ്ടെന്നു വെച്ചിട്ടുണ്ടെന്നത് തെളിയിക്കുന്നതിനായി പ്രതി ഹാജരാക്കിയ വാക്കാലും രേഖകളാലുമുള്ള തെളിവുകൾ വിചാരണക്കോടതിയും ഹൈക്കോടതിയും നിസ്സാരമായി തള്ളിക്കളഞ്ഞിട്ടുള്ളത് നീതിയുക്തമല്ല.

16. രജിസ്ട്രേഷൻ ആക്റ്റിലെ 17-ാം വകുപ്പു പ്രകാരം നൂറു രൂപയോ അതിൽ കൂടുതലോ വിലയുള്ള ഏതൊരു അവകാശമോ, ഉടമസ്ഥതയോ തേർച്ചയോ ഉണ്ടാക്കിക്കൊടുക്കുന്നതോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നതോ ഫലിപ്പിക്കുന്നതോ ആയ ആധാരങ്ങൾ രജിസ്റ്ററാക്കേണ്ടതാണ്. രജിസ്ട്രേഷൻ ആക്റ്റിലെ 49-ാം വകുപ്പുപ്രകാരം 17-ാം വകുപ്പിലോ വസ്തു കൈമാറ്റ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയിലോ രജിസ്ട്രാക്കേണ്ടുന്ന യാതൊരു ആധാരവും ഒരു സ്ഥാവര വസ്തുവിനെ സംബന്ധിക്കുന്ന ഏതെങ്കിലും ഇടപാടിൽ തെളിവായി സ്വീകരിക്കുന്നതല്ല. രജിസ്ട്രേഷൻ ആക്റ്റിന്റെ 49-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തതുപോലെ നിയമം ആവശ്യപ്പെട്ടവണ്ണം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത യാതൊരു ആധാരവും തെളിവിൽ അസ്വീകാര്യമായേക്കാവുന്നതും ആകയാൽ തെളിവ് ആക്റ്റിലെ 91-ാം വകുപ്പു പ്രകാരം ഹാജരാക്കുന്നതിനും തെളിയിക്കുന്നതിനും കഴിയാത്തതുമാണ്.

17. എക്സിബിറ്റ്.ഡി 22-ലെ വിവരണം, 1-ഉം 2-ഉം ഇനങ്ങളിലെ അവകാശം വേണ്ടെന്നുവയ്ക്കുന്നതിന്റെ ഉദ്ദേശ്യത്തിലാണെങ്കിലും, എക്സിബിറ്റ്.ഡി 22-നെ കുടുംബ ക്രമീകരണങ്ങൾ/സ്വത്തു കൈമാറ്റങ്ങൾ ആയി കണക്കാക്കാവുന്നതാണ്. കുടുംബ ക്രമീകരണങ്ങൾ ലിഖിതമായി സംഗ്രഹിക്കുമ്പോൾ രജിസ്ട്രേഷന്റെ ചോദ്യം ആവിർഭവിക്കാവുന്നതാണെങ്കിലും ആയത് ലിഖിതമായി സംഗ്രഹിക്കണമെന്നും രജിസ്റ്റർ ചെയ്യണമെന്നും ആവശ്യപ്പെടുന്ന യാതൊരു നിയമ വ്യവസ്ഥയുമില്ലാത്തതാണ്. നൂറുരൂപയിൽ കൂടുതൽ വിലയുള്ള സ്ഥാവരവസ്തുക്കൾ കൈകാര്യം ചെയ്യുന്ന നിർബന്ധിത കുടുംബ ക്രമീകരണങ്ങൾ വാക്കാൽ ചെയ്യാവുന്നതും അങ്ങനെ ചെയ്യുമ്പോൾ, രജിസ്ട്രേഷന്റെ ചോദ്യങ്ങൾ യാതൊന്നും ആവിർഭവിക്കുന്നില്ല എന്നുവരികിലും അതിലെ വ്യവസ്ഥകൾ തെളിവാകണമെന്ന ലക്ഷ്യത്തോടെ ആയത് ലിഖിത രൂപത്തിൽ സംഗ്രഹിക്കുന്നതാണെങ്കിൽ, ആയതിന് രജിസ്ട്രേഷൻ ആവശ്യമാകുന്നതും രജിസ്ട്രേഷൻ ഇല്ലാതെ അത് സ്വീകാര്യയോഗ്യമല്ലാത്തതുമാണ്; എന്നാൽ, പ്രസ്തുത കുടുംബ ക്രമീകരണം കക്ഷികളുടെ പെരുമാറ്റം കാണിക്കുന്നതിനോ വിശദീകരിക്കുന്നതിനോ ആയുള്ള ഉപോദ്ബലക തെളിവിന്റെ അംശമായി ഉപയോഗിക്കാവുന്നതാണ്. നിലവിലെ കേസിൽ, ലിഖിതമായി സംഗ്രഹി

ച്ചിട്ടുളള എക്സിബിറ്റ്.ഡി 22 പഞ്ചായത്ത് റസല്യൂഷൻ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണെങ്കിലും, എത്തിച്ചേർന്നിട്ടുളള ഒത്തുതീർപ്പ് വിശദീകരിക്കുന്നതിനും 1-ഉം 2-ഉം ഇനങ്ങളിലുളള അവരുടെ അവകാശം വേണ്ടെന്നു വച്ചതിനു പകരം പ്രതിയിൽ നിന്നും രൂപ സ്വീകരിക്കുന്നതിനുള്ള കക്ഷികളുടെ പെരുമാറ്റം വിശദീകരിക്കുന്നതിനുളള തെളിവിന്റെ ഒരു അംശമായി ഉപയോഗിക്കാവുന്നതുമാണ്.

18. അന്യായ പട്ടിക വസ്തുവിലെ 1-ഉം 2-ഉം ഇനങ്ങളിലുളള അവരുടെ അവകാശം വേണ്ടെന്നു വെയ്ക്കുന്നതിനു പകരമായി പ്രതിയിൽ നിന്നും പ്രതിഫലം സ്വീകരിച്ചിട്ടുണ്ടെന്ന പ്രതിയുടെ വാദം വാദികൾ നിരസിച്ചിട്ടുളളതാണ്. എല്ലാ സഹോദരന്മാരും അന്യായ പട്ടിക വസ്തുവിൽ കൃഷി ചെയ്തിട്ടുണ്ടെന്നും അവരുടെ കുടുംബത്തിന്റേതായ വസ്തുവിന്റെ അഭിവൃദ്ധിയ്ക്കായി അംശദാനം നൽകിയിട്ടുണ്ടെന്നും അന്യായ പട്ടിക വസ്തുവിന്റെ 2-ാം നമ്പർ ഇനത്തിലുളള വീടിന്റെ നിർമ്മാണത്തിനായി ഓഹരി കൊടുത്തിട്ടുണ്ടെന്നും ആണ് വാദികളുടെ തർക്കം. പ്രതിയുടെ പേരിൽ മണി ഓർഡർ പ്രകാരം അയച്ചിട്ടുളള എം.ഒ രസീതുകളും തുക പ്രതി സ്വീകരിച്ചിട്ടുളളതായി കാണിക്കുന്ന അക്നോളജ്മെന്റ് കാർഡുകളും എക്സിബിറ്റുകൾ പി 8 മുതൽ പി 29 വരെയായി 3-ാം വാദി ഹാജരാക്കിയിട്ടുണ്ട്. അന്യായ പട്ടിക വസ്തുവിലെ 1-ഉം 2-ഉം ഇനങ്ങളിൽ അയാൾക്കുളള അവകാശം വേണ്ടെന്ന് വെച്ചിട്ടില്ലെന്നും അന്യായ പട്ടിക വസ്തുവിലെ ഇനം നം 2-ലുളള വീടിന്റെ നിർമ്മാണത്തിനായി അയാൾ ഓഹരി കൊടുത്തിട്ടുണ്ടെന്നുമുളള തരത്തിൽ നാലാം വാദി - ഗോപാലും മൊഴി നൽകിയിട്ടുണ്ട്. വസ്തുവിൽ കൃഷി ചെയ്യുന്നതിനായി പ്രതിക്ക് രൂപ അയച്ചുകൊടുത്തിരുന്നത് കാണിക്കുന്നതിനായി എക്സിബിറ്റ് പി.33 മുതൽ പി 36 വരെയുളള മണി ഓർഡർ രസീതുകളും 4-ാം വാദി-ഗോപാൽ ഹാജരാക്കിയിട്ടുളളതും കെട്ടിട സാമഗ്രികൾ വാങ്ങുന്നതിലേയ്ക്കായി എക്സിബിറ്റ്.പി 30-ഉം പി 31-ഉം ഹാജരാക്കിയിട്ടുളളതുമാണ്. 3-ഉം 4-ഉം വാദികൾ ഹാജരാക്കിയ മണി ഓർഡർ രസീതുകൾ അവർ പ്രതിയ്ക്ക് രൂപ അയച്ചിട്ടുണ്ടെന്നാണ് കാണിക്കുന്നത്. എന്നാൽ, വാദികളുടെയും പ്രതിയുടെയും അമ്മ പ്രതിയോടൊപ്പമാണ് താമസിച്ചിരുന്നതും 1987-ൽ മരിച്ചിട്ടുളളതാണെന്നുമുളള വസ്തുത അവശേഷിക്കുന്നു. അമ്മയുടെ ജീവനാംശത്തിനായി 3-ഉം 4-ഉം വാദികൾ മണി ഓർഡർ അയച്ചുകൊടുത്തതാകാവുന്നതുമാണ്. 3-ഉം 4-ഉം വാദികൾ പട്ടാളത്തിൽ ആയിരുന്നപ്പോൾ അവരുടെ അമ്മയ്ക്ക് ചെറിയ തുകകൾ അയച്ചുകൊടുത്തിരുന്നതായി വാസ്തവത്തിൽ രണ്ടാം വാദി-അനന്തയ്യ (കോടതി സാക്ഷി-2) സൂചിപ്പിച്ചിട്ടുണ്ട്. ആയത് അപ്രകാരമായിരിക്കെ, വസ്തുവിൽ കൃഷിചെയ്യുന്നതിനും വീടിന്റെ നിർമ്മാണത്തിനുമായി മാത്രമാണ് തുക അയച്ചതെന്ന 3-ഉം 4-ഉം വാദികളുടെ

കേസ് വിചാരണ കോടതിയും ഹൈക്കോടതിയും സ്വീകരിക്കേണ്ടതായിരുന്നില്ല.

19. നേരത്തെ ചർച്ച ചെയ്തതുപോലെ, കക്ഷികൾ തമ്മിലുള്ള കുടുംബ സ്വത്തു കൈമാറ്റം/ക്രമീകരണത്തിന്റെ വ്യവസ്ഥകൾ ലിഖിതമായി സംഗ്രഹിക്കുമ്പോൾ, ആയത് രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഈ കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും കക്ഷികളുടെ പെരുമാറ്റത്തിലും എക്സിബിറ്റ്.ഡി22 കക്ഷികൾക്കിടയിൽ

ഒത്തുതീർപ്പാക്കിയിട്ടുള്ള കുടുംബസ്വത്ത് കൈമാറ്റം രേഖപ്പെടുത്തിയിട്ടുള്ളതായി കാണപ്പെടുന്നു. എക്സിബിറ്റ്.ഡി 22 പ്രമേയം പ്രാവർത്തികമായിരുന്നു എന്നത് കക്ഷികളുടെ പിന്നീടുള്ള പെരുമാറ്റവും പിൻതുണയ്ക്കുന്നു. 3-ഉം 4-ഉം വാദികൾ യഥാക്രമം 1988-ലും 1989-ലും പട്ടാളത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. 3-ാം വാദി ലിംഗപ്പ അയാളുടെ തെളിവിൽ, വിരമിക്കലിനുശേഷം അയാൾ 1 ഏക്കർ ഭൂമി തിത്തിമതി വില്ലേജിൽ വാങ്ങിയിട്ടുള്ളതായും അവിടെ ഒരു നല്ല വീട് അയാൾ പണികഴിപ്പിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. മൂന്നാം വാദി ഹുൻസൂരിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂരിൽ വാച്ച്മാൻ ആയി ജോലി നോക്കി വന്നിരുന്നതും അയാളുടെ ഭാര്യ കുടുംബക്ഷേമ വകുപ്പിൽ വാർഡനായി ജോലി ചെയ്തുവരുന്നതും അയാൾ ഭാര്യയിൽ നിന്നും കുടുംബത്തിൽ നിന്നും വേർപെട്ട് താമസിച്ചു വരികയുമായിരുന്നു. വിമുക്തഭടൻ എന്ന നിലയിൽ കൃഷി ഭൂമി അയാൾക്ക് അനുവദിക്കുന്നതിന് ഒരു അപേക്ഷ സർക്കാരിന് നൽകിയതായും മൂന്നാം വാദി സമ്മതിച്ചിട്ടുണ്ട്. അതുപോലെ തന്നെ നാലാം വാദിയും കല്ലുബേനിൽ വസ്തു വാങ്ങുകയും സ്വന്തം വീട് കല്ലുബേനിൽ പണികഴിപ്പിച്ച് പ്രത്യേകം താമസിക്കുകയുമാണ്. നാലാം വാദിയുടെ ഭാര്യ താലൂക്ക് ഓഫീസിൽ ജോലി നോക്കി വരികയും നാലാം വാദി അയാളുടെ കുടുംബാംഗങ്ങളോടൊപ്പം താമസിച്ചുവരികയുമാണ്.

20. 3-ഉം 4-ഉം വാദികൾ യഥാക്രമം 1988-ലും 1989-ലും പട്ടാളത്തിൽ നിന്നും വിരമിക്കുകയും പ്രത്യേകം താമസിക്കുമായിരുന്നുവെങ്കിലും, ഭാഗം ചെയ്യലിനായി യാതൊരു അവകാശവാദവും അവർ നടത്തിയിട്ടില്ലായെന്നത് പ്രസക്തവുമാണ്. അവരുടെ അമ്മ 1987-ൽ മരണപ്പെട്ടു. പ്രതി അയാളുടെ പേരിൽ ഇനം നം.3 അനുവദിക്കുന്നതിനായി 1991-ലോ അതിനടുത്തായോ അപേക്ഷിക്കുകയും 8.12.1995-ലെ തന്റെ നടപടി പ്രകാരം തഹസിൽദാർ ഇനം നം.3 പ്രതിയുടെ പേരിൽ നിയമാനുസൃതമാക്കുന്നതിനായി നടപടികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 28.03.1996/31.05.1996.-ലും പ്രതി 3489/- രൂപ റ്റി.റ്റി പിഴ അടച്ചിട്ടുണ്ട്. അതിനുശേഷം മാത്രമാണ് വാദികൾ ഭാഗം ചെയ്യലിനായുള്ള അന്യായം ഫയൽ ചെയ്തിട്ടുള്ളതായി കാണപ്പെടുന്നത്. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ, വിചാരണയുടെ സമയത്ത്, അന്യായ പട്ടിക വസ്തുവിന്റെ 1-ഉം

2-ഉം ഇനങ്ങളിൽ അവർക്ക് അവകാശ വാദമോ അവകാശമോ ഇല്ലെന്ന് 1 ഉം 2ഉം വാദികൾ പറഞ്ഞിട്ടുണ്ട്. 1-ഉം 2-ഉം ഇനങ്ങളെ സംബന്ധിച്ചിട ത്തോളം പ്രതികളുടെയും വാദികളുടെ യും പദവിയിലുള്ള ഭിന്നിപ്പ് കക്ഷിക ളുടെ പെരുമാറ്റം സ്ഥിരീകരിക്കുന്നതും ആയത് പഞ്ചായത്തിലും ഉറപ്പാക്കിയി ട്ടുള്ളതുമാണ്. സാരവത്തായ ഈ എല്ലാ വസ്തുതകളും തെളിവുകളും കീഴ്ക്കോടതികൾ അവഗണിച്ചിട്ടുള്ള തും 1-ഉം 2-ഉം ഇനങ്ങളിന്മേലുള്ള സമാനമായ തീർപ്പുകൾ റദ്ദാക്കേണ്ടതു മാണ്.

21. ഭാരതത്തിന്റെ ഭരണഘടനയി ലെ അനുച്ഛേദം 136 പ്രകാരമുള്ള അധികാരം പരിമിതമായും നീതിന്യായ വ്യവസ്ഥയെ പരിപോഷിപ്പിക്കു ന്നതിനുമാത്രം വിനിയോഗിക്കേണ്ട താണ്. എന്നാൽ, രണ്ടു കോടതികളും തെളിവ് തെറ്റായി വിലയിരുത്തുകയും റിക്കോർഡിലുള്ള തെളിവിന്റെ പ്രാ മുഖ്യം അവഗണിക്കുകയും തീർപ്പു കൾ ന്യായരഹിതവുമായിരിക്കു മ്പോൾ റിക്കോർഡിലുള്ള വസ്തുത കൾക്കും തെളിവുകൾക്കും യോജിച്ച താണോ തീർപ്പുകൾ എന്നും തീരുമാന ത്തിൽ ഇടപെടേണ്ടതാണോ എന്നും തീർച്ചയായും ഈ കോടതി പരിശോധി ക്കേണ്ടതാണ്. *ഗുജറാത്ത് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ* അഭി. *പി.എച്ച് ബ്രഹ്മഭട്ടീൽ* (1974) 3 എസ് സി സി 601: (1974)2 എസ് സി ആർ 128: (എ ഐ ആർ 1974 എസ് സി 136) വിധിച്ചിട്ടുള്ളതുപോലെ, അത്യന്തം പ്രകടമായതും പ്രത്യക്ഷ മായതുമായ പിശക് ഉള്ളപ്പോൾ, തീരുമാനം റിക്കോർഡിലുള്ള വസ്തുതകൾക്ക് പൂർണ്ണമായും വിരുദ്ധമാണോ അല്ലെങ്കി ൽ അശ്രദ്ധമായ രീതിയിൽ തെളിവ് കൈകാര്യം ചെയ്തിട്ടുണ്ടോ എന്ന് സുപ്രീം കോടതിയ്ക്ക് പരിഗണിക്കാവു ന്നതുമാണ്. നിലവിലെ കേസിൽ, 1-ഉം 2-ഉം ഇനങ്ങളെ സംബന്ധിച്ച് വാക്കാ ലും രേഖകളാലും പ്രതി ഹാജരാക്കിയ തെളിവുകൾ അവഗണിക്കുന്നതിൽ കീഴ്ക്കോടതികൾക്ക് തെറ്റുപറ്റിയിട്ടു ള്ളതും കോടതികളുടെ തീർപ്പുകൾ പ്രത്യക്ഷത്തിൽ തെറ്റായതും ആയത് അസ്ഥിരപ്പെടുത്തേണ്ടതുമാണ്.

22. സർവ്വേ 69/5സി 2-ലെ 1.00 ഏക്കർ അളവുള്ള ഇനം നം.3-നെ സംബന്ധിച്ചിടത്തോളം, സഗുവാലി ചിറ്റ് (പട്ടയം) അയാൾക്ക് അനുവദി ച്ചിട്ടുണ്ടെന്നും ഇനം നം.3 അയാളുടെ സ്വയാർജ്ജിത വസ്തുവാ ണെന്നതു മാണ് പ്രതിയുടെ കേസ്. ഇനം.നം. 3-ന് പട്ടയം അനുവദിക്കുന്നതിനായി 08.08.1989-ൽ പ്രതി അപേക്ഷ നൽകുകയും 28.05.1991-ൽ വീണ്ടും മറ്റൊരു അപേക്ഷ സമർപ്പിച്ചിട്ടുള്ളതു മാണ്. 1991-ലെ കർണ്ണാടക ലാന്റു റവന്യൂ (ഭേദഗതി) റൂൾസിലെ 108-ാം ചട്ട പ്രകാരം 08.12.1995-ലെ തഹസിൽ ദാറിന്റെ നടപടികൾ മുഖേന ഇനം നം.3-ന്റെ പട്ടയം ആയതിലെ വ്യവസ്ഥ കൾക്ക് വിധേയമായും പ്രസ്തുത വസ്തുവിൽ ചുമത്തിയിട്ടുള്ള റ്റി.റ്റി പിഴ ഒടുക്കുന്നതിനും വിധേയമായി അപ്പീ ൽവാദിയുടെ പേരിൽ നൽകിയിട്ടുള്ള തുമാണ്. 28.03.1996-ലെ ചെല്ലാൻ പ്രകാരം റ്റി.റ്റി. പിഴയായ 3489/- രൂപ

അപ്പീൽ വാദി ഒടുക്കിയിട്ടുള്ളതും ആയത് കിട്ടിയ വിവരം 31.05.1996-ൽ അധികാരികൾ സമ്മതിച്ചിട്ടുള്ളതുമാണ്. ആയതിനുശേഷം അന്യായം ഫയൽ ചെയ്ത് വളരെ നാളുകൾക്കു ശേഷം 19.06.1997-ൽ സഗുവാലി ചിറ്റ് (പട്ടയം) അപ്പീൽവാദിക്ക് അനുവദിച്ചിട്ടുള്ളതുമാണ്. പ്രതിയുടെ പേരിൽ ഇനം നം.3-ന് പട്ടയം അനുവദിച്ചതിനെ സംബന്ധിച്ച രേഖകൾ താലൂക്ക് ഓഫീസിലെ എസ്.ഡി.എ- പ്രതിഭാഗം 6-ാം സാക്ഷി ഹാജരാക്കിയിട്ടുണ്ട്. ഇനം നം. 3-ന്റെ പട്ടയം പ്രതിക്ക് അനുവദിച്ചതിന് വില്ലേജ് അധികാരികൾ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതും വില്ലേജ് അധികാരികൾക്ക് 1000/- രൂപ പ്രതി അടച്ചതിനും രേഖാമൂലമുള്ള തെളിവ് പ്രതി ഹാജരാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച്, കനൂർ വില്ലേജിലെ സേവസഹകാരസംഘത്തിൽ ചെയർമാൻ ആയി ജോലി നോക്കി വരുന്ന സി.ബി. മുത്തപ്പ-പ്രതിഭാഗം 4-ാം സാക്ഷിയെ പ്രതി വിസ്തരിച്ചിട്ടുള്ളതും പിഴയായ 1000/- രൂപ പ്രതി അടച്ചിട്ടുള്ള റസല്യൂഷൻ അടങ്ങുന്ന എക്സിബിറ്റ്.ഡി 33-റസല്യൂഷൻ ബുക്ക് അയാൾ ഹാജരാക്കിയിട്ടുള്ളതുമാണ്. അന്യായത്തിലെ ഇനം നം. 3-ന്റെ സഗുവാലി ചിറ്റ് (പട്ടയം) അന്യായം ഫയൽ ചെയ്തതിനു ശേഷം 19.06.1997-ൽ പ്രതിക്ക് അനുവദിച്ചിട്ടുള്ളതാണെന്ന് ആധാരങ്ങൾ കാണിക്കുന്നതാണ്.

23. സഗുവാലി ചിറ്റ് (പട്ടയം) പ്രതിക്ക് അനുവദിച്ചിട്ടുള്ളതിനാൽ, ഇനം നം.3 അയാളുടെ സ്വയാർജ്ജിത വസ്തുവാണെന്നതാണ് പ്രതിയുടെ കേസ്. റ്റി.റ്റി.പിഴ അടച്ച തുക പ്രതിയുടെ വരുമാനത്തിൽ നിന്നുള്ളതാണെന്ന് സമർത്ഥിച്ചിട്ടില്ലാത്തതും വരുമാനത്തിന്റെ സ്രോതസ്സ് കാണിക്കുന്നതിനായി യാതൊരു തെളിവും ഹാജരാക്കിയിട്ടില്ലെന്നും തർക്കങ്ങൾ നിരസിച്ചു കൊണ്ട് കീഴ്ക്കോടതി തീർപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. *തിമ്മഗൗഡ* അഭി *സിദ്ധഗൗഡയിൽ* ഐ എൽ ആർ 1991 കർണ്ണാടക 4506-ൽ ആശ്രയം അർപ്പിച്ചുകൊണ്ട്, ഇനം നം.3 വാദികളുടെയും പ്രതിയുടെയും കൂട്ടുകുടുംബ വസ്തു ആണെന്ന് കീഴ്ക്കോടതി വിധിച്ചിട്ടുണ്ട്.

24. പ്രതിയുടെ തർക്കം നിരസിച്ചുകൊണ്ട് ഇനം നം.3 വാദികളുടെ അച്ഛൻ നാരായണയുടെ ജീവിതകാലത്തുതന്നെ അയാളുടെ കൈവശത്തിലായിരുന്നുവെന്നും ഇനം നം.3 ന്റെ അഭിവൃദ്ധിയ്ക്കായി മുഴുവൻ കുടുംബവും ഓഹരി കൊടുത്തിട്ടുണ്ടെന്നും വാദികൾ പ്രസ്താവിച്ചിട്ടുണ്ട്. നാരായണ അയാളുടെ ജീവിതകാലത്ത് ഇനം നം.3-ൽ കൃഷി ചെയ്യുകയായിരുന്നുവെന്ന് പ്രതിഭാഗം 2-ാം സാക്ഷി. സി.ഡി അണ്ണയ്യ അയാളുടെ തെളിവിൽ പ്രസ്താവിച്ചിട്ടുണ്ട്. അതുപോലെ തന്നെ, അന്യായ പട്ടികയിലെ ഇനം നം.3 അവരുടെ അച്ഛൻ-നാരായണയുടെ ജീവിതകാലത്തു തന്നെ അവരുടെ കുടുംബത്തിന്റെ കൈവശത്തിലായിരുന്നുവെന്ന് 1-ാം വാദി - വിറ്റിലയും പറഞ്ഞിട്ടുണ്ട്.

25. "....അയാൾ അയാളുടെ സ്വന്തം അദ്ധ്വാനത്തിലും അശ്രാന്ത

പരിശ്രമത്തിലും സർവ്വേ നം. 69/5 സി 2 നമ്പരിലുള്ള 1.25 ഏക്കർ സ്ഥലം 1962-ാം ആണ്ടിൽ കൈയേറുകയും ആയതിനെ കൃഷിനിലമായി മാറ്റുകയും റവന്യൂ അധികാരികൾ അയാളുടെ കൈയേറ്റത്തെ ക്രമവൽക്കരിക്കുകയും ചെയ്തു'' എന്ന് പ്രതി അയാളുടെ പത്രികയിൽ വാദിച്ചിട്ടുണ്ട്. 1962-ലോ അതിനടുത്തായോ ആണ് അച്ഛൻ നാരായണ മരണമടഞ്ഞത്. നാരായണയുടെ മരണശേഷം പ്രതിയാണ് കുടുംബ കാര്യങ്ങൾ നോക്കിയിരുന്നത് എന്നത് തർക്കമറ്റതാണ്. നാരായണയുടെ മരണശേഷം കുടുംബം ഇനം നം.3-ൽ കൃഷി ചെയ്യുന്നത് തുടർന്നിട്ടുണ്ടാവണം. 1962-ാം ആണ്ടിൽ തന്നെ ഇനം നം.3-ൽ പ്രതി വ്യക്തിപരമായി കൈയ്യേറി എന്നും അയാളുടെ സ്വന്തം പ്രയത്നത്തിൽ വ്യക്തിപരമായ ശേഷിയിൽ ആയതിൽ കൃഷി ചെയ്യുകയായിരുന്നുവെന്നും പ്രതിക്ക് അവകാശപ്പെടുവാൻ കഴിയുന്നതല്ല. ഇനം നം. 3 ന്റെ കൈവശവും കൃഷിയും കുടുംബത്തിനായിരുന്നുവെന്നും പട്ടയം പ്രതിയുടെ പേരിൽ അനുവദിച്ചിരുന്നുവെന്നും തെളിവ് പൂർണ്ണമായും കാണിക്കുന്നതിനാൽ പട്ടയം പൂർണ്ണമായും കുടുംബത്തിന്റെ പ്രയോജനത്തിനായി അനുവദിച്ചതാണെന്ന് വിധിക്കേണ്ടതാണ്.

26. നേരത്തേ ചർച്ച ചെയ്തതുപോലെ, സഹോദരങ്ങൾക്കിടയിൽ, പ്രതിക്കും 3-ഉം 4-ഉം വാദികൾക്കുമിടയിൽ 1995-ലോ അല്ലെങ്കിൽ ഇനം നം. 1-ലും 2-ലുമുള്ള അവരുടെ അവകാശം വേണ്ടെന്നു വയ്ക്കുന്നതിനായി 20,000/- രൂപ 3-ഉം 4-ഉം വാദികൾക്ക് പ്രതി നൽകിയപ്പോഴോ അതുമല്ലെങ്കിൽ 18-03-1995-ൽ പഞ്ചായത്ത് പ്രമേയം (എക്സിബിറ്റ്.ഡി 22) പാസ്സാക്കുന്നതിനു മുമ്പായോ സ്ഥാനവലിപ്പത്തിൽ വേർതിരിവ് ഉണ്ടായിട്ടുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ, ഇനം നം. 3-ന് പട്ടയം അനുവദിക്കുന്നതിനായി അപ്പീൽവാദി 1989-ൽ അപേക്ഷ നൽകിയിരുന്നതും ആയത് 1991-ൽ പുതുക്കിയിട്ടുള്ളതുമായ സമയത്ത് പ്രതിയ്ക്കും 3-ഉം 4-ഉം വാദികൾക്കുമിടയിൽ സ്ഥാനത്തിന് യാതൊരു വേർതിരിവും ഉണ്ടായിരുന്നില്ല. ഇനം നം. 3 പ്രതിയുടെ പേരിൽ അനുവദിക്കുന്നത് കുടുംബത്തിന്റെ പ്രയോജനത്തിനാകയാൽ, ഇനം നം. 3-ൽ ഓഹരിക്ക് അർഹത വാദികൾക്കുണ്ടെന്ന സമാന തീർപ്പുകൾ വിചാരണക്കോടതിയും ഹൈക്കോടതിയും ഉചിതമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

27. 1-ഉം 2-ഉം വാദികളെ സംബന്ധിച്ചിടത്തോളം, അവർ സമൻസ് കൈപ്പറ്റിയിട്ട് വിചാരണക്കോടതി മുമ്പാകെ ഹാജരായിരുന്നില്ല. അവരെ കോടതി സാക്ഷികളായി സമൻസ് അയച്ചിട്ടുള്ളതും 1-ഉം 2-ഉം കോടതി സാക്ഷികളായി വിസ്തരിച്ചിട്ടുള്ളതുമാണ്. ഇനം നം. 3-ൽ 1-ഉം 2-ഉം വാദികളുടെ ഓഹരി സംബന്ധിച്ചിടത്തോളം, 1-ഉം 2-ഉം കോടതി സാക്ഷികളുടെ തെളിവ് പരിശോധിച്ചതിൽ, അവർ ഇനം നം. 1-ലും 2-ലുമുള്ള അവരുടെ അവകാശം മാത്രമേ വേണ്ടെന്ന് വച്ചിട്ടുള്ളതെ

ന്നതാണ് കാണപ്പെടുന്നത്. ഇനം നം. 3-ന് പട്ടയം അനുവദിച്ചത് കുടുംബ ത്തിന്റെ പ്രയോജനത്തിനാകയാൽ, 1-ഉം 2-ഉം വാദികൾക്കും ഇനം നം. 3-ലെ ഒരു ഓഹരിക്ക് അർഹതയു ണ്ടെന്ന് വിധിച്ചിട്ടുള്ളതും അങ്ങനെ വാദികൾക്കും പ്രതിക്കും ഇനം നം. 3-ൽ അഞ്ചിലൊന്ന് ഓഹരി വീതത്തിന് അർഹത യുള്ളതുമാണ്. ഇനം നം. 1-ലും 2-ലും അയാൾക്ക് താല്പര്യമി ല്ലെന്ന് ഒന്നാം വാദി അയാളുടെ തെളിവിൽ സൂചിപ്പിച്ചിട്ടുണ്ട്. അന്യായ പട്ടിക വസ്തുവിലെ ഇനം നം. 3 അവരുടെ അച്ഛന്റെ ജീവിതകാലത്തു തന്നെ അവരുടെ കുടുംബത്തിന്റെ കൈവശത്തിലായിരുന്നതിനാൽ ഇനം നം. 3-നെ സംബന്ധിച്ചിടത്തോളം എന്താണ് ചോദിക്കേണ്ടതെന്ന് അയാൾക്കറിയില്ല എന്ന് അയാൾ പറഞ്ഞിട്ടുണ്ട്. അന്യായ വസ്തുക്കളു ടെ വിസ്തൃതി വളരെ ചെറുതാകയാൽ അതിലെ ഓഹരിയിൽ അയാൾക്ക് താല്പര്യമില്ലെന്ന് രണ്ടാം വാദി (2-ാം കോടതിസാക്ഷി) അയാളുടെ തെളി വിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇനം നം. 3 നെകുറിച്ച് പ്രത്യേകമായി ചോദിച്ച പ്പോൾ, ഇനം നം. 3-ലും അയാൾക്ക് താല്പര്യമില്ലെന്ന് കോടതിസാക്ഷി-2 പറഞ്ഞിട്ടുണ്ട്. 1-ഉം 2-ഉം വാദികൾ അവരുടെ തെളിവിൽ ഓഹരി അവ കാശപ്പെടുന്നതിൽ അവർക്ക് താല്പര്യ മില്ലെന്ന് പറഞ്ഞിട്ടു ണ്ടെങ്കിലും, ഇനം നം. 3 ലുള്ള അവരുടെ ഓഹരി 3-ഉം 4-ഉം വാദികൾക്കോ പ്രതിക്കോ കൊടുക്കാവുന്നതാണെന്ന് യാതൊ ന്നും ലിഖിതമായി ഫയൽ ചെയ്തി ട്ടില്ലാത്തതാണ്. ഞങ്ങളുടെ കാഴ്ചപ്പാ ടിൽ, അത്തരം വസ്തുത കളിലും സാഹചര്യങ്ങളിലും ഇനം നം. 3-ൽ ഒരു ഓഹരിക്ക് 1-ഉം 2-ഉം വാദികൾക്ക് അർഹതയുണ്ട്. എന്നിരുന്നാലും, അന്തിമവിധി/നടപടികളുടെ സമയത്ത് 1-ഉം 2-ഉം വാദികൾക്ക് അവരുടെ ഓഹരി പ്രതിയുടെയോ 3-ഉം 4-ഉം വാദികളുടെയോ പേരിൽ ഒഴിഞ്ഞു കൊടുക്കാവുന്നതാണ്.

28. ഫലത്തിൽ, കർണ്ണാടക ഹൈക്കോടതിയുടെ ആർ.എഫ്.എ 805/1998-ലെ 20-03-2008-ലെ വിധിന്യാ യം, അന്യായ പട്ടിക 1-ഉം 2-ഉം ഇനങ്ങളിലെ വസ്തുക്കളെ സംബന്ധി ച്ചിടത്തോളം റദ്ദാക്കുന്നതും 1-ഉം 2-ഉം ഇനങ്ങൾ ഭാഗം ചെയ്യലിനായുള്ള എതിർകക്ഷികൾ/വാദികളുടെ അന്യായം തള്ളുകയും ചെയ്യുന്നു. ഇനം നം. 3 നെ സംബന്ധിച്ചിട ത്തോളം, ദോഷം ആരോപിച്ചിട്ടുള്ള വിധിന്യായം പരിഷ്കരിച്ചുകൊണ്ട് നാല് എതിർകക്ഷികൾ/വാദികൾ, അപ്പീൽവാദി/പ്രതി എല്ലാപേർക്കും ഇനം നം. 3-ൽ അഞ്ചിലൊന്ന് ഓഹരി വീതത്തിന് അർഹതയുണ്ടെന്ന് വിധി ക്കുകയും ചെയ്യുന്നു. അപ്രകാരം, അപ്പീൽ ഭാഗികമായി അനുവദിച്ചു. ചെലവ് സംബന്ധിച്ച് യാതൊരു ഉത്തരവുമില്ല.

അപ്പീൽ ഭാഗികമായി അനുവദിച്ചു.

**************

ബഹു. സുപ്രീം കോടതി മുമ്പാകെ
ബഹു. ജസ്റ്റിസ് എം. വൈ. ഇക്ബാൽ
&
ബഹു. ജസ്റ്റിസ് സി. നാഗപ്പൻ

സിവിൽ അപ്പീൽ നം. 8249/2015
എസ്.എൽ.പി (സി) നം. 19947/2010-ൽ നിന്നും ഉത്ഭവിച്ചത്

ദുലു ദേവി
അഭി
ആസ്സാം സർക്കാരും മറ്റുള്ളവരും
09-10-2015-ൽ വിധി കല്പിച്ചത്

വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 16-നിയമനാധികാരി ഒരു ഡിസ്മിസൽ ഉത്തരവ് പാസ്സാക്കുകയും എന്നാൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കാതിരിക്കുകയുമാണെങ്കിൽ, കോടതിയിൽ വിധിപറഞ്ഞ ന്യായത്തീർപ്പിന്റെ സ്വഭാവമുള്ള ഒരു ഉത്തരവിന്റെ സംഗതിയിൽ നിന്നും വ്യത്യസ്തമായി, അധികാരസ്ഥാനം അതിന്റെ മനസ്സ് മാറ്റാവുന്നതും അതിന്റെ ഉത്തരവിനെ ഭേദഗതി വരുത്തുവാൻ തീരുമാനിക്കാവുന്നതും താത്ത്വികമായി സാധ്യമാകുന്നതാണ്. ഉചിതമായ അധികാര സ്ഥാനം പാസാക്കി അതിന്റെ കൈവശം വച്ചിരിക്കുന്ന ഡിസ്മിസലിന്റെ ഉത്തരവ്, പ്രസ്തുത ഉത്തരവിനെ കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയാത്തപക്ഷവും ബന്ധപ്പെട്ട എല്ലാ കക്ഷികളെയും മറ്റുവിധത്തിൽ അറിയിച്ചിട്ടില്ലാത്ത പക്ഷവും പ്രാവർത്തികമായിത്തീർന്നുവെന്ന് പറയുവാൻ കഴിയുകയില്ല. കേവലം ഡിസ്മിസലിന്റെ ഉത്തരവ് പാസ്സാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സർവ്വീസ് അവസാനിപ്പിക്കുന്നതിന്റെ ഫലമുണ്ടെന്ന് വിധിക്കുകയാണെങ്കിൽ, നിരവധി സങ്കീർണ്ണതകൾ ഉണ്ടാകാവുന്നതാണ്.

ഈ കേസിന്റെ വസ്തുതകളുടെ, പ്രത്യേകിച്ചും, കഴിഞ്ഞ 25 വർഷങ്ങളിലുള്ള അപ്പീൽവാദിയുടെ തുടർച്ചയായ സർവ്വീസിന്റെ പശ്ചാത്തലത്തിൽ, ഹൈക്കോടതി പുറപ്പെടുവിച്ച ചോദ്യംചെയ്യപ്പെട്ട ഉത്തരവ് നിയമവശാൽ നിലനിൽക്കാവുന്നതല്ല.

## വിധിന്യായം

ബഹു. ജസ്റ്റിസ് എം.വൈ. ഇക്ബാൽ.:- അനുമതി അനുവദി

ച്ചിരിക്കുന്നു.

2. അപ്പീൽ ഹർജിക്കാരിയെ ദേമാജി രാഷ്ട്രഭാഷ ഹിന്ദി ലോവർ പ്രൈമറി സ്കൂളിൽ ഹെഡ്മിസ്ട്രസ്-ഇൻ-ചാർജ്ജ് ആയി സർവ്വീസിൽ തുടരുന്നതിന് അനുവദിക്കുന്നതിനും, അവരുടെ സേവനം ക്രമവൽക്കരിക്കുന്നതിനും നിർവ്വഹിച്ചു വരുന്ന സേവനത്തിന് അവർക്ക് മുറപ്രകാരമുള്ള ശമ്പളം നൽകുന്നതിനുമുള്ള ഒരു നിർദ്ദേശം ആരാഞ്ഞുകൊണ്ട് അപ്പീൽ വാദി ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം. 2560/2007-ൽ ഗോഹട്ടി ഹൈക്കോടതി പുറപ്പെടുവിച്ച 06-04-2010-ലെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിനെതിരെ അപ്പീൽവാദി പ്രത്യേകാനുമതി പ്രകാരം ബോധിപ്പിച്ചിട്ടുള്ളതാണ് ഈ അപ്പീൽ. മേല്പഞ്ഞ റിട്ട് ഹർജി ഹൈക്കോടതി തള്ളിയതാണ്.

3. അപ്പീൽവാദി നൽകിയ തീയതികളുടെ പട്ടികയിൽ നിന്നും വെളിപ്പെടുന്നതും എതിർകക്ഷികൾ തർക്കിച്ചിട്ടില്ലാത്തതുമായ, കേസിലെ വസ്തുതകൾ താഴെപ്പറയും പ്രകാരമാണ്.

4. 1976-ൽ ദേമാജി ഹിന്ദി ലോവർ പ്രൈമറി സ്കൂളിൽ ആസ്സാമീസ് വിഷയത്തിൽ ഒരു അസിസ്റ്റന്റ് ടീച്ചറായി അപ്പീൽവാദിയെ ആദ്യം നിയമിച്ചിരുന്നു. ദേമാജി ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ് സ്കൂൾസിന്റെ 19-12-1989-ലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്കൂളിലെ സ്ഥിരമായ ഒഴിവിനെതിരെ ഒരു അസിസ്റ്റന്റ് ടീച്ചറായി അപ്പീൽവാദിയെ അന്തിമമായി നിയമിക്കുകയുണ്ടായി. അപ്പീൽവാദി 10 വർഷത്തിലധികമായി അസിസ്റ്റന്റ് ടീച്ചറായി തുടർച്ചയായ സേവനമനുഷ്ഠിക്കുകയായിരുന്നുവെങ്കിലും, അവർക്ക് അവരുടെ ശമ്പളം നൽകിയിരുന്നില്ല. ആയതിൽ പരാതിപ്പെട്ടുകൊണ്ട് ഡബ്ല്യു.പി (സി) നം. 833/1999 ആയി അവർ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു. അതിനുശേഷം, എതിർകക്ഷികൾ- അധികാര സ്ഥാനം, ശമ്പളം നൽകാത്തതിനെ കുറിച്ച് അന്വേഷണം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് ദേമാജി ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ് സ്കൂൾസിനോട് നിർദ്ദേശിച്ചു. അപ്രകാരം റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം, വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി 03-05-2000 തീയതിയിലെ ഉത്തരവ് മുഖേന, അപ്പീൽവാദി സേവനമനുഷ്ഠിച്ച കാലയളവിലേക്കുള്ള അവരുടെ ശമ്പളം വിട്ടുകൊടുക്കുന്നതിന്, ദേമാജി ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ് സ്കൂൾസിനോട് നിർദ്ദേശിക്കുകയുണ്ടായി. അതിനുശേഷം, ഹൈക്കോടതി, 12.09.2000 തീയതിയിലെ ഉത്തരവു മുഖേന, നിലവിലെ മാസം മുതൽ മാത്രമല്ല ഒരു അദ്ധ്യാപികയായി അപ്പീൽവാദിയുടെ സേവനങ്ങൾ അവർ യഥാർത്ഥത്തിൽ നൽകിയ കാലയളവിലേക്കുകൂടി അപ്പീൽ വാദിക്ക് ശമ്പളം വിട്ടുകൊടുക്കുന്നതിനും അപ്പീൽവാദിയുടെ സേവനത്തിന്റെ ക്രമവൽക്കരണത്തിനുള്ള അവരുടെ അവകാശം സംബന്ധിച്ച് ഒരു അന്വേഷണം നടത്തി ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കണ

മെന്നുമുള്ള ഒരു നിർദ്ദേശത്തോടുകൂടി പ്രസ്തുത റിട്ട് ഹർജി തീർപ്പാക്കുകയു ണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ എതിർകക്ഷികൾ യാതൊരു അപ്പീലും ഫയൽ ചെയ്തിട്ടില്ലാത്തതും ആയതി നാൽ മേൽ പ്രസ്താവിച്ചതായ തീർപ്പു കളും നിർദ്ദേശങ്ങളും ഇതിനകം അന്തിമമാ യിരിക്കുന്ന അവസ്ഥയിലെ ത്തിയെന്നും ബോധിപ്പിച്ചിരിക്കുന്നു.

5. ഹൈക്കോടതി ഡബ്ല്യു.പി (സി) നം. 833/1999-ൽ പുറപ്പെടുവിച്ച 12-09-2000 തീയതിയിലെ അതിന്റെ ഉത്തരവിലൂടെ നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച്, 2007 ആഗസ്റ്റ് വരെയുള്ള എല്ലാ ശമ്പള കുടിശ്ശികയും മറ്റ് അലവൻസുകളും അപ്പീൽവാദിക്ക് നല്കുകയുണ്ടായി.

6. 2005-ാം ആണ്ടിൽ അപ്പീൽ വാദിക്ക് ഹെഡ്മിസ്ട്രസിന്റെ ചുമതല നൽകിയിട്ടുള്ളതാണ്. "എഫിഷ്യൻസി ബാർ" കടക്കുന്ന തീയതിയിൽ, 05-03-2005 തീയതിയിലെ ഉത്തരവ് മുഖേന അടുത്ത ഇൻക്രിമെന്റും അവർക്ക് നൽകുകയുണ്ടായി.

7. ഡബ്ല്യു. പി (സി) നം. 4468/ 2006 എന്ന മറ്റൊരു റിട്ട് ഹർജിയുമായി ബന്ധപ്പെട്ട്, 1989-ൽ നിയമിതരായവരും എന്നാൽ പിന്നീട് നീക്കം ചെയ്യപ്പെട്ട വരും, എങ്കിലും ശമ്പളം വാങ്ങിക്കൊ ണ്ടിരിക്കുന്നവരുമായ 193 അദ്ധ്യാപക രുടെ ഒരു പട്ടിക ഉള്ളടക്കം ചെയ്യപ്പെട്ടി രുന്നതുമായ ഒരു റിപ്പോർട്ട് 03.11.2006-ൽ ദേമാജി ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ് സ്കൂൾസ് സമർപ്പിച്ചി ട്ടുണ്ടെന്ന് സൂചിപ്പിക്കുന്നത് യുക്തമാണ്. 193 ഉദ്യോഗാർത്ഥികളുടെ പ്രസ്തുത പട്ടികയിൽ അപ്പീൽവാദിയുടെ പേര് ക്രമനമ്പർ 168 ആയി കാണിച്ചിരുന്നു. ഔദ്യോഗിക രേഖകളും ബന്ധപ്പെട്ട ഫയലുകളും പരിശോധിക്കാതെയാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയ തെന്നും ആയത് പൂർണ്ണമായും ശരിയല്ലെന്നും ദേമാജി ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ് സ്കൂൾസ് 09-11-2006 തീയതിയിലെ അദേഹത്തി ന്റെ കത്ത് മുഖേന ആസ്സാം എലിമെന്ററി എഡ്യൂക്കേഷൻ ഡയറ ക്ടറെ അറിയിച്ചിട്ടുണ്ട്. തത്ഫലമായി, 09-02-2007 തീയതിയിലെ ഉത്തരവ് മുഖേന എതിർകക്ഷികൾ- അധികാര സ്ഥാനം അപ്പീൽവാദി ഉൾപ്പെടെയുള്ള 193 അദ്ധ്യാപകരുടെ ശമ്പളം നിർത്തലാക്കി. ആയതിൽ പരാതി പ്പെട്ടുകൊണ്ട് അപ്പീൽവാദി ഡബ്ല്യു.പി. നം. 2560/2007 ആയി റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയത് ഹൈക്കോടതി തള്ളിക്കളയുകയും ഉണ്ടായി. അപ്പീൽ വാദിയെ അവരുടെ സർവീസിൽ നിന്നും ഒരിക്കലും നീക്കം ചെയ്തിട്ടി ല്ലെന്നും നീക്കം ചെയ്യലിന്റെ ഒരു ഉത്തരവും അവർക്ക് നൽകിയിട്ടില്ലെ ന്നും പ്രസ്തുത റിട്ട് ഹർജിയിൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു.

8. അപ്പീൽവാദിയെ ഒരിക്കലും അവരുടെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടില്ലെന്നും ആസ്സാം എലിമെന്ററി എഡ്യൂക്കേഷൻ ഡയറക്ടറുടെ 12-05-1992-ലെ കത്ത് പ്രകാരം 1992-ൽ നീക്കംചെയ്യപ്പെട്ട 752 അദ്ധ്യാപകരുടെ പട്ടികയിൽ അവരുടെ പേര് ഉൾപ്പെടു ത്തിയിട്ടില്ലായിരുന്നുവെന്നും ദേമാജി യിലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ്

സ്കൂൾസിന്റെ 25-02-2008 തീയതിയിലെ റിപ്പോർട്ടിൽ നിന്നു കൂടി വ്യക്തമാകുന്നതാണ്. അതിനുശേഷം, നിലവിലുള്ള റിട്ട് ഹർജി തീർപ്പാക്കുന്നതുവരെ അവരുടെ ശമ്പളം വിട്ടുകൊടുക്കുന്നതിന് എതിർകക്ഷികളോട് നിർദ്ദേശിക്കണമെന്ന് മറ്റുപലതിന്റെയും കൂട്ടത്തിൽ അപേക്ഷിച്ചുകൊണ്ട് അപ്പീൽവാദി ഒരു മിസലേനിയസ് കേസ് നം.2049/2008 കൂടി ഫയൽ ചെയ്യുകയുണ്ടായി. എതിർകക്ഷികൾ-അധികാരസ്ഥാനത്തിനു വേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകൻ, അപ്പീൽവാദി ഇപ്പോഴും അവരുടെ സർവ്വീസിൽ തുടരുകയാണെന്ന്, അദ്ദേഹത്തിനുള്ള പ്രത്യേക നിർദ്ദേശത്താൽ ഹൈക്കോടതിയെ അറിയിക്കുകയുണ്ടായി. അതനുസരിച്ച്, ഹൈക്കോടതി 02-02-2009 തീയതിയിലെ അതിന്റെ ഉത്തരവ് പ്രകാരം അപ്പീൽവാദിക്ക് ശമ്പളം നൽകുവാൻ എതിർകക്ഷികളോട് നിർദ്ദേശിച്ചു. അതിനുശേഷം, നീക്കം ചെയ്ത അദ്ധ്യാപകരുടെ പട്ടികകളിൽ അപ്പീൽവാദിയുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ടോ ഇല്ലയോ എന്നതിനു വേണ്ടി വ്യക്തമായ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആസ്സാം എലിമെന്ററി എഡ്യൂക്കേഷൻ ഡയറക്ടർ അദ്ദേഹത്തിന്റെ 11-02-2010-ലെ കത്ത് മുഖേന ദേമാജി ഡിസ്ട്രിക്ട് എലിമെന്ററി എഡ്യൂക്കേഷൻ ഓഫീസറോട് നിർദ്ദേശിക്കുക യുണ്ടായി. അതിന്റെ ഉത്തരമായി, ആസ്സാം എലിമെന്ററി എഡ്യൂക്കേഷൻ ഡയറക്ടർക്ക് 03-11-2006-ൽ അയച്ച 193 അദ്ധ്യാപകരുടെ പട്ടികയിൽ അപ്പീൽ വാദിയുടെ പേര് കാണപ്പെടുന്നുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് ബന്ധപ്പെട്ട രേഖകളും ഫയലുകളും പരിശോധിക്കാതെ തയ്യാറാക്കിയിട്ടു ള്ളതാണെന്നുമുള്ള ഒരു റിപ്പോർട്ട് ദേമാജി ഡിസ്ട്രിക്ട് എലിമെന്ററി എഡ്യൂക്കേഷൻ ഓഫീസർ സമർപ്പിച്ചു.

9. കക്ഷികൾക്കുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകരെ ഞങ്ങൾ കേൾക്കുകയും രേഖ പരിശോധിക്കുകയും ചെയ്തു.

10. അപ്പീൽവാദിയെ ഒരിക്കലും അവരുടെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടില്ലെന്നും നീക്കം ചെയ്യലിന്റെ യാതൊരു ഉത്തരവും അവർക്ക് ഒരിക്കലും നൽകിയിട്ടില്ലെന്നും അപ്പീൽ വാദിക്കുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകൻ ബോധിപ്പിക്കുന്നു. എന്നുമാത്രമല്ല, ബന്ധപ്പെട്ട രേഖകളും ഫയലുകളും പരിശോധിക്കാതെ, എതിർകക്ഷികൾ-അധികാരസ്ഥാനം അദ്ധ്യാപകരുടെ സർവീസ് അവസാനിപ്പിക്കുന്നതിനു വേണ്ടി 193 അദ്ധ്യാപകരുടെ ഒരു പട്ടിക തയ്യാറാ ക്കുകയും അപ്പീൽവാദിയുടെ പേര് ഉൾപ്പെടുത്തുകയും ചെയ്തുവെന്നും അദ്ദേഹം ബോധിപ്പിക്കുന്നു. നീക്കംചെയ്യലിന്റെ യാതൊരു കത്തും അപ്പീൽവാദിക്ക് നൽകാതെ ഏറ്റവും കുറഞ്ഞത് 25 വർഷത്തേയ്ക്ക് എതിർകക്ഷികൾ-അധികാരസ്ഥാനം അപ്പീൽവാദിക്ക് ശമ്പളം നൽകിയിട്ടുള്ളത് തർക്കമറ്റതാണ്.

11. അപ്പീൽവാദിയുടെ നിയമന സമയത്ത് അവർക്ക് പ്രായപൂർത്തിയാ

യിട്ടില്ലെന്ന കാരണത്താൽ അപ്പീൽ വാദിയുടെ നിയമനം തന്നെ നിയമ വിരുദ്ധ മാണെന്ന് എതിർകക്ഷികൾക്കു വേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകൻ വാദിക്കുന്നു. എന്നുമാത്രമല്ല, അപ്പീൽവാദിയെ നിയമിച്ചിരുന്നത് നിലവിലില്ലാത്ത ഒരു തസ്തികയിലായിരുന്നതിനാൽ 2000 ജൂലൈ വരെ അവർക്ക് അവരുടെ ശമ്പളം കിട്ടിയിരുന്നില്ല എന്നും അദ്ദേഹം വാദിക്കുന്നു.

12. അപ്പീൽവാദി ഉൾപ്പെടെ നിയമവിരുദ്ധമായി നിയമിച്ച അദ്ധ്യാപകരുടെ സർവ്വീസുകൾ എതിർകക്ഷികൾ-അധികാരസ്ഥാനം അവസാനിപ്പിച്ചു എങ്കിലും അവർ 2007 ജൂലൈ വരെ സർവ്വീസിൽ തുടരുകയും അവരുടെ ശമ്പളം വാങ്ങുകയും ചെയ്തിരുന്നുവെന്ന് എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകൻ ബോധിപ്പിക്കുന്നു. എന്നിരുന്നാലും, 2007 ആഗസ്റ്റ് മുതൽ അവരുടെ ശമ്പളം നിർത്തലാക്കിയിരുന്നു. അങ്ങനെ, അപ്പീൽവാദിയെ നിയമവിരുദ്ധമായി നിയമിച്ചിരുന്നതിനാലും 1992-ൽ അവരുടെ സർവ്വീസ് അവസാനിപ്പി ച്ചിരുന്നതിനാലും അപ്പീൽവാദിയുടെ ശമ്പളവും നിർത്തലാക്കിയിരുന്നു. എന്നുമാത്രമല്ല, അപ്പീൽവാദിക്ക് ശമ്പളവും അലവൻസുകളും വിട്ടുകൊടു ക്കുന്നതിനും ക്രമവൽക്കരണത്തിനുള്ള അപ്പീൽവാദിയുടെ അവകാശ വാദത്തെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും എതിർകക്ഷികളോട് നിർദ്ദേശിച്ചുകൊണ്ട് ഹൈക്കോടതി നേരത്തെ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പ്രസക്തമായ വസ്തുതകൾ അതിന്റെ മുമ്പിൽ ഹാജരാക്കാതിരു ന്നതിനാൽ, 1992-ൽ അപ്പീൽവാദിയുടെ സർവ്വീസ് അവസാനിപ്പിച്ച താണെങ്കിൽ അവർക്ക് ശമ്പളവും ക്രമവൽക്കരണവും സർവ്വീസിന്റെ പ്രൊമോഷനും അവകാശപ്പെടുന്നതിന് നിയമപരമായ യാതൊരു അവകാശവുമില്ലെന്ന് ഹൈക്കോടതി ശരിയായി വിധിച്ചിട്ടുണ്ടെന്നും അദ്ദേഹം ബോധിപ്പിക്കുന്നു.

13. കക്ഷികൾക്കുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകർ നടത്തിയ തത്തുല്യ സമർപ്പണങ്ങൾക്ക്, ഞങ്ങൾ ഞങ്ങളുടെ ചിന്താധീനമായ പരിഗണന നൽകുകയും അപ്പീൽവാദിക്കുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകൻ നടത്തിയ സമർപ്പണത്തിൽ വസ്തുത ഉള്ളതായി കാണുകയും ചെയ്യുന്നു.

14. അപ്പീൽവാദി 1989 മുതൽ ഒരു അദ്ധ്യാപികയായി തുടർച്ചയായി ജോലി ചെയ്യുകയായിരുന്നുവെന്നും നേരത്തെയുള്ള റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച ഉത്തരവിനനുസൃതമായി, ശമ്പളം നൽകാതിരുന്ന തീയതി മുതലുള്ള മുഴുവൻ ശമ്പളവും അപ്പീൽവാദിക്ക് നൽകിയിട്ടുണ്ട് എന്നതിലും തർക്കമില്ല. അപ്പീൽവാദി സ്കൂളിലെ ഏറ്റവും മുതിർന്ന അദ്ധ്യാപികയായതിനാൽ രണ്ടു തവണ എഫിഷ്യൻസി ബാർ കടക്കുവാൻ അനുവദിച്ചിരുന്നു, ആദ്യം 2003-ാം ആണ്ടിലും പിന്നീട് 2005-ാം ആണ്ടിലും എന്ന വസ്തുത അപ്പീൽവാദിയുടെ സർവ്വീസിന്റെ ക്രമവൽക്കരണം

പരിഗണിക്കവേ ഹൈക്കോടതി ശ്രദ്ധിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, നീക്കം ചെയ്യലിന്റെ കത്ത് കൊടുക്കുകയോ അപ്പീൽവാദിയുടെ സർവ്വീസ് അവസാനിപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. നീക്കം ചെയ്യലിനെ ചോദ്യംചെയ്തുകൊണ്ട് നീക്കം ചെയ്യപ്പെട്ട അദ്ധ്യാപകരിൽ ചിലർ അവരുടെ റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയത് ഹൈക്കോടതി കൈകാര്യം ചെയ്തിട്ടുള്ളതുമാണ്, എന്നാൽ പ്രസ്തുത റിട്ട് ഹർജിയിൽ അപ്പീൽവാദി ഒരു കക്ഷിയല്ലാതിരുന്നതിനാൽ മേൽപ്പറഞ്ഞ ആനുകൂല്യം അപ്പീൽവാദിക്ക് നൽകുവാൻ കഴിയുന്ന തല്ലായെന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. അപ്പീൽവാദിയുടെ സർവ്വീസുകൾ അവസാനിപ്പിച്ചിട്ടുണ്ട് എന്ന് അനുമാനിച്ചുകൊണ്ട് ഹൈക്കോടതി പരിഹാരം അനുവദിക്കുന്നത് നിരസിക്കുകയും റിട്ട് ഹർജി തള്ളുകയുമുണ്ടായി.

15. ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തിൽ, ഹൈക്കോടതിയുടെ സമീപനം നിയമാനുസൃതമുള്ളതല്ല. കഴിഞ്ഞ 25 വർഷമായി ജോലി ചെയ്തുവരികയായിരുന്ന ഒരു അദ്ധ്യാപികയുടെ സേവനങ്ങൾ അവസാനിപ്പിച്ചതായി അനുമാനിക്കാനും അവരുടെ നിയമാനുസൃതമായ അവകാശവാദം അവരിൽനിന്നും അപഹരിക്കുവാനും പാടില്ലാത്തതുമാണ്.

16. ഈ വിഷയത്തിന്റെ സവിശേഷത *പഞ്ചാബ് സർക്കാർ* അഭി *അമർസിംഗ് ഹരിക*, എ.ഐ.ആർ 1966 എസ്.സി പേജ് 1313-ന്റെ കേസിൽ ഈ കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധിന്യായത്തിൽ പരിഗണിച്ചിട്ടുണ്ട്. ഡിസ്മിസ് ചെയ്യുന്നതിന്റെയോ അവസാനിപ്പിക്കലിന്റെയോ ഒരു ഉത്തരവ് അത് പ്രസിദ്ധീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്യാത്തപക്ഷം, അത് പുറപ്പെടുവിച്ചതു കൊണ്ടുമാത്രം ഫലവത്താകുന്നില്ലായെന്ന് ബഹു. ജസ്റ്റിസ് (ഗജേന്ദ്രഗഡ്കർ, സി.ജെ) വിധിച്ചിട്ടുണ്ട്. നിയമനാധികാരി ഒരു ഡിസ്മിസൽ ഉത്തരവ് പാസ്സാക്കുകയും എന്നാൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കാതിരിക്കുക യുമാണെങ്കിൽ, കോടതിയിൽ വിധി പറഞ്ഞ ന്യായത്തീർപ്പിന്റെ സ്വഭാവ മുള്ള ഒരു ഉത്തരവിന്റെ സംഗതിയിൽ നിന്നും വ്യത്യസ്തമായി, അധികാര സ്ഥാനം അതിന്റെ മനസ്സ് മാറ്റാവു ന്നതും അതിന്റെ ഉത്തരവിനെ ഭേദഗതി വരുത്തുവാൻ തീരുമാനിക്കാവുന്നതും താത്ത്വികമായി സാധ്യമാകുന്നതാണ്. ഉചിതമായ അധികാര സ്ഥാനം പാസാക്കി അതിന്റെ കൈവശം വച്ചിരിക്കുന്ന ഡിസ്മിസലിന്റെ ഉത്തരവ്, പ്രസ്തുത ഉത്തരവിനെ കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയാത്തപക്ഷവും ബന്ധപ്പെട്ട എല്ലാ കക്ഷികളെയും മറ്റു വിധത്തിൽ അറിയിച്ചിട്ടില്ലാത്തപക്ഷവും പ്രാവർത്തിക മായിത്തീർന്നുവെന്ന് പറയുവാൻ കഴിയുകയില്ല. കേവലം ഡിസ്മിസലിന്റെ ഉത്തരവ് പാസ്സാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സർവ്വീസ് അവസാനിപ്പിക്കുന്നതിന്റെ

ഫലമുണ്ടെന്ന് വിധിക്കുകയാണെങ്കിൽ, നിരവധി സങ്കീർണ്ണതകൾ ഉണ്ടാകാവുന്നതാണ്.

17. *ഭാരത സർക്കാർ* അഭിദിനാനാഥ് *ശാന്താറാം കരേക്കറുടെ* (1998) 7 എസ്.സി.സി 569: (എ.ഐ.ആർ 1998 എസ് സി 2722) കേസിൽ ഈ കോടതി സമാനമായ നിരീക്ഷണം നടത്തിയിട്ടുള്ളതും ആയതിൽ ഈ കോടതി ഇപ്രകാരം നിരീക്ഷിച്ചിട്ടുള്ളതുമാണ്.

"9. സർവ്വീസുകൾ അവസാനിപ്പിക്കുമ്പോൾ, ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിലുള്ള കൃത്യവിലോപിയുടെ പദവി അവസാനിക്കുന്നതും ആ വിഷയത്തിൽ ചെയ്യേണ്ടതായി, അതുകൂടാതെ യാതൊന്നും അവശേഷിക്കുന്നതല്ലാത്തതുമാണ്. എന്നാൽ, ഉത്തരവ് പാസ്സാക്കി ഫയലിൽ സൂക്ഷിച്ചതു കൊണ്ടുമാത്രം, അത് സർവ്വീസ് അവസാനിപ്പിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ആയി കണക്കാക്കാവുന്നതല്ലാത്തതും പ്രസ്തുത ഉത്തരവ് അറിയിച്ചിട്ടുള്ളതായി കരുതപ്പെടേണ്ടതല്ലാത്തതുമാണ്".

18. ഈ കേസിന്റെ വസ്തുതകളുടെ, പ്രത്യേകിച്ചും, കഴിഞ്ഞ 25 വർഷങ്ങളിലുള്ള അപ്പീൽവാദിയുടെ തുടർച്ചയായ സർവ്വീസിന്റെ പശ്ചാത്തലത്തിൽ, ഹൈക്കോടതി പുറപ്പെടുവിച്ച ചോദ്യംചെയ്യപ്പെട്ട ഉത്തരവ് നിയമവശാൽ നിലനിൽക്കാവുന്നതല്ല.

19. മേൽപ്രസ്താവിച്ച കാരണത്താൽ, ഈ അപ്പീൽ അനുവദിക്കുകയും ചോദ്യംചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കുകയും ചെയ്യുന്നു. തത്ഫലമായി, അപ്പീൽവാദിക്ക് സർവ്വീസിൽ തുടരുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അതുകൂടാതെ നിയമാനുസൃതമായ എല്ലാ ശമ്പള കുടിശ്ശികകൾക്കും അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

അപ്പീൽ അനുവദിച്ചിരിക്കുന്നു.

***************

## ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് റ്റി.എസ്. ഠാക്കൂർ

&

ബഹു. ജസ്റ്റിസ് ശ്രീമതി ആർ. ബാനുമതി

ക്രിമിനൽ അപ്പീൽ നം. 11/2016 & 12/2016

എസ്.എൽ.പി (ക്രിമിനൽ) നം. 3896/2013-ലും 3897-ലും നിന്നും ഉത്ഭവിച്ചത്

സഞ്ജയ്

അഭി

ഉത്തർപ്രദേശ് സർക്കാർ

ഒപ്പം

നരേന്ദ്ര

അഭി

ഉത്തർപ്രദേശ് സർക്കാർ

2016 ജനുവരി 06-ന് വിധി കല്പിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45), വകുപ്പുകൾ 300 ഖണ്ഡം (3), 304, ഭാഗം 3-കൊലപാതകം അല്ലെങ്കിൽ കൊലപാതകമാകാത്ത കുറ്റകരമായ നരഹത്യ-അപ്പീൽ വാദികൾ നാടൻതോക്കു പോലുള്ള തോക്കുകൾ ഉപയോഗിച്ച് രൂപ്സിംഗിന്റെ തലയ്ക്ക് വെടി വച്ചിട്ടുള്ളതും, മരണകാരണമാകാനിടയുള്ള അത്തരത്തിലുള്ള ശാരീരികമായ പരിക്കേല്പിക്കണമെന്ന ഉദ്ദേശ്യം പ്രതികൾക്ക് ഉണ്ടായിരുന്നിട്ടുള്ളതുമാണ്. വെടിയുണ്ട കൊണ്ടുള്ള പരിക്ക് അതിപ്രധാന അവയവമായ തലയിലായതുകൊണ്ട്, അത്തരത്തിലുള്ള ശാരീരികമായ പരിക്കേല്പിക്കണമെന്ന് രണ്ടാം അപ്പീൽവാദി ഉദ്ദേശിച്ചിട്ടുള്ളതും ആയതിനാൽ, അപ്പീൽവാദിയുടെ കുറ്റസ്ഥാപനത്തെ ഐ.പി.സി 302-ാം വകുപ്പിൽ നിന്നും ഐ.പി.സി 304-ാം വകുപ്പിലെ I-ാം ഭാഗത്തിലേയ്ക്ക് മാറ്റപ്പെടുന്നു.**

**അപ്പീൽവാദികളുടെ പെരുമാറ്റം, കുറ്റകൃത്യം ചെയ്യപ്പെട്ട രീതി എന്നിവ രണ്ട് അപ്പീൽവാദികളും പൊതുഉദ്ദേ**

**ശ്യത്തെ പുരോഗമിപ്പിക്കുന്നതിന് പ്രവർത്തിച്ചതിനും മതിയായതായി കണ്ട് ഐ.പി.സി 34-ാം വകുപ്പ് ചുമത്തുവാൻ പര്യാപ്തമാണ്. ഐ.പി.സി 302-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ചപ്രകാരമുള്ള അപ്പീൽവാദിയായ സഞ്ജയ്യുടെ കുറ്റസ്ഥാപനത്തെ ഐ.പി.സി 304-ാം വകുപ്പ് I-ാം ഭാഗം പ്രകാരമുള്ള കുറ്റസ്ഥാപനത്തിലേക്ക് ഭേദഗതി വരുത്തിയിരിക്കുന്നു.**

## വിധിന്യായം

ജസ്റ്റിസ് ശ്രീമതി ആർ. ബാനുമതി:- രണ്ട് പ്രത്യേകാനുമതി ഹർജികളിലും അനുമതി നൽകി.

2. അപ്പീൽവാദിയായ നരേന്ദ്രയെ, ഐ.പി.സി 302, 307 വകുപ്പുകൾ 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരവും ഐ.പി.സി 452-ാം വകുപ്പ് പ്രകാരവും ഉള്ള കുറ്റങ്ങൾക്ക് കുറ്റസ്ഥാപനം ചെയ്തതിനും, കൂടാതെ യഥാക്രമം ജീവപര്യന്തം തടവിനും 5,000/- രൂപ പിഴയോടു കൂടിയ പത്തുവർഷത്തെ തടവിനും, 1,000/- രൂപ പിഴയോടു കൂടിയ മൂന്നു വർഷത്തെ തടവിനും ഉള്ള ശിക്ഷാവിധിയെയും ശരിവച്ച്, അലഹബാദ് ഹൈക്കോടതി 30-08-2012 -ൽ തള്ളി ഉത്തരവായ 2188/2007, 2561/2007 എന്നീ നമ്പർ ക്രിമിനൽ അപ്പീലുകളിലെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ ദോഷം ആരോപിച്ചുകൊണ്ടാണ് (2013 (3) എ.എൽ.ജെ 197-ൽ റിപ്പോർട്ട് ചെയ്തത്) ഈ ക്രിമിനൽ അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളത്. ഹൈക്കോടതി അപ്പീൽവാദിയായ സഞ്ജയ്യെനെ, ഐ.പി.സി 302-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരവും, 307-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരവും, 452-ാം വകുപ്പ് പ്രകാരവും ഉള്ള കുറ്റസ്ഥാപനം ചെയ്തതിനും, യഥാക്രമം ജീവപര്യന്തം തടവിനും, 5,000/- രൂപ പിഴയോടു കൂടിയ പത്ത് വർഷത്തെ തടവിനും, 1,000/- രൂപ പിഴയോടുകൂടിയ മൂന്നുവർഷത്തെ തടവിനും ഉള്ള ശിക്ഷാവിധിയെയും ശരിവച്ചു.

3. അപ്പീൽവാദിയായ സഞ്ജയ്, മരണപ്പെട്ട രൂപ്സിംഗിന്റെ സഹോദരനാണ് എന്നാണ് പ്രോസിക്യൂഷൻ കേസ്. പ്രോസിക്യൂഷൻ 2-ാം സാക്ഷി രൂപ്സിംഗിന്റെ ഭാര്യ ഷീല പറഞ്ഞതനുസരിച്ച്, സഞ്ജയ് തന്റെ വസ്തു നരേന്ദ്രയ്ക്ക് വിറ്റതിനുശേഷം, തന്റെ സഹോദരൻ രൂപ്സിംഗിനോടും അയാളുടെ വസ്തു നരേന്ദ്രയ്ക്ക് വില്ക്കുവാൻ നിർബന്ധിച്ചു കൊണ്ടിരുന്നതായും, ആയതിന് രൂപ്സിംഗ് വിസമ്മതിച്ചതുമൂലം, അപ്പീൽവാദിയായ സഞ്ജയ്ക്ക്, രൂപ്സിംഗിനോട് ശത്രുത വളർന്നു എന്നുമാണ്. 10-08-1998-നും 11-08-1998-നും ഇടയ്ക്കുള്ള രാത്രി, പുലർച്ചെ മൂന്നു മണിക്ക്, രൂപ്സിംഗും അയാളുടെ ഭാര്യ ഷീലയും അവരുടെ ചൗക്കിൽ ഉറങ്ങുകയായിരുന്നു, ഈ സമയം വീട്ടിൽ ഒരു വിളക്ക് കത്തിച്ചുവച്ചിട്ടുമുണ്ടായിരുന്നു. അപ്പീൽവാദികളായ നരേന്ദ്രയും സഞ്ജയും മറ്റൊരാളോടൊപ്പം തമഞ്ച (തോക്ക്) ധാരികളായി രൂപ്സിംഗിന്റെ വീട്ടിലേക്ക്

വന്നു. അപ്പീൽവാദിയായ നരേന്ദ്ര, രൂപ്സിംഗിനുമേൽ നിരവധി വെടി ഉതിർക്കുകയും, രൂപ്സിംഗിന്റെ തലയിൽ വെടിയുണ്ടയേറ്റ് പരിക്കുണ്ടാവുകയും ചെയ്തു. പ്രോസിക്യൂഷൻ 2-ാം സാക്ഷിയായ ഷീലയുടെ മേൽ സഞ്ജയ്, വെടിയുതിർക്കുകയും അവർക്ക് കഴുത്തിലും വയറിലും അവരുടെ വലതുകാലിലും വെടിയുണ്ടയേറ്റ് പരിക്കുകളേൽക്കുകയും ചെയ്തു. വെടിയൊച്ചകൾ കേട്ട് പരാതിക്കാരനായ പ്രതാപ് സിംഗും ഓംപാൽ എന്ന മറ്റൊരാളും മറ്റു പലയാളുകളും സംഭവസ്ഥലത്തേയ്ക്ക് പാഞ്ഞെത്തുകയും, അവരെ കണ്ടപ്പോൾ അപ്പീൽവാദികളായ നരേന്ദ്രയും സഞ്ജയും മൂന്നാമത്തെ അക്രമിയും കൃത്യസ്ഥലത്തുനിന്നും ഓടിപ്പോവുകയും ചെയ്തു. മീററ്റിലെ സാർധന പോലീസ് സ്റ്റേഷനിൽ പ്രതാപ് സിംഗ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ഐ.പി.സി 307-ഉം 452-ഉം വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്ക് ക്രൈം നം. 387/1998 ആയി കേസ് രജിസ്റ്റർ ചെയ്യപ്പെട്ടു. പരിക്കേറ്റവരെ ചികിത്സയ്ക്കായി മീററ്റിലെ സാർധനയിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് അയച്ചു. രൂപ്സിംഗിനെ (മരണപ്പെട്ടയാൾ) ഡൽഹിയിലെ സഫ്ദർജംഗ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, ചികിത്സയ്ക്കുശേഷം രൂപ്സിംഗിനെ 25-09-1998-ൽ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു. പിന്നീട് രൂപ്സിംഗിന്റെ അവസ്ഥ സങ്കീർണ്ണമാവുകയും രൂപസിംഗിനെ വൈദ്യ പരിശോധനയ്ക്കായി ഡൽഹിയിലേക്ക് കൊണ്ടുപോവുകയും 13-10-1998-ൽ രൂപ്സിംഗ് മരണപ്പെടുകയും ചെയ്തു. പരിക്കേറ്റ രൂപ്സിംഗിന്റെ മരണത്തെക്കുറിച്ച് രാംപാൽ രേഖാമൂലവുമുള്ള വിവരം പോലീസിന് നൽകുകയും പ്രഥമവിവര റിപ്പോർട്ടിനോട് ഐ.പി.സി 302-ാം വകുപ്പ് കൂട്ടിച്ചേർക്കുകയും ചെയ്തു. അന്വേഷണം പൂർത്തിയാക്കിയതിനു ശേഷം അപ്പീൽവാദികൾക്കെതിരെ ഐ.പി.സി 302-ഉം 307-ഉം 452-ഉം വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്ക് കുറ്റപത്രം ഫയൽ ചെയ്തു.

4. അപ്പീൽവാദികൾക്കെതിരെയുള്ള കുറ്റാരോപണം തെളിയിക്കുന്നതിന്, പ്രോസിക്യൂഷൻ ഒൻപത് സാക്ഷികളെ വിസ്തരിക്കുകയും, ഇരുപത്തഞ്ച് രേഖകളും തൊണ്ടിമുതലുകളും തെളിവായി ഹാജരാക്കുകയും ചെയ്തു. തെളിവുകൾ വിലയിരുത്തിയതിന്മേൽ, മീററ്റിലെ വിജ്ഞാനിയായ അഡീഷണൽ സെഷൻസ് ജഡ്ജി 17-03-2007-ലെ വിധിന്യായത്തിലൂടെ അപ്പീൽവാദികളെ ഐ.പി.സി 302-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരവും, 307-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ചപ്രകാരവും, 452-ാം വകുപ്പ് പ്രകാരവും കുറ്റക്കാരാണെന്ന് കണ്ടെത്തുകയും യഥാക്രമം ജീവപര്യന്തം തടവും 5000/- രൂപ പിഴയോടുകൂടിയ പത്തുവർഷത്തെ തടവും, 1000/- രൂപ പിഴയോടുകൂടിയ മൂന്നു വർഷത്തെ തടവും അനുഭവിക്കുവാൻ അവർക്ക് ശിക്ഷ വിധിക്കുകയും ചെയ്തു. പിഴത്തുകയുടെ പകുതി പ്രോസിക്യൂഷൻ 2-ാം

സാക്ഷിയായ ഷീലയ്ക്ക് നഷ്ടപരിഹാരമായി കൊടുക്കേണ്ടതാണെന്ന് വിചാരണക്കോടതി ഉത്തരവിട്ടു. കുറ്റസ്ഥാപന വിധിയെ സങ്കടത്തോടെ എതിർത്തുകൊണ്ട് അപ്പീൽവാദികൾ അലഹബാദ് ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ക്രിമിനൽ അപ്പീലുകൾ മുൻപറഞ്ഞപ്രകാരം അപ്പീൽവാദികളിന്മേൽ ചുമത്തപ്പെട്ട കുറ്റസ്ഥാപനവും ശിക്ഷയും ശരിവച്ചുകൊണ്ട് 30-08-2012 -ലെ ചോദ്യംചെയ്ത പൊതുവിധിന്യായം മുഖേന തള്ളിക്കളഞ്ഞിരുന്നു. അപ്പീൽവാദികൾ അവരുടെ മേൽ ചുമത്തപ്പെട്ട കുറ്റസ്ഥാപനത്തിലും ശിക്ഷാവിധിയിലും പരാതിപ്പെട്ടുകൊണ്ടാണ് ഈ അപ്പീലുകൾ ബോധിപ്പിച്ചിരിക്കുന്നത്.

5. മരണപ്പെട്ട രൂപ്സിംഗ്, സംഭവത്തിന് ഏകദേശം ഒന്നര വർഷത്തിനു മുൻപ് തന്നെ തന്റെ വസ്തു പ്രതാപ് സിംഗിന് (പ്രോസിക്യൂഷൻ 1-ാം സാക്ഷി) കൈമാറ്റം ചെയ്തിട്ടുള്ളതും, അതുകൊണ്ട് സഞ്ജയ് തന്റെ സഹോദരൻ രൂപ്സിംഗിനെ, അയാളുടെ വസ്തുവും അപ്പീൽവാദിയായ നരേന്ദ്രയ്ക്ക് വിൽക്കുവാൻ നിർബന്ധിക്കുമായിരുന്നു എന്നത് സംഭവ്യമല്ലാത്തതും, ആ നിലയിൽ പ്രോസിക്യൂഷൻ ഉയർത്തിയ പ്രേരകകാരണം സംഭവ്യമായ ഒന്നല്ലെന്നും അപ്പീൽവാദികൾക്കുവേണ്ടിയുള്ള വിജ്ഞാനിയായ അഭിഭാഷകൻ വാദിച്ചു. രൂപ്സിംഗിന്റെ മരണകാരണം, ഡോ. ലക്ഷ്മൺ ദാസിന്റെ (പ്രോസിക്യൂഷൻ 9-ാം സാക്ഷി) തെളിവിൽ നിന്നും കാണുന്നതു പോലെ, രൂപ്സിംഗിനെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തപ്പോൾ അയാളുടെ സ്ഥിതി ഭദ്രമായിരുന്നുവെന്നതുകൊണ്ടും, അതിന് രണ്ടുമാസങ്ങൾക്കുശേഷമാണ് രൂപ്സിംഗ് രക്തദൂഷ്യം (രക്തവിഷബാധ) മൂലം മരണപ്പെട്ടിട്ടുള്ളത് എന്നതുകൊണ്ടും, ഐ.പി.സി 302-ാം വകുപ്പുപ്രകാരമുള്ള അപ്പീൽവാദികളുടെ കുറ്റസ്ഥാപനം നിലനിൽക്കത്തക്ക തല്ലെന്നു കൂടുതലായി ബോധിപ്പിച്ചു.

6. നേരെ മറിച്ച്, അപ്പീൽവാദികളേല്പിച്ച വെടിയുണ്ടകൾ കൊണ്ടുള്ള അനേകം പരിക്കുകളുടെ നേരിട്ടുള്ള ഫലമായിരുന്നു രൂപ്സിംഗിന്റെ മരണമെന്നും അപ്പീൽവാദികളേല്പിച്ച തലയ്ക്കുള്ള പരിക്ക് സാധാരണ ഗതിയിൽ മരണകാരണമാകുന്നതിന് പര്യാപ്തമായിരുന്നുവെന്നും കീഴ്ക്കോടതികൾ അപ്പീൽവാദികളെ ഐ.പി.സി 302-ാം വകുപ്പുപ്രകാരം ശരിയായിട്ടാണ് കുറ്റസ്ഥാപനം ചെയ്തതെന്നും, ആയതിൽ ഇടപെടാൻ കഴിയുന്നതല്ലായെന്നും, എതിർകക്ഷിക്കു വേണ്ടി വിജ്ഞാനിയായ മുതിർന്ന അഭിഭാഷകൻ ശ്രീ. രത്നാകർ ഡാഷ് വാദിച്ചു. മരണപ്പെട്ട രൂപ്സിംഗിന് വെടിയുണ്ടകൾ കൊണ്ടുള്ള പരിക്കുകൾ തലയ്ക്കാണ് ഏറ്റതെന്നതുകൊണ്ട് മരണം സംഭവിക്കണമെന്നുള്ള ഉദ്ദേശ്യം, പരിക്കിന്റെ സ്ഥാനം, സ്വഭാവം, ഉപയോഗിച്ച ആയുധം ഇവകളിൽ നിന്നും അനുമാനിക്കുവാൻ കഴിയുന്നതാണെന്ന് വിജ്ഞാനിയായ മുതിർന്ന അഭിഭാഷകൻ ബോധിപ്പിച്ചു.

7. തെളിവിൽ നിന്നും കാണാവു

ന്നതുപോലെ, നാടൻതോക്കുകൾ ധരിച്ച് അപ്പീൽവാദികളായ സഞ്ജയും, നരേന്ദ്രയും, അജ്ഞാതനായ ഒരു അക്രമിയും 11-08-1998 പുലർച്ചെ 3 മണിക്ക് മരണപ്പെട്ട രൂപ്സിംഗിന്റെ വീട്ടിൽ പ്രവേശിച്ചു എന്നതാണ് പ്രോസിക്യൂഷൻ കേസ്. അപ്പീൽവാദിയായ സഞ്ജയ് മരണപ്പെട്ടയാളിന്റെ ഭാര്യയായ തന്റെ സഹോദര ഭാര്യ ഷീലയെ (പ്രോസിക്യൂഷൻ 2-ാം സാക്ഷി) നാലു തവണ വെടിവച്ചതായും, നരേന്ദ്ര മരണപ്പെട്ട രൂപ്സിംഗിനെ ഒരു തവണ വെടിവച്ചതായും ആരോപണം ഉന്നയിക്കുന്നു. രൂപ്സിംഗിനെ ഡൽഹി സഫ്ദർജങ് ഹോസ്പിറ്റലിൽ ശസ്ത്രക്രിയക്ക് വിധേയനാക്കുകയും, 25-09-1998-ൽ ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയും, അയാളെ സർധന ഗ്രാമത്തിലുള്ള അയാളുടെ വീട്ടിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്തു. പരിക്കേറ്റ രൂപ്സിംഗിനെ വൈദ്യപരിശോധനയ്ക്കായി ഡൽഹിയിലേക്ക് കൊണ്ടുവന്നപ്പോൾ, അയാൾ ആശുപത്രിയിലേക്കുള്ള വഴിമദ്ധ്യേ 13-10-1998-ൽ മരിച്ചു. ക്രിമിനൽ ഉദ്ദേശ്യത്തോടുകൂടി അപ്പീൽവാദികൾ ചെയ്ത കൃത്യത്തെപ്പറ്റി പ്രോസിക്യൂഷൻ 1-ഉം 2-ഉം സാക്ഷികൾ ഒരേരീതിയിൽ പറയുകയുണ്ടായി. പ്രോസിക്യൂഷൻ 2-ാം സാക്ഷിയായ ഷീല പരിക്കേറ്റ ഒരു സാക്ഷി ആയതുകൊണ്ട്, അവരുടെ വിവരണം കൂടുതൽ ആശ്രയിക്കാവുന്നതുമാണ്. പരിക്കേറ്റ സാക്ഷിയുടെ മൊഴിയും, പരാതിക്കാരനായ പ്രതാപ് സിംഗ് സംഭവത്തിന് ഒന്നര മണിക്കൂറിനകം കാലതാമസം ഇല്ലാതെ പരാതി സമർപ്പിച്ചുവെന്ന വസ്തുതയും കൂടിച്ചേർന്ന് പ്രോസിക്യൂഷൻ കേസിന് ബലം നൽകുന്നു. പ്രോസിക്യൂഷൻ വിവരണം ചോദ്യം ചെയ്യത്തക്കതല്ല എന്നതുകൊണ്ട്, അപ്പീൽവാദികൾ ചെയ്ത കുറ്റത്തിന്റെ സ്വഭാവം എന്ന പ്രശ്നത്തിലേക്ക് പരിമിതപ്പെടുത്തി ഈ കോടതി 18-04-2013 -ലെ ഉത്തരവ് വഴി നോട്ടീസ് പുറപ്പെടുവിച്ചു.

8. മരണപ്പെട്ടയാൾ ആക്രമണത്തിനുശേഷം അറുപത്തിരണ്ട് ദിവസം കൂടി ജീവിച്ചിരുന്നുവെന്നും ശസ്ത്രക്രിയ കഴിഞ്ഞ് സ്ഥിതി ഭദ്രമായ നിലയിലാണ് ഡിസ്ചാർജ്ജ് ചെയ്യപ്പെട്ടതെന്നും അപ്പീൽവാദികൾ മുന്നോട്ടുവച്ച പ്രത്യേക വാദത്തിന്റെ വെളിച്ചത്തിൽ, പരിശോധിക്കേണ്ട തായുള്ള ഒരേ ഒരു സംഗതി, ഐ.പി.സി 302-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽവാദികളുടെ കുറ്റസ്ഥാപനം നിലനിൽക്കത്തക്കതാണോ എന്നതാണ്.

9. പരിക്കേറ്റ രൂപ്സിംഗിനെ 12-08-1998-ൽ പരിശോധിച്ച ഡൽഹി സഫ്ദർജങ് ആശുപത്രിയിലെ ന്യൂറോസർജനായ ഡോ. ലക്ഷ്മൺ ദാസ് (പ്രോസിക്യൂഷൻ 9-ാം സാക്ഷി), രൂപ്സിംഗിന്റെ തലയുടെ മുൻഭാഗത്ത് മധ്യത്തിൽ വെടിയുണ്ട തുളച്ച ഒരു മുറിവ് കണ്ടെത്തി, അതിന് 2 സെ.മീ X 2 സെ.മീ അളവുണ്ടായിരുന്നു. പ്രോസിക്യൂഷൻ 9-ാം സാക്ഷി 15-09-1998-ൽ ശസ്ത്രക്രിയ നടത്തുകയും, രൂപ്സിംഗിന്റെ തലയുടെ സുപ്രാസെല്ലാർ ഭാഗത്തുനിന്നും വെടിയുണ്ട എടുത്തുമാറ്റപ്പെടുകയും ചെയ്തു. 12-08-1998

-ൽ ആശുപത്രിയിൽ രൂപ്സിംഗിനെ പ്രവേശിപ്പിച്ച സമയത്ത്, രോഗിയുടെ നില പൊതുവേ ഗുരുതരമായിരുന്നുവെന്നും, തലയിലേറ്റ പരിക്കുകൾ അയാളുടെ ജീവന് അപകടകരമായിരുന്നുവെന്നും, പ്രോസിക്യൂഷൻ 9-ാം സാക്ഷി പറഞ്ഞിരുന്നു. 25-09-1998-ൽ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത സമയത്ത് മരണപ്പെട്ടയാളിന്റെ സ്ഥിതി ഗുരുതരാവസ്ഥയിലായിരുന്നില്ലെന്നും അയാളുടെ സ്ഥിതി ഭദ്രമായിരുന്നുവെന്നും ഡോ. ലക്ഷ്മൺ ദാസ് (പ്രോസിക്യൂഷൻ 9-ാം സാക്ഷി) അഭിപ്രായപ്പെട്ടു. ഈ കേസിൽ മരണപ്പെട്ട രൂപ്സിംഗ്, ദൗർഭാഗ്യകരമായ സംഭവത്തിന്റെ അറുപത്തിരണ്ട് ദിവസങ്ങൾക്കു ശേഷം മരിച്ചു എന്നത് സമ്മതിക്കേണ്ടിയിരിക്കുന്നു. രൂപ്സിംഗിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയ പ്രോസിക്യൂഷൻ 3-ാം സാക്ഷിയായ ഡോ. എം.സി. ഗുലേച്ച, രൂപ്സിംഗിന്റെ മരണത്തിനു മുമ്പ് അയാൾക്കേറ്റ മുറിവുകൾ മൂലമുണ്ടായ രക്തദൂഷ്യം (രക്തവിഷബാധ) മരണകാരണമെന്ന് അഭിപ്രായപ്പെട്ടു.

10. സംഭവദിനത്തിന്റെ രണ്ടിലധികം മാസങ്ങൾക്കുശേഷമാണ് രൂപ്സിംഗ് മരണപ്പെട്ടതെന്നതിനാലും, അയാളെ ആശുപത്രിയിൽ നിന്നും നല്ല സ്ഥിതിയിലാണ് ഡിസ്ചാർജ്ജ് ചെയ്തതെന്നും, ആശുപത്രിയിൽ നിന്നും അയാളെ ഡിസ്ചാർജ് ചെയ്തതിനുശേഷം, വേണ്ടത്ര ശ്രദ്ധയില്ലായ്മ മൂലം രക്തദൂഷ്യം (രക്തവിഷബാധ) വന്നുചേർന്നിരിക്കാമെന്നും, അതിനാൽ, മരണപ്പെട്ടയാളുടെ മരണത്തിന് അപ്പീൽവാദികൾ കാരണക്കാരായി എന്നും പറയുവാൻ കഴിയുന്നതല്ലെന്നും, ഐ.പി.സി 302-ാം വകുപ്പ് പ്രകാരമുള്ള കുറ്റസ്ഥാപനം നിലനിൽക്കുന്നതല്ലെന്നും അപ്പീൽവാദികൾക്കുവേണ്ടിയുള്ള വിജ്ഞാനിയായ അഭിഭാഷകൻ ബോധിപ്പിച്ചു.

11. രണ്ടാം അപ്പീൽവാദി നരേന്ദ്ര, മരണപ്പെട്ടയാളിന്റെ നെറ്റിയിൽ ഗുരുതരമായ പരിക്കുകളേല്പിച്ചെന്നും മരണപ്പെട്ടയാളെ കൊല്ലുവാനുള്ള ഉദ്ദേശ്യത്തോടുകൂടി വെടികളുതിർത്തുവെന്നും, മരണം സംഭവിപ്പിക്കുവാനുള്ള ഉദ്ദേശ്യം പരിക്കേറ്റ സ്ഥാനത്തിൽ നിന്നും അനുമാനിക്കാൻ കഴിയുന്നതാണെന്നും, ആ കൃത്യം സാധാരണ ഗതിയിൽ മരണകാരണമാകുന്നതിന് പര്യാപ്തമായിരുന്നുവെന്നും എതിർകക്ഷിക്കുവേണ്ടിയുള്ള വിജ്ഞാനിയായ മുതിർന്ന അഭിഭാഷകൻ വാദിച്ചു. ഈ കോടതിയുടെതന്നെ, *ജഗ്താർ സിംഗും മറ്റൊരാളും* അഭി *പഞ്ചാബ് സർക്കാർ* (1999) 2 എസ് സി സി 174: (എ.ഐ.ആർ 1999 എസ് സി 75), *ധൂപ ചാമർ-ഉം മറ്റുള്ളവരും* അഭി *ബീഹാർ സർക്കാർ* (2002) 6 എസ് സി സി 506: (എ.ഐ. ആർ 2002 എസ് സി 2834) എന്ന കേസുകളിലെ, വിധിന്യായങ്ങൾ ഇതിലേക്ക് ആശ്രയമായി എടുത്തിരിക്കുന്നു.

12. *ജഗ്താർ സിംഗിന്റെ* കേസിൽ (എ.ഐ.ആർ 1999 എസ് സി 75) (മുകളിൽ സൂചിപ്പിച്ചത്), ഹർബൻസ് സിംഗ്, മരണപ്പെട്ട നൈബ് സിംഗിന്റെ തലയുടെ ഇടതുവശത്ത് അരിവാളു

പോലുള്ള ആയുധം (gandasa) കൊണ്ട് അടിച്ചു, ജഗ്താർ സിംഗ് മരണപ്പെട്ടയാളെ മൺകോരി (khapra) കൊണ്ട് അടിച്ചു. 23-09-1991-ൽ ആ സംഭവം നടക്കുകയും, പരിക്കേറ്റയാൾ, 09-10-1991-ൽ ചണ്ഡീഗറിലെ പി.ജി.ഐ ഹോസ്പിറ്റലിൽ ചികിത്സയിലാ യിരുന്നപ്പോൾ തന്നെ, അയാളുടെ പരിക്കുകൾക്ക് ഇരയായിത്തീരുകയും ചെയ്തു. പ്രസ്തുത കേസിൽ, മരണപ്പെട്ടയാൾ, ചികിത്സയിലായിരുന്നപ്പോൾ തന്നെ പരിക്കുകൾക്ക് ഇരയായിത്തീർന്നുവെന്ന് തെളിവിൽ നിന്നും വ്യക്തമാവുകയും അങ്ങനെയുള്ള വസ്തുതകളിലും സാഹചര്യങ്ങളിലും, പരിക്കുകൾ സാധാരണ ഗതിയിൽ മരണ കാരണമാകുന്നതിന് പര്യാപ്തമായിരുന്നുവെന്ന് കോടതി അനുമാനിക്കുകയും ചെയ്തു. *ധൂപ ചാമറുടെ* കേസിൽ (എ.ഐ.ആർ 2002 എസ് സി 2834) (മുകളിൽ സൂചിപ്പിച്ചത്) രാം പട്യ ദേവിയുടെ കഴുത്തിന്റെ ഇടതുവശത്ത് ധൂപചാമർ ഒരു വടി (bhala) കൊണ്ട് അടിക്കുകയും, അവർ താഴെ വീഴുകയും തത്ക്ഷണം മരിക്കുകയും ചെയ്തു. ധരംചാമറിനെ രണ്ടാം പ്രതി ടോഖാ റാം അടിവയറിൽ വടി (bhala) കൊണ്ട് ആക്രമിക്കുകയും, അയാളെ ആശുപത്രിയിൽ ഉടൻ എത്തിച്ചെങ്കിലും ആശുപത്രിയിൽ എത്തിയപ്പോഴേക്കും അയാൾ മരണപ്പെട്ടിരുന്നതായി സ്ഥിരീകരിക്കപ്പെടുകയും ചെയ്തു. മരണപ്പെട്ട വ്യക്തികൾക്ക് തത്ക്ഷണമുള്ള മരണത്തിന് വഴിവെച്ചതായ, ഏൽപ്പിക്കപ്പെട്ട പരിക്കുകളുടെ സ്വഭാവത്തിന്റെയും മറ്റു സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ, ഉദ്ദേശിക്കപ്പെട്ട പരിക്കുകൾ സാധാരണ ഗതിയിൽ മരണകാരണമാകുന്നതിന് പര്യാപ്തമായിരുന്നുവെന്ന് കോടതി വിധിക്കുകയും, പ്രതികളെ ഐ.പി.സി 302-ാം വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾക്ക് കുറ്റസ്ഥാപനം ചെയ്യുകയും ചെയ്തു.

13. എന്നിരുന്നാലും, ഈ കേസിൽ, സംഭവത്തിന് അറുപത്തിരണ്ട് ദിവസങ്ങൾക്കു ശേഷം മരണം രക്തദൂഷ്യം (രക്തവിഷബാധ) മൂലം സംഭവിച്ചുവെന്നതും, അത് പരോക്ഷമായി മരണപ്പെട്ടയാൾക്കേറ്റ പരിക്കുകൾ മൂലമാണെന്നതും പ്രകടമാണ്. 13-10-1998-ലെ മരണത്തിന്റെ ഏറ്റവും അടുത്ത കാരണം 11-08-1998-ലെ സംഭവത്തിലുണ്ടായ പരിക്കുകൾ കൊണ്ടുണ്ടായ രക്തദൂഷ്യം (രക്തവിഷബാധ) ആണ് എന്നത് നിസ്തർക്കമാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ, ഡോ. ലക്ഷ്മൺ ദാസ് നൽകിയ തെളിവനുസരിച്ച്, (പ്രോസിക്യൂഷൻ 9-ാം സാക്ഷി), രൂപ്സിംഗ് ആശുപത്രിയിൽ നിന്നും നല്ല ആരോഗ്യസ്ഥിതിയിൽ ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയും അയാൾ അറുപത്തിരണ്ട് ദിവസം ജീവിച്ചിരിക്കുകയും ചെയ്തു. അത്തരം വസ്തുതകളിലും സാഹചര്യങ്ങളിലും, മരണപ്പെട്ടയാൾക്ക് തലയ്ക്കേറ്റ പരിക്ക് സാധാരണ ഗതിയിൽ മരണകാരണമാകുന്നതിന് പര്യാപ്തമായിരുന്നുവെന്ന് ഡോ. ലക്ഷ്മൺ ദാസിൽ (പ്രോസിക്യൂഷൻ 9-ാം സാക്ഷി) നിന്നും പ്രോസിക്യൂഷൻ വെളിവാക്കപ്പെടേണ്ടതായിരുന്നു. അത്തരത്തിലുള്ള യാതൊരു അഭിപ്രാ

യവും ഡോ. ലക്ഷ്മൺ ദാസിൽ (പ്രോസിക്യൂഷൻ 9-ാം സാക്ഷി) നിന്നോ ഡോ. ഗുലേച്ചയിൽ (പ്രോസിക്യൂഷൻ 3-ാം സാക്ഷി) നിന്നോ വെളിവാക്കപ്പെട്ടിരുന്നില്ല. രൂപ്സിംഗ് അറുപത്തിരണ്ട് ദിവസംകൂടി ജീവിച്ചിരുന്നുവെന്നും, അയാളെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ അയാളുടെ സ്ഥിതി ഭദ്രമായിരുന്നുവെന്നും ഉള്ള വസ്തുത പരിഗണിച്ചിരിക്കുന്നതുകൊണ്ട് ഐ.പി.സി 300-ാം വകുപ്പിലെ 3-ാം ഖണ്ഡം ബാധകമാകുന്ന തരത്തിൽ, ഉദ്ദേശിക്കപ്പെട്ട പരിക്ക് സാധാരണ ഗതിയിൽ മരണകാരണമാകുന്നതിന് മതിയായതായിരുന്നുവെന്ന് കോടതിക്ക് അനുമാനിക്കുവാൻ കഴിയുന്നതല്ല.

14. മരണപ്പെട്ടയാളിന്റെ തലയ്ക്ക് ഇരുമ്പ് പൈപ്പ് കൊണ്ട് പ്രതി കൊടുത്ത ഒറ്റ അടി കൊണ്ട്, മരണപ്പെട്ടയാൾ സംഭവത്തിന് പതിനെട്ട് ദിവസങ്ങൾക്ക് ശേഷം രക്തദൂഷ്യവും (രക്തവിഷബാധ) മറ്റു സങ്കീർണ്ണതകളും കൊണ്ട് മരണപ്പെടുകയും ചെയ്ത ഗോദ എന്ന് കൂടി വിളിക്കുന്ന *ഗംഗാദാസ്* അഭി *ഹരിയാന സർക്കാർ* 1994 സപ് (1) എസ്.സി.സി 534: (1993 എ.ഐ.ആർ. എസ്.സി.ഡബ്ല്യു 3614 പാര 6) എന്ന കേസിൽ ഈ കോടതി ഐ.പി.സി 302-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽ വാദിയുടെ കുറ്റസ്ഥാപനത്തെ, ഐ.പി. സി 304-ാം വകുപ്പിന്റെ II-ാം ഭാഗത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ഈ കോടതി താഴെ പറയും പ്രകാരം നിരീക്ഷിക്കുകയും ചെയ്തു.

"6. ഉന്നയിക്കപ്പെട്ട വസ്തുതകൾക്ക് പരിഗണനാർഹമായ ബലം ഉള്ളതായി ഞങ്ങൾ കാണുന്നു. മുകളിൽ പ്രസ്താവിച്ചതുപോലെ, 1988 നവംബർ 18-ന് സംഭവം നടന്നിട്ടുള്ളതും മരണപ്പെട്ടയാൾ, പതിനെട്ട് ദിവസങ്ങൾക്കുശേഷം 1988 ഡിസംബർ 5-ന് രക്തദൂഷ്യവും (രക്തവിഷബാധ) മറ്റ് സങ്കീർണ്ണതകളും മൂലം മരിച്ചിട്ടുള്ളതുമാണ്. തലയിൽ ഒരു പരിക്ക് മാത്രം കണ്ടെത്തിയിട്ടുള്ളതും, അത് ഒരു ഇരുമ്പ് പൈപ്പ് കൊണ്ടുള്ള ഒറ്റ അടി മൂലമാണ് തലയിൽ ഒരേ ഒരു പരിക്ക് ഉണ്ടായതെന്നും കൂർത്ത മുനയുള്ള ഒരു ആയുധം കൊണ്ടല്ലാത്തതാണെന്ന് ഡോക്ടർ കണ്ടെത്തി. കേസിന്റെ സാഹചര്യങ്ങൾ വച്ച്, അപ്പീൽവാദി മരണം സംഭവിപ്പിക്കുവാൻ ഉദ്ദേശിച്ചുവെന്ന് വിധിക്കുവാൻ പ്രയാസമുള്ളതും, പ്രത്യേകമായ ആ പരിക്ക് ഉണ്ടാക്കുവാൻ അയാൾ ഉദ്ദേശിച്ചുവെന്ന് പറയുവാനും കഴിയുന്നതല്ല. സംഗതി എന്തുതന്നെയായാലും, പരിക്കേറ്റ, മരണപ്പെട്ടയാളെ ശസ്ത്രക്രിയക്ക് വിധേയനാക്കിയതായും, നിർഭാഗ്യവശാൽ ചില സങ്കീർണ്ണതകൾ ഉണ്ടാവുകയും അന്തിമമായി അയാൾ ഹൃദയത്തിന്റെ പ്രവർത്തന തകരാർ മുതലായവ കാരണം മരിക്കുകയും ചെയ്തുവെന്ന് മെഡിക്കൽ സംബന്ധിയായ തെളിവ് വ്യക്തമാക്കുന്നു. ഈ സാഹചര്യങ്ങളിൽ, ഐ.പി.സി 302-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽവാദിയുടെ കുറ്റസ്ഥാപനത്തെയും, അതിൻപ്രകാരം നൽകിയ ജീവപര്യന്തം തടവിനുള്ള ശിക്ഷാവിധിയെയും ഞങ്ങൾ അസ്ഥിര

പ്പെടുത്തുന്നു. പകരം അയാളെ ഞങ്ങൾ ഐ.പി.സി 304-ാം വകുപ്പ് II-ാം ഭാഗം പ്രകാരം കുറ്റസ്ഥാപനം ചെയ്യുകയും, ആറ് വർഷം കഠിന തടവ് അനുഭവിക്കുവാൻ അയാൾക്ക് ശിക്ഷ വിധിക്കുകയും ചെയ്യുന്നു. 2000/- രൂപ പിഴയ്ക്കുള്ള ശിക്ഷാവിധിയും ഒപ്പം പിഴ അടയ്ക്കുവാൻ വീഴ്ച വരുത്തിയാലുള്ള തുടർനടപടികൾ ഇവ അംഗീകരിക്കുന്നു. അതിനനുസൃതമായി അപ്പീൽ ഭാഗികമായി അനുവദിക്കുന്നു.''

15. ഈ കേസിൽ, അപ്പീൽ വാദികൾ നാടൻതോക്കുപോലുള്ള തോക്കുകൾ ഉപയോഗിച്ച് രൂപ്സിംഗിന്റെ തലയ്ക്ക് വെടിവച്ചിട്ടുള്ളതും, മരണകാരണമാകാനിടയുള്ള അത്തരത്തിലുള്ള ശാരീരികമായ പരിക്കേല്പിക്കണമെന്ന ഉദ്ദേശ്യം പ്രതികൾക്ക് ഉണ്ടായിരുന്നിട്ടുള്ളതുമാണ്. വെടിയുണ്ട കൊണ്ടുള്ള പരിക്ക് അതിപ്രധാന അവയവമായ തലയിലായതുകൊണ്ടു്, അത്തരത്തിലുള്ള ശാരീരികമായ പരിക്കേല്പിക്കണമെന്ന് രണ്ടാം അപ്പീൽവാദി ഉദ്ദേശിച്ചിട്ടുള്ളതും ആയതിനാൽ, അപ്പീൽവാദിയുടെ കുറ്റസ്ഥാപനത്തെ ഐ.പി.സി 302-ാം വകുപ്പിൽ നിന്നും ഐ.പി.സി 304-ാം വകുപ്പിലെ I-ാം ഭാഗത്തിലേക്ക് മാറ്റപ്പെടുന്നു. രൂപ്സിംഗിനെ അയാളുടെ തലയ്ക്ക് വെടിവച്ചത് നരേന്ദ്ര മാത്രമാണെന്നും, അപ്പീൽവാദിയായ സഞ്ജയ്, ഷീലയെ (പ്രോസിക്യൂഷൻ 2-ാം സാക്ഷി) അവരുടെ കഴുത്തിലും വയറിലും കാലിലും മാത്രമേ വെടിവച്ചിട്ടുള്ളൂ എന്നും അപ്പീൽവാദിയായ സഞ്ജയ്ക്കു വേണ്ടിയുള്ള വിജ്ഞാനിയായ അഭിഭാഷകൻ വാദം ഉന്നയിച്ചു. സഞ്ജയ്, ഷീലയെ മാത്രമാണ് വെടിവച്ചത് എന്നും ഐ.പി.സി 302-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം അയാളെ രൂപ്സിംഗിന്റെ മരണത്തിന് ഇടവരുത്തിയതിനുള്ള കുറ്റസ്ഥാപനം ചെയ്യുവാൻ കഴിയുന്നതല്ലായെന്ന് അപ്പീൽവാദിയായ സഞ്ജയ്ക്കു വേണ്ടിയുള്ള വിജ്ഞാനിയായ അഭിഭാഷകൻ വാദിച്ചു. മേല്പറഞ്ഞ വാദത്തിന് യാതൊരു അടിസ്ഥാനവും ഇല്ല. അപ്പീൽവാദികളുടെ പൊതുവായ ഉദ്ദേശ്യം, കുറ്റകൃത്യം ചെയ്യപ്പെട്ട രീതിയിൽ നിന്നും മനസ്സിലാക്കപ്പെടേണ്ടതാണ്. രണ്ടു അപ്പീൽവാദികളും തോക്കുധാരികളായി 11-08-1998-ൽ പുലർച്ചെ ഒരുമിച്ചു വന്നു. രണ്ടു അപ്പീൽ വാദികളും അവരുടെ നാടൻതോക്കുകൾകൊണ്ട് വിവേചനരഹിതമായി യഥാക്രമം മരണപ്പെട്ട രൂപ്സിംഗിനെയും ഷീലയെയും, (പ്രോസിക്യൂഷൻ 2-ാം സാക്ഷി) വെടിവച്ചു. അപ്പീൽ വാദികളുടെ പെരുമാറ്റം, കുറ്റകൃത്യം ചെയ്യപ്പെട്ട രീതി എന്നിവ രണ്ട് അപ്പീൽ വാദികളും പൊതുഉദ്ദേശ്യത്തെ പുരോഗമിപ്പിക്കുന്നതിന് പ്രവർത്തി ച്ചതിനും മതിയായതായി കണ്ട് ഐ.പി.സി 34-ാം വകുപ്പ് ചുമത്തുവാൻ പര്യാപ്തമാണ്. ഐ.പി. സി 302-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരമുള്ള അപ്പീൽവാദിയായ സഞ്ജയ്യുടെ കുറ്റസ്ഥാപനത്തെ ഐ.പി.സി 304-ാം വകുപ്പിലെ I-ാം ഭാഗം പ്രകാരമുള്ള കുറ്റസ്ഥാപനത്തിലേക്ക്

ഭേദഗതി വരുത്തിയിരിക്കുന്നു.

16. യഥാക്രമം, ഐ.പി.സി 302-ാം വകുപ്പും ഐ.പി.സി 302-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരവുമുള്ള അപ്പീൽവാദികളായ നരേന്ദ്രയുടെയും സഞ്ജയ്യുടെയും കുറ്റസ്ഥാപനത്തെ യഥാക്രമം ഐ.പി. സി 304-ാം വകുപ്പിന്റെ I-ാം ഭാഗത്തിലേക്കും ഐ.പി.സി 304-ാം വകുപ്പ് I-ാം ഭാഗവും 34-ാം വകുപ്പുമായി കൂട്ടിവായിച്ചും ഭേദഗതി വരുത്തിയിരിക്കുന്നതും അവർ ഓരോരുത്തരേയും പത്തു വർഷത്തെ കഠിന തടവ് അനുഭവിക്കാൻ വിധിക്കുന്നതും, ആയത്, അപ്പീൽവാദികളുടെ മേൽ ചുമത്തപ്പെട്ട തടവ് ശിക്ഷാവിധിയോടൊപ്പം ഒരേ സമയത്ത് അനുഭവിക്കേണ്ടതുമാണ്. അപ്പീൽവാദികളുടെ മറ്റു കുറ്റങ്ങൾക്കുള്ള കുറ്റസ്ഥാപനവും, യഥാക്രമം അവയ്ക്ക് അപ്പീൽവാദികളുടെ മേൽ ചുമത്തപ്പെട്ട തടവ് ശിക്ഷാവിധിയും പിഴയും ശരിവയ്ക്കുന്നു. അപ്പീലുകൾ മേല്പറഞ്ഞത്ര മാത്രം ഭാഗികമായി അനുവദിക്കുന്നു.

അപ്പീലുകൾ ഭാഗികമായി അനുവദിച്ചു.

***************

# ഹൈക്കോടതി വിധിന്യായങ്ങൾ

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ

ബഹു.ജസ്റ്റീസ് രാജാ വിജയരാഘവൻ. വി.

ക്രിമിനൽ എം.സി 2880/ 2016

മുഹമ്മദ് അഷറഫ്.................................... ഹർജിക്കാരൻ

കേരള സർക്കാർ .................................... എതിർകക്ഷി

2016 മേയ് 18-ന് വിധി കൽപ്പിച്ചത്

ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**ക്രിമിനൽ നടപടി നിയമ സംഹിത, വകുപ്പ് 482-ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ വകുപ്പ് 304 എ-ഐ.പി.സി 304 എ വകുപ്പിൻ കീഴിലുള്ള ഒരു കുറ്റത്തിന് കർക്കശ മല്ലാത്ത ഒരു നിലപാടെടുക്കുന്നത് ക്രിമിനൽ നീതി വ്യവസ്ഥയെ കുറിച്ച് ഒരു തെറ്റായ ധാരണ ഉണ്ടാക്കുകയും കൂടുതൽ ന്യായവിരുദ്ധമായ പ്രവൃത്തികളെ പ്രോൽസാഹിപ്പി ക്കുകയും ആയത് സമൂഹത്തിന്റെ മൊത്തത്തിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിനും ക്ഷേമത്തിനും ദോഷം വരുത്തുകയും ചെയ്യുന്നതു മാണ്. ഒരു ഒത്തുതീർപ്പ് സ്വീകരിക്കു ന്നതിനും നടപടിക്രമങ്ങൾ അസ്ഥിര പ്പെടുത്തുന്നതിനുമായി ഈ കോടതി യെ പ്രേരിപ്പിക്കുന്ന വിധത്തിൽ കക്ഷികൾ തമ്മിലുള്ള ഒരു സ്വകാര്യ തർക്കമായി അത്തരം കുറ്റങ്ങളെ കണക്കാക്കുവാൻ കഴിയുന്നതല്ല.**

**സംഹിതയുടെ 482-ാം വകുപ്പി ൻ കീഴിലെ സഹജാധികാരം, പരിമിത പ്പെടുത്തിയിട്ടില്ലാത്തതും നിർവചിച്ചി ട്ടില്ലാത്തതുമാണെങ്കിലും യുക്തി ഹീനമായോ സ്വേച്ഛാധിപത്യപര മായോ വിനിയോഗിക്കുവാൻ പാടില്ലാ ത്തതാണ്.**

## ഉത്തരവ്

മഞ്ചേരി ചീഫ് ജൂഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ ഫയലിലെ എൽ.പി.നം.36/2014-ലെ എല്ലാ തുടർ നടപടികളും അസ്ഥിരപ്പെടുത്ത ണമെന്ന അപേക്ഷയോടെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (ഇതിനുശേഷം ''സംഹിത'' എന്നാണ് പരാമർശിക്കപ്പെടുക) 482-ാം വകുപ്പിനു കീഴിൽ ഫയൽ ചെയ്തി ട്ടുള്ളതാണ് ഈ ഹർജി. ഇന്ത്യൻ

ശിക്ഷാ നിയമസംഹിതയിലെ 304എ, 279, 338 വകുപ്പുകൾക്കു കീഴിൽ, 2-ാം എതിർകക്ഷിയുടെ ആവശ്യപ്രകാരം രജിസ്റ്റർ ചെയ്ത മഞ്ചേരി പോലീസ് സ്റ്റേഷനിലെ 979/2011-ാം ക്രൈം നമ്പറിൽ നിന്ന് ഉത്ഭവിച്ചതാണ് മേൽപ്പറഞ്ഞ കേസ്.

2. 3-ാം എതിർകക്ഷി അയാളുടെ പിതാവിനെ പിൻസീറ്റിലിരുത്തി ഒരു മോട്ടോർ ബൈക്ക് 11-12-2011 വൈകുന്നേരം 4.30 ന് ഓടിച്ചു വരുമ്പോൾ, ഹർജിക്കാരൻ അപാകവും ഉദാസീനവുമായ രീതിയിൽ ഓടിച്ചുവന്ന ജീപ്പ്, മോട്ടോർ ബൈക്കിലിടിച്ച് 3-ാം എതിർകക്ഷിക്കും അയാളുടെ പിതാവിനും ഗുരുതരമായ ശാരീരിക ക്ഷതങ്ങൾ ഉണ്ടാക്കി എന്നാണ് പ്രോസിക്യൂഷൻ കേസ്. ഇതിലെ 3-ാം എതിർകക്ഷിയുടെ പിതാവായ കുഞ്ഞുമോൻ മൗലവി പരിക്കുകളുടെ കാഠിന്യത്താൽ മരണത്തിന് പിന്നീട് കീഴടങ്ങി.

3. ഹർജിക്കാരനുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകനെയും വിജ്ഞാനിയായ പബ്ലിക് പ്രോസിക്യൂട്ടറെയും 2-ഉം 3-ഉം എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകനെയും കേൾക്കുകയുണ്ടായി. രണ്ടാം എതിർകക്ഷി ആനുഷാംഗികമായി, മരണപ്പെട്ടയാളുടെ ഇളയ സഹോദരനാണ്, അദ്ദേഹമാണ് നിയമ നടപടികൾ ആരംഭിച്ചത്.

4. 2-ഉം 3-ഉം എതിർകക്ഷികൾ സത്യം ചെയ്ത് ബോധിപ്പിച്ച എ-2 ഉം എ-3 ഉം അനുബന്ധങ്ങളായ സത്യവാങ്മൂലങ്ങളെ ആശ്രയിച്ചുകൊണ്ട് ഹർജിക്കാരനുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകൻ തർക്കവിഷയം മദ്ധ്യസ്ഥരുടെ ആവശ്യപ്രകാരം ഒത്തുതീർപ്പാക്കിയിട്ടുള്ളതാണെന്നും ഇതിലെ ഹർജിക്കാരനെതിരെയുള്ള നടപടികൾ റദ്ദാക്കുന്നതിന് പ്രസ്തുത എതിർകക്ഷികൾക്ക് യാതൊരു ആക്ഷേപവുമില്ലെന്നും സമർപ്പിച്ചു. ഹർജിക്കാരനുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകന്റെ സമർപ്പണത്തെ എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന വിജ്ഞാനിയായ അഭിഭാഷകനും അംഗീകരിച്ചു.

5. നേരെമറിച്ച്, അനുബന്ധങ്ങളായ എ-2 ന്റേയും എ-3 ന്റേയും അടിസ്ഥാനത്തിൽ ക്രിമിനൽ നടപടികൾ അവസാനിപ്പിക്കുന്നത് നീതിയുടെ താൽപര്യത്തിലായിരിക്കുകയില്ലായെന്ന് വിജ്ഞാനിയായ പബ്ലിക് പ്രോസിക്യൂട്ടർ ബോധിപ്പിച്ചു. എന്നുമാത്രമല്ല, സംഹിതയിലെ വകുപ്പ് 2 (ഡബ്ല്യു എ) പ്രകാരം "ഇര" എന്നാൽ പ്രതിയുടെ മേൽ കുറ്റം ചുമത്തപ്പെട്ട പ്രവൃത്തിയുടെയോ കൃത്യവിലോപത്തിന്റെയോ കാരണത്താൽ എന്തെങ്കിലും നഷ്ടമോ പരിക്കോ അനുഭവിച്ച ഒരാൾ എന്നർത്ഥമാകുന്നതും, ഇര എന്ന പ്രയോഗത്തിൽ രക്ഷാകർത്താവും നിയമാനുസൃത അനന്തരാവകാശികളും ഉൾപ്പെടുന്നതാകുന്നുവെന്നും ബോധിപ്പിച്ചു. പരിഗണനയിലിരിക്കുന്ന കേസിൽ, ഒത്തുതീർപ്പ് വ്യവസ്ഥകൾ സംബന്ധിച്ചും മരണപ്പെട്ട ആളിന്റെ

നിയമാനുസൃത അനന്തരാവകാശികൾ ആരൊക്കെയാണെന്നത് സംബന്ധിച്ചും ഈ കോടതിക്ക് അറിവില്ലെന്നും പണ്ഡിതയായ പ്രോസിക്യൂട്ടർ ബോധിപ്പിച്ചു. മറ്റു കേസുകളിൽ നിന്നും വിഭിന്നമായി, ദുരിതമനുഭവിച്ച യഥാർത്ഥ ആൾ ജീവിച്ചിരിപ്പില്ല എന്നും തർക്കം ഒത്തുതീർപ്പായത് റിപ്പോർട്ട് ചെയ്യുന്നതിന് സത്യവാങ്മൂലം ഫയൽ ചെയ്യുവാൻ എതിർകക്ഷികൾക്ക് അവകാശമില്ലെന്നും പണ്ഡിതയായ പബ്ലിക്ക് പ്രോസിക്യൂട്ടർ പ്രാധാന്യത്തോട് എടുത്തുകാട്ടുന്നു. എന്നുമാത്രമല്ല, 304എ വകുപ്പിൻ കീഴിലുള്ള കുറ്റം സമൂഹത്തിൽ ശക്തമായ ഒരു ആഘാതമുണ്ടാക്കുമെന്നും ആയത് ഇരയുടെ അനന്തരാവകാശികളി ലൊരാളും പ്രഥമ വിവരം നൽകുന്ന ആളും കൂടിചേർന്ന്, കരുതാവുന്ന ഒരു ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കുകയാണെങ്കിൽ, അത് ഒരു തെറ്റായ സൂചന നൽകിയേക്കാമെന്നും ബോധിപ്പിക്കുകയുണ്ടായി. സാധാരണ മട്ടിൽ, സ്വകാര്യ വ്യക്തികൾ തമ്മിലുള്ള ഒരു കുറ്റമാണെന്ന് തീരുമാനിക്കുന്നതിന് സങ്കല്പിക്കുവാനേ കഴിയുകയില്ലെന്ന് വാദിക്കുന്നതിനായി വിജ്ഞാനിയായ പബ്ലിക് പ്രോസിക്യൂട്ടർ ***മധ്യപ്രദേശ് സർക്കാർ*** അഭി ***ദീപക്കും മറ്റുള്ളവരും ((2014) 10 എസ്സ്.സി.സി.285) മധ്യപ്രദേശ് സർക്കാർ*** അഭി ***മനീഷും മറ്റുള്ളവരും ((2015) 8 എസ്സ്.സി.സി.307)*** എന്നിവയിൽ ആശ്രയം അർപ്പിച്ചു.

6. വിജ്ഞാനിയായ പബ്ലിക് പ്രോസിക്യൂട്ടറുടെ സമർപ്പണം യോഗ്യമാണെന്ന് ഞാൻ കാണുന്നു. മരണപ്പെട്ട മൗലവിയുടെ സഹോദരനും പുത്രനും സത്യം ചെയ്ത് ബോധിപ്പിച്ചതാണ് എ2, എ3 അനുബന്ധങ്ങൾ എന്നത് സത്യമാണ്. ഒത്തുതീർപ്പ് വ്യവസ്ഥകളോ യഥാർത്ഥ നിയമാനുസൃത അനന്തരാവകാശികളുടെയോ/ ഇരകളുടെയോ പേരുകളോ സത്യവാങ്മൂല ത്തിൽ പ്രസ്താവിച്ചിട്ടില്ല.

7. പരമോന്നത കോടതിക്ക് രാജ്യത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്ന പ്രവണതയും അത് ഉളവാക്കുന്ന സംഹാരകമായ പരിണിതഫലങ്ങളും കണക്കിലെടുക്കുന്നതിന് ഐ.പി.സി 304 എ ഉൾപ്പെടുന്ന കേസുകളിലെ ശിക്ഷാനയങ്ങൾ പരിഗണിക്കവേ, അവസരമുണ്ടായി. ***ദൽബീർ സിങ്*** അഭി ***ഹരിയാന സർക്കാരിൽ ((2000) 5 എസ്സ്.സി.സി. 82)*** താഴെപ്പറയുന്ന പ്രകാരം നിരീക്ഷിക്കുകയുണ്ടായി:

[1] മോട്ടോർ വാഹനങ്ങൾ മരണക്കെണി ആകുമ്പോൾ, അപാകമായി വണ്ടി ഓടിക്കുന്നതിന് കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന ഡ്രൈവർമാരോട് കാണിക്കുന്ന ഏതൊരു ദാക്ഷണ്യവും റോഡപകടങ്ങൾ വീണ്ടും കൂട്ടുന്നതിലേക്കുള്ള അപായസാധ്യതയിലേയ്ക്ക് ആയിരിക്കുന്നതാണ്. മോട്ടോർ വാഹനങ്ങളുടെ സ്റ്റീയറിങ് നിയന്ത്രിക്കുന്ന എല്ലാപേരും, പ്രത്യേകിച്ചും ഡ്രൈവർമാരായി തൊഴിലെടുക്കുന്നവർ, പരമാവധി ശ്രദ്ധ സ്വീകരിക്കേണ്ട അവരുടെ കർത്തവ്യത്തെയും കൃത്യവിലോപത്തിന്റെയും സംഗതിയിൽ അവർ നേരിടുന്ന അനന്തര ഫലങ്ങളെയും കുറിച്ച് എപ്പോഴും ഓർമ്മിക്കേണ്ടതാണ്. അത്തരം ഡ്രൈവർ

മാരെ മാനസികമായി ജാഗരൂകരാക്കി നിറുത്തു ന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങളിലൊന്ന് ശിക്ഷാവിധിയുടെ വിഷയത്തിൽ, മേലാൽ കുറ്റം ചെയ്യുന്നത് വിലക്കുന്ന ഒരു ഘടകം നിലനിർത്തുക എന്നതാണ്. ആ വിഷയത്തിൽ അവരോട് കാണിക്കുന്ന എന്തെങ്കിലും ഉദാരത ഡ്രൈവിംഗ് നിസ്സാരവും നേരമ്പോക്കും ആക്കുന്നതിനായി അവരെ പ്രേരിപ്പിക്കുന്നതായിരിക്കും.

************************

[13] ഭാരതത്തിൽ റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന പ്രവണതയും ഇരകളും അവരുടെ കുടുംബങ്ങളും നേരിടുന്ന നാശകാരിയായ അനന്തരഫലങ്ങളും മനസ്സിൽ വച്ചുകൊണ്ട്, ക്രിമിനൽ കോടതികൾക്ക്, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 304 എ വകുപ്പിൻ കീഴിലെ കുറ്റത്തിന്റെ സ്വഭാവത്തെ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്റ്റിന്റെ 4-ാം വകുപ്പിലെ ഉദാരമായ വ്യവസ്ഥകളെ അനുവർത്തിക്കുന്ന തരത്തിൽ കൈകാര്യം ചെയ്യുവാൻ കഴിയുന്നതല്ല. അപാകമായോ ഉദാസീനമായോ മോട്ടോർ വാഹനങ്ങൾ ഓടിച്ച് മരണത്തിനിടയാക്കുന്ന കുറ്റത്തിന് ചുമത്തേണ്ട ശിക്ഷയുടെ കാഠിന്യം പരിഗണിക്കുമ്പോൾ, പ്രഥമമായ പരിഗണനകളിലൊന്ന് മേലാൽ കുറ്റം ചെയ്യുന്നത് തടയുന്നതിനായിരിക്കേണ്ടതാണ്. ഡ്രൈവറായി തൊഴിലെടുക്കുന്ന ഒരാൾ, ഏറെക്കുറെ അയാളുടെ ജോലി സമയം മുഴുവനും മോട്ടോർ വാഹനത്തിന്റെ ആക്സിലറേറ്ററിൽ കാലമർത്തുന്നു. ചലനത്തിലിരിക്കുന്ന ഒരു വാഹനത്തിന്റെ പെഡലിൽ അയാളുടെ കാൽ വച്ചിരിക്കുമ്പോൾ അയാൾക്ക് അശ്രദ്ധയുടെയോ അലക്ഷ്യത്തിന്റെയോ ഒരു നിമിഷം പോലും നൽകാൻ കഴിയുകയില്ലാ എന്ന് അയാൾ എപ്പോഴും സ്വയം ബോധവാനാകേണ്ടതാണ്. അപാകമായി വാഹനം ഓടിക്കുന്നത് ഏതെങ്കിലും അപകടം അനിവാര്യമായി ഉണ്ടാക്കേണ്ട ആവശ്യമില്ല എന്നോ; അല്ലെങ്കിൽ ഏതെങ്കിലും അപകടം ഉണ്ടായാൽ തന്നെയും ആയത് ഏതെങ്കിലും മനുഷ്യന്റെ മരണം അനിവാര്യമായി സംഭവിപ്പിക്കേണ്ട ആവശ്യമില്ല എന്നോ; അല്ലെങ്കിൽ അത്തരം മരണം സംഭവിച്ചാൽ തന്നെയും ആ കുറ്റത്തിന് അയാളെ കുറ്റസ്ഥാപനം ചെയ്തേക്കില്ല എന്നോ; അവസാനമായി, അയാളെ കുറ്റസ്ഥാപനം ചെയ്താൽ തന്നെയും കോടതി അയാളെ ദാക്ഷിണ്യത്തോടുകൂടി കൈകാര്യം ചെയ്യും എന്നോ ചിന്തിക്കുന്നതിനുള്ള ഒരവസരം അയാൾക്ക് എടുക്കുവാൻ കഴിയാത്തതും എടുക്കുവാൻ പാടില്ലാത്തതുമാണ്. അശ്രദ്ധമായി വാഹനം ഓടിക്കുന്നതുമൂലം ഒരു മനുഷ്യന്റെ മരണത്തിന് കാരണമാക്കുന്ന കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യുകയാണെങ്കിൽ, അയാൾക്ക് ജയിൽ ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാൻ കഴിയുകയില്ല എന്ന മാനസിക ഭീതി അയാൾ എപ്പോഴും അയാളുടെ മനസ്സിൽ സൂക്ഷിക്കേണ്ടതാണ്. ഇതാണ് കോടതികൾക്ക്, പ്രത്യേകിച്ചും വിചാരണക്കോടതികളുടെ തലത്തിൽ, മോട്ടോർ വാഹനങ്ങൾ അശ്രദ്ധമായി ഓടിക്കുന്നതു മൂലമുള്ള വാഹനാപകടങ്ങളുടെ ഉയർന്ന നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി നിർവ്വഹിക്കാൻ കഴിയുന്ന പങ്ക്.

8. ***ബെന്നി സെറ്റപ്പ എന്നു വിളിക്കുന്ന ഗുരു ബാസവരാജ*** അഭി ***കർണ്ണാടക സർക്കാരിൽ ((2012)8 എസ്സ്.സി.സി.734)*** പരമോന്നത കോടതി വിധിച്ചിട്ടുള്ളതുപോലെ, വാഹനാപകടം മൂലം ധാരാളം ആളുകൾക്ക് പരിക്കുകളേല്ക്കുകയും ഒരു മരണം സംഭവിക്കുകയും ചെയ്യുമ്പോൾ, അത് സമൂഹത്തിൽ ഒരു സംഭ്രമം ജനിപ്പിക്കുന്നു; ചുറ്റിലും

ഭീതിയുടെ അന്തരീക്ഷം നിലനിർത്തുന്നു. ഒരാളുടെ ഉദാസീനത പൊതുവെയുള്ള പ്രശാന്തതയെ താറുമാറാക്കുന്നു. അത്തരം ഒരു അപകടം ഉണ്ടാകുമ്പോൾ, അതിന് ഇരകളെ പല തട്ടുകളിലാക്കുന്നതിനും സാമൂഹ്യ ചട്ടക്കൂടിൽ പൊള്ളയുണ്ടാ ക്കുന്നതിനും ഉള്ള സ്വാധീനവും ശക്തിയുമുണ്ട്. ഇരകളുടെ നേരിട്ടുള്ളതും പരോക്ഷലബ്ധവുമായ യാതനയ്ക്കും പ്രാണവേദനയ്ക്കും, ദു:സ്വപ്നത്തിന്റെ ഫലമുണ്ട്. അത് അതിന്റെ ആഘാതം സമൂഹത്തിൽ ഉണ്ടാക്കുന്നതും ഒരർത്ഥത്തിൽ, മറ്റുള്ളവരെക്കുറിച്ച് യാതൊരു ചിന്തയുമില്ലാതെ, മദ്യപിച്ചുകൊണ്ട് അല്ലെങ്കിൽ ഉദാസീനമായി അല്ലെങ്കിൽ അക്കാരണത്താൽ സാഹസികരായ ഡ്രൈവർമാർ, അപാകമായി വാഹനമോടിക്കുന്നതുകൊണ്ട് പലപ്പോഴും അപകടങ്ങളുണ്ടാകുമ്പോൾ ആ ആഘാതം തീവ്രമായി അനുഭവ പ്പെടുന്നതുമാണ്. 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ നഷ്ടപരിഹാരം നൽകുന്നത് പൂർണ്ണമായും ഒരു വ്യത്യസ്ത നിലയിലാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. സംഹിതയിലെ 357(3) വകുപ്പിൻ കീഴിൽ, ശിക്ഷിക്കപ്പെട്ട പ്രതിയുടെ പ്രവൃത്തിയാൽ എന്തെങ്കിലും നഷ്ടമോ പരിക്കോ അനുഭവിച്ചിട്ടുള്ള ആളിന് നൽകേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി, നഷ്ടപരിഹാരം അനുവദിക്കുന്നതിന് ഒരു വ്യത്യസ്ത ആകാരം ഉള്ളതും ആയതിനെ എല്ലാ സാഹചര്യങ്ങളിലും മതിയായ ശിക്ഷയ്ക്കു പകരമായുള്ള ഒന്നാണെന്ന് പരിഗണിക്കാൻ പാടില്ലാത്തതുമാണ്.

9. പരമോന്നത കോടതിക്ക്, ***സ്റ്റേറ്റ് ഓഫ് പഞ്ചാബ്*** അഭി ***സൗരഭ് ബക്ഷിയിൽ ((2015)5 എസ്സ്.സി. സി.182)*** രാജ്യത്തെ റോഡപകടങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് ശ്രദ്ധിക്കാനുള്ള അവസരം ഉണ്ടാകുകയും നിയമനിർമ്മാതാക്കളെ ഐ.പി.സി.യുടെ 304 എ വകുപ്പിലെ ശിക്ഷാനയം പരിശോധിക്കുവാൻ ഉപദേശിക്കുകയും ചെയ്തു. വിധിന്യായത്തിന്റെ 17-ഉം 18-ഉം ഖണ്ഡികകളിൽ താഴെപ്പറയും പ്രകാരം വിധിച്ചിട്ടുണ്ട്.

[17] ........... റോഡപകടങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് ഈ കോടതി എല്ലായ്പ്പോഴും ശ്രദ്ധിച്ചുവരുന്നതും വാഹന ഡ്രൈവർമാർ പൊതുവേ എങ്ങനെ വിവേകമില്ലാത്തവരും ഉദാസീനരും ആകുന്നുവെന്നും ശ്രദ്ധിച്ചിട്ടുള്ളതാണ്. ട്രാഫിക് ചട്ടങ്ങൾ ഇല്ലെന്നോ നിയമത്തോടുള്ള വിധേയത്വം ഇല്ലെന്നോ തോന്നത്തക്കവണ്ണം മദ്യലഹരിയിൽ അപാകവും ഉദാസീനവുമായ രീതിയിൽ വാഹനമോടിക്കുന്നത് അല്ലെങ്കിൽ യുവത്വ ത്തിന്റെ സാഹസികമായ ആവേശത്തോടുകൂടി വാഹനമോടിക്കുന്നത് മുഖ്യസ്ഥാനത്ത് എത്തിയതായി, ഞങ്ങൾക്ക് തോന്നുന്നു. ഈ വീരനായകർക്ക് ഞങ്ങൾ മനസ്സിലാക്കുന്നതുപോലെ, നിയമത്തോടുള്ള എല്ലാ ബഹുമാനവും നഷ്ടപ്പെട്ടു. നഷ്ടപരിഹാരം നൽകുന്നതുവഴി സാമ്പത്തിക ഭദ്രതയുള്ള ഒരാൾക്ക് മുഖ്യ ശിക്ഷാവിധിയിൽ

നിന്നും രക്ഷപ്പെടുന്നതിന് അയാൾക്ക് കഴിയും എന്ന ആശയം സ്വയം ഉൾക്കൊള്ളുന്നതിനാണ് സാദ്ധ്യത. അത്തരം അപകടങ്ങളിൽ വിലപ്പിടിപ്പുള്ള ജീവിതങ്ങളാണ് നഷ്ടപ്പെട്ടതെന്നോ അല്ലെങ്കിൽ അതിജീവിക്കുന്ന ഇരകൾ ജീവിതാന്ത്യം വരെ വികലാംഗപ്പെട്ടുവെന്നോ, അത് ഒരു തരത്തിൽ മരണത്തേക്കാൾ മഹാദുരിതമാണെന്നോ ഉള്ള വസ്തുത നിയമമോ നിയമം നടപ്പാക്കുന്ന കോടതിയോ ഒരിക്കലും വിസ്മരിക്കരുത്. ആശയങ്ങളുടെ അത്തരം വികാസം അച്ചടക്കമുള്ള സമൂഹത്തിൽ അപകടകരമായ ഒരു പ്രതിഭാസമാണ്. ചെറുപ്രായം എന്നത് എല്ലാ സാഹചര്യങ്ങളിലും സ്വീകരിക്കുവാൻ കഴിയാവുന്നതായ ഒരു വാദമല്ല. ധനികർക്കും ആഡംബര ജീവിതം നയിക്കുന്ന ശീലമുള്ളവർക്കും ജീവിതം വിലപ്പെട്ടതാണെന്നുള്ളതുപോലെ തന്നെയാണ് പാവപ്പെട്ടവർക്ക് അല്ലെങ്കിൽ നിർദ്ധനർക്ക് അവരുടെ ജീവിതം. ശിക്ഷിക്കുന്നതിലെ തത്വങ്ങൾ തിരുത്തൽ നടപടികളെ അംഗീകരിക്കുന്നുവെന്ന് പറയേണ്ട ആവശ്യമില്ല, എന്നാൽ, കേസിന്റെ വസ്തുതകളെ ആശ്രയിച്ച്, അനന്തരഫലങ്ങളെക്കുറിച്ചുള്ള ഭയം കൊണ്ട് മേലാൽ ചെയ്യുന്നത് വിലക്കുന്നത്, നിർബന്ധിതമായി അവശ്യ മാക്കുന്ന സന്ദർഭങ്ങളുണ്ട്. ഞങ്ങളുടെ അഭിപ്രായത്തിൽ, 24 ദിവസത്തേയ്ക്കായി ശിക്ഷ കുറയ്ക്കുന്നതിനുള്ള ഒരു ഘടകം നഷ്ടപരിഹാരം നൽകിയ താണെന്ന തത്വം പ്രയോഗിച്ചതിൽ ഹൈക്കോടതി കരുണയുടെ വികാരത്താൽ സ്വാധീനിക്കപ്പെട്ടു എന്നു പറയുവാൻ ഞങ്ങൾ നിർബന്ധിതരായ അനുയോജ്യമായ ഒരു കേസാണിത്. അത് തീർച്ചയായും അസ്ഥാനത്ത് പ്രതിഷ്ഠിച്ച സഹാനുഭൂതിയുടെ മേഖലയിലാണ്. ഇത് ഒരു തരത്തിൽ നീതിയെ പരിഹസിക്കലാണ്. എന്തെന്നാൽ നീതി എന്നത് സീസെറോ പറഞ്ഞതുപോലെ "കിരീടമണിഞ്ഞ യശസ്സും" "സർവ്വാധികാരമുള്ള പ്രിയതമയും" "ധാർമ്മികതയുടെ രാജ്ഞിയും" ആകുന്നു. അത്തരമൊരു കുറ്റം ഇരകളുടെ ജീവിതത്തെ മാത്രമല്ല അവർക്കു ചുറ്റുമുള്ള മറ്റു പലരുടെ ജീവിതത്തെയും നിഷ്ഫലമാക്കുന്നു. പൊതുജനത്തിന് നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസത്തെ അത് അന്തിമമായി, തകർക്കുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ, വിചാരണ മജിസ്ട്രേറ്റ് ചുമത്തിയതും അപ്പലേറ്റ് കോടതി സ്ഥിരീകരിച്ചതുമായ ഒരു വർഷത്തെ ശിക്ഷ ആറു മാസമായി കുറയ്ക്കേണ്ടതാണ്.

[18]. ഈ കേസിൽ നിന്നും വിടവാങ്ങുന്നതിനു മുമ്പ്, റോഡപകടങ്ങളുടെ ദുഷ്പേരുണ്ടാക്കുന്ന ഒരു റിക്കാർഡ് ഭാരതത്തിന് ഉണ്ടെന്ന് നിരീക്ഷിക്കുവാൻ ഞങ്ങൾ നിർബന്ധിതരായി. ഡ്രൈവർമാർ ക്കിടയിൽ അലക്ഷ്യമായ ഒരു മനോഭാവമുണ്ട്. "അവർ കാണുന്നതിന്റെ എല്ലാത്തിന്റെയും ചക്രവർത്തിമാരാണ്" അവർ എന്നാണ് അവർ കരുതുന്നത്. ശ്രദ്ധയില്ലാതെ വാഹനമോടിക്കുന്നതിന് മദ്യപാനം പങ്ക് വഹിക്കുന്നിടത്ത് മറ്റുള്ള ആളുകൾ അവയുടെ ഇരകളായി തീരുന്നു. പാവപ്പെട്ടവർ അവരു

ടെ ജീവിതം സുരക്ഷിതമല്ലെന്ന് കരുതുകയും കാൽനടയാത്രക്കാർ അനിശ്ചിതത്വത്തെക്കുറിച്ച് ചിന്തിക്കുകയും സംസ്കാരമുള്ള ആളുകൾ സ്ഥായിയായ ഭയത്തിൽ വാഹനമോടിക്കുകയും ചെയ്യുന്നു, എന്നാൽ "അതിശയോക്തി കലർത്തിയ" ആളായി സ്വയം ബഹുജന മനസ്സിൽ പതിപ്പിക്കുന്നവരുടെ നിന്ദ്യമായ മനോഭാവത്തെക്കുറിച്ച് ഇപ്പോഴും ഭയപ്പെടുന്നു. നിലവിലുള്ള ഇത്തരം സാഹചര്യത്തിൽ നിയമനിർമ്മാതാക്കൾ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ 304എ വകുപ്പിലെ ശിക്ഷാനയങ്ങൾ സൂക്ഷ്മപരിശോധനയും പുനരവലോകനവും പുനഃപരിശോധനയും നടത്തേണ്ടതാണെന്ന് പ്രസ്താവിക്കുവാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. തീവ്രമായ മാനസികവ്യഥയോടുകൂടിയാണ് ഞങ്ങൾ ഇങ്ങനെ പറയുന്നത്.

10. പരമോന്നത കോടതിയുടെ ഈ വിധി പ്രസ്താവങ്ങൾ ഐ.പി.സി. 304 എ വകുപ്പിൻ കീഴിലെ ഒരു കുറ്റത്തിന് സമൂഹത്തിലുള്ള ആഘാതത്തെ ഉയർത്തി കാട്ടുന്നു. പ്രതി ചെയ്ത കുറ്റകൃത്യം സ്വകാര്യമായതോ വ്യക്തിപരമായതോ ആയ ഒന്നാണെന്ന് തരംതിരിക്കുവാൻ കഴിയാത്തതിനാൽ, പരമോന്നത കോടതിയുടെ ഒരു ഭരണഘടന ബഞ്ച് ***ഗ്യാൻസിങ്*** അഭി ***പഞ്ചാബ് സർക്കാരിൽ ((2012)10 എസ്സ്.സി.സി.303)*** പുറപ്പെടുവിച്ചതും ***നരീന്ദർ സിങ് അഭി പഞ്ചാബ് സർക്കാരിൽ ((2014)6 എസ്സ്.സി.സി.466)*** പിൻതുടർന്നുവന്നതുമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇത്തരത്തി ലുള്ള ഒരു കേസിൽ പ്രയോഗിക്കാൻ കഴിയുന്നതല്ല. ഗുരുബാസവരാജയുടെ കേസിൽ (മേൽ സൂചിപ്പിച്ചത്) പരമോന്നത കോടതി വിധിച്ചിട്ടുള്ളതുപോലെ, ഐ.പി.സി. 304എ വകുപ്പിൻകീഴിലുള്ള കുറ്റത്തിന് ഇരകളെ പല തട്ടുകളിലാക്കുന്നതിനും അങ്ങനെ സാമൂഹ്യ ചട്ടക്കൂട്ടിൽ പൊള്ളയുണ്ടാക്കുന്നതിനുമുള്ള ശക്തിയുണ്ട്. അതിന് സമൂഹത്തിൽ അതിന്റേതായ ആഘാതമുള്ളതും മറ്റുള്ളവരെക്കുറിച്ച് യാതൊരു ചിന്തയുമില്ലാതെ മദ്യപാനിയോ ഉദാസീനരോ അല്ലെങ്കിൽ സാഹസികരോ ആയ ഡ്രൈവർമാർ അപാകമായി വാഹനം ഓടിക്കുന്നതുകൊണ്ട് മിക്കപ്പോഴും അപകടങ്ങളുണ്ടാകുമ്പോൾ ആ ആഘാതം തീവ്രമായി അനുഭവപ്പെടുന്നതാണ്. ഹൈക്കോടതിക്ക്, സംഹിതയുടെ 482-ാം വകുപ്പിൻ കീഴിലുള്ള അധികാരവിനിയോഗത്തിൽ, സമൂഹത്തിനെതിരെ ചെയ്ത കുറ്റകൃത്യത്തിന് പകരമാകുന്നതാണ് പണം കൊടുക്കൽ എന്ന് ബന്ധപ്പെട്ട അപരാധിക്ക് ഒരു സൂചന നൽകുന്നതിന് കഴിയുന്നതല്ല. ഐ.പി.സി 304 എ വകുപ്പിൻ കീഴിലുള്ള ഒരു കുറ്റത്തിന് കർക്കശമല്ലാത്ത ഒരു നിലപാടെടുക്കുന്നത് ക്രിമിനൽ നീതി വ്യവസ്ഥയെ കുറിച്ച് ഒരു തെറ്റായ ധാരണ ഉണ്ടാക്കുകയും കൂടുതൽ ന്യായവിരുദ്ധമായ പ്രവൃത്തികളെ പ്രോൽസാഹിപ്പിക്കുകയും ആയത് സമൂഹത്തിന്റെ മൊത്തത്തിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിനും ക്ഷേമത്തിനും ദോഷം

വരുത്തുകയും ചെയ്യുന്നതുമാണ്. ഒരു ഒത്തുതീർപ്പ് സ്വീകരിക്കുന്നതിനും നടപടിക്രമങ്ങൾ അസ്ഥിരപ്പെടുത്തുന്നതിനുമായി ഈ കോടതിയെ പ്രേരിപ്പിക്കുന്ന വിധത്തിൽ കക്ഷികൾ തമ്മിലുള്ള ഒരു സ്വകാര്യ തർക്കമായി അത്തരം കുറ്റങ്ങളെ കണക്കാക്കുവാൻ കഴിയുന്നതല്ല.

11. സംഹിതയുടെ 482-ാം വകുപ്പിൻ കീഴിലെ സഹജാധികാരം, പരിമിതപ്പെടുത്തിയിട്ടില്ലാത്തതും നിർവചിച്ചിട്ടില്ലാത്തതുമാണെങ്കിലും യുക്തി ഹീനമായോ സ്വേച്ഛാധിപത്യപരമായോ വിനിയോഗിക്കുവാൻ പാടില്ലാത്തതാണ്, എന്നാൽ, യാഥാർത്ഥ്യമായതും സാരവത്തായതുമായ നീതിയുടെ നിർവ്വഹണത്തിന് മാത്രമായി നിലകൊള്ളുന്ന കോടതികൾ ഉചിതമായ കേസുകളിൽ, നീതിയുടെ ആവശ്യകതയനുസരിച്ച്, വിനിയോഗിക്കേണ്ടതാണ്. ആയത് സസൂക്ഷ്മം, സശ്രദ്ധം അതീവ ജാഗ്രതയോടുംകൂടി വിനിയോഗിക്കേണ്ടതാണ്. അത്തരം സാഹചര്യങ്ങൾ പരിഗണനയിലിരിക്കുന്ന കേസിൽ നിലനിൽക്കുന്നില്ല.

അതനുസരിച്ച് ഹർജി തള്ളിയിരിക്കുന്നു.

*****************

ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ.പി. ജ്യോതീന്ദ്രനാഥ്

അരവിന്ദാക്ഷൻ പിള്ള

അഭി

കേരള സർക്കാർ

ക്രിമിനൽ ആർ.പി.നമ്പർ 667/2006

2015 ഡിസംബർ 18-ന് പുറപ്പെടുവിച്ച ഉത്തരവ്

ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

## ഉത്തരവ്

ക്രിമിനൽ നടപടി നിയമസംഹിത വകുപ്പുകൾ 91, 31-ഇന്ത്യൻ ശിക്ഷാ നിയമസംഹിത, വകുപ്പ് 498എ-പ്രോസിക്യൂട്ടർ ഒരു പ്രമാണം അപ്രതീക്ഷിതമായി ഹാജരാക്കുമ്പോൾ അത് പ്രതിക്ക് ദോഷകരമാകുന്നതാണ്. ഒരു പ്രോസിക്യൂട്ടർക്ക് വിപുലമായ ഒരു കൂട്ടം കർത്തവ്യങ്ങളുണ്ട്. ഇത് പ്രതി ശിക്ഷിക്കപ്പെടും എന്ന് ഉറപ്പാക്കുന്നതിനു മാത്രമല്ല, നടപടിക്രമത്തിൽ ന്യായം ഉറപ്പുവരുത്തുന്നതിനും കൂടിയാണ്. പ്രസക്തമായ എല്ലാ വസ്തുക്കളും കോടതിമുമ്പാകെ കൊണ്ടുവരുന്നതിന് കഴിയുന്നതാണ്. എന്നാൽ, ഇത് നിയമപരമായിത്തന്നെ ആയിരിക്കേണ്ടതാണ്. ഒരു സുപ്രഭാതത്തിൽ, ഒരു സാക്ഷിയിൽനിന്നും അദ്ദേഹം ശേഖരിച്ച ഒരു രേഖ കോടതിമുമ്പാകെ ഹാജരാക്കുവാൻ അദേഹത്തിന് കഴിയുന്നതല്ല. അതേ സമയം തന്നെ, കോടതിമുമ്പാകെ ആ രേഖ കൊണ്ടുവരുന്നതിന്, ഉചിതമായ ഹർജി ഫയൽ ചെയ്തുകൊണ്ട് അദ്ദേഹത്തിന് കോടതിയെ സഹായിക്കുവാൻ കഴിയുന്നതാണ്.

വിവാഹം കഴിഞ്ഞ് 20 വർഷത്തിനുശേഷം ഭാര്യ ആത്മഹത്യ ചെയ്തു എന്ന ഒറ്റ കാരണത്താൽ, 499എ വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് ഒരാളെ കുറ്റക്കാരനാണെന്ന് സ്ഥാപിക്കാൻ ഭർത്താവ് മദ്യപാനിയാണെന്നതുമാത്രം ഒരു ക്രിമിനൽ ക്രൂരതയായി പരിഗണിക്കാൻ കഴിയുന്നതല്ല.

ഈ ക്രിമിനൽ റിവിഷൻ പെറ്റിഷൻ, റാന്നി ജുഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ ഫയലിലെ സി.സി.നമ്പർ 77/

1999-ലെയും പത്തനംതിട്ട അഡീഷണൽ സെഷൻസ് ജഡ്ജിയുടെ ഫയലിലെ 22.12.2005-ലെ ക്രിമിനൽ അപ്പീൽ നമ്പർ 88/2002-ലെയും യോജിച്ചുള്ള തീർപ്പുകൾ ക്കെതിരെയാണ് ഫയൽ ചെയ്തിട്ടുള്ളത്.

2. വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 97/1998-ലെ ഏക കുറ്റാരോപിതനാണ് റിവിഷൻ ഹർജിക്കാരൻ. ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ 498എ വകുപ്പ് പ്രകാരമുള്ള കുറ്റമാണ് ആരോപിച്ചിരിക്കുന്നത്. വിചാരണക്കോടതി പ്രസ്തുത കുറ്റത്തിന്റെ പരിഗണനയ്ക്കുശേഷം 11 സാക്ഷികളെ വിസ്തരിക്കുകയും 10 രേഖകൾ അടയാളപ്പെടുത്തുകയും ചെയ്തു. പ്രതിഭാഗത്തുനിന്നും ഒരു സാക്ഷിയെ വിസ്തരിക്കുകയുണ്ടായി.

3. വിചാരണക്കോടതി വസ്തുതകൾ വിലയിരുത്തിയശേഷം, ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ 498എ വകുപ്പ് പ്രകാരം പ്രതിയുടെ മേൽ കുറ്റം സ്ഥാപിക്കുകയും മൂന്നു വർഷത്തെ കഠിനതടവിനും 5,000 രൂപ പിഴയ്ക്കും പിഴ അടയ്ക്കാത്തപക്ഷം ആറുമാസത്തെ വെറും തടവിനും ശിക്ഷ വിധിക്കുകയുമുണ്ടായി. മേല്പറഞ്ഞ കുറ്റസ്ഥാപനത്തിനും ശിക്ഷാവിധിക്കും എതിരെ ഇതിലെ റിവിഷൻ ഹർജിക്കാരൻ സെഷൻസ് കോടതി മുമ്പാകെ ഒരു അപ്പീൽ നൽകുകയുണ്ടായി. കക്ഷികളെ കേട്ടശേഷം, അപ്പലേറ്റ് കോടതി കുറ്റസ്ഥാപനത്തെ സ്ഥിരീകരിക്കുകയും മുഖ്യശിക്ഷാവിധിയെ ഭേദഗതി ചെയ്ത് ഒരു വർഷത്തെ കഠിന തടവായി കുറയ്ക്കുകയും ചെയ്തു. മേല്പറഞ്ഞ, കുറ്റക്കാരനെന്ന യോജിച്ചുള്ള തീർപ്പിലും സെഷൻസ് കോടതി ഇപ്പോൾ ചുമത്തിയിട്ടുള്ള ശിക്ഷാവിധിയിലും പരാതിപ്പെട്ടുകൊണ്ടാണ് ഈ റിവിഷൻ ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

4. ഒരു റിവിഷണൽ കോടതി എന്ന നിലയിൽ ഈ കോടതിയുടെ അധികാരിത അങ്ങേയറ്റം ചുരുങ്ങിയതാണ്. ഈ കോടതിക്ക് വിചാരണക്കോടതിയുടെയും അപ്പീൽ കോടതിയുടെയും തീർപ്പുകളിൽ ഇടപെടാൻ കഴിയുന്നത് നിയമ വിരുദ്ധത, ന്യായരാഹിത്യം അല്ലെങ്കിൽ നീതിയുടെ ലംഘനം എന്നിവ നടന്നിടത്ത് മാത്രമാണ്. രേഖകളുടെ സൂക്ഷ്മപരിശോധനയിൽ റിവിഷണൽ അധികാരം വിനിയോഗിക്കേണ്ട ഒരു വിഷയമാണിതെന്ന് വെളിവാക്കുകയാണെങ്കിൽ അധികാരം വളരെ വിശാലമാണെന്ന് കാണാൻ കഴിയുന്നതാണ്. കീഴ്ക്കോടതിയുടെ നിഗമനങ്ങൾ സ്ഥാപിക്കപ്പെട്ട വസ്തുത കളിന്മേലും നിയമാനുസൃതമായ കാര്യങ്ങളിന്മേലും രൂപീകരിച്ചതല്ലാത്ത അനുമാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെങ്കിൽ ആ തീർപ്പ് റദ്ദാക്കാൻ ബാദ്ധ്യസ്ഥമാണ്. ഒരു റിവിഷണൽ വിഷയത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അനുവദനീയമായ മാനദണ്ഡങ്ങൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് കീഴ്ക്കോടതികൾ എത്തിച്ചേർന്നിട്ടുള്ള തീർപ്പുകളും നിഗമനങ്ങളും വിശകലനം ചെയ്യുകയാണ്.

5. അനാവശ്യമായ വിവരങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള വസ്തുതകൾ താഴെ പറയുന്ന പ്രകാരമാണ്:

റിവിഷൻ ഹർജിക്കാരന്റെ ഭാര്യ 23-10-1998 രാവിലെ 8.00 മണിക്ക് ആസിഡ് കഴിച്ച് ആത്മഹത്യ ചെയ്തു. 20-04-1978-ൽ ലക്നൗവിൽ വച്ചായിരുന്നു മരണപ്പെട്ടയാളും ഇതിലെ റിവിഷൻ ഹർജിക്കാരനും തമ്മിലുള്ള വിവാഹം. ഇതിലെ ഹർജിക്കാരന് അയാളുടെ സുഹൃത്തുക്കളുമായി ചേർന്ന് മദ്യപിക്കുന്ന ശീലം ഉണ്ടായിരുന്നതായും ഇത് ഭാര്യ എതിർത്തിരുന്നതായും സ്ഥിരമായി വഴക്കുണ്ടാകുമായിരുന്നതായും അനന്തരഫലമായി അവർ ആസിഡ് കഴിച്ച് ആത്മഹത്യ ചെയ്യുകയും ചെയ്തു എന്നുമാണ് ആരോപണം. മരണപ്പെട്ടയാളുടെ മൂത്തമകൾ കോടതി മുമ്പാകെ പ്രോസിക്യൂഷന് അനുകൂലമായി മൊഴി നൽകിയെങ്കിലും പ്രതിഭാഗം ഇളയമകനെ ഡി.ഡബ്ല്യു.1 ആയി വിസ്തരിക്കുകയുണ്ടായി.

6. ഈ കേസിൽ വിവാഹം നടന്നത് 20-04-1978-ലും മരണപ്പെട്ടയാൾ ആത്മഹത്യ ചെയ്തത് 23-10-1998-ലുമാണ്. അപ്പീൽവാദിയുടെ സുഹൃത്തുക്കളെ ക്ഷണിക്കുന്നതും മദ്യസൽക്കാരം നടത്തുന്നതുമായ ശീലം മരണപ്പെട്ടയാൾ അംഗീകരിക്കാതിരിക്കുകയും അക്കാരണത്താൽ അയാൾ മാനസികമായും ശാരീരികമായും മരണപ്പെട്ടയാളെ പീഡിപ്പിക്കുകയും അതിനാൽ മരണപ്പെട്ടയാൾ 23-10-1998-ൽ ആത്മഹത്യ ചെയ്യുകയും ചെയ്തു എന്നുമാണ് കോടതിയുടെ കുറ്റപത്രം. ക്രൂരതയെ ഉയർത്തിക്കാട്ടുന്ന പ്രത്യേക സംഭവങ്ങൾ ഒന്നും തന്നെ കോടതിയുടെ കുറ്റപത്രത്തിൽ ഇല്ല.

7. അസ്വാഭാവിക മരണത്തിനാണ് പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെതിട്ടുള്ളത്. വിവരം നൽകിയ ആൾ മരണപ്പെട്ടയാളുടെ സഹോദരനാണ്. പ്രഥമവിവരമൊഴിയനുസരിച്ച്, അയാളുടെ അനന്തിരവൾ സിന്ധു, അവളുടെ അമ്മ ആസിഡ് കഴിച്ചെന്ന് അയാളെ ഫോൺ ചെയ്തറിയിക്കുകയുണ്ടായി. അയാൾ അവിടെയത്തിയപ്പോൾ അരവിന്ദാക്ഷനും (റിവിഷൻ ഹർജിക്കാരൻ) സിന്ധുവും ഒരു അയൽവാസിയും ചേർന്ന് മരണപ്പെട്ടയാളെ ഒരു ജീപ്പിൽക്കയറ്റിയതും അവർ ആശുപത്രിയിലേക്ക് പോയതും കണ്ടു. അവളെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിച്ചു. രാവിലെ 8.00 മണിക്ക് ഡോക്ടർ മരണം സ്ഥിരീകരിച്ചു. കഴിഞ്ഞ കുറേ ദിവസങ്ങളായി മരണപ്പെട്ടയാളെ അവളുടെ ഭർത്താവ് മാനസികമായി പീഡിപ്പിച്ചിരുന്നതായും റബ്ബർ ഷീറ്റുകൾ തയ്യാറാക്കുന്നതിനായി സൂക്ഷിച്ചിരുന്ന ആസിഡ് അവൾ കഴിച്ചു എന്നും അയാൾ പറഞ്ഞു. 23-10-1998 രാവിലെ 8.00 മണിക്ക് മരണം സംഭവിച്ചു. 23-10-1998 വൈകുന്നേരം 4.00 മണിക്ക് പ്രഥമവിവര റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. 24-10-1998 രാവിലെ 8.30 മണിക്ക് ഇൻക്വസ്റ്റ് നടത്തി. എക്സിബിറ്റ്-പി4 പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് ആണ്, മരണകാരണത്തിനുള്ള അഭിപ്രായമായി കാണിച്ചിരിക്കുന്നത് വിഷബാധ മൂലമുള്ള മരണമെന്നാണ്. ഇത് ഒരു സ്വാഭാവിക മരണമായിരുന്നില്ല എന്നാൽ ആസിഡ് കഴിച്ചതുമൂലമുള്ള മരണമാണ്, എന്നു

മാത്രമല്ല ഇത് ഒരു ആത്മഹത്യ യായിരുന്നു. ആത്മഹത്യ നടന്നിട്ടുള്ളത് വിവാഹം കഴിഞ്ഞ് ഏകദേശം 20 വർഷത്തിനുശേഷമാണ്.

8. ഈ കോടതി മുമ്പാകെയുള്ള ചോദ്യം ഈ മരണം സംഭവിച്ചത് ഇതിലെ റിവിഷൻ ഹർജിക്കാരന്റെ ക്രൂരതയോ പീഡനമോ മൂലമാണോ എന്നുള്ളതാണ്. തീർച്ചയായും, വിവാ ഹശേഷമുള്ള കാലത്തിന്റെ പ്രയാണം, വളരെ ജാഗ്രതയോടെയുള്ള തെളിവു കളുടെ ഒരു വിലയിരുത്തലിന് അധികാ രപ്പെടുത്തുന്നു. ഈ റിവിഷണൽ കോടതി മുമ്പാകെയുള്ള ചോദ്യം അങ്ങനെയുള്ള ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ അല്ലെങ്കിൽ അത് നീതിയുടെ ലംഘനത്തിൽ കലാശിച്ചി ട്ടുണ്ടോ എന്നാണ്.

9. ഈ കേസിലെ പ്രധാന സാക്ഷി പി.ഡബ്ല്യു.2 ആകുന്നു. അവൾ റിവിഷൻ ഹർജിക്കാരന്റെയും മരണപ്പെട്ടയാളിന്റെയും മകളല്ലാതെ മറ്റാരുമല്ല. അവളുടെ അച്ഛന് മദ്യവും കഞ്ചാവും ഉപയോഗിക്കുന്ന ശീലമു ണ്ടായിരുന്നു എന്നാണ് അവളുടെ കേസ്, എന്നുമാത്രമല്ല, അതിനുശേഷം വന്ന് അവളുടെ അമ്മയെ പീഡിപ്പി ക്കുന്ന ശീലവും പ്രതിക്ക് ഉണ്ടായരുന്നു എന്നാണ് അവളുടെ കേസ്. തെളിവ് താഴെ പറയുന്ന പ്രകാരമാണ്:

"അച്ഛൻ നിരന്തരം മദ്യപിച്ചും കഞ്ചാവ് കഴിച്ചും വന്നിട്ട് അമ്മയെ പീഡിപ്പിച്ചിരുന്നു. അമ്മയെ സ്വൈര്യ മായി ജീവിക്കാൻ സമ്മതിച്ചിരുന്നില്ല. അമ്മയുടെ പേരിൽ ഉണ്ടായിരുന്ന എല്ലാ സ്വത്തുക്കളും സ്വന്തം പേരി ലേക്ക് മാറ്റി നിരന്തരം ശാരീരികമായും മാനസികമായും പീഡിപ്പിച്ചിരുന്നു. ഈ കാരണത്താലാണ് അമ്മ ആത്മ ഹത്യ ചെയ്തത്."

10. അവളുടെ അച്ഛന്റെ, മദ്യ പിക്കുന്നതും കഞ്ചാവ് ഉപയോഗിക്കു ന്നതുമായ ശീലത്തെ സംബന്ധിച്ച് ഒരു തെളിവ് എന്നതൊഴിച്ച് ഏതെങ്കിലും പ്രത്യേക സംഭവത്തെക്കുറിച്ച് പ്രത്യേക ആരോപണം ഒന്നുമില്ല. പീഡനത്തെ ക്കുറിച്ചുള്ള ഒരു പൊതുവായ ആരോപണവും ഉണ്ട്. അതിനുശേഷം പ്രോസിക്യൂഷന്റെ "നിങ്ങളെയും അമ്മയെയും വീട്ടിൽ കയറ്റാതെ വീട് പൂട്ടിയിട്ട ഒരു സംഭവം ഉണ്ടായി ട്ടുണ്ടോ", എന്ന സൂചകചോദ്യത്തിന്, അവൾക്ക് പ്ലസ് ടുവിന് പ്രവേശനം കിട്ടുകയും ബുക്കുകൾ വാങ്ങാൻ പണം ചോദിച്ചപ്പോൾ അമ്മയുടെ വീട്ടിൽനിന്നും പണം കൊണ്ടുവരാ നായി പ്രതി അവരെ രണ്ടുപേരെയും പുറത്താക്കിയെന്നും അവൾ മറുപടി പറയുകയും അതിനാൽ അവർ അമ്മയുടെ വീട്ടിലേക്ക് പോകുകയും ചെയ്തു എന്നുകൂടി അവൾ പറഞ്ഞു. തീയതിയോ വിശദവിവരങ്ങളോ ലഭിച്ചിട്ടില്ല. എന്നാൽ, അവൾ അവ ളുടെ അമ്മൂമ്മയുടെ വീട്ടിലാണ് താമസിച്ചിരുന്നതെന്നും അവൾ അവളുടെ അമ്മാവന്റെ സംരക്ഷണ യിലാണെന്നും മാതാപിതാക്കളോ ടൊപ്പമല്ല താമസിച്ചിരുന്നതെന്നും എതിർ വിസ്താരവേളയിൽ അവൾ സമ്മതിച്ചു. ഇത് സംബന്ധിച്ച് അവളു ടെ തെളിവ് ഇങ്ങനെയാണ്,-

"ഞാനിപ്പോൾ താമസം അമ്മയുടെ അച്ഛന്റെയും അമ്മയുടെയും കൂടെ യാണ്. അതിനുമുമ്പും ഞാനവരോടൊ പ്പമാണ് താമസിച്ചത്. 4-ാം ക്ലാസു മുതൽ ലക്നൗവിൽ താമസിച്ചു. 5 കൊല്ലം അതുകഴിഞ്ഞ് അമ്മാവന്മാരു ടെ സംരക്ഷണയിലായിരുന്നു." സാക്ഷിയെ തിരിയെ വിളിക്കുകയും അതിനുശേഷം അവളുടെ എസ്.എസ്. എൽ.സി. ബുക്കിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ് എക്സിബിറ്റ് പി5 ആയി രേഖപ്പെടുത്തുകയും ചെയ്തതായി കാണുന്നു. അതിനുശേഷം, എക്സി ബിറ്റ് പി5-ൽ പ്രതിയുടെ പേരാണ് അവളുടെ അച്ഛനായി കാണിച്ചിരി ക്കുന്നതെന്ന് അവൾ മൊഴി നൽകി. അവളുടെ അമ്മ എഴുതിയതാണെന്ന് അവകാശപ്പെട്ട് ഒരു കത്ത് എക്സിബിറ്റ് പി6 ആയി അപ്പോൾ അവൾ രേഖപ്പെടുത്തിച്ചു. അതിലെ കൈയക്ഷ രം അവളുടെ അമ്മയുടെതാണെന്ന് അവൾ തിരിച്ചറിഞ്ഞു.

11. പി.ഡബ്ല്യു.3 മഹസ്സർ സാക്ഷിയാണ്. മരണപ്പെട്ടയാളിന്റെ സഹോദരനും പി.ഡബ്ല്യു.1 ന്റെ അമ്മാവനുമായ പി.ഡബ്ല്യു4 ന്റെ കേസ്, വിവാഹശേഷം മരണപ്പെട്ട യാൾ പീഡനത്തെ ഉയർത്തിക്കാട്ടി കത്തുകൾ അയച്ചിട്ടുണ്ടായിരുന്നു എന്നതാണ്. കോടതി മുമ്പാകെ അങ്ങനെയുള്ള യാതൊരു കത്തും ഹാജരാക്കിയിട്ടില്ല.

12. പി.ഡബ്ല്യു5 മരണപ്പെട്ടയാളി ന്റെ അച്ഛനാണ്. "മരിക്കാൻ കാരണം എന്താണ്" എന്ന് പ്രോസിക്യൂഷന്റെ വ്യക്തമായ ചോദ്യം ഉണ്ടായപ്പോൾ, "പ്രതി കൂട്ടുകാരേയും കൂട്ടി മുൻവശം കടയിലിരുന്നു മദ്യപിച്ചു മകളെ അസഭ്യം പറയും. മറ്റു പുരുഷന്മാരെ ബന്ധപ്പെടുത്തി പറയും" എന്ന് അയാൾ മറുപടി പറയുകയും "ശാരീരികമായും മാനസികമായും പീഡിപ്പിച്ചതാണോ കാര്യം" എന്ന് ചോദ്യം ആവർത്തിച്ചപ്പോൾ "അതെ" എന്ന് അയാൾ മറുപടി പറയുകയും ചെയ്തു.

13. പി.ഡബ്ല്യു6 മരണപ്പെട്ടയാളി ന്റെ നാത്തൂനാണ്. മരണപ്പെട്ടയാളെ പ്രതി മർദ്ദിക്കുന്ന ഒരു സംഭവം കണ്ടിട്ടുണ്ടെന്ന് അവർ പറഞ്ഞു. പക്ഷെ ഇത് ഒരു ഉപേക്ഷയായി കൊണ്ടുവരികയും "സരളയുടെ ഭർത്താവിന്റെ മദ്യപാനം നിമിത്തം മൂലം ഉള്ള മനോവിഷമം നിമിത്തം acid കഴിച്ചു പോയിട്ടുള്ളതാണ്" എന്ന് അവർ സമ്മതിച്ചതായ അവരുടെ സി.ഡി. ഭാഗം അവരുടെ ശ്രദ്ധയിൽ പ്പെടുത്തുകയും ചെയ്തു.

14. അങ്ങനെ ഈ കേസിൽ അപ്പീൽവാദി ഒരു മദ്യപാനിയായി രുന്നെന്ന് കാണാൻ കഴിയുന്നതാണ്. ഇതാണ് ആത്മഹത്യ ചെയ്യാനുള്ള പ്രധാന കാരണം. പ്രത്യേകിച്ചും ഏകദേശം 20 വർഷം മുമ്പ് വിവാഹം നടന്ന സാഹചര്യത്തിൽ എന്താണ് പെട്ടെന്നുള്ള കാരണം. മരണപ്പെട്ടയാ ളിന്റെ ആത്മഹത്യയ്ക്ക് പ്രതിയുടെ മേൽ ഏതെങ്കിലും പ്രത്യേക ക്രൂരപ്രവൃത്തികൾ ആരോപിക്കാൻ കഴിയുന്നതാണോ. പെരുമാറ്റത്തിന്റെ രീതി മരണകാരണമായി ആരോപിക്ക പ്പെടാൻ കഴിയുന്ന ഒരു കേസല്ല ഇത്.

15. വാസ്തവത്തിൽ, ഇത്തരത്തിലുള്ള ഏതെങ്കിലും കേസ് പ്രോസിക്യൂഷൻ മുന്നോട്ടു വച്ചിട്ടില്ല. പി.ഡബ്ല്യു2 നെ തിരിയെ വിളിച്ച് ഒരു കത്ത് രേഖപ്പെടുത്തിയെന്ന് കാണാൻ കഴിയുന്നതാണ്. അപ്പീൽ കോടതി ആ കത്തിനെ ആശ്രയിക്കുന്നില്ല. അത്തരത്തിലുള്ള ഒരു പ്രമാണത്തിന്റെ സ്വീകാര്യയോഗ്യതയാണ് പ്രശ്നം. ഞാൻ സൂക്ഷ്മപരിശോധന നടത്തിയ രേഖകൾ വെളിപ്പെടുത്തുന്നത് പ്രോസിക്യൂട്ടറാണ് പരിഗണനാവിധേയമായ ആ രേഖ ഹാജരാക്കിയത് എന്നാണ്.

16. പോലീസ് കുറ്റപത്രം സമർപ്പിച്ച ഒരു കേസാണിത്. അന്വേഷണം നടത്തിയ വേളയിൽ ഇങ്ങനെയൊരു രേഖ പോലീസ് പിടിച്ചെടുത്തതായി കാണുന്നില്ല. ഹാജരാക്കിയ രേഖ കേസ് ഡയറിയിലായിരുന്നുവെന്നും അന്തിമ റിപ്പോർട്ടിനോടൊപ്പം ഹാജരാക്കാൻ വിട്ടുപോയതാണെന്നും ഉള്ള ഒരു കേസ് പ്രോസിക്യൂട്ടർക്കില്ല. തീർച്ചയായും, അത്തരത്തിലുള്ള ഒരു രേഖ അതിനുള്ളിൽ ഉണ്ടെന്ന് പ്രോസിക്യൂട്ടർ അറിഞ്ഞിരുന്നുവെങ്കിൽ, അദ്ദേഹത്തിന് ക്രിമിനൽ നടപടി നിയമസംഹിതയുടെ 311-ാം വകുപ്പ് പ്രകാരം രേഖ ഹാജരാക്കുന്നതിനും തെളിവ് നൽകുന്നതിനുമായി സാക്ഷിയെ തിരിയെ വിളിക്കുന്നതിന് ഒരു ഹർജി ഫയൽ ചെയ്യുവാൻ കഴിയുമായിരുന്നു. ആ സംഗതിയിൽ കേൾക്കുവാനുള്ള ഒരു അവസരം പ്രതിഭാഗത്തിന് കിട്ടുന്നതും നീതിപൂർവ്വകമായ ഒരു തീരുമാനത്തിനുവേണ്ടി രേഖ ആവശ്യമാണെന്ന് കണ്ടെത്തുന്ന പക്ഷം മാത്രം കോടതിക്ക് ആ അപേക്ഷ അനുവദിക്കാവുന്നതുമാണ്. ക്രിമിനൽ നടപടി നിയമസംഹിതയുടെ 91-ാം വകുപ്പ് അവലംബിക്കുവാൻ കോടതിയോട് അപേക്ഷിക്കുന്നതിനും പ്രോസിക്യൂട്ടർക്ക് കഴിയുന്നതാണ്. പോലീസിനെ ക്കൊണ്ട് തുടർന്നുള്ള അന്വേഷണം നടത്തിക്കുന്നതിനും സാദ്ധ്യമാകുന്നതാണ്. എന്നാൽ ഈ വ്യവസ്ഥകളിലേതെങ്കിലും അവലംബിക്കാതെ പ്രോസിക്യൂട്ടർക്ക് കോടതിയിൽ നേരിട്ട് രേഖ ഹാജരാക്കാൻ കഴിയുന്നതല്ല. പ്രോസിക്യൂട്ടർ ഒരു പ്രമാണം അപ്രതീക്ഷിതമായി ഹാജരാക്കുമ്പോൾ അത് പ്രതിക്ക് ദോഷകരമാകുന്നതാണ്. ഒരു പ്രോസിക്യൂട്ടർക്ക് വിപുലമായ ഒരു കൂട്ടം കർത്തവ്യങ്ങളുണ്ട്. ഇത് പ്രതി ശിക്ഷിക്കപ്പെടും എന്ന് ഉറപ്പാക്കുന്നതിനു മാത്രമല്ല, നടപടിക്രമത്തിൽ ന്യായം ഉറപ്പുവരുത്തുന്നതിനും കൂടിയാണ്. പ്രസക്തമായ എല്ലാ വസ്തുക്കളും കോടതിമുമ്പാകെ കൊണ്ടുവരുന്നതിന് കഴിയുന്നതാണ്. എന്നാൽ, ഇത് നിയമപരമായിത്തന്നെ ആയിരിക്കേണ്ടതാണ്. ഒരു സുപ്രഭാതത്തിൽ, ഒരു സാക്ഷിയിൽനിന്നും അദ്ദേഹം ശേഖരിച്ച ഒരു രേഖ കോടതിമുമ്പാകെ ഹാജരാക്കുവാൻ അദ്ദേഹത്തിന് കഴിയുന്നതല്ല. അതേസമയം തന്നെ, കോടതിമുമ്പാകെ ആ രേഖ കൊണ്ടുവരുന്നതിന്, ഉചിതമായ ഹർജി ഫയൽ ചെയ്തുകൊണ്ട് അദ്ദേഹത്തിന് കോടതിയെ സഹായിക്കുവാൻ കഴിയുന്നതാണ്.

17. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പ്രകാരം പ്രതിയെ ചോദ്യം ചെയ്തത് ഞാൻ സൂക്ഷ്മപരിശോധന നടത്തി. റിവിഷൻ ഹർജിക്കാരന്റെ സ്പഷ്ടമായ കേസ്, അയാളുടെ അറിവോടെയല്ലാതെ മരണപ്പെട്ടയാൾ, ഒരു വന്ധ്യംകരണ ശസ്ത്രക്രിയയ്ക്കു വിധേയയായിട്ടുണ്ട്. ആയത് ഒരു പരാജയമായിരുന്നു എന്നാണ്. ഇതിനെപ്പറ്റി വൈകിമാത്രമാണ് അയാൾ അറിഞ്ഞത്. മരണപ്പെട്ടയാൾ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയയായിട്ടുണ്ടെന്ന വസ്തുത മരണപ്പെട്ടയാളുടെ സഹോദരനും സമ്മതിച്ചു. അടിവയറിന്റെ ഭാഗത്ത് തയ്യലിട്ട ഒരു മുറിവുണ്ടായിരുന്നു എന്ന് പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റും കാണിക്കുന്നു.

18. പ്രതി ഒരു മദ്യപാനിയായിരുന്നുവെന്നാണ് പ്രോസിക്യൂഷൻ കേസ്. എന്നാൽ വിവാഹം കഴിഞ്ഞ് 20 വർഷത്തിനുശേഷം ഭാര്യ ആത്മഹത്യ ചെയ്തു എന്ന ഒറ്റ കാരണത്താൽ, 499എ വകുപ്പ് പ്രകാരമുളള കുറ്റത്തിന് ഒരാളെ കുറ്റക്കാരനാണെന്ന് സ്ഥാപിക്കാൻ ഭർത്താവ് മദ്യപാനിയാണന്നതുമാത്രം ഒരു ക്രിമിനൽ ക്രൂരതയായി പരിഗണിക്കാൻ കഴിയുന്നതല്ല. മരണപ്പെട്ടയാളെ ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്നവിധം അയാളുടെ മദ്യപാനശീലം മന:പൂർവ്വമായ ഒരു പെരുമാറ്റമാണെന്നതിന് യാതൊരു തെളിവുമില്ലാത്തതാണ്. എന്നാൽ, ഇപ്പറഞ്ഞ പെരുമാറ്റരീതിയാണ് അകൽച്ചയ്ക്ക് കാരണമെന്നാണ് പ്രോസിക്യൂഷൻ കേസ്. അയാൾ ഒരു മദ്യപാനിയായി മാറിയത് എപ്പോഴാണെന്ന് കാണിക്കുന്നതിന് തെളിവൊന്നുമില്ല. അത് വിവാഹ മോചനത്തിനോ മറ്റേതെങ്കിലും വൈവാഹിക തർക്കത്തിനോ ഉളള ആവശ്യത്തിലേക്കുവേണ്ടി ഒരു "ക്രൂരത" ആയേക്കാവുന്നതാണ്. എന്നാൽ അത് മന:പൂർവ്വമായതല്ലാത്തിടത്തോളം, ഭാര്യ ആത്മഹത്യ ചെയ്തതായാൽ പോലും നിയമപരമായ ശിക്ഷക്ഷണിച്ചുവരുത്തുന്ന ഒരു കുറ്റമായി പറയാൻ കഴിയുന്നതല്ല. അത് അങ്ങനെയാണെങ്കിൽ, നീതിയുടെ ലംഘനം സംഭവിച്ച ഒരു കേസാണിതെന്ന് പറയുന്നതിന് മാത്രമാണ് കഴിയുന്നത്. ആയതിനാൽ, വിചാരണക്കോടതിയും അപ്പലേറ്റ് കോടതിയും പുറപ്പെടുവിച്ച കുറ്റസ്ഥാപനവും ശിക്ഷാവിധിയും റദ്ദാക്കേണ്ടതാണ്.

റിവിഷൻ ഹർജി അനുവദിച്ചിരിക്കുന്നു. വിചാരണക്കോടതിയും അപ്പലേറ്റ് കോടതിയും പുറപ്പെടുവിച്ച കുറ്റസ്ഥാപനവും ശിക്ഷാവിധിയും ഇതിനാൽ റദ്ദാക്കുന്നു.

*******************

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ
## ബഹു. ജസ്റ്റിസ് പി.ആർ. രാമചന്ദ്രമേനോൻ
## &
## ബഹു. ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ

## നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

**അഭി**
**അരവിന്ദാക്ഷൻ**
**എം.എ.സി.എ നം. 134/2013**

2016 മാർച്ച് 16-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**മോട്ടോർ വാഹന ആക്റ്റ്, 1988, വകുപ്പ് 163 എ - ക്ലെയിം ഹർജി 163 എ വകുപ്പിൻ കീഴിൽ നിലനിൽക്കുന്നതല്ലായിരുന്നെങ്കിലും, ട്രിബ്യൂണൽ ആയത് `വീഴ്ചാതത്വ'ത്തിന്മേൽ 166-ാം വകുപ്പ്പ്രകാരം പരിഗണിച്ച് ബന്ധപ്പെട്ട എതിർകക്ഷികളിൻമേൽ ബാദ്ധ്യത നിശ്ചയിച്ച് കൊണ്ട് ഒരു അവാർഡ് പുറപ്പെടുവിച്ചതിൽ യാതൊരു ഇടപെടലും അർഹിക്കുന്നില്ലായെന്ന് ഈ കോടതി വിധിക്കുന്നു.**

### വിധിന്യായം

ജസ്റ്റിസ് പി.ആർ. രാമചന്ദ്രമേനോൻ

മോട്ടോർ സൈക്കിൾ ഓടിക്കുകയായിരുന്ന 27 വയസ്സുള്ളയൊരാൾ ഒരു കാറുമായി കൂട്ടിയിടിച്ച് മരണമടഞ്ഞതിന് നഷ്ടപരിഹാരമായി 4,41,000/- രൂപ അവാർഡ് ചെയ്ത ട്രിബ്യൂണൽ, അവലംബിച്ച നടപടി ക്രമത്തിലും വിധിയിലും പരാതിപ്പെട്ടുകൊണ്ട് ഇൻഷ്വറൻസ് കമ്പനി ബോധിപ്പിച്ചിട്ടുള്ളതാണ് ഈ അപ്പീൽ. ഈ അപ്പീലിൽ മുന്നിട്ടു നിൽക്കുന്ന കേസ്, ക്ലെയിം ഹർജി മോട്ടോർ വാഹന ആക്റ്റിലെ 163 എ വകുപ്പ് പ്രകാരം ഫയൽ ചെയ്തിട്ടുള്ളിടത്തോളം അത്തരമൊരു അവാർഡ് പുറപ്പെടുവിക്കാൻ ട്രിബ്യൂണലിന് കഴിയുമായിരുന്നില്ല, എന്നുമാത്രമല്ല, ട്രിബ്യൂണൽ നിശ്ചയിച്ച പ്രതിമാസ വരുമാനം 5000 രൂപ ആയിരുന്നു എന്ന കാരണത്താലും 163 എ വകുപ്പ് പ്രകാരം അപ്പീൽ നിലനിൽക്കേണ്ടതിനുള്ള വാർഷിക വരുമാനപരിധി 40,000/- രൂപയ്ക്കുള്ളിൽ ആയിരിക്കേണ്ടതാണ് എന്നതിനാലും അപ്പീൽ

തന്നെ നിലനിൽക്കേണ്ട തായിരുന്നില്ല എന്നുമാണ്.

2. വസ്തുതാ വിഷയത്തിന്റെ ചുരുക്കം എന്തെന്നാൽ, മരണപ്പെട്ട യാൾ 16-11-2008-ൽ ഒരു മോട്ടോർ സൈക്കിൾ ഓടിച്ചുവരുമ്പോൾ ഒന്നാം എതിർകക്ഷി ഡ്രൈവറായി ഓടിച്ചുവന്നതും രണ്ടാം എതിർകക്ഷിയുടെ ഉടമസ്ഥതയിലും മൂന്നാം എതിർകക്ഷി വഴി ഇൻഷ്വർ ചെയ്തിട്ടുള്ളതുമായ കെ.എൽ 5/ആർ 655 നമ്പർ ഉള്ള ഒരു മാരുതി ആൾട്ടോ കാർ അയാളെ ഇടിച്ചുവീഴ്ത്തിയത് നിമിത്തം ഉണ്ടായ മാരകമായ മുറിവുകൾ അയാളുടെ മരണത്തിലേക്ക് നയിച്ചു എന്നതാണ്. ഒരു ക്ലെയിം ഹർജി ഫയൽ ചെയ്ത് ഇതിന് നഷ്ടപരിഹാരം നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. ട്രിബ്യൂണൽ മുമ്പാകെ ഹാജരാക്കിയ തെളിവുകളിൽ എക്സിബിറ്റ് എ1 മുതൽ എ9 വരെയും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും നൽകിയ വൂണ്ട് സർട്ടിഫിക്കറ്റിന്റെ പകർപ്പായ എക്സിബിറ്റ് ബി1-ഉം ഉൾപ്പെടുന്നതാകുന്നു. രേഖപ്രകാരമുള്ള തെളിവിന്റെ അടിസ്ഥാനത്തിൽ, കാർ ഡ്രൈവറുടെ ഉദാസീനത മാത്രമാണ് അപകടകാരണമെന്ന് ട്രിബ്യൂണൽ തീർപ്പ്കല്പിക്കുകയും അതനുസരിച്ച് നഷ്ടപരിഹാരത്തുക നിശ്ചയിക്കുവാൻ നടപടി എടുക്കുകയുമുണ്ടായി. പ്രസ്തുത നടപടിക്രമത്തിലായിരുന്നു മരണപ്പെട്ടയാളുടെ പ്രതിമാസ വരുമാനം 5000/- രൂപയായി കണക്കാക്കി അപ്രകാരം മൊത്തം വാർഷിക വരുമാനം 60,000/- രൂപയായി നിശ്ചയിച്ചത്. വിവിധ ശീർഷകങ്ങൾക്ക് കീഴിൽ തുകകൾ അവാർഡ് ചെയ്തുകൊണ്ട് നൽകേണ്ട മൊത്തം നഷ്ടപരിഹാരം 4,41,000/- രൂപ ആയി നിശ്ചയിക്കുകയും ആയതിന് ഹർജി തീയതി മുതൽ ഈടാക്കുന്നതുവരെ 7.5 % നിരക്കിൽ പലിശ കൊടുക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയും ചെയ്തു. ആയതാണ് ഈ അപ്പീലിൻകീഴിൽ തർക്കിച്ചിരിക്കുന്നത്.

3. ഇരുഭാഗവും കേട്ടു.

4. അപ്പീൽവാദിയുടെ വിജ്ഞാനിയായ മുതിർന്ന അഭിഭാഷകൻ സമർപ്പിച്ചത്, 163 എ വകുപ്പിലെ രണ്ടാം പട്ടികയ്ക്കു കീഴിലുള്ള ആനുകൂല്യം ഉദ്ദേശിച്ചിട്ടുള്ളത് പരമാവധി വാർഷിക വരുമാനം 40,000/- രൂപ വരെയുള്ള പ്രത്യേക വിഭാഗത്തിന്/ഗ്രൂപ്പിന് മാത്രമാണെന്നാണ്. മോട്ടോർ വാഹന ആക്റ്റിലെ 163 എ വകുപ്പുപ്രകാരം ഉദാസീനത വാദിക്കുന്നതിനോ തെളിയിക്കുന്നതിനോ കക്ഷിക്ക് ബാധ്യതയില്ലാത്തതായ ആനുകൂല്യം അവകാശപ്പെടുന്നതിനായി, വാർഷിക വരുമാനം ഉയർന്നതാണെങ്കിൽ ആയതിന് ഒരു പരിമിതിയോ പരിധിയോ നിശ്ചയിച്ച് പരിമിതപ്പെടുത്താവുന്നതല്ലായെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അർഹരായവർക്കും, അവർക്കു മാത്രമായും ഒരു രൂപഭദ്രമായ സൂത്രവാക്യത്തിലൂടെ ആനുകൂല്യം നൽകുന്നതിനാണ് ഈ സ്കീം/നടപടിക്രമം ഉദ്ദേശിച്ചിട്ടുള്ളത്.

പ്രസ്തുത സമർപ്പണത്തിന് ഗൗരവതരമായ പ്രാധാന്യം ഉള്ളതായി ഈ കോടതി കാണുന്നു. പ്രസ്തുത വ്യവസ്ഥ (വകുപ്പ് 163 എ) യുടെ വ്യാപ്തി, *ദീപൽ ഗിരീഷ് ഭായ് സോണി* അഭി *യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം* (2004 (2) കെ.എൽ.റ്റി 395 (എസ്.സി)) വിധിന്യായപ്രകാരം സുപ്രീം കോടതി വിശദീകരിച്ചിട്ടുണ്ട്. 67-ാം ഖണ്ഡികയിൽ ചർച്ച ചെയ്തതായ പ്രസക്ത ഭാഗം താഴെപ്പറയും പ്രകാരമാണ്:

"67. ആയതിനാൽ, കോടോല (മേൽ സൂചിപ്പിച്ചത്) ശരിയായി തീരുമാനിക്കപ്പെട്ട എന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. എന്നിരുന്നാലും, ഒരാൾ 163 എ വകുപ്പിലെ വ്യവസ്ഥകൾ ഉന്നയിക്കുകയാണെങ്കിൽ, വാർഷിക വരുമാനം വർഷത്തിൽ 40,000/-രൂപ പരിധിയായി കരുതേണ്ടതാണെന്ന കോടോലയിലെ (മേൽ സൂചിപ്പിച്ചത്) തീർപ്പുമായി ഞങ്ങൾ യോജിക്കുന്നില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ, 163 എ വകുപ്പിൻ കീഴിലെ നടപടികൾ ഒരു പ്രത്യേക സ്കീമിനായി നൽകുന്ന ഒരു സാമൂഹിക സുരക്ഷാ വ്യവസ്ഥ യാണെന്നിരിക്കെ, വാർഷിക വരുമാനം 40,000/- രൂപ വരെ ഉള്ളവർക്ക് മാത്രമേ അതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. മറ്റെല്ലാ അവകാശവാദങ്ങളും ആക്റ്റിന്റെ XII-ാം അദ്ധ്യായ പ്രകാരം നിർണ്ണയിക്കേണ്ടതാണ്."

5. മേല്പറഞ്ഞതിൽ നിന്നും, യഥാർത്ഥ വരുമാനം പരമാവധി പരിധിയേക്കാൾ ഉയർന്നതാണെങ്കിൽ, 163 എ വകുപ്പിൻകീഴിൽ പ്രതിപാദിക്കപ്പെടുന്നതിന്, അത് കുറച്ചുകൊണ്ടുവരുന്നതിലേക്കായി പ്രതിമാസവരുമാനത്തിന് ഒരു പരിമിതി അല്ലെങ്കിൽ പരിധി നിശ്ചയിക്കുവാൻ ആവശ്യപ്പെടുന്നതിന് ട്രിബ്യൂണൽ മുമ്പാകെയുള്ള കക്ഷികൾക്ക് കഴിയുന്നതല്ലായെന്ന് വ്യക്തമാണ്. ഇപ്പോഴത്തെ കേസിൽ, രേഖാപ്രകാരമുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രതിമാസവരുമാനം 5,000/-രൂപയായി അതായത് വാർഷിക വരുമാനം 60,000/- രൂപയായി ട്രിബ്യൂണൽ നിശ്ചയിച്ചു. ആ അർത്ഥത്തിൽ, ക്ലെയിം യഥാർത്ഥത്തിൽ 163 എ വകുപ്പിൻകീഴിൽ നിലനിൽക്കുന്നതല്ല.

6. തുടർനടപടികൾസംബന്ധിച്ച് ഒരു ചോദ്യം ഉയർന്നു വരുന്നു. 163 എ വകുപ്പിൻ കീഴിൽ ക്ലെയിം നിലനിൽക്കുന്നതല്ലെങ്കിൽ, മോട്ടോർ വാഹന ആക്റ്റിലെ 166-ാം വകുപ്പ് പ്രകാരം, `വീഴ്ചാതത്വ' ത്തിന്റെ അടിസ്ഥാനത്തിൽ, ക്ലെയിം നിലനിൽക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട കക്ഷിയുടെ ഭാഗത്തുള്ള ഉദാസീനത വാദിക്കുന്നതിനും തെളിയിക്കുന്നതിനും കക്ഷിക്ക് ഇനിയും സ്വാതന്ത്ര്യമുണ്ട്. ഈ വിഷയം റിമാന്റ് ചെയ്യേണ്ട ആവശ്യമുണ്ടോ എന്ന കാര്യമാണ് പരിഗണിക്കേണ്ടത്.

7. മേൽ വിവരിച്ചതുപോലെ, വാദങ്ങളുടെയും നൽകിയ തെളിവുകളുടെയും അടിസ്ഥാനത്തിൽ, ട്രിബ്യൂണൽ, ഉദാസീനത സംബന്ധിച്ച് വിഷയം പരിഗണിച്ചിട്ടുള്ളതും അതനുസരിച്ച് കാർ ഡ്രൈവറുടെ

ഉദാസീനത കൊണ്ടുമാത്രമാണ് അപകടമെന്ന വ്യക്തമായ ഒരു തീർപ്പ് അവാർഡിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഉദാസീനത സംബന്ധിച്ച വീക്ഷണം സ്ഥിരീകരിക്കുകയും ഇതു സംബന്ധിച്ച ഒരു തീർപ്പ് നൽകുകയും ചെയ്തിരിക്കുന്നതുമായ ഈ അവസ്ഥയിൽ, ക്ലെയിം മറ്റുവിധത്തിൽ നിലനിൽക്കത്തക്കതായിരുന്നുവെങ്കിൽ, (163 എ വകുപ്പിൻകീഴിലാണ് ക്ലെയിം ഹർജി ബോധിപ്പിച്ചിരുന്നതെങ്കിലും) ഉദാസീനത വാദിക്കുന്നതിനോ തെളിയിക്കുന്നതിനോ ഉള്ള യാതൊരു ബാദ്ധ്യതയും അവകാശവാദികൾക്ക് ഇല്ലാത്തതുമായിരുന്നു. റിമാന്റിന്റെ ലക്ഷ്യം ഏതെങ്കിലുമുണ്ടെങ്കിൽപോലും, അത് `വീഴ്ചാതത്വ'വുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന ആക്റ്റിലെ 166-ാം വകുപ്പ് പ്രകാരം ക്ലെയിം പരിഗണിക്കുന്നതിനു കാരണമാക്കുക മാത്രമാണ്. 163 എ വകുപ്പിൻ കീഴിലാണ് ക്ലെയിം ബോധിപ്പിച്ചിരുന്നതെങ്കിലും ട്രിബ്യൂണൽ മേല്പറഞ്ഞ നടപടിക്രമം അവലംബിച്ചിട്ടുള്ളതും അതനുസരിച്ച് ഉദാസീനത സംബന്ധിച്ച് ഒരു തീർപ്പ് നൽകിയിട്ടുമുണ്ട്, ആയത് അവകാശവാദികൾ ഉന്നയിച്ച വാദത്തെ പിന്താങ്ങുന്നു. ട്രിബ്യൂണൽ മുമ്പാകെ ഒന്നാം എതിർകക്ഷിയിൻമേൽ ഉദാസീനത നിശ്ചയിച്ച്, ആയതിന്റെ ബാധ്യത ഇൻഷ്വറൻസ് കമ്പനിയുടെ ചുമലിൽ നിജപ്പെടുത്തിക്കൊണ്ട് വസ്തുതാപരമായ അത്തരം ഒരു തീർപ്പ് നൽകിയിട്ടുള്ളതിനാൽ, അങ്ങനെയൊരു റിമാന്റ് ചെയ്യുന്ന തിലൂടെ മറ്റൊരു ഉദ്ദേശ്യവും നിർവ്വഹിക്കുവാനില്ല.

8. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ, ക്ലെയിം ഹർജി 163 എ വകുപ്പിൻ കീഴിൽ നിലനിൽക്കുന്നതല്ലായിരുന്നെങ്കിലും, ട്രിബ്യൂണൽ ആയത് `വീഴ്ചാതത്വ'ത്തിന്മേൽ 166-ാം വകുപ്പ്പ്രകാരം പരിഗണിച്ച് ബന്ധപ്പെട്ട എതിർകക്ഷികളിൻമേൽ ബാദ്ധ്യത നിശ്ചയിച്ചുകൊണ്ട് ഒരു അവാർഡ് പുറപ്പെടുവിച്ചതിൽ യാതൊരു ഇടപെടലും അർഹിക്കുന്നില്ലായെന്ന് ഈ കോടതി വിധിക്കുന്നു. ഈ അപ്പീൽ തോൽക്കുന്നു. അതനുസരിച്ച് അത് തള്ളിക്കളഞ്ഞിരിക്കുന്നു.

****************

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ
&
## ബഹു. ജസ്റ്റിസ് എ.എം. അഹമ്മദ് സിദ്ധിഖ്

**മുഹമ്മദ് കുഞ്ഞി**
**അഭി**
**കേരള സർക്കാർ**
**ഡബ്ല്യൂ.എ. നം. 1041/2014**

2016 ഫെബ്രുവരി 16-ന് പുറപ്പെടുവിച്ച ഉത്തരവ്
**വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ**

**വസ്തു ആർജ്ജനം ആക്റ്റ്, 1894, വകുപ്പ് 28എ – 28എ (1) വകുപ്പു പ്രകാരം സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ പാസ്സാക്കിയ ഉത്തരവ് ഒരു അവാർഡ് ആണ്, അത് ഒരു അപേക്ഷകന് 28 എ (3) വകുപ്പുപ്രകാരം റഫറൻസ് നടത്തുന്നതിന് അർഹതപ്പെടുത്തുന്നു. ഇപ്പോഴത്തെ കേസിൽ, ഞങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെ, സ്പെഷ്യൽ തഹസിൽദാർ അനുബന്ധം എ$_1$ ഉത്തരവിലൂടെ 11-05-1998 തീയതിയിലെ അപേക്ഷ നിരസിക്കുന്ന അവസരത്തിൽ ഹർജി കക്ഷികളുടെ വസ്തു എൽ.എ.ആർ. 120/87-ൽ ഉൾപ്പെട്ട വസ്തുവുമായി താരതമ്യപ്പെടുത്താവുന്നതല്ല എന്ന് ഉത്തരവിടുകയുണ്ടായി. പ്രസ്തുത നിരസിക്കൽ വ്യക്തമായും യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള ഒരു നിരസിക്കലും 28 എ (2) വകുപ്പിന്റെ അർത്ഥത്തിലുള്ള ഒരു അവാർഡുമാണ്. പ്രസ്തുത ഉത്തരവിനെതിരായി യാതൊരു റഫറൻസും നിലനിൽക്കുമായിരുന്നില്ല എന്ന് സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ പറയുന്നത് പൂർണ്ണമായും ശരിയല്ല.**

### വിധിന്യായം

ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ

ഡബ്ല്യു.പി.സി. നം. 30687/2013-ൽ 12-12-2013-ലെ വിധിന്യായത്തിലൂടെ ഹർജികക്ഷികൾ ഫയൽ ചെയ്ത റിട്ട് ഹർജി കാലവിളംബം കാരണം തള്ളിയതിനെതിരായി ഫയൽ ചെയ്തതാണ് ഈ റിട്ട് അപ്പീൽ.

2. ഈ റിട്ട് അപ്പീൽ തീരുമാനിക്കുന്നതിന് അനിവാര്യമായ വസ്തുതകൾ ചുരുക്കത്തിൽ:

ഹർജിക്കാരുടെ വസ്തു നേവൽ അക്കാഡമി സ്ഥാപിക്കുന്നതിനായി വസ്തു ആർജ്ജനം ആക്റ്റിലെ (ഇനി മുതൽ എൽ.എ ആക്റ്റ് എന്നാണ്

പരാമർശിക്കപ്പെടുക) 4-ാം വകുപ്പ് പ്രകാരമുള്ള 22-02-1983-ലെ ഒരു വിജ്ഞാപനപ്രകാരം ഏറ്റെടുത്തിട്ടു ള്ളതാണ്. ഹർജികക്ഷികൾ എൽ.എ ആക്റ്റിലെ 18-ാം വകുപ്പുപ്രകാരം റഫറൻസിനായി ഒരു അപേക്ഷ നൽകിയില്ല. ഇതേ വിജ്ഞാപനപ്ര കാരം വസ്തു ഏറ്റെടുക്കപ്പെട്ട മറ്റു ഭൂവുടമകൾ എൽ.എ ആക്റ്റിലെ 18-ാം വകുപ്പുപ്രകാരം റഫറൻസിനായി ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. പയ്യന്നൂരി ലെ സബ്കോടതി വിവിധ വസ്തു ആർജ്ജനം റഫറൻസുകൾ തീർപ്പുക ൽപ്പിച്ചിട്ടുണ്ട്. എൽ.എ.ആർ. നം. 94/ 92-നെ സംബന്ധിച്ച് ഹൈക്കോടതി യിൽ ഒരു അപ്പീൽ ഫയൽ ചെയ്യു കയും നഷ്ടപരിഹാര തുക വീണ്ടും വർദ്ധിപ്പിക്കപ്പെട്ടിട്ടുള്ളതുമാണ്. എൽ.എ. ആർ. നം. 120/87-ൽ പയ്യന്നൂരിലെ സബ്കോടതി എൽ.എ ആക്റ്റിലെ 18-ാം വകുപ്പുപ്രകാരമുള്ള നടപടിക്രമ ത്തിൽ ഒരു സെന്റിന് 1,000/ - രൂപ അനുവദിച്ചു. പ്രസ്തുത റഫറൻസ് ഉത്തരവിനെതിരായി ഒരു അപ്പീൽ വീണ്ടും ഉണ്ടായിരുന്നതും വസ്തുവി ന്റെ മൂല്യം 1,500- രൂപയായി വീണ്ടും വർദ്ധിപ്പിക്കപ്പെടുകയും ചെയ്തു. ഹർജിക്കാർ വിവിധ ഇനം വസ്തുക്ക ളെ സംബന്ധിച്ച് 11-05-1998-ലും 28-05-1998-ലും 28 എ വകുപ്പുപ്രകാരം രണ്ടു ജോഡി അപേക്ഷകൾ ഫയൽ ചെയ്തിരുന്നു. ശേഷിക്കുന്ന വസ്തു ക്കളെ സംബന്ധിച്ച് യഥാക്രമം എൽ.എ.ആർ നം. 6/99-ന്റെയും 21/05-ന്റെയും അടിസ്ഥാനത്തിൽ 30-12-2004-ലും മറ്റൊരു അപേക്ഷ 07-10-2006-ലും ഫയൽ ചെയ്യുകയു ണ്ടായി. 28 എ വകുപ്പ് പ്രകാരമുള്ള അപേക്ഷകൾ സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ എ1 മുതൽ എ4 വരെയുള്ള അനുബന്ധങ്ങൾ അനുസരിച്ച് നിരസിച്ചിട്ടുള്ളതാണ്. ഹർജികക്ഷികൾ 28 എ വകുപ്പുപ്രകാ രം 11-05-1998-ൽ സമർപ്പിച്ച അപേക്ഷ ഹർജികക്ഷിക ളുടെ വസ്തു എൽ.എ. ആർ.നം. 120/ 87-ൽ ഉൾപ്പെട്ട വസ്തു വുമായി സാമ്യതയില്ലാത്ത കാരണത്താ ൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നിരസിക്കപ്പെട്ടിട്ടുള്ളതാണ്. അതിനാൽ എൽ.എ.ആർ. നം. 120/87-ൽ അനുവദിച്ച വർദ്ധനവ് സ്വീകരി ക്കുവാൻ കഴിയുകയില്ല. ഹർജികക്ഷി കൾ റഫറൻസിനായി സമർപ്പിച്ച അപേക്ഷയും എൽ.എ. ആക്റ്റിലെ 28 എ വകുപ്പുപ്രകാരം 22 എ ഫാറത്തിൽ സമർപ്പിക്കപ്പെട്ടില്ല എന്ന കാരണത്താ ൽ സ്പെഷ്യൽ തഹസീൽദാർ എക്സിബിറ്റ് പി 5 ഉത്തരവിലൂടെ നിരസിച്ചിട്ടുള്ളതാണ്. 28 എ (3) വകുപ്പുപ്രകാരം ഫയൽ ചെയ്ത അവരുടെ അപേക്ഷകൾ സ്പെഷ്യൽ തഹസിൽദാർ നിരസിച്ച ഉത്തരവിനെ ചോദ്യം ചെയ്ത് ഡബ്ല്യു.പി.സി നമ്പരുകൾ 33886/2010-ഉം 33985/ 2015-ഉം ഫയൽ ചെയ്യുകയും, ഈ കോടതിയിലെ ഡിവിഷൻ ബെഞ്ച് 18-11-2011-ലെ എക്സിബിറ്റ് പി8 വിധിന്യായത്തിലൂടെ രണ്ട് റിട്ട് ഹർജികളും അനുവദിക്കുകയും സ്പെഷ്യൽ തഹസീൽദാർ പുറപ്പെ ടുവിച്ച ഉത്തരവ് അസ്ഥിരപ്പെടുത്തു

കയും ചെയ്തിട്ടുള്ളതാണ്. ഹർജിക ക്ഷികൾ 28 എ (3) വകുപ്പുപ്രകാരം ഫയൽചെയ്ത അപേക്ഷകൾ പുനഃപരി ശോധിക്കുന്നതിന് സ്പെഷ്യൽ തഹസി ൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഹൈക്കോടതിയുടെ വിധി ന്യായത്തിനുശേഷം സ്പെഷ്യൽ തഹ സിൽദാർ അപേക്ഷകൾ നിരസിച്ചു കൊണ്ട് വീണ്ടും ഒരു ഉത്തരവ്, എക്സിബിറ്റ് പി 9 പാസ്സാക്കുക യുണ്ടായി. യഥാർത്ഥത്തിൽ, 20-03-1990-ൽ പുറപ്പെടുവിച്ച എൽ.എ. ആർ. നം. 120/87-ലെ വിധിന്യായത്തെ ആശ്രയിച്ച് ഹർജികക്ഷികൾ 28 എ (1) വകുപ്പുപ്രകാരം ഫയൽ ചെയ്ത 11-05-1998-ലെയും 28-05-1998-ലെയും അപേക്ഷകൾ യഥാസമയത്ത് ആയിരു ന്നില്ല എന്ന് സ്പെഷ്യൽ ലാന്റ് അക്വിസിഷൻ ആഫീസർ പ്രസ്താവി ച്ചിട്ടുണ്ട്. 28 എ (3) വകുപ്പു പ്രകാരം ഹർജികക്ഷികൾ ഫയൽ ചെയ്ത മറ്റെല്ലാ അപേക്ഷകളും തള്ളിക്കൊണ്ട് സമാനരീതിയിലുള്ള ഉത്തരവുകൾ പാസ്സാക്കിയിട്ടുണ്ട്. 28 എ (3) വകുപ്പു പ്രകാരമുള്ള അപേക്ഷകൾ നിരസിച്ച പ്രസ്തുത ഉത്തരവുകളിൽ പരാതിപ്പെ ട്ടുകൊണ്ട് ഹർജികക്ഷികൾ ഫയൽ ചെയ്ത ഡബ്ല്യു.പി.സി. നം. 30687/2013 പ്രഗൽഭനായ സിംഗിൾ ജഡ്ജി വീഴ്ചയ്ക്ക് തള്ളിയിട്ടുള്ളതാണ്. പ്രഗൽഭനായ സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിൽ പരാതിപ്പെട്ടു കൊണ്ടാണ് ഹർജികക്ഷികൾ ഈ റിട്ട് അപ്പീലുമായി മുന്നോട്ടുവന്നിട്ടുള്ളത്.

3. ഹർജികക്ഷികൾ 28 എ (1) വകുപ്പുപ്രകാരം ഫയൽ ചെയ്ത അപേക്ഷകൾ നിരസിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ പ്രസ്താവി ച്ചിട്ടുള്ള കാരണങ്ങളും 28 എ (3) വകുപ്പുപ്രകാരം ഫയൽചെയ്ത അവ രുടെ അപേക്ഷകൾ നിരസിച്ച ഉത്തരവും തെറ്റിദ്ധരിപ്പിക്കുന്നത് മാത്ര മല്ല നിയമാനുസൃതമല്ലാത്തതുമാണെ ന്നും അപ്പീൽവാദികൾക്കുവേണ്ടിയു ള്ള പ്രഗൽഭനായ അഭിഭാഷകൻ ബോധിപ്പിക്കുന്നു.

4. ഹർജികക്ഷികൾ 28 എ (1) വകുപ്പുപ്രകാരം സമർപ്പിച്ച അപേക്ഷ കൾ സമയാതീതമല്ലെന്നും ഈ കോടതിയുടെ 18-11-2011-ലെ വിധി ന്യായത്തിനു ശേഷം പാസ്സാക്കി യിട്ടുള്ള എക്സിബിറ്റ് പി 9 ഉത്തരവിൽ സ്പെഷ്യൽ തഹസിൽദാർ നൽകിയ കാരണങ്ങളും ശരിയല്ല എന്നും ബോധിപ്പിച്ചിട്ടുണ്ട്. എൽ.എ.ആർ. നം. 120/87-ൽ ആദ്യമായി വിധി പുറപ്പെടുവിച്ചത് 20-03-1990-ലാണ്. അതിനുശേഷം, ഒരു അപ്പീൽ ഫയൽ ചെയ്യുകയും റിമാൻഡ് ചെയ്തതിൽ ഒരു പുതിയ അവാർഡ് 03-09-1997-ൽ നൽകുകയും ചെയ്തിട്ടുള്ളതാണ് (എ5). അതിനുശേഷം, ഹർജികക്ഷി കൾ വിധിന്യായ ത്തിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ് കരസ്ഥമാക്കിയ ശേഷം 28 എ (1) വകുപ്പുപ്രകാരമുള്ള അപേക്ഷകൾ ഫയൽ ചെയ്തു. ആദ്യ അവാർഡിന്റെ തീയതിയായ 20-03-1990 മുതലുള്ള സമയപരിധി കണക്കിലെടു ത്തുകൊണ്ട് സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ അപേക്ഷക

ൾ നിരസിച്ചത് പൂർണ്ണമായും ശരിയല്ലായെന്ന് വാദിച്ചു. റിമാന്റിനുശേഷം ഒരു പുതിയ അവാർഡ് നൽകിയപ്പോൾ പ്രസ്തുത അവാർഡ് തീയതിയാണ് സമയപരിധി കണക്കാക്കുന്നതിന് പ്രസക്തമെന്ന് ബോധിപ്പിച്ചു. അപ്പീൽ വാദികളുടെ പ്രഗൽഭനായ അഭിഭാഷകൻ പരമോന്നതകോടതിയുടെ ***ഭാരത സർക്കാർ*** അഭി ***ശ്രീമതി പ്രദീപ് കുമാരി*** (1996 (1) കെ.എൽ.റ്റി 93 (എസ്.സി)=(1995) 2 എസ്.സി.സി 736)-ലെ വിധിന്യായത്തെ ആശ്രയിച്ചു. കൂടാതെ, റിട്ട് ഹർജി സമയബന്ധിതമല്ല എന്ന കാരണത്താൽ തള്ളിയതും ശരിയല്ല എന്നും ബോധിപ്പിച്ചു. വാസ്ത വത്തിൽ, ഈ കേസിൽ പ്രഗൽഭനായ സിംഗിൾ ജഡ്ജി റിട്ട് ഹർജിയോഗ്യതയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിൽ, ഹർജിക്കാർക്കനുകൂലമായി വിവേചനാധികാരം വിനി യോഗിക്കേണ്ടതായിരുന്നു. ഹർജികക്ഷികൾ അവരുടെ അവകാശങ്ങൾ പ്രത്യേകിച്ച് തുടക്കം മുതൽ തന്നെ ഉന്നയിച്ചുകൊണ്ടിരിക്കുമ്പോൾ വസ്തു ആർജ്ജന വിഷയങ്ങൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതായിരുന്നു. നേരത്തെയും അവർ ഒരു റിട്ട് ഹർജി ഫയൽചെയ്തുകൊണ്ട് ഈ കോടതിയിൽ വന്നിട്ടുണ്ട്, ആയത് അനുവദിച്ചിട്ടുള്ളതുമാണ്. 28 എ (1) വകുപ്പുപ്രകാരം ഹർജി കക്ഷികൾ ഫയൽ ചെയ്ത അപേക്ഷ കൾ സ്പെഷ്യൽ ലാൻഡ് അക്വിസി ഷൻ ആഫീസർ യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതായിരുന്നു എന്നും അപേക്ഷകൾ സാങ്കേതിക കാരണത്താൽ നിരസിച്ചത് പൂർണ്ണമായും ശരിയല്ലായെന്നും, ആയത് ഹർജികക്ഷികൾക്ക്, അവർക്ക് അർഹതപ്പെട്ട വസ്തുവിന്റെ മൂല്യം നഷ്ടപ്പെടുത്തി എന്നും ഹർജികക്ഷികൾക്ക് വേണ്ടിയുളള പ്രഗൽഭനായ അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി.

5. കൂടാതെ 28 എ (3) വകുപ്പു പ്രകാരമുള്ള ഒരു അവാർഡ് 28 എ (1) വകുപ്പു പ്രകാരമുള്ള ഒരു അപേക്ഷയുടെ അടിസ്ഥാനത്തിൽ ആകാൻ കഴിയില്ല എന്ന് ഹർജികക്ഷികൾ ഫയൽചെയ്ത അപേക്ഷകൾ അനുബന്ധം എ3 ഉത്തരവിലൂടെ നിരസിക്കുന്ന വേളയിൽ സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ എടുത്ത നിലപാട് ശരിയല്ലായെന്ന് അപ്പീൽവാദികൾക്ക് വേണ്ടിയുള്ള പ്രഗൽഭനായ അഭിഭാഷകൻ വാദിക്കുന്നു. 28 എ (3) വകുപ്പുപ്രകാരമുള്ള ഒരു അവാർഡിന്റെ അടിസ്ഥാനത്തിൽ 28 എ 1 വകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ നൽകാൻ കഴിയും എന്നു വിധിച്ചുകൊണ്ട് ഡിവിഷൻ ബഞ്ച് നേരത്തെ *ഡിസ്ട്രിക്റ്റ് കളക്ടർ* അഭി *മുഹമ്മദ് കുഞ്ഞി* (2012 (4) കെ.എൽ.റ്റി 360)-ൽ ഉത്തരം നൽകിയിട്ടുണ്ട്.

6. ഹർജികക്ഷികൾ റിട്ട് ഹർജി ഒരു വർഷത്തിൽ കൂടുതൽ കാലയളവിനുശേഷം ഫയൽ ചെയ്തതുകൊണ്ടും കാലതാമസത്തിന് സാധുതയുള്ള യാതൊരു വിശദീകരണവും നൽകാ

ത്തതുകൊണ്ടും റിട്ട് ഹർജി വീഴ്ചയുടെ കാരണത്താൽ ശരിയായിട്ടാണ് തള്ളപ്പെട്ടത് എന്ന് വിജ്ഞാനിയായ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ബോധിപ്പിക്കുന്നു.

7. കൂടാതെ, എക്സിബിറ്റ് പി 9 ഉത്തരവിനെ സംബന്ധിച്ച് 28(1) വകുപ്പുപ്രകാരമുള്ള അവാർഡ് അംഗീകരിക്കാത്തവർക്ക് മാത്രമേ റഫറൻസിനുള്ള അവകാശം ലഭിക്കുകയുള്ളൂ എന്നതിനാലാണ് 28 എ (3) വകുപ്പുപ്രകാരമുള്ള അപേക്ഷകൾ സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ നിരസിച്ചിട്ടുള്ളത് എന്ന് അപ്പീൽവാദികൾക്കുവേണ്ടിയുള്ള പ്രഗൽഭനായ അഭിഭാഷകൻ ബോധിപ്പിച്ചു. ഹർജികക്ഷികളുടെ അപേക്ഷകൾ നിരസിക്കപ്പെട്ടതിനാൽ 28 എ (3) വകുപ്പുപ്രകാരം ഒരു റഫറൻസിന് അവസരം ഉണ്ടായിരുന്നില്ല എന്ന ലാൻഡ് അക്വിസിഷൻ ആഫീസറുടെ വീക്ഷണവും തെറ്റാണെന്ന് ബോധിപ്പിച്ചു. അപേക്ഷകൾ നിരസിച്ച ഉത്തരവ് ഒരു അവാർഡ് ആണെന്നും ആയതിന് 28 എ (3) വകുപ്പുപ്രകാരം റഫറൻസ് നടത്താൻ കഴിയുമായിരുന്നു എന്നും വാദിക്കുകയുണ്ടായി.

8. ഞങ്ങൾ കക്ഷികളുടെ പ്രഗൽഭരായ അഭിഭാഷകരുടെ സമർപ്പണങ്ങൾ പരിഗണിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

9. നേവൽ അക്കാഡമിക്കുവേണ്ടിയുള്ള വസ്തു ആർജ്ജനം സംബന്ധിച്ച് ഡബ്ല്യു.എ. നം. 1438/2013-ൽ എൽ.എ ആക്റ്റിലെ 4-ാം വകുപ്പുപ്രകാരമുള്ള ഇതേ വസ്തു ആർജ്ജന വിജ്ഞാപനത്തെ സംബന്ധിച്ച് ഉയർത്തപ്പെട്ട സമാന സംഗതികൾ പരിഗണിക്കാൻ ഞങ്ങൾക്ക് അവസരം ഉണ്ടായിട്ടുണ്ട്. 28 എ (1)-ഉം 28 എ (3)-ഉം വകുപ്പുകൾ പ്രകാരമുള്ള അപേക്ഷകൾ നിരസിക്കുന്നതിനുള്ള വിവിധ കാരണങ്ങൾ പരിഗണിക്കാൻ ഞങ്ങൾക്ക് അവസരം ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ വിധിന്യായത്തിലെ 13 മുതൽ 16 വരെ ഖണ്ഡികകളിൽ ഞങ്ങൾ നടത്തിയ നിരീക്ഷണങ്ങൾ പരാമർശിക്കുന്നത് ഉപയോഗപ്രദമാണ്.

"13. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) 28 എ (1) വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളിലേക്ക് ഇപ്പോൾ വരുമ്പോൾ സൂചിപ്പിക്കുന്നത്, 28 എ (3) വകുപ്പുപ്രകാരമുള്ള ഒരു അവാർഡിന്റെ അടിസ്ഥാനത്തിൽ 28 എ (1) വകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ നിലനിൽക്കില്ല എന്ന കാരണത്താലാണ് നിരസിക്കൽ നടത്തിയിരിക്കുന്നതെന്നാണ്. അപ്പീൽവാദികളുടെ പ്രഗൽഭനായ അഭിഭാഷകൻ ഈ കോടതിയുടെ *ജില്ലാ കളക്ടർ അബി മുഹമ്മദ് കുഞ്ഞി* (2012 (4) കെ.എൽ.റ്റി 360)-ലെ ഡിവിഷൻ ബെഞ്ച് വിധിന്യായത്തെ ശരിയായി ആശ്രയിച്ചു. ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് മേൽ സംഗതി പരിഗണിക്കുകയും 19-ഉം 20-ഉം ഖണ്ഡികകളിൽ താഴെ പറയുംപ്രകാരം വിധിക്കുകയും ചെയ്തിട്ടുള്ളതാണ്:-"

19. ഒരു അപേക്ഷ ഫയൽ ചെയ്യാത്തിടത്തോളം ഇത് അർത്ഥമാക്കുന്നത് ഫലപ്രദമായ അപേക്ഷ ഫയൽ ചെയ്യുക എന്നാണ്. ഇതിൽ കാലഹരണത്തിന്റെ അടിസ്ഥാനത്തിൽ തള്ളിയ റഫറൻസിനായുള്ള ഒരു അപേക്ഷ ഉൾപ്പെടുന്നില്ല എന്തെന്നാൽ ഏതെങ്കിലും റഫറൻസിലേക്ക് സഫലമാക്കുന്ന യാതൊരു അപേക്ഷയും ഇല്ലാത്തതാണ്. ഇത്തരം സാഹചര്യങ്ങളിൽ, ഒരു ഉടമസ്ഥന് ആക്റ്റിലെ 28 എ വകുപ്പുപ്രകാരമുള്ള അപേക്ഷ മറ്റു വ്യവസ്ഥകൾ സഫലീകരിക്കുന്നിടത്തോളം നിലനിർത്താൻ കഴിയും. 28 എ (3) വകുപ്പു പ്രകാരം ഉയർന്ന നഷ്ടപരി ഹാരത്തിന്റെ പ്രയോജനം കിട്ടുന്ന ഒരു വ്യക്തിക്ക് ആക്റ്റിലെ 3 (ഡി) വകുപ്പിൽ നിർവ്വചിച്ചിരിക്കുന്നതു പോലെ കോടതിയിലേക്ക് ഒരു റഫറൻസ് നടത്താവുന്നതും ഈ അവകാശം നിഷേധിക്കാൻ കഴിയാ ത്തതുമാണ്.

20. കളക്ടർ മുമ്പാകെ ഒരിക്കൽ അപേക്ഷ ഫയൽ ചെയ്യപ്പെട്ടാൽ, അദ്ദേഹം അടുത്തകാലത്തെ അവാർഡ്, അവാർഡ് തീയതി, ഫലവത്തായ അപേക്ഷ, നഷ്ടപരിഹാരത്തിനുള്ള വർദ്ധനവ് അല്ലെങ്കിൽ നഷ്ടപരിഹാരം കുറയ്ക്കൽ എന്നിങ്ങനെയുള്ള എല്ലാ പ്രസക്തമായ വസ്തുതകളും പരിഗണനയ്ക്ക് എടുക്കേണ്ടതുണ്ട്. അപേക്ഷകൻ 28 എ വകുപ്പിൽ അവലോകനം ചെയ്തിരിക്കുന്ന വ്യവസ്ഥകൾ പൂർത്തീകരിക്കുന്നിടത്തോളം അപേക്ഷയുമായി മുന്നോട്ടുപോകുന്നതിനും യാതൊരു തടസ്സവും ഇല്ലാത്തതാണ്. അപ്പീൽ കോടതി വിഷയം റിമാന്റ് ചെയ്തശേഷം റഫറൻസ് കോടതി ഒരു അവാർഡ് പുറപ്പെടുവിക്കു യാണെങ്കിൽ ആയതും 28 എ വകുപ്പു പ്രകാരമുള്ള ഒരു അവാർഡ് ആണ്.

14. അപ്പീൽവാദികൾക്കുവേണ്ടിയുള്ള പ്രഗൽഭനായ അഭിഭാഷകൻ ആശ്രയി ച്ചിട്ടുള്ള *കൊയ്യോടൻ ചെറിയ കണ്ണൻ* കേസിലെ പരമോന്നത കോടതിയുടെ വിധിന്യായവും 28 എ (3) വകുപ്പു പ്രകാരമുള്ള അപേക്ഷ നിരസിച്ചത് ഫോറം 22 എ-യിൽ അല്ലായിരുന്നു എന്ന കാരണത്താലുള്ളതാണ്. മേൽ പ്പറഞ്ഞ കേസിലെ റിട്ട് ഹർജിയും തള്ളിയത് കാലതാമസത്തിന്റെ കാരണത്താലാണ്. സുപ്രീം കോടതി ആ കേസിന്റെ വസ്തുതകൾ പരിശോധിച്ചി ട്ടുള്ളതാണ്.

"എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന പ്രഗത്ഭയായ അഭിഭാഷക മിസ്. ലിസ്മാത്യു മറ്റു പലതിന്റെയും കൂടെ ചോദ്യം ചെയ്ത ഉത്തരവിനെയും വിധിന്യായത്തെയും ന്യായീകരിച്ചുകൊണ്ട് വാദിച്ചുതെന്തെന്നാൽ അപ്പീൽവാദികൾ ഫയൽ ചെയ്ത അപേക്ഷകൾ 22 (എ) ചട്ടത്തിൽ നിർദ്ദേശിച്ച പ്രകാരമല്ലെന്നും മാത്രമല്ല ഹൈക്കോടതി മുൻപാകെ റിട്ട് ഹർജികൾ വൈകിയാണ് ഫയൽ ചെയ്തതെന്നും അതിനാൽ 28 (എ) (3) വകുപ്പുപ്രകാരം അപ്പീൽവാദികൾ വച്ച അവകാശവാദം ലാന്റ് അക്വിസിഷൻ കളക്ടർ നിരസിച്ചത് പാണ്ഡിത്യമുള്ള

സിംഗിൾ ജഡ്ജി പ്രമാണീകരിച്ചത് ശരിയായിട്ടാണെന്നും ചോദ്യം ചെയ്യപ്പെട്ട പൊതുവിധിന്യായം പുറപ്പെടുവിച്ചുകൊണ്ടും ശരിയായ കാരണങ്ങൾ നൽകിക്കൊണ്ട് അപ്പീൽ തള്ളിക്കൊണ്ടും കേരള ഹൈക്കോടതിയുടെ വിജ്ഞാനിയായ ഡിവിഷൻ ബെഞ്ച് ശരിയായിട്ടാണ് വിജ്ഞാനിയായ സിംഗിൾ ജഡ്ജിയുടെ ഉത്തരവിൽ ഇടപെടാത്തതെന്നും അതിനാൽ ആയത് ഈ കോടതി ഇടപെടേണ്ട ആവശ്യമില്ലാത്തതുമാണ്''.

15. പരമോന്നത കോടതി ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരായുള്ള അപ്പീൽ പരിഗണിക്കുകയായിരുന്നു, അതിൽ ഹൈക്കോടതി അനുച്ഛേദം 226 പ്രകാരമുള്ള വിവേചനാധികാരം വീഴ്ച എന്ന കാരണത്താൽ വിനിയോഗിക്കുന്നതിൽ വിസമ്മതിച്ചിട്ടുള്ളതാണ്. ഇപ്പോഴത്തെ കേസിന്റെ വസ്തുതകളിൽ റിട്ട് ഹർജി കാലതാമസം ഉണ്ടായി എന്ന കാരണത്താൽ തള്ളിയതിൽ ഹൈക്കോടതിക്ക് പിശക് പറ്റിയിട്ടുണ്ട് എന്ന് പരമോന്നത കോടതി അപ്പീൽ അനുവദിച്ചുകൊണ്ട് വിധിച്ചു. പരമോന്നത കോടതി ഖണ്ഡിക 3-ൽ ചുവടെ പറയും പ്രകാരം നിരീക്ഷിച്ചിട്ടുണ്ട്:

"ഞങ്ങൾ അപ്പീൽവാദികൾക്കു വേണ്ടി ഹാജരാകുന്ന പ്രഗൽഭനായ സീനിയർ അഭിഭാഷകൻ ശ്രീ. ഹുസേഫ് അഹമ്മദിയേയും എതിർകക്ഷികൾക്കു വേണ്ടിയുള്ള വിജ്ഞാനിയായ അഭിഭാഷകയായ മിസ് ലിസ് മാത്യുവിനേയും കേട്ടിട്ടുള്ളതാണ്. അപ്പീൽ വാദി/വസ്തു നഷ്ടപ്പെട്ടവർക്ക് ഭാരതത്തിന്റെ ഭരണഘടന നൽകിയിട്ടുള്ള ഭരണഘടനാപരവും മൗലികാവകാശങ്ങളും നഷ്ടപരിഹാരം ആവശ്യപ്പെട്ട് 28 എ (3) വകുപ്പ്പ്രകാരം നൽകിയിട്ടുള്ള നിയമപരമായ അവകാശവും സമതുലിതമായി പരിഗണിച്ചുകൊണ്ട് ഈ വസ്തുത പരിശോധിക്കുന്നതിന് ഞങ്ങളോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. വസ്തു നഷ്ടപ്പെട്ടവർ അവരുടെ കുടുംബാംഗങ്ങളുടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി കാർഷികവൃത്തിയെയാണ് മുഖ്യമായും ആശ്രയിച്ചു കൊണ്ടിരിക്കുന്നത്. അപ്പീൽവാദികളുടെ ഭരണഘടനാപരവും മൗലികാവകാശങ്ങളും ഉൾക്കൊണ്ടു കൊണ്ട് ഞങ്ങൾ കക്ഷികളുടെ അവകാശങ്ങൾ പരിഗണിക്കുകയും, ലാൻഡ് അക്വിസിഷൻ കളക്ടറും ഭരണഘടനാ കോടതിയും, അതായത് കേരള ഹൈക്കോടതിയും രണ്ടും എടുത്ത തീരുമാനത്തിന്റെ കൃത്യത പരിശോധിച്ചു. കേരള ലാൻഡ് അക്വിസിഷൻ ചട്ടങ്ങളിലെ 16 (എ) ചട്ടത്തിൽ വിനിർദ്ദേശിക്കുന്ന പ്രകാരം അപ്പീൽവാദികൾ അവകാശ ഹർജികൾ 22 (എ) ഫാറത്തിൽ ഫയൽ ചെയ്തില്ല എന്ന കാരണത്താൽ 1894-ലെ വസ്തു ആർജ്ജനം ആക്റ്റിലെ 28 (എ) (3) വകുപ്പുപ്രകാരം അവർ ഫയൽ ചെയത അപേക്ഷകൾ നിരസിച്ചത് അവരുടെ ആ സമീപനം മുഖ്യമായും സാങ്കേതികമായതിനാലാണ്. ഒരു അന്യായക്കാരൻ ഒരു നിയമാനുസൃത കോടതിയേയോ, ഭരണഘടനാ കോടതിയേയോ സമീപി

ക്കുമ്പോൾ അന്യായക്കാർ ആ വസ്തുതയിൽ ഉദ്ധരിച്ചിട്ടുള്ള ഭരണഘടനയിലെ ഭരണഘടനാപരവും മൗലികാവകാശങ്ങളും പരിഗണിച്ചു കൊണ്ട് അവർ ആ വസ്തുതയിലെ സത്ത പരിശോധിക്കേണ്ടതാണ് എന്ന് ഈ കോടതി വീണ്ടും വീണ്ടും ധാരാളം കേസുകളിൽ ഉറപ്പിച്ചുപറഞ്ഞിട്ടുള്ള താണ്.

16. പരമോന്നത കോടതിയുടെ മേൽപ്പറഞ്ഞ വിധിന്യായം അപ്പീൽവാദിയുടെ പ്രഗൽഭനായ അഭിഭാഷകൻ ഉയർത്തിയ സമർപ്പണത്തെ പൂർണ്ണമായും രണ്ട് അർത്ഥത്തിലും പിന്താങ്ങുന്നതാണ്. അത്തരം കാര്യങ്ങളിൽ, ആ വസ്തുതയുടെ സത്ത കോടതി പരിശോധിക്കേണ്ട തായിരുന്നുവെന്നും സാങ്കേതിക കാരണങ്ങളാൽ റിട്ട് ഹർജി നിരസിക്കേണ്ട തല്ലാത്തതുമായിരുന്നു എന്നും പരമോന്നത കോടതി നിരീക്ഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കേസിൽ, പരമോന്നത കോടതി 28 എ (3) വകുപ്പുപ്രകാരമുള്ള അപേക്ഷ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) തള്ളി പുറപ്പെടുവിച്ച സമാന ഉത്തരവിനെ പരമോന്നത കോടതി അംഗീകരിച്ചിട്ടില്ല. പരമോന്നത കോടതി ആ വസ്തുത ലാൻഡ് അക്വിസിഷൻ കളക്ടർക്ക് റിമാന്റ് ചെയ്തു. താഴെ പറയുന്ന നിർദ്ദേശങ്ങൾ പരമോന്നത കോടതി പുറപ്പെടുവിച്ചു. "ഞങ്ങൾ ചോദ്യംചെയ്യപ്പെട്ട വിധിന്യായത്തെയും റിട്ട് അപ്പീലുകളിൽ പാസ്സാക്കിയ ഉത്തരവിനെയും മുൻപറഞ്ഞ കാരണങ്ങൾ കൊണ്ട്, അസ്ഥിരപ്പെടുത്തുകയും റിട്ട് ഹർജികൾ അനുവദിക്കുകയും ചെയ്യുന്നു. റഫറൻസ് കോടതി പാസ്സാക്കിയ എൽ.എ.ആർ നം. 120/87-ന് അനുസൃതമായി വസ്തു നഷ്ടപ്പെട്ടവർ വസ്തു ആർജ്ജന ആക്റ്റിലെ 28 (എ) (3) വകുപ്പു പ്രകാരം നടത്തിയ അവകാശ വാദം വീണ്ടും പരിശോധിക്കുന്നതിനായി ഞങ്ങൾ ഈ വസ്തുത ലാൻഡ് അക്വിസിഷൻ കളക്ടർക്ക് റിമാന്റ് ചെയ്യുന്നു. ഈ ഉത്തരവിന്റെ കോപ്പി ലഭിച്ച് രണ്ടാഴ്ചക്കുള്ളിൽ ലാൻഡ് അക്വിസിഷൻ കളക്ടർക്ക് ചട്ടങ്ങളിലെ ഫാറം 22 എ-യിൽ വിനിർദ്ദേശിക്കുന്ന ആവശ്യമായേക്കാവുന്ന മറ്റു വിവരങ്ങൾ ഹാജരാക്കുന്നതിന് അപ്പീൽവാദികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ലാൻഡ് അക്വിസിഷൻ കളക്ടറോട് അപ്പീൽവാദികളുടെ/വസ്തു നഷ്ടപ്പെട്ടവരുടെ അവകാശവാദം പരിശോധി ക്കുന്നതിന് ആക്റ്റിലെ 28 (എ) (3)-ലെ വ്യവസ്ഥ പ്രകാരം ആറ് ആഴ്ചകൾക്കുള്ളിൽ മറ്റ് വസ്തു ഉടമകൾക്ക് അവരുടെ വസ്തുവിന് അനുകൂലമായി ഇതിൽ വസ്തു നഷ്ടപ്പെട്ടവരുടെ വസ്തുവിനോടൊപ്പം വിജ്ഞാപനങ്ങൾ പ്രകാരം ഏറ്റടുക്കപ്പെട്ട വസ്തുവിന് പാസ്സാക്കിയ അവാർഡിൽ തീരുമാനിച്ച കമ്പോള മൂല്യത്തിനനുസൃതമായി കർശനമായും പരിശോധിക്കുന്നതിന് ആവശ്യപ്പെടുന്നു. ലാൻഡ് അക്വിസിഷൻ കളക്ടർ ശ്രദ്ധാപൂർവ്വമായ പരിശോധനയ്ക്കുശേഷം, സമാനവസ്തു ഉടമകൾക്ക് പാസ്സാക്കിയ അവാർഡിൽ തീരുമാനിച്ച കമ്പോള മൂല്യത്തിന്

അപ്പീൽവാദികൾക്ക് / വസ്തു നഷ്ടപ്പെട്ടവർക്ക് അർഹതയുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത ആനുകൂല്യം ആക്റ്റിലെ 34-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന നിയമ പ്രകാരമുള്ള ആനുകൂല്യത്തോടൊപ്പം അപ്പീൽവാദികൾക്ക് കൂടി ദീർഘിപ്പി ക്കേണ്ടതാണ്. ലാൻഡ് അക്വിസിഷൻ കളക്ടർ അവരുടെ അവകാശവാദം നിരസിക്കുകയാണെങ്കിൽ, അപ്പീൽവാദികൾ/ വസ്തു നഷ്ടപ്പെട്ട വർക്ക് അവരുടെ വസ്തുവിന്റെ കമ്പോള മൂല്യം മറ്റു വസ്തു ഉടമക ൾക്ക് അനുകൂലമായി നേരത്തെ പുറപ്പെടുവിച്ച അവാർഡിലെ അവാർ ഡിക്ക് തത്തുല്യമായി തീരുമാനിക്കുന്ന തിന് ആയത് അധികാരികതയുള്ള റഫറൻസ് കോടതിയിലേക്ക് റഫർ ചെയ്യപ്പെടുന്നതിന് അർഹത ഉണ്ടായിരി ക്കുന്നതാണ്".

10. കാലഹരണപ്പെട്ടതായതിനാൽ പ്രഗൽഭനായ സിംഗിൾ ജഡ്ജി റിട്ട് ഹർജി ഡബ്ല്യു.എ.നം. 1438/2013-ൽ തള്ളിയിരുന്നു. 28 എ (1)-ഉം 28 എ (3)-ഉം വകുപ്പുകൾ പ്രകാരം ഫയൽ ചെയ്ത അപേക്ഷകൾ ഏറെക്കുറെ സമാന കാരണത്താൽ തള്ളിയ ലാൻഡ് അക്വിസിഷൻ ആഫീസറുടെ ഉത്തരവിനെ പരമോന്നത കോടതി 02-12-2014-ലെ ഡബ്ല്യൂ.പി.സി. നം. 34444/2013 (*കൊയ്യോടൻ ചെറിയ കണ്ണൻ* അഭി *ജില്ലാ കളക്ടറിൽ*) പുറപ്പെടുവിച്ച വിധിന്യായത്തിൽ അസ്ഥിരപ്പെടു ത്തുകയും അപേക്ഷകൾ വീണ്ടും പുതുതായി പരിഗണിക്കുന്നതിന് സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസറോട് നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ, വീഴ്ച എന്ന കാരണത്താൽ റിട്ട് ഹർജി ഹൈക്കോടതി നിരസിക്കേണ്ടിയില്ലായിരുന്നു എന്ന് പരമോന്നത കോടതി മേലും വിധിച്ചു. പരമോന്നത കോടതിയുടെ താഴെ പറയുന്ന നിരീക്ഷണം വിവരിക്കുന്നത് പ്രയോജനപ്രദമാണ്:

"1894-ലെ വസ്തു ആർജ്ജനം ആക്റ്റിലെ 28 (എ) (3) വകുപ്പ് പ്രകാരമുള്ള അവകാശങ്ങൾ സംബന്ധിച്ച അപേക്ഷകൾ ലാൻഡ് അക്വിസിഷൻ കളക്ടർ നിരസിക്കപ്പെട്ടത് ഹൈക്കോടതി സാങ്കേതിക കാരണങ്ങളാൽ ഉറപ്പിച്ചത് പൂർണ്ണമായും ന്യായീകരിക്കാവുന്നതല്ല. അതിനാൽ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലും ഉത്തരവുകളിലും പ്രാഗൽഭ്യമുള്ള സിംഗിൾ ജഡ്ജിയും ഡിവിഷൻ ബെഞ്ചും രേഖപ്പെടുത്തിയ കണ്ടെത്തലുകളും കാരണങ്ങളും നിയമത്തിൽ സാധുതയില്ലാത്തതും, അതിനാൽ അവ അസ്ഥിരപ്പെടുത്താൻ ബാദ്ധ്യസ്ഥവുമാണ്. ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലും ഉത്തരവിലും ഏൽപ്പിച്ച പ്രസ്തുത കണ്ടെത്തലുകളും കാരണങ്ങളും എന്തെന്നാൽ അപ്പീൽവാദികൾ കോടതിയെ സമീപിച്ചത് വൈകിയാണെന്നും അവരുടെ അപേക്ഷകൾ വിനിർദ്ദേശിച്ച രൂപത്തിൽ അല്ല എന്നും ഉള്ളത് നിയമത്തിൽ നിലനിൽക്കുന്നതല്ല. വിവിധ കാരണങ്ങൾ കൊണ്ട് യുക്തമായ കാലാവധിക്കുള്ളിൽ

കോടതിയെ സമീപിക്കുന്നതിന് വസ്തു നഷ്ടപ്പെട്ടവരുടെ കഷ്ടപ്പാട് അവരുടെ വസ്തു ഏറ്റെടുത്തതിന് ന്യായമായ നഷ്ടപരിഹാരം അവാർഡ് ചെയ്യുന്നതിന് അവരുടെ നിയമാനുസൃതമായ അധികാരം നിരസിക്കുന്നതിന് ഒരു കാരണം ആകാൻ കഴിയാത്തതാണ്. ആ വസ്തുത ശക്തിയുള്ള രാഷ്ട്രത്തിനെതിരായി അഭിഭാഷകരെ ഏർപ്പെടുത്തിക്കൊണ്ടും നിയമപരമായ ചെലവുകൾ കണ്ടെത്തിക്കൊണ്ടും ശക്തിയുക്തം വാദിക്കുന്നതിനായി ഭരണഘടനാ കോടതിയെ സമീപിക്കുന്നതിന് വസ്തു നഷ്ടപ്പെട്ടവർക്ക് വളരെ പ്രയാസമുള്ളതാണ്''.

11. നിലവിലുള്ള കേസിൽ അപേക്ഷകൾ നിരസിക്കുന്നതിനുവേണ്ടി നൽകപ്പെട്ട മറ്റ് രണ്ട് കാരണങ്ങൾ ആണ്:

(i) 28 എ (3) വകുപ്പുപ്രകാരമുള്ള റഫറൻസ് ആ വ്യക്തി 28 (എ) (1) വകുപ്പുപ്രകാരമുള്ള അവാർഡ് അംഗീകരിക്കുന്നില്ലെങ്കിൽ മാത്രമേ നടത്താൻ കഴിയുകയുള്ളൂ. എന്നാൽ, 28 എ (1) പ്രകാരമുള്ള അപേക്ഷ ഇപ്പോഴത്തെ കേസിൽ നിരസിക്കപ്പെട്ടതിനാൽ ഒരു അവാർഡ് ഇല്ലാത്തതാണ്. അതിനാൽ 28 എ (3) വകുപ്പ് ബാധകമാകുന്നില്ല.

(ii) സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ എൽ.എ. ആർ. നം. 120/87-ൽ ആദ്യ അവാർഡ് നൽകപ്പെട്ട തീയതി, അതായത് 20-03-1990 കാലഹരണത്തിന്റെ കാലാവധി കണക്കാക്കുന്നതിന് പ്രസക്തമാണ്. എന്നാൽ ഹൈക്കോടതി റിമാന്റിനുശേഷം നൽകപ്പെട്ട അവാർഡ് ഹർജിക്കാരുടെ അപേക്ഷകൾ കാലഹരണപ്പെട്ടത് ആയിരുന്നതുകൊണ്ട് പ്രസക്തമല്ലാ ത്തതുമാണ്.

12. സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ അപേക്ഷകൾ നിരസിക്കുന്നതിനായി നൽകിയ മേൽപ്പറഞ്ഞ രണ്ട് കാരണങ്ങളും പൂർണ്ണമായും ശരിയല്ലാത്തതാണ്. 28 എ (1) വകുപ്പുപ്രകാരം സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ പാസ്സാക്കിയ ഉത്തരവ് ഒരു അവാർഡ് ആണ്, അത് ഒരു അപേക്ഷകന് 28 എ (3) വകുപ്പുപ്രകാരം റഫറൻസ് നടത്തുന്നതിന് അർഹതപ്പെടുത്തുന്നു. ഇപ്പോഴത്തെ കേസിൽ, ഞങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെ, സ്പെഷ്യൽ തഹസിൽദാർ അനുബന്ധം എ$_1$ ഉത്തരവിലൂടെ 11-05-1998 തീയതിയിലെ അപേക്ഷ നിരസിക്കുന്ന അവസരത്തിൽ ഹർജി കക്ഷികളുടെ വസ്തു എൽ.എ.ആർ. 120/87-ൽ ഉൾപ്പെട്ട വസ്തുവുമായി താരതമ്യപ്പെടുത്താവുന്നതല്ല എന്ന് ഉത്തരവിടുകയുണ്ടായി. പ്രസ്തുത നിരസിക്കൽ വ്യക്തമായും യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള ഒരു നിരസിക്കലും 28 എ (2) വകുപ്പിന്റെ അർത്ഥത്തിലുള്ള ഒരു അവാർഡുമാണ്. പ്രസ്തുത ഉത്തരവിനെതിരായി യാതൊരു റഫറൻസും നിലനിൽക്കുമായിരുന്നില്ല എന്ന് സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ പറയുന്നത് പൂർണ്ണമായും ശരിയല്ല.

13. കാലഹരണപ്പെട്ടത് എന്ന കാരണത്താൽ അപേക്ഷകൾ നിരസിച്ചതിനെ സംബന്ധിച്ചിടത്തോളം, 28 എ (1) വകുപ്പുപ്രകാരമുള്ള അപേക്ഷകൾ കാലഹരണപ്പെടുന്നത് അല്ലായെന്ന് ഞങ്ങൾ നേരത്തെ വിധിച്ചിട്ടുള്ളതുകൊണ്ട് സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ ഈ വസ്തുത വീണ്ടും പരിഗണിക്കേണ്ടതാണെന്ന് ആവശ്യപ്പെടുന്നു. ഹർജിക്കാരുടെ അപേക്ഷകൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിച്ചുകൊണ്ട് 28 എ (2) പ്രകാരമുള്ള അവാർഡ് ജില്ലാ കളക്ടർ പാസ്സാക്കിയതിനുശേഷമാണ് റഫറൻസിനായുള്ള ചോദ്യം ഉയരുന്നത്. പരമോന്നത കോടതിയുടെ *കെയ്യോടൻ ചെറിയ കണ്ണൻ* (മേൽ പ്രസ്താവിച്ചത്)-ലെ വിധിന്യായത്തേയും കൂടാതെ *മുഹമ്മദ് കുഞ്ഞി* (മേൽ പ്രസ്താവിച്ചത്) ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായത്തെയും പിൻതുടർന്നുകൊണ്ട് ഞങ്ങളുടെ അഭിപ്രായം എന്തെന്നാൽ ഇപ്പോഴത്തെ റിട്ട് അപ്പീൽ അനുവദനീയാർഹമാണ് എന്നതാണ്. 28 എ (1) വകുപ്പും 28 എ (3) വകുപ്പുംപ്രകാരം ഫയൽ ചെയ്ത അപേക്ഷകൾ നിരസിക്കുന്നതിന് സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ നൽകപ്പെട്ട കാരണങ്ങൾ നിലനിൽക്കത്തക്കതല്ല എന്ന് കണ്ടെത്തിയതുകൊണ്ട് 28 എ (1)-ഉം 28 എ (3)-ഉം വകുപ്പുകൾ പ്രകാരം ഫയൽ ചെയ്ത അപേക്ഷകളിൽ സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ഞങ്ങൾ അസ്ഥിരപ്പെടുത്തുകയും 28 എ (1) വകുപ്പുപ്രകാരം ഫയൽ ചെയ്ത അപേക്ഷകൾ നിയമാനുസരണം വീണ്ടും തീരുമാനിക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാറിലേക്ക് റിമാന്റ് ചെയ്യുകയും ചെയ്യുന്നു. പ്രഗൽഭനായ സിംഗിൾ ജഡ്ജിയുടെ വിധിന്യായവും അസ്ഥിരപ്പെടുത്തുന്നു.

ഫലത്തിൽ, താഴെ പറയുന്ന നിർദ്ദേശങ്ങളോടുകൂടി റിട്ട് ഹർജിയും റിട്ട് അപ്പീലും അനുവദിക്കുന്നു.

(i) ഡബ്ല്യു.പി.സി. നം. 30687/2013-ലെ എക്സിബിറ്റ് പി-9 ഉത്തരവ് അസ്ഥിരപ്പെടുത്തുന്നു. 28 എ (1) വകുപ്പുപ്രകാരം ഫയൽ ചെയ്തിട്ടുള്ള അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള ഉത്തരവുകളും (എ 1 മുതൽ എ 4 വരെയുള്ള അനുബന്ധങ്ങൾ) അസ്ഥിരപ്പെടുത്തുന്നു.

(ii) ഹർജികക്ഷികൾ 28 എ (1) വകുപ്പുപ്രകാരം ഫയൽ ചെയ്ത അപേക്ഷകൾ നിയമാനുസരണം പുതുതായി പരിഗണിക്കുന്നതിന് 3-ാം എതിർകക്ഷിയായ സ്പെഷ്യൽ തഹസിൽദാരോട് നിർദ്ദേശിക്കുന്നു.

(iii) സ്പെഷ്യൽ തഹസിൽദാർ അപേക്ഷകൾ സാദ്ധ്യമായിടത്തോളം ത്വരിതഗതിയിൽ, ഏതുനിരക്കിലും, ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ തീർപ്പു കൽപ്പിക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്.

(iv) കക്ഷികൾ ചെലവ് വഹിക്കേണ്ടതാണ്.

******************

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ്

**റെജു**
**അഭി**
**മെയിന്റനൻസ് ട്രിബ്യൂണൽ**
**റിട്ട് പെറ്റീഷൻ (സി) നം. 4981/2015**

2016 മാർച്ച് 18-ന് വിധി കൽപ്പിച്ചത്
**വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ**

**മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007, വകുപ്പ് 2 (ബി), (ഡി), (കെ)-മുതിർന്ന പൗരന്മാർ ആക്റ്റിൽ, മുതിർന്ന പൗരന് "ക്ഷേമം" ലഭ്യമാക്കുന്ന പ്രത്യേക വ്യവസ്ഥകളൊന്നും തന്നെ ഇല്ലെങ്കിലും മുതിർന്ന പൗരന്മാർ ആക്റ്റിന്റെ മാതൃക തന്നെ മുതിർന്ന പൗരന്റെ "ക്ഷേമം" സംരക്ഷിക്കുന്നതിന് ട്രിബ്യൂണലിന് അവസരം നൽകുന്നുണ്ട്. കക്ഷികൾ തമ്മിലുള്ള അംഗീകരിക്കപ്പെട്ട ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിൽ ചുമത്താൻ കഴിയുന്നതായതുകൊണ്ട് ട്രിബ്യൂണലിന് യുക്തമെന്ന് കരുതുന്നയാളിന്റെ മേൽ "ക്ഷേമ നടപടികൾ" ലഭ്യമാക്കുന്നതിനുള്ള ബാദ്ധ്യത ചുമത്തുന്നതിന് തടസ്സമൊന്നുമില്ലാത്തതാണ്.**

### വിധിന്യായം

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007 (Maintenance and Welfare of Parents and Senior citizens Act, 2007) (ചുരുക്കത്തിൽ "മുതിർന്ന പൗരൻമാർ ആക്റ്റ്") പ്രകാരം രൂപീകരിച്ച മെയിന്റനൻസ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് ഹർജിക്കാരൻ ഈ കോടതിയെ സമീപിച്ചു.

2. ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് വഴി, മൂന്നാം എതിർകക്ഷിക്ക് "ക്ഷേമ നടപടികൾ" ലഭ്യമാക്കുന്നതിന് ഹർജിക്കാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

3. മൂന്നാം എതിർകക്ഷിക്ക് ഏതെങ്കിലും സംരക്ഷണമോ അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമാക്കുന്നതിന് ഹർജിക്കാർ ബാദ്ധ്യസ്ഥരല്ലായെന്നതാണ് അവരുടെ കേസ്. മൂന്നാം എതിർകക്ഷി അവരുടെ പിതാവ് അല്ലായെന്നും അയാൾ ജീവശാസ്ത്രപരമായ പിതാവിന്റെയോ ദത്തുപരമായ പിതാവിന്റെയോ രണ്ടാനച്ഛന്റെയോ പരിധിക്കുള്ളിൽ വരില്ലായെന്നും അതുകൊണ്ട് മെയിന്റനൻസ് ട്രിബ്യൂണൽ മുമ്പാകെ മൂന്നാം എതിർകക്ഷി ഫയൽ

ചെയ്ത അപേക്ഷ നിലനിൽക്കുന്നതല്ലായെന്നതുമാണ് അവരുടെ കേസ്.

4. ട്രിബ്യൂണൽ മുമ്പാകെയുള്ള പരാതിക്കാരനായ മൂന്നാം എതിർകക്ഷിയുടെ കേസ് എന്തെന്നാൽ, എക്സിബിറ്റ് ആർ 3 ബി പ്രകാരം ഹർജിക്കാരുടെ മാതാവിനെ, അതായത് ദേവകിയെ അയാൾ വിവാഹം കഴിച്ചിട്ടുള്ളതും സ്ഥാവര വസ്തുക്കളുടെ സംരക്ഷണത്തിനും അതുപോലെ തന്നെ ഹർജിക്കാരുടെ ക്ഷേമത്തിനും വേണ്ടിയും അയാൾ ധാരാളം പണം ചെലവഴിച്ചിട്ടുള്ളതുമാണ്, അതുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അയാൾക്ക് അവകാശപ്പെട്ടതാണെന്നുമാണ്. അപ്പലേറ്റ് അതോറിറ്റി മുമ്പാകെ 16-ാം വകുപ്പ് പ്രകാരം അപ്പീൽ വഴിയുള്ള പരിഹാരം ഒഴിവാക്കിക്കൊണ്ട് ഹർജിക്കാർക്ക് ഈ കോടതിയെ സമീപിക്കുവാൻ കഴിയുകയില്ലായെന്നും വാദിക്കുകയുണ്ടായി.

5. ഹർജിക്കാർക്ക് വേണ്ടിയുള്ള പ്രഗത്ഭനായ അഭിഭാഷകനെയും അതുപോലെ മൂന്നാം എതിർകക്ഷിക്കുവേണ്ടിയുള്ള പ്രഗത്ഭനായ അഭിഭാഷകനെയും കേട്ടു.

6. ഹർജിക്കാർക്കുവേണ്ടിയുള്ള പ്രഗത്ഭനായ അഭിഭാഷകൻ ഉന്നയിച്ച വാദങ്ങളിലൊന്ന് ഹർജിക്കാരുടെ മാതാവിനൊപ്പം സഹവസിച്ചിരുന്ന സമയത്ത്, മൂന്നാം എതിർകക്ഷി അയാൾക്ക് ഒരു വിവാഹബന്ധം നിലവിലുണ്ടായിരുന്നതിനാൽ അവരുടെ മാതാവിനെ നിയമപരമായി വിവാഹം ചെയ്യാൻ കഴിയുകയില്ലായിരുന്നു എന്നതാണ്. അതിനുപുറമേ, മൂന്നാം എതിർകക്ഷിക്ക് വിഷ്ണു എന്നു പേരുള്ള ഒരു മകൻ ഉള്ളതായും ബോധിപ്പിച്ചു. മാത്രമല്ല മുതിർന്ന പൗരൻമാർ ആക്റ്റിൽ ഒരിടത്തും, മുതിർന്ന പൗരന് ബാന്ധവമുള്ള സ്ത്രീയുടെ കുട്ടികളിന്മേൽ, അങ്ങനെയുള്ള മുതിർന്ന പൗരനെ സംരക്ഷിക്കുന്നതിനുള്ള ഒരു ബാധ്യതയും കൽപ്പിച്ചു നൽകിയിട്ടില്ലാ യെന്നും വാദിച്ചു.

7. മാതാപിതാക്കളെയും മുതിർന്ന പൗരൻമാരെയും സംരക്ഷിക്കുന്നതിനും ഫലപ്രദമായ വ്യവസ്ഥകൾ സംരക്ഷണത്തിനും ക്ഷേമത്തിനും വേണ്ടി വ്യവസ്ഥ ചെയ്യുകയുമാണ് മുതിർന്ന പൗരൻമാർ ആക്റ്റിന്റെ ഉദ്ദേശ്യം. ഭാരതത്തിന്റെ ഭരണഘടനയുടെ IV-ാം ഭാഗത്തിൻകീഴിൽ അനുച്ഛേദം 41 അനുസരിച്ച്, ഒരു പൗരന്റെ വാർദ്ധക്യകാലത്ത് അയാളുടെ ക്ഷേമം സംപ്രാപ്തമാക്കുന്നതിനുള്ള ഫലപ്രദമായ നടപടികളെടുക്കുന്നതിന് രാഷ്ട്രത്തിന് കർത്തവ്യം ഉണ്ടായിരിക്കുന്നതാണ്.

8. ഇതൊരു പ്രത്യേക കേസാണ്, വസ്തുതകൾ മറ്റുവിധത്തിൽ വെളിപ്പെടുത്തുന്നത്, മൂന്നാം എതിർകക്ഷി ജീവശാസ്ത്രപരമായ പിതാവ് അല്ലായെന്നും അയാളുടെ വിവാഹബന്ധത്തിൽ വിഷ്ണു എന്ന് പേരുള്ള ജീവശാസ്ത്രപരമായ ഒരു മകൻ ഉണ്ട് എന്നുമാണ്. മേല്പറഞ്ഞ വിഷ്ണു

ഒരു പ്രോജക്റ്റ് മാനേജരായി ജോലി ചെയ്തു വരുന്നതായി കാണുന്നു. എന്നിരുന്നാലും, ട്രിബ്യൂണൽ, മുതിർന്ന പൗരൻ, ഹർജിക്കാരന്റെ മാതാവുമായി താമസിക്കുകയായിരുന്നു എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട്, തടസ്സങ്ങളൊന്നുമില്ലാതെ ആ വസതിയിൽ താമസിക്കുന്നതിന് അയാളെ അനുവദിക്കുകയുണ്ടായി. മുതിർന്ന പൗരന്, പണമായി സംരക്ഷണ ചെലവ് നൽകുന്നതിനുള്ള യാതൊരു ഉത്തരവും ഇല്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ മെയിന്റനൻസ് ട്രിബ്യൂണൽ ഉത്തരവിട്ട നടപടികൾക്ക് ഈ കോടതിയുടെ ഏതെങ്കിലും ഇടപെടൽ ആവശ്യമാണോ അല്ലയോ എന്നതാണ് ഒരേയൊരു ചോദ്യം.

9. താഴെപ്പറയുംപ്രകാരം, "ക്ഷേമം" എന്നത് നിർവ്വചിക്കുന്ന, മുതിർന്ന പൗരൻമാർ ആക്റ്റിലെ 2 (കെ) വകുപ്പ് പരാമർശിക്കുന്നത് ഉചിതമായിരി ക്കുന്നതാണ്.

(കെ) "ക്ഷേമം" എന്നാൽ മുതിർന്ന പൗരന്മാർക്ക് ആവശ്യമായ ആഹാരം, ആരോഗ്യപരിരക്ഷ, വിനോദ -വിശ്രമകേന്ദ്രങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കുവേണ്ട ഏർപ്പാട് എന്നർത്ഥമാകുന്നു.

10. ഹർജിക്കാർ, മുതിർന്ന പൗരന്റെ ജീവശാസ്ത്രപരമായ കുട്ടികൾ അല്ലായെന്നുള്ളതാണ് ഹർജിക്കാരുടെ പ്രധാന വാദം. അവർ, "മാതാവോ പിതാവോ" എന്ന നിർവ്വചനത്തെയും, അതുപോലെ "കുട്ടികൾ" എന്ന നിർവ്വചനത്തെയും പരാമർശിക്കുകയും ഹർജിക്കാരും മുതിർന്ന പൗരനും തമ്മിലുള്ള ബന്ധം മേല്പറഞ്ഞ നിർവ്വചനത്തിനുള്ളിൽ വരികയില്ലായെന്നും ആയതിനാൽ ഹർജിക്കാർക്കെതിരായി മുതിർന്ന പൗരന് ഏതെങ്കിലും അവകാശവാദം ഉന്നയിക്കാൻ കഴിയില്ലായെന്നും ചൂണ്ടിക്കാട്ടിയിട്ടുള്ളതും ആകുന്നു. ഹർജിക്കാർ "ബന്ധു" വിന്റെ നിർവ്വചനം കൂടി പരാമർശിക്കുകയും "ബന്ധു"വിന്റെ നിർവ്വചനത്തിനുള്ളിൽ കൊണ്ടുവരുന്നതിന്, മുതിർന്ന പൗരന് ഒരു മകൻ ഉള്ളതിനാൽ മുതിർന്ന പൗരന്റെ വസ്തുക്കൾ അയാളുടെ മരണശേഷം, ഹർജിക്കാർക്ക് പിന്തുടർച്ചാവകാശമായി ലഭിക്കുന്നതിനുള്ള യാതൊരു സാധ്യതയില്ലാത്തതുമാണെന്നും ബോധിപ്പിച്ചു.

11. മേല്പറഞ്ഞ വാദം ഉചിതമാണെന്ന് തോന്നാമെങ്കിലും, മുതിർന്ന പൗരന്മാർ ആക്റ്റിലെ സംരക്ഷണം സംബന്ധിച്ച വ്യവസ്ഥകൾ നോക്കുമ്പോൾ സംരക്ഷണത്തിനുള്ള ചെലവ് കൊടുക്കുന്നതിനുള്ള ഒരു ഉത്തരവ് ഉണ്ടെങ്കിൽ ഈ വാദങ്ങൾക്ക് പ്രസക്തി ഉണ്ടാകുമായിരുന്നു. മാത്രമല്ല, മെയിന്റനൻസ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് കാണിക്കുന്നത്, അത്, മുതിർന്ന പൗരന്മാർ ആക്റ്റിലെ 2(ബി) വകുപ്പ് പ്രകാരമുള്ള സംരക്ഷണത്തിനു വേണ്ടിയുള്ള വ്യവസ്ഥ അവലംബിക്കുന്നതിനേക്കാൾ മുതിർന്ന പൗരന്മാർ ആക്റ്റിലെ "ക്ഷേമ നടപടികൾ" ലഭ്യമാക്കുന്നതിനുള്ള 2(കെ) വകുപ്പിന് അനുസൃതമായാണ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതെന്നാണ്. ഗണ്യമായ

സമയത്തേയ്ക്കുള്ള, പരസ്പരം കടപ്പാടുകൾ ഉള്ള കക്ഷികൾ തമ്മിലുള്ള അംഗീകരിക്കപ്പെട്ട ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിൽ, അത്തരത്തിലുള്ള ആളുകൾക്ക് സംരക്ഷണത്തിനുള്ള ചെലവ് കൊടുക്കുന്നതിനുള്ള നിയമപരമായ ബാദ്ധ്യത ഇല്ലായിരുന്നാൽപ്പോലും, ഏതൊരാളിനെതിരെയും ക്ഷേമനടപടികൾ ചുമത്താൻ കഴിയുന്നതാണ്. സംരക്ഷണം, തീർച്ചയായും, മുതിർന്ന പൗരന്മാർ ആക്റ്റിൻ കീഴിൽ നിർവ്വചിച്ചിട്ടുള്ളതായ 'കുട്ടികൾ' അല്ലെങ്കിൽ 'ബന്ധു' എന്ന് പരാമർശിക്കുന്ന ആളുകൾക്കെതിരെ മാത്രം ഉത്തരവ് ചെയ്യാൻ കഴിയുന്നതാണ്. മുതിർന്ന പൗരന് "ക്ഷേമം" ലഭ്യമാക്കുന്ന പ്രത്യേക വ്യവസ്ഥകളൊന്നും തന്നെ ഇല്ലെങ്കിലും മുതിർന്ന പൗരന്മാർ ആക്റ്റിന്റെ മാതൃക തന്നെ മുതിർന്ന പൗരന്റെ "ക്ഷേമം" സംരക്ഷിക്കുന്നതിന് ട്രിബ്യൂണലിന് അവസരം നൽകുന്നുണ്ട്. കക്ഷികൾ തമ്മിലുള്ള അംഗീകരിക്കപ്പെട്ട ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിൽ ചുമത്താൻ കഴിയുന്നതായതുകൊണ്ട് ട്രിബ്യൂണലിന് യുക്തമെന്ന് കരുതുന്നയാളിന്റെ മേൽ "ക്ഷേമനടപടികൾ" ലഭ്യമാക്കുന്നതിനുള്ള ബാദ്ധ്യത ചുമത്തുന്നതിന് തടസ്സമൊന്നുമില്ലാത്തതാണ്. അല്ലാത്ത പക്ഷം ആക്റ്റിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തുന്നതാണ്. അതുകൊണ്ട് ചോദ്യംചെയ്യപ്പെട്ട ഉത്തരവിൽ ഉത്തരവായ നിർദ്ദേശം "ക്ഷേമനടപടികൾ" ലഭ്യമാക്കുന്നതിനുള്ള ഒരു നിർദ്ദേശം മാത്രമാണെന്നും സംരക്ഷണ മായിട്ടല്ലെന്നും അത്തരം നടപടികൾ, ട്രിബ്യൂണൽ, സാഹചര്യങ്ങളിലും മതിയായ കാരണങ്ങളാലും യുക്തമെന്ന് കരുതുന്ന ഏതൊരാൾക്കെതിരെയും, അങ്ങനെയുള്ള ആളുകൾ മുതിർന്ന പൗരന്മാർ ആക്റ്റിൻകീഴിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളതായ "കുട്ടികൾ" അല്ലെങ്കിൽ "ബന്ധുവിന്റെ" പരിധിയിൽ വരുന്നതല്ലാത്തതാണെങ്കിൽപ്പോലും, ചുമത്താൻ കഴിയുന്നതാ ണെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ കേസിൽ, വെളിവാക്കപ്പെട്ട വസ്തുതകൾ, ഹർജിക്കാരുടെ മാതാവിനും ഹർജിക്കാർക്കും മുതിർന്ന പൗരനുമായിട്ട് പരസ്പരം കടപ്പാടുകൾ ഉള്ള അംഗീകരിക്കപ്പെട്ട ബന്ധുത്വം ഉണ്ടായിരുന്നതായി വ്യക്തമായി സ്ഥിരീകരിക്കുന്നു. ആയതിനാൽ റിട്ട് ഹർജി പരാജയപ്പെടേണ്ടതാണെന്ന് ഈ കോടതി നിരീക്ഷിക്കുകയും അതനുസരിച്ച് അത് തള്ളുകയും ചെയ്യുന്നു.

******************

**ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ**
**ബഹു. ജസ്റ്റിസ് ശ്രീ.കെ.റ്റി ശങ്കരൻ**
**&**
**ബഹു. ജസ്റ്റിസ് ശ്രീ.കെ.പി ജ്യോതീന്ദ്രനാഥ്.**

**സപ്ന, പുനർജ്ജനി ചാരിറ്റബിൾ ട്രസ്റ്റ്**

**അഭി**

**കേരള സർക്കാർ**

**ഡബ്ല്യു.പി. (സി) നം. 7655/2016**

2016 ഏപ്രിൽ 7-ാം തീയതി വിധി കൽപ്പിച്ചത്

**വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ**

**കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ്, 2007-വകുപ്പുകൾ 2(ഒ), (ടി) `സാമൂഹ്യ വിരുദ്ധ പ്രവർത്തനം', `ഗുണ്ട', `അറിയപ്പെടുന്ന ഗുണ്ട', `റൗഡി', `അറിയപ്പെടുന്ന റൗഡി' എന്നിവയുടെ നിർവ്വചനങ്ങളുടെ സൂക്ഷ്മവായനയിൽ വ്യക്തമാകുന്നത് ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെടുകയോ, പ്രത്യക്ഷമായോ, പരോക്ഷമായോ പൊതുവ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന ഏതെങ്കിലും നിയമ വിരുദ്ധ പ്രവൃത്തിയെ പ്രോൽസാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ 2 (ടി) വകുപ്പിൽ നിർവ്വചിക്ക പ്പെട്ടതുപോലെ ഒരു റൗഡി `റൗഡി'യുടെ നിർവ്വചനത്തിൽ ഉൾപ്പെട്ടുവരുന്ന ഒരാൾക്ക് ഒരു `ഗുണ്ട' ആകുന്നതിനും കഴിയുമെന്നാണ്, അയാൾ ഒരു `ഗുണ്ട' ആകുന്നതാണ്. അത്തരം ഒരു `ഗുണ്ട' അപ്രകാരമുള്ള രണ്ട് സംഭവങ്ങളിൽ ഉൾപ്പെടുകയാണെങ്കിൽ, അയാൾ `അറിയപ്പെടുന്ന ഗുണ്ട' ആകുന്നതാണ്.**

## വിധിന്യായം

ജസ്റ്റിസ് ശ്രീ.കെ.റ്റി ശങ്കരൻ

ഹർജിക്കാരൻ നിരാലംബരായ സ്ത്രീകളുടെ സംരക്ഷണത്തിനും ഇരകളായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസത്തിനും സജീവമായി ഇടപെടുന്നു എന്ന് അവകാശപ്പെടുന്ന, പ്രാക്ടീസ് ചെയ്തുവരുന്ന ഒരു അഭിഭാഷകനാണ്. ഹർജിക്കാരന്റെ അഭിപ്രായത്തിൽ

നാലാം എതിർകക്ഷി ഒരു സ്ഥിരം കുറ്റക്കാരനും കടുത്ത ക്രിമിനലുമാണ്. അസാന്മാർഗിക പ്രവൃത്തികൾ (തടയൽ) ആക്റ്റിന്റെയും [Immoral Traffic (Prevention) Act] 2012-ലെ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്റ്റിന്റെയും (Protection of children from sexual offences Act, 2012) കീഴിലുള്ള കേസുകൾ ഉൾപ്പെടെ ആറ് ക്രിമിനൽ കേസുകളിൽ നാലാം എതിർകക്ഷി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഹർജിക്കാരൻ പറയുന്നു. ലൈംഗിക പീഡനത്തിനായി പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ എത്തിച്ചു കൊടുക്കുന്നതിൽ നാലാം പ്രതി ഉൾപ്പെട്ടിട്ടുണ്ടെന്ന് ആരോപിച്ചിരിക്കുന്നു. കഴിഞ്ഞ ഏഴ് വർഷമായി നാലാം എതിർകക്ഷി സമൂഹത്തിന് ഒരു ഭീഷണിയാണെന്ന് ഹർജിക്കാരൻ പറയുന്നു.

2. നാലാം എതിർകക്ഷിയെ ഒരു അറിയപ്പെടുന്ന ഗുണ്ടയുടെ ഗണത്തിൽപ്പെടുത്തി അയാൾക്കെതിരെ ഒരു തടങ്കൽ ഉത്തരവ് പാസാക്കുന്നതിനുവേണ്ടി കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിലെ (Kerala Anti-social Activities (Prevention)Act) (ഇതിനു ശേഷം 'കാപ്പ' എന്നാണ് പരാമർശിക്കപ്പെടുക) 3 (1)-ാം വകുപ്പിൻ കീഴിൽ കോഴിക്കോട് ജില്ലാ പോലീസ് ചീഫ് ഒരു റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് കാപ്പയുടെ 3 (1)-ാം വകുപ്പിൻ കീഴിൽ ശരിയായ ഏതെങ്കിലും നടപടി എടുക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു എന്നതാണ് ഹർജിക്കാരന്റെ പരാതി. ജില്ലാ പോലീസ് ചീഫ് സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി 2 റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് നിയമാനുസൃതമായ ഉത്തരവുകൾ പാസ്സാക്കുന്നതിനായി കോഴിക്കോട് ജില്ലാ മജിസ്ട്രേറ്റിനോട് ആജ്ഞാപിക്കുന്ന ഒരു മാൻഡമസ് റിട്ടോ, മറ്റു ഉചിതമായ റിട്ടോ, ഉത്തരവോ പുറപ്പെടുവിക്കണമെന്നുമാണ് റിട്ട് ഹർജിയിൽ അപേക്ഷിച്ചിട്ടുള്ള നിവൃത്തി.

3. *ബേബി* അഭി *കേരള സർക്കാരിൽ* (2014 (4) കെ.എൽ.റ്റി 854) ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് ഇപ്രകാരം വിധിച്ചിട്ടുള്ളതാണ്.

"3. ......... ഭരണഘടനാ രസവിദ്യയിൽ, അന്താരാഷ്ട്ര മണ്ഡലത്തിൽ പ്രതിധ്വനിക്കുന്ന ഗുണകരമായ മനുഷ്യാവകാശ സിദ്ധാന്തങ്ങളെ ബഹുമാനിച്ചു കൊണ്ടും ഭാരതത്തിന്റെ ഭരണഘടനയിലെ ഏറ്റവും ഉൽക്കൃഷ്ടമായ സ്വാതന്ത്ര്യത്തിനുള്ള ഭരണഘടനാപരമായ അവകാശത്തെ സംബന്ധിച്ച സന്മാർഗോപദേശത്തിന്റെ അനുഭവത്തിലും, ഒരു സ്വകാര്യ കക്ഷിയുടെ ആവശ്യപ്രകാരം കാപ്പയിലെ വ്യവസ്ഥകൾ അവലംബിക്കുന്നതിന് എതെങ്കിലും നിർവ്വാഹണാധികാര സ്ഥാനത്തിൽ നിയമപരമായതോ പൊതുവായതോ ആയ കർത്തവ്യത്തിന്റെ ഏതെങ്കിലും ഭാവനയിൽ ചിത്രീകരിക്കുന്നതിന് ഞങ്ങൾക്ക് കഴിയുന്നില്ല. ഏതെങ്കിലും

നിവാരണത്തടങ്കൽ നിയമങ്ങൾക്ക് കീഴിൽ നിവാരണത്തടങ്കൽ നടപടികളോ നിരോധന നടപടികളോ പുറപ്പെടുവിക്കുന്നതിന് നിർബന്ധിക്കുവാൻ ഒരാളിനും; സ്പഷ്ടമായി പറഞ്ഞാൽ, ഭാരതത്തിലെ ഒരു പൗരനെന്ന നിലയിൽ, നിയമപരമായോ ഭരണഘടനാപരമായോ യാതൊരു അവകാശവുമില്ല.''

*ബേബി അഭി കേരള സർക്കാരിൽ* (2014 (4) കെ.എൽ.റ്റി 854) പ്രതിപാദിച്ചിട്ടുള്ള നിയമതത്ത്വങ്ങളുമായി ഞങ്ങൾ യോജിക്കുന്നു. ഡബ്ലിയു. പി(സി) നം. 1231/2016-ൽ ഈ ചോദ്യം പരിഗണിക്കുന്നതിന് ഞങ്ങൾക്കും അവസരം ഉണ്ടായിട്ടുള്ളതും ഇപ്രകാരം വിധിച്ചിട്ടുള്ളതുമാണ്:

''6. നിവാരണത്തടങ്കൽ നിയമങ്ങൾപ്രകാരം തടങ്കലോ നിരോധനമോ സ്വാഭാവികമായി അസാധാരണമാണ്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ, പൊതുവ്യവസ്ഥയ്ക്ക് ഉപദ്രവമുണ്ടാക്കൽ എന്നിവയിൽ ഏർപ്പെടുന്നതിൽ നിന്നും ബന്ധപ്പെട്ട ആളിനെ മേലാൽ തടയുന്നതിന് നിവാരണത്തടങ്കൽ നിയമങ്ങൾക്ക് കീഴിലെ നടപടികൾ ആവശ്യമാകുന്നതാണ്. തടവുകാരന്റെ നിയമപരവും ഭരണഘടനാപരവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എല്ലാ നിവാരണത്തടങ്കൽ നിയമങ്ങളിലും ഫലപ്രദമായ സുരക്ഷാ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിവാരണത്തടങ്കൽ വിഷയത്തിൽ എടുക്കേണ്ടതായ ഭരണഘടനാ പരമായ സുരക്ഷാ വ്യവസ്ഥകൾക്കായി ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 22 (5) വ്യവസ്ഥ ചെയ്യുന്നു. ഭാരതത്തിന്റെ ഭരണഘടനയിലെ ഭാഗം III-നു കീഴിൽ സംരക്ഷിച്ചിട്ടുള്ളതു പ്രകാരമുള്ള മൗലികാവകാശങ്ങൾ ഒരു പൗരന് ലഭിച്ചിട്ടുണ്ട്. അയാളുടെ മൗലികാവകാശങ്ങൾ അതിലംഘിക്കുന്നപക്ഷം അയാൾക്ക് ഭരണഘടനയുടെ അനുച്ഛേദം 226-നോ 32-നോ കീഴിലുള്ള പരിഹാര മാർക്ഷങ്ങളും ലഭിച്ചിട്ടുണ്ട്. നിവാരണത്തടങ്കൽ നിയമങ്ങൾക്ക് കീഴിലുള്ള അധികാരസ്ഥാനങ്ങളോട് അവരുടെ വിഷയസംബന്ധമായ സംശയനിവൃത്തി വിനിയോഗിക്കാനും അത്തരം നിയമങ്ങൾക്കു കീഴിൽ ഒരാളെ തടങ്കലിലാക്കുന്നതിനുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യപ്പെടുവാനുള്ള ഒരു അവകാശത്തിലേക്ക് ഒരു പൗരന്റെ മൗലികാവകാശങ്ങളുടെ ഊർജ്ജിതമാക്കൽ വിപുലീകരിക്കാവുന്നതല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് വിഷയസംബന്ധമായ സംശയനിവൃത്തി വരുത്തൽ, ഉത്തരവ് നടപ്പാക്കൽ, തടങ്കൽ ഉത്തരവിന്റെ സ്ഥിരീകരണം മുതലായ സംഗതികളിൽ നിവാരണത്തടങ്കൽ നിയമങ്ങൾക്ക് കീഴിൽ അധികാരസ്ഥാനങ്ങൾ വിനിയോഗിക്കേണ്ട അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച വ്യവസ്ഥകൾ അത്തരം നിയമങ്ങളിൽ അടങ്ങിയിരിക്കുന്നു. അത്തരം നിവാരണത്തടങ്കൽ നിയമങ്ങൾക്ക് കീഴിൽ തടങ്കലിലാക്കിയ ബന്ധപ്പെട്ട തടവുകാരന് നിവേദ

നം നടത്തുവാൻ അവകാശമുണ്ടായിരിക്കുന്നതും ആ അവകാശം ഭാരതത്തിന്റെ ഭരണഘടനയിലെ 22 (5) അനുച്ഛേദത്തിൽ നിന്നും ഉത്ഭവിച്ചതുമാകുന്നു. തടങ്കലിലാക്കേണ്ടതായ ആളിനെതിരെ ക്രിമിനൽ കേസുകൾ ഏതു പൗരന്റെ താൽപര്യാർത്ഥമാണോ ആരംഭിച്ചിട്ടുള്ളത്, അയാൾക്ക് അധികാരസ്ഥാനങ്ങളുടെ വിഷയസംബന്ധമായ സംശയനിവൃത്തിക്കും നടപടികൾ ആരംഭിക്കുന്നതിനും അവരെ സമീപിക്കുന്നതിനുള്ള ഒരു അവകാശവും കാപ്പയിലെങ്ങുമില്ല. നിയമപരമായ അവകാശങ്ങൾ വിനിയോ ഗിക്കുന്നതും നിയമപരമായ ചുമതല നിർവ്വഹിക്കുന്നതുമായ വിഷയത്തിൽ, ഏതൊരാളിന്റെ താല്പര്യാർത്ഥമാണോ ക്രൈം രജിസ്റ്റർ ചെയ്തിട്ടുള്ളത് അയാളെ കേൾക്കുന്നതിന് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിന്മേൽ തൽസംബന്ധമായ ചുമതല കാപ്പ വ്യവസ്ഥ ചെയ്യുന്നുമില്ല. ഒരു മാൻഡമസ് റിട്ട് പുറപ്പെടുവിക്കുവാൻ അഭ്യർത്ഥിച്ചിട്ടുള്ള ആളിന് ആയതിന് നിയമപരമായ ഒരു അവകാശമുണ്ടായിരിക്കുകയും തൽസംബന്ധമായ ചുമതല ഉള്ള ബന്ധപ്പെട്ട അധികാരസ്ഥാനം കർത്തവ്യനിർവ്വഹണം നിരസിക്കുകയോ അവഗണിക്കുകയോ ചെയ്യുമ്പോൾ മാത്രമേ അത് പുറപ്പെടുവിക്കേണ്ടതുള്ളൂ എന്ന് ശരിയായി തീർച്ചപ്പെടുത്തിയിട്ടുള്ളതാണ്. ഒരു നിവാരണ ത്തടങ്കൽ ഉത്തരവോ നിരോധന ഉത്തരവോ പുറപ്പെടുവി ക്കുന്നതിനായി കാപ്പയ്ക്ക് കീഴിലുള്ള ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളെ സമീപിക്കുന്നതിന് ഏതൊരു വ്യക്തിയിലും യാതൊരു അവകാശവും നിക്ഷിപ്തമാക്കിയിട്ടില്ലാത്തതിനാൽ അത്തരം വ്യക്തിയെ കേൾക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഒരു തടങ്കൽ ഉത്തരവോ നിരോധന ഉത്തരവോ പുറപ്പെടുവിക്കുന്നതിനും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്ക് തൽസംബന്ധമായ ഒരു കർത്തവ്യവുമില്ലാത്തതുമാകുന്നു. ആയതിനാൽ റിട്ട് ഹർജി നിയമവശാൽ നിലനിൽക്കത്തക്കതല്ല".

4. റിട്ട് ഹർജി അഡ്മിറ്റ് ചെയ്യുന്നതിനായി വന്നപ്പോൾ, ഞങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കായി വിവരങ്ങൾ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ഹാജരാക്കുന്നതിനും സർക്കാർ അഭിഭാഷകനോട് ഞങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. 21.03.2016-ൽ റിട്ട് ഹർജി വന്നപ്പോൾ രണ്ടാം എതിർകക്ഷി (ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്) ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽനിന്നും കാപ്പയുടെ കീഴിൽ നിവാരണത്തടങ്കലിനെ നിയന്ത്രിക്കുന്ന നിയമ തത്വങ്ങൾ ഗ്രഹിക്കുന്നതിൽ ഗുരുതരമായ തെറ്റുകൾ അദ്ദേഹം ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ നിരീക്ഷിച്ചു. നാലാം എതിർകക്ഷി പെൺവാണിഭത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ലൈംഗിക പീഡനത്തിനായി പെൺകുട്ടികളെ എത്തിച്ചുകൊടുക്കുന്നതിൽ അയാൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ജില്ലാ പോലീസ് ചീഫിന്റെ റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളതായി എതിർ സത്യവാങ്മൂലത്തിൽ പ്രസ്താ

വിച്ചിരിക്കുന്നു. നാലാം എതിർകക്ഷി മൂന്ന് കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ജില്ലാ പോലീസ് ചീഫ് റിപ്പോർട്ട് ചെയ്തിരിക്കുന്നു, ആയവ താഴെപ്പറയുന്നവയാണ്:

(i) കുന്ദമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ ഫയലിലെ സി.സി.നം. 399/2015 അസാന്മാർക്ഷിക പ്രവൃത്തികൾ (തടയൽ) ആക്റ്റിലെ 3, 4, 5, 6, 7 എന്നീ വകുപ്പുകൾക്കു കീഴിലെ കുറ്റങ്ങൾക്കായി ക്രൈം നം. 610/2014 ആയി രജിസ്റ്റർ ചെയ്ത കേസിൽ നിന്നും ഉത്ഭവിച്ചതാണ്. ഈ കേസ് ചേവായൂർ പോലീസ് സബ് ഇൻസ്പെക്ടർ സ്വമേധയാ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും ആയതിനാൽ, ഇത് കാപ്പയിലെ 3(1) വകുപ്പിനു കീഴിൽ തടങ്കൽ ഉത്തരവ് പാസ്സാക്കുന്നതിനായി പരിഗണനയ്ക്ക് എടുക്കാൻ കഴിയുന്നതല്ലെന്നുമുള്ള നിരീക്ഷണം ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ശരിയായി എടുക്കുകയുണ്ടായി.

(ii) കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ ഫയലിലെ സി.സി.നം. 17/2015 നടക്കാവ് പോലീസ് സ്റ്റേഷൻ ക്രൈം നം. 509/2015-മായി ബന്ധപ്പെട്ടതാണ്. നാലാം എതിർകക്ഷിക്കെതിരെ ആയതിൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങൾ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ 342, 370 (2), 376 എന്നീ വകുപ്പുകളോട് 34-ാം വകുപ്പ് കൂട്ടിവായിച്ചതാണ്. കേസ് ഇപ്പോൾ സെഷൻസ് കോടതിയിലേക്ക് കമ്മിറ്റ് ചെയ്തിട്ടുണ്ടെന്നും അവിടെ അത് എസ്.സി. 17/2015 ആയി നമ്പരിട്ടെന്നും ബോധിപ്പിച്ചിരിക്കുന്നു.

(iii) ചേവായൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 27/2015 ഇന്ത്യൻ ശിക്ഷാനിയമം 376-ാം വകുപ്പിനും 2012-ലെ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്റ്റിന്റെ 5 (1) വകുപ്പിനും കീഴിൽ നാലാം എതിർകക്ഷിക്കെതിരെ രജിസ്റ്റർ ചെയ്തതാണ്. ഈ കേസ് അന്വേഷണത്തിലാണ്.

5. കൂടാതെ, അന്വേഷണത്തിലിരിക്കുന്നതും അന്തിമ റിപ്പോർട്ട് ഫയൽ ചെയ്തിട്ടില്ലാത്തതുമായ ഒരു കേസ്, നിവാരണത്തടങ്കലിനുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഒരാളെ ഒരു അറിയപ്പെടുന്ന ഗുണ്ടയെന്നോ അറിയപ്പെടുന്ന റൗഡിയെന്നോ ഉള്ള ഗണത്തിൽപ്പെടുത്തുന്നതിനായി പരിഗണിക്കാൻ കഴിയുന്നതല്ലെന്ന് എതിർ സത്യവാങ്മൂലം കാണിക്കുന്നു. *രഞ്ജിനി* അഭി *കേരള സർക്കാർ* (2009 (3) കെ.എൽ.റ്റി.500), *സതി* അഭി *കേരള സർക്കാരും* മറ്റുള്ളവരും (2010(1) കെ.എൽ.റ്റി എസ്.എൻ 65 (സി.നം.80)= 2009 കെ.എച്ച്.സി 769=2009 (2) കെ.എൽ.ഡി 377) എന്നീ കേസുകളിലെ വിധിന്യായത്തിൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആശ്രയിക്കുന്നു. വസ്തു നിഷ്ഠവും വിഷയ സംബന്ധവുമായ സംശയ നിവൃത്തിക്കായി, ഒരാൾ അറിയപ്പെടുന്ന ഗുണ്ടയോ അറിയപ്പെടുന്ന റൗഡിയോ ആണോ അല്ലയോ എന്ന്

കണക്കാക്കുന്നതിനായി, ഒരു പ്രത്യേക ക്രൈമിൽ അന്തിമ റിപ്പോർട്ട് ഫയൽ ചെയ്തിട്ടില്ലെങ്കിൽ പോലും ആ ക്രൈം പരിഗണിക്കുന്നതിലേക്കായി അതൊരു വിലക്കല്ലെന്ന് കേരള ഹൈക്കോടതി *എലിസബത്ത് ജോർജ്* അഭി *കേരള സർക്കാർ* (2008 (4) കെ.എൽ.റ്റി 425), *ബെജി* അഭി *കേരള സർക്കാർ* (2012 (3) കെ.എൽ.റ്റി 255), *അനിതകുമാരി* അഭി *കേരള സർക്കാർ* (2015 (4) കെ.എൽ. റ്റി.632) എന്നിവയിൽ സ്വീകരിച്ച നിലപാട് സൂചിപ്പിക്കുന്നത് ഉചിതമായിരിക്കുന്നതാണ്.

6. കാപ്പയിലെ 3 (1) വകുപ്പിൻ കീഴിൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, ക്രിമിനൽ നടപടി നിയമ സംഹിതയിലെ 107 വകുപ്പിൻ കീഴിൽ നടപടികൾ എടുക്കേണ്ടതാണ് എന്നത് ഒരു മുൻകൂർ വ്യവസ്ഥ യാണെന്ന തെറ്റിദ്ധാരണയിലാണ് ഡിസ്ട്രിക്ട് മജിസ്ട്രേറ്റെന്ന് അദ്ദേഹത്തിന്റ എതിർ സത്യവാങ്മൂലത്തിൽ നിന്നും കാണുന്നു. *രേഖാ ഗോപകുമാർ* അഭി *കേരള സർക്കാർ* (2012 (4) കെ.എൽ.റ്റി 990), *നിഷ സലീം* അഭി *കേരള സർക്കാർ* (2009 (3) കെ.എൽ.റ്റി 22), *സൂസി* അഭി *കേരള സർക്കാർ* (2011 (1) കെ.എൽ.റ്റി 760) എന്നിവയിലെ വിധിന്യായങ്ങളെ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആശ്രയിക്കുന്നു. ഈ വിധിന്യായങ്ങളിൽ, കാപ്പയ്ക്കു കീഴിലെ നടപടികൾ ആരംഭിക്കുന്നതിനു മുമ്പായി 107 വകുപ്പിലെ നടപടികൾ ആരംഭിച്ചിരിക്കേണ്ടതാണെന്ന് സ്ഥാപിച്ചിട്ടില്ല. ഇവിടെയും, പരമോന്നത കോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ *ഹരധൻ സാഹ* അഭി *പശ്ചിമ ബംഗാൾ സർക്കാരും മറ്റുള്ളവരിലെ* ((1975) 3 എസ്.സി.സി 198) വിധിയെ ആശ്രയിച്ചു കൊണ്ട്, *തേജസ്* അഭി *ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്* (2015 (3) കെ.എൽ.റ്റി 1), *ജയലക്ഷ്മി* അഭി *കേരള സർക്കാരും മറ്റുള്ളവരും* (2015 (4) കെ.എൽ.റ്റി 942=2015 കെ.എച്ച്.സി 961) എന്നിവയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വിധികളിൽ, നിവാരണത്തടങ്കൽ നിയമങ്ങൾക്ക് കീഴിൽ നിവാരണത്തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ക്രിമിനൽ നടപടി നിയമസംഹിതയിലെ 107-ാം വകുപ്പിൻ കീഴിലെ നടപടികൾ ആരംഭിക്കുക എന്നത് ഒരു മുൻകൂർ വ്യവസ്ഥ അല്ലെന്ന് വിധിച്ചിട്ടുള്ളത് പ്രതിഫലിക്കുന്നതുപോലെ ഈ വിഷയത്തിന്മേലുള്ള ഏറ്റവും പുതിയ നിലപാടിലേക്ക് ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് പരാമർശിച്ചിട്ടില്ല. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, "ജില്ലാ പോലീസ് ചീഫിന്റെ വാദന്യായങ്ങളിൽ തൃപ്തനായിരുന്നില്ലെന്നും" അദ്ദേഹം നിർദ്ദേശം നിരസിച്ചു വെന്നും ആയത് ജില്ലാ പോലീസ് ചീഫിന് തിരികെ അയച്ചു കൊടുത്തുവെന്നും എതിർ സത്യവാങ്മൂലത്തിൽ കാണുന്നു.

7. ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ എതിർ സത്യവാങ്മൂലം ശ്രദ്ധിച്ചു വായിച്ചതിൽ അദ്ദേഹം കേരള ഹൈക്കോടതിയുടെ പല വിധികളിലെയും തീർച്ചപ്പെടുത്തിയ നിയമതത്വങ്ങൾ ശ്രദ്ധിക്കുവാൻ പ്രത്യക്ഷമായി വിട്ടു

പോയിരിക്കുന്നു എന്ന് കാണുന്നു. മറിച്ച്, അസ്ഥിരപ്പെടുത്തിയതോ വിവേചിച്ചിട്ടില്ലാത്തതോ വ്യതിരിക്തമായതോ ആയ വിധികളിലോ അദ്ദേഹത്തിന്റെ നിഗമനത്തിന്റെ പിൻബലത്തിനായി കേസിന്റെ വസ്തുതകൾക്ക് ബാധകമാകാത്ത പ്രകാരമുള്ള വിധികളിലോ ആണ് അദ്ദേഹം ആശ്രയം അർപ്പിച്ചത്.

8. ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് അദ്ദേഹം എടുത്തിട്ടുള്ള നടപടികൾ പൂർണ്ണമായും ശരിയല്ലെന്ന് ഇപ്പോൾ ബോധ്യപ്പെട്ടിട്ടുണ്ടെന്നും ഈ വിഷയത്തിൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ട് ആയത് തിരുത്തുവാൻ അദ്ദേഹം തയ്യാറാണെന്നും പണ്ഡിതനായ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ബോധിപ്പിച്ചു. ഈ സമർപ്പണം രേഖപ്പെടുത്തി.

9. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഉത്തമവിശ്വാസത്തോടുകൂടിയാണ് പ്രവർത്തിച്ചതെന്നും ആയത് മനഃപൂർവ്വമാണെന്ന് വിശേഷിപ്പിക്കുവാൻ കഴിയുന്നതല്ലായെന്നും പണ്ഡിതനായ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ബോധിപ്പിച്ചു. പണ്ഡിതനായ അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ പ്രസ്താവിച്ചത് വിശ്വസിക്കുവാൻ ഞങ്ങൾ തല്പരരായി.

10. നാലാം എതിർകക്ഷിക്കെതിരെ രജിസ്റ്റർ ചെയ്ത രണ്ട് കേസുകൾ `റൗഡി' യെ നിർവ്വചിക്കുന്ന കാപ്പയുടെ 2 (ടി) വകുപ്പിൽ പരാമർശിക്കുന്ന കുറ്റങ്ങളുടെ വിഭാഗത്തിൻ കീഴിൽ വരുന്നതാണെന്ന് പണ്ഡിതനായ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ബോധിപ്പിച്ചിട്ടുള്ളതാണ്. കാപ്പയുടെ 2(പി) വകുപ്പിൻ കീഴിലെ ഒരു `അറിയപ്പെടുന്ന റൗഡി' ആകുന്നതിനായി മൂന്ന് പ്രത്യേക കുറ്റങ്ങളുടെ സന്ദർഭങ്ങൾ 2 (പി) (iii) ആകർഷിക്കുന്നതിനായി ആവശ്യമാണ്. ഈ കേസിൽ, രണ്ട് സന്ദർഭങ്ങൾ മാത്രമേ ഉള്ളു. വകുപ്പ് 2 (ജെ) യുടെ കീഴിലുള്ള `ഗുണ്ട' യുടെ നിർവ്വചനത്തിൽ ഒരു 'റൗഡി' ഉൾപ്പെടുന്ന താണെന്നും 2 (ഒ) വകുപ്പിൻ കീഴിൽ ഒരു "അറിയപ്പെടുന്ന ഗുണ്ട" ആകുന്നതിന്, ബന്ധപ്പെട്ട ആൾ രണ്ട് പ്രത്യേക സന്ദർഭങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളത് മതിയാകുന്നതാണെന്ന് പണ്ഡിതനായ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ബോധിപ്പിച്ചു. വകുപ്പ് 2 (ജെ)യും 2 (ഒ)യും സമാകർഷിക്കുന്നിടത്ത്, ബന്ധപ്പെട്ട ആൾ രണ്ട് കുറ്റകൃത്യങ്ങളുടെ സന്ദർഭങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ തടങ്കൽ ഉത്തരവ് പാസ്സാക്കാൻ കഴിയുന്നതാണ്.

11. പണ്ഡിതനായ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, *ശൈലജയും മറ്റുള്ളവരും* അഭി *കേരളസർക്കാരും മറ്റുള്ളവരിലെ* (2010 (3) കെ.എൽ.റ്റി എസ്.എൻ 28 (കേ.നം.36)=2010 (1) കെ.എച്ച്.സി 457=2010(1) കെ.എൽ.ഡി 132)

ഡിവിഷൻ ബഞ്ചിന്റെ വിധി ന്യായത്തെ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. അദ്ദേഹം 14, 28, 30, 31, 34-ഉം ഖണ്ഡികകൾ പരാമർശിച്ചു. പ്രസ്തുത വിധിയുടെ 14-ഉം 30-ഉം ഖണ്ഡികകൾ ഉദ്ധരിക്കുന്നത് അനുയോജ്യമാണ്.

"14. 2 (ടി) വകുപ്പിൻ കീഴിലെ ഒരു റൗഡി 2 (ജെ) വകുപ്പിലെ `ഗുണ്ട' യുടെ നിർവ്വചനത്തിലെ രണ്ടാമത്തെ പകുതിയിൽ ഉൾപ്പെട്ടുവരുന്ന പ്രവർത്തനം കൊണ്ടുതന്നെ ഒരു ഗുണ്ട ആയിരിക്കുമെന്ന് സൂചിപ്പിക്കുന്നത് ഉചിതമാണ്. 2 (ജെ) വകുപ്പിൽ `ഗുണ്ട' എന്ന പ്രയോഗത്തിനും 2 (ടി)യിൽ `റൗഡി'ക്കും വ്യത്യസ്ത നിർവ്വചനങ്ങളാണ് നൽകിയിരിക്കുന്നതെങ്കിലും ഒരു റൗഡി അക്കാരണത്താൽ തന്നെ 2 (ജെ) വകുപ്പിൻകീഴിലെ ഒരു ഗുണ്ട ആകുന്നു എന്ന് സൂചിപ്പിക്കുന്നത് താല്പര്യമുണർത്തുന്നതാണ്. 2 (ജെ) വകുപ്പിലെ ഗുണ്ടയുടെ നിർവ്വചനത്തിൽ എന്തുകൊണ്ട് റൗഡിയുടെ ഈ ഉൾപ്പെടുത്തൽ നടത്തി എന്നത് ഞങ്ങളുടെ ധാരണാശക്തിയിലേക്ക് കടന്നുവരികയാണ്. സർക്കാരിനു വേണ്ടി പണ്ഡിതനായ എ.ഡി.ജി.പി അതിന്റെ തൃപ്തികരമായ വിശദീകരണം ഞങ്ങൾക്ക് നൽകിയിട്ടില്ല എന്ന് ഞങ്ങൾക്ക് പറയാതിരി ക്കാനൊക്കില്ല. അത് അങ്ങനെയിരിക്കട്ടെ, 2 (ജെ) വകുപ്പിലെ `ഗുണ്ട' എന്ന പ്രയോഗത്തിന്റെ വ്യാപ്തിയ്ക്കുള്ളിൽ റൗഡിയുടെ അത്തരത്തിലുള്ള ഉൾപ്പെടുത്തലിന്റെ ഉദ്ദേശ്യം എന്തുതന്നെ ആയാലും 2 (ടി) വകുപ്പിൻ കീഴിലെ ഒരു റൗഡി അക്കാരണത്താൽ തന്നെ 2 (ജെ) വകുപ്പിൻകീഴിലെ ഒരു ഗുണ്ട ആകുമെന്ന വസ്തുത മാത്രമേ ഞങ്ങൾ ഇപ്പോൾ കണക്കിലെടുക്കേണ്ട ആവശ്യമുള്ളൂ.

30. 2 (ടി) വകുപ്പിൻകീഴിലെ ഒരു റൗഡി, നിർവ്വചനംകൊണ്ട് 2 (ജെ) വകുപ്പിൻകീഴിലെ ഒരു ഗുണ്ട ആണ് എന്നതാണ് പണ്ഡിതനായ എ.ഡി.ജി.പി യുടെ വാദം. ഒരു ഗുണ്ട, വകുപ്പ് 2(ഒ)(ii) നകത്ത് വരികയാണെങ്കിൽ, അയാൾക്ക് ഒരു അറിയപ്പെടുന്ന ഗുണ്ട ആകുവാൻ കഴിയും. 2 (ഒ) (ii) വകുപ്പിലെ ഗുണ്ട എന്ന പദത്തിന്റെ അർത്ഥവ്യാപ്തി ക്കുള്ളിലെ യാതൊരു പ്രവൃത്തിയും അതിനുള്ളിൽ റൗഡിസത്തിന്റെ ഒരു പ്രവൃത്തി ഉൾക്കൊള്ളേണ്ടതാണ്, അതായത്, 2 (ടി) വകുപ്പിൻകീഴിലെ ഒരു കുറ്റം ചെയ്യൽ. ഈ സാഹചര്യങ്ങളിൽ, അധികാരിതയുള്ള പോലീസ് ഉദ്യോഗസ്ഥൻ നടത്തിയ അന്വേഷണത്തിൽ ഒരാൾ രണ്ടോ അതിലധികമോ 2 (ടി) കുറ്റങ്ങൾ ചെയ്തതായി കാണുകയാണെങ്കിൽ, അതിന് അക്കാരണത്താൽ തന്നെ അയാളെ 2 (ഒ) (ii) വകുപ്പിൻ കീഴിലെ അറിയ പ്പെടുന്ന ഗുണ്ട എന്ന പ്രയോഗത്തിന്റെ വ്യാപ്തിക്കുള്ളിൽ കൊണ്ടുവരാൻ കഴിയും എന്നാണ് പണ്ഡിതനായ എഡിജിപി വാദിക്കുന്നത്.

31. ഈ വാദത്തെ അംഗീകരിക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല. ഒരു റൗഡിയെ 2 (ജെ) വകുപ്പിൻകീഴിലെ

ഒരു ഗുണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഞങ്ങൾ ഇതിനകം നിരീക്ഷിച്ചിട്ടുള്ളതാണ്. അത്തരം ഉൾപ്പെടുത്തലിനുള്ള യുക്തിയുക്തതയോ ആവശ്യകതയോ മനസ്സിലാക്കുവാൻ ഞങ്ങൾക്ക് കഴിയുന്നില്ല. എങ്ങനെ അല്ലെങ്കിൽ എന്തുകൊണ്ട് ഒരു റൗഡിയെ അക്കാരണത്താൽ തന്നെ 2 (ജെ) വകുപ്പിൻകീഴിലെ നിർവ്വചനത്തിനുള്ളിൽ ഉൾപ്പെടുത്തി എന്നതിന്റെ യാതൊരു വിശദീകരണവും നൽകിയിട്ടുമില്ല.

34. കുറ്റക്കാരനല്ലെന്ന് കാണുകയോ നടത്തിയ അന്വേഷണത്തിൽ 2 (ടി) അല്ലാത്ത ഏതെങ്കിലും കുറ്റങ്ങൾ ചെയ്തതായി കാണുകയോ ചെയ്യുന്ന ഒരാൾ, എണ്ണം എത്ര തന്നെയായാലും, അയാൾ 2 (ടി) കുറ്റങ്ങൾ ചെയ്തു എന്ന വസ്തുത കൊണ്ടു മാത്രം 2 (ഒ) (ii) വകുപ്പിൻകീഴിലെ `അറിയപ്പെടുന്ന ഗുണ്ട' എന്ന പ്രയോഗത്തിന്റെ വ്യാപ്തിക്കുള്ളിൽ അയാളെ കൊണ്ടുവരാൻ കഴിയുകയില്ല എന്ന വളരെ ഉറച്ചതും വ്യക്തമായതുമായ അഭിപ്രായമാണ് ഈ സാഹചര്യത്തിൽ ഞങ്ങൾക്കുള്ളത്. ആക്റ്റിന്റെ വിശാലമായ സ്കീമും ഒരു റൗഡി 2 (ടി) കുറ്റങ്ങൾ ചെയ്തു എന്ന കാരണത്താൽ മാത്രം അയാളെ 2 (ഒ) വകുപ്പിൻ കീഴിലെ ഒരു അറിയപ്പെടുന്ന ഗുണ്ടയുടെ ഗണത്തിൽ പ്പെടുത്താൻ അനുവദിച്ചിരുന്നുവെങ്കിൽ അയാൾക്കുള്ള 2 (പി) (iii) വകുപ്പിന്റെയും 1 മുതൽ 6 വരെ പരിമിതി വ്യവസ്ഥകളുടെയും ആനുകൂല്യത്തിന്റെ നഷ്ടവും തടസ്സവും പരിഗണിക്കുമ്പോൾ ഈ നിഗമനം ഒഴിവാക്കാൻ പറ്റാത്തതാണ്."

12. സാമൂഹ്യവിരുദ്ധ പ്രവർത്തനം, ഗുണ്ട, അറിയപ്പെടുന്ന ഗുണ്ട, റൗഡി, അറിയപ്പെടുന്ന റൗഡി എന്നിവ യഥാക്രമം (എ), (ജെ), (ഒ), (ടി), (പി) ഖണ്ഡങ്ങളിൽ താഴെ പറയും പ്രകാരം കാപ്പ നിർവ്വചിക്കുന്നു.

"(എ) "സാമൂഹ്യവിരുദ്ധ പ്രവർത്തനം" എന്നാൽ പൊതു ജനങ്ങൾക്കിടയിലോ അതിന്റെ ഏതെങ്കിലും വിഭാഗത്തിലോ എന്തെങ്കിലും സുരക്ഷിതത്വ മില്ലായ്മയോ ആപത്തോ, ഭയമോ, അല്ലെങ്കിൽ വ്യക്തികളുടെ സുരക്ഷിതത്വ ത്തിനോ പൊതു ജനങ്ങളുടെ സുരക്ഷിതത്വത്തിനോ പൊതുജനാരോഗ്യത്തിനോ പാരിസ്ഥിതിക വ്യവസ്ഥയ്ക്കോ എന്തെങ്കിലും ഭീഷണിയോ, പൊതു ഖജനാവിനോ അല്ലെങ്കിൽ പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സ്വത്തിനോ എന്തെങ്കിലും നഷ്ടമോ നാശമോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ ഇടയുള്ളതോ ആയ അപ്രകാരമുള്ള രീതിയിൽ പ്രവർത്തിക്കുന്നതും ഈ വകുപ്പിലെ (സി), (ഇ), (ജി), (എച്ച്), (ഐ), (എൽ), (എം), (എൻ) (ക്യു), (എസ്) എന്നീ ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും എന്നർത്ഥമാകുന്നു.

(ജെ) "ഗുണ്ട" എന്നാൽ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, പ്രത്യക്ഷ

മായോ പരോക്ഷമായോ പൊതു വ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന നിയമവിരുദ്ധ പ്രവൃത്തികൾ പ്രോൽസാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നതും, കൂടാതെ വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡേറ്റയും പകർപ്പാവകാശവും അപഹർത്താവ്, മയക്കുമരുന്ന് കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, വാടക ചട്ടമ്പി, റൗഡി, അസാന്മാർക്ഷിക കുറ്റവാളി, കൊള്ള പലിശക്കാരൻ, വസ്തു കയ്യേറ്റക്കാരൻ എന്നിവർ ഉൾപ്പെടുന്നതാകുന്നു.

(ഒ) "അറിയപ്പെടുന്ന ഗുണ്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ എതെങ്കിലും നിയന്ത്രണമോ തടങ്കലോ നിശ്ചയിക്കുന്ന ഉത്തരവിന്റെ തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ ചെയ്ത പ്രവൃത്തികൾമൂലം ഒരു ഗുണ്ടയെ,-

(i) 2-ാം വകുപ്പിലെ (ജെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുളള പ്രകാരം "ഗുണ്ട"എന്ന പദത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ അധികാരമുള്ള കോടതിയോ ഭരണാധികാരിയോ ഒരിക്കലെങ്കിലും കുറ്റക്കാരനായി കാണുകയോ, അല്ലെങ്കിൽ

(ii) 2-ാം വകുപ്പിലെ (ജെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുളള പ്രകാരം "ഗുണ്ട" എന്ന പദത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ, ഒരേ ഇടപാടിന്റെ ഭാഗമാകാത്ത ഒന്നിലധികം വ്യത്യസ്ത സംഭവങ്ങളിൽ, പോലീസ് ഉദ്യോഗസ്ഥർ അല്ലാത്ത ആളുകളുടെ പരാതികളിന്മേൽ, അധികാരമുളള പോലീസ് ഉദ്യോഗസ്ഥനോ അധികാരസ്ഥനോ അധികാരമുള്ള കോടതിയോ നടത്തിയ ഏതെങ്കിലും പരിശോധനയിലോ അന്വേഷണത്തിലോ ഏതെങ്കിലും കുറ്റം ചെയ്തതായി കാണുന്നതോ ആയ അപ്രകാരമുളള ഗുണ്ട എന്നർത്ഥമാകുന്നു,

എന്നാലും ചാരായമോ, സ്പിരിറ്റോ, കള്ളനോട്ടോ. മണലോ, വനോല്പന്നമോ, പകർപ്പവകാശം ലംഘിക്കുന്ന വസ്തുക്കളോ, മയക്കുമരുന്നുകളോ, ലഹരി പദാർത്ഥങ്ങളോ അല്ലെങ്കിൽ ഹവാല തട്ടിപ്പിൽ ഉൾപ്പെട്ട കറൻസിയോ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പിടിച്ചെടുത്ത തിനെത്തുടർന്ന് ഒരു പോലീസുദ്യോഗസ്ഥൻ നിയമാനുസൃത അധികാരസ്ഥാനം മുമ്പാകെ ഫയൽ ചെയ്ത ഒരു റിപ്പോർട്ടിന്മേലുളള ഒരു കുറ്റം ഒരു പോലീസ് ആഫീസർ ആരംഭിച്ച നടപടിയിൽ നിന്നും ഉണ്ടായ റിപ്പോർട്ട് ആണെങ്കിൽ ത്തന്നെയും അത് പരിഗണനയ്ക്കായി ഉൾപ്പെടുത്താവുന്നതാണ്.

(ടി) "റൗഡി" എന്നാൽ ഒരാൾ സ്വന്തം നിലയിലോ, ഒരു സംഘത്തിലെ ഒരംഗമെന്ന നിലയിലോ 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) viii-ാം അദ്ധ്യായത്തിലെ 153A,

153B എന്നീ വകുപ്പുകളും xv- ഉം xvi- ഉം xvii- ഉം xxii- ഉം അദ്ധ്യായങ്ങളും പ്രകാരമുള്ള ഏതെങ്കിലും കുറ്റങ്ങളോ, 1959-ലെ ആയുധങ്ങൾ ആക്റ്റി (1959-ലെ 54-ാം കേന്ദ്ര ആക്റ്റ്)-ലെയോ, 1908-ലെ സ്ഫോടക വസ്തുക്കൾ ആക്റ്റി (1908-ലെ 6-ാം കേന്ദ്ര ആക്റ്റ്)-ലെ വ്യവസ്ഥകൾ പ്രകാരമുള്ള,-

(i) ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ചോ അതിലധികമോ വർഷങ്ങൾ തടവിനായി ശിക്ഷാർഹമായതോ, അല്ലെങ്കിൽ

(ii) ഒരു വർഷത്തിൽ കുറഞ്ഞ തടവിന് ശിക്ഷാർഹമായത് ഒഴികെ ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ച് വർഷത്തിൽ കുറഞ്ഞ തടവിനായി ശിക്ഷാർഹമായതോ; അല്ലെങ്കിൽ

(iii) കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന (i) അല്ലെങ്കിൽ (ii) ഇനത്തിൻ കീഴിൽ വരുന്ന തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമപ്രകാരമുള്ള അത്തരം കുറ്റങ്ങൾ ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(പി) "അറിയപ്പെടുന്ന റൗഡി" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും നിയന്ത്രണമോ തടങ്കലോ നിശ്ചയിച്ച ഉത്തരവിന്റെ തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴു വർഷങ്ങൾക്കുളളിൽ ചെയ്ത പ്രവൃത്തി കളുടെ കാരണത്താൽ,-

(i) 2-ാം വകുപ്പിലെ (ടി) ഖണ്ഡത്തിലെ ഇനം (i) ന്റെ കീഴിൽ പരാമർശിച്ചിട്ടുള്ള രീതിയിലുള്ള കുറ്റത്തിന് അല്ലെങ്കിൽ പ്രസ്തുത ഖണ്ഡത്തിൻ കീഴിൽ അപ്രകാരം തന്നെ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് അധികാരിതയുള്ള ഒരു കോടതി കുറഞ്ഞത്, ഒരിക്കലെങ്കിലും കുറ്റക്കാര നാക്കിയിട്ടുള്ളതോ; അല്ലെങ്കിൽ

(ii) 2-ാം വകുപ്പിലെ (ടി) ഖണ്ഡത്തിലെ ഇനം (ii)-ന്റെ കീഴിൽ പരാമർശിച്ചിട്ടുള്ള രീതിയിലുള്ള കുറ്റത്തിന് അല്ലെങ്കിൽ പ്രസ്തുത ഖണ്ഡത്തിൻ കീഴിൽ അപ്രകാരം തന്നെ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് അധികാരിതയുള്ള ഒരു കോടതി കുറഞ്ഞത്, രണ്ടുപ്രാവശ്യമെങ്കിലും കുറ്റക്കാരനാക്കിയിട്ടുള്ളതോ; അല്ലെങ്കിൽ

(iii) 2-ാം വകുപ്പിലെ (ടി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം ഒരേ ഇടപാടിന്റെ ഭാഗമാകാത്ത മൂന്ന് വ്യത്യസ്ത സംഭവങ്ങളിൽ ചെയ്തിട്ടുണ്ടെന്ന്, പോലീസ് ഉദ്യോഗസ്ഥർ അല്ലാത്ത ആളുകളുടെ പരാതിയിന്മേൽ അധികാരമുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനോ മറ്റ് അധികാരസ്ഥനോ നടത്തിയ പരിശോധനയിലോ അന്വേഷണത്തിലോ, കണ്ടെത്തിയിട്ടുള്ളതോ ആയ ഒരാൾ എന്നർത്ഥമാകുന്നു:

എന്നാൽ, ഒരു വ്യക്തി ചെയ്യുന്ന ഏതെങ്കിലും കുറ്റം,-

(i) കുടുംബത്തിലെ ഒരംഗമെന്ന നിലയിലുള്ള അയാളുടെ ഇടപെടലോ ഒരു കുടുംബ തർക്കമെന്ന ഒരു കാരണത്താൽ നടന്ന ഒരു സംഭവത്തിലെ കുടുംബത്തിലെ ഒരടുത്തബന്ധുവെന്ന നിലയിലോ ഇരുഭാഗത്തും അടുത്ത ബന്ധുക്കളുടെ കുടുംബാംഗങ്ങൾ ഉൾപ്പെട്ട ഒരു കുടുംബ ലഹളയിലോ; അല്ലെങ്കിൽ

(ii) ഒരു അയൽക്കാരൻ എന്ന നിലയിലുള്ള അയാളുടെ ഇടപെടലോ തൊട്ടടുത്ത അയൽക്കാർ തമ്മിലുള്ള ഒരു തർക്കത്തിനാൽ നടന്ന ഒരു സംഭവത്തിലെ അയൽക്കാരന്റെ ഒരടുത്തബന്ധുവെന്ന നിലയിലോ; അല്ലെങ്കിൽ

(iii) സേവന വ്യവസ്ഥകൾ സംബന്ധിച്ച് അയാളും സ്ഥാപനവും തമ്മിലുള്ള ഒരു തർക്കത്തോടനുബന്ധിച്ചുള്ള ഒരു സംഭവത്തിൽ ഏതെങ്കിലും സ്ഥാപനത്തിലെ ഒരു ജീവനക്കാരൻ എന്ന നിലയിലുള്ള അയാളുടെ ഇടപെടലോ; അല്ലെങ്കിൽ

(iv) ഒരംഗീകൃത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥി സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ 2-ാം വകുപ്പ് (ടി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ വെറും സാന്നിദ്ധ്യം കൊണ്ട് എന്നാൽ പരസ്യമായ പ്രവർത്തനത്താലല്ലാതെയും അതിന് സഹായകമായ കുറ്റകരമായ ഗൂഢാലോചനയിൽ പങ്കെടുക്കാതെയും ആ സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ പൊതുവായ ഇടപെടൽമൂലം, സംഭവിച്ചിട്ടുള്ള ഒരു സംഭവത്തിൽ ആ പ്രത്യേക സംഭവത്തിലുള്ള അയാളുടെ ഇടപെടൽമൂലവും; അല്ലെങ്കിൽ

(v) ഒരംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ അംഗമെന്ന നിലയിൽ 2-ാം വകുപ്പ് (ടി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ പരസ്യമായ പ്രവർത്തനം കൂടാതെയുള്ള വെറും സാന്നിദ്ധ്യംകൊണ്ടും അതിന് സഹായകമായ കുറ്റകരമായ ഗൂഢാലോചനയിൽ ഉൾപ്പെടാതെയും, അധികാരിതയുള്ള പോലീസ് ഓഫീസറെയോ, മജിസ്ട്രേറ്റിനെയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പ്രതിഷേധത്തിലോ പരിപാടിയിലോ ആ പാർട്ടിയിലെ പ്രവർത്തകരുടെ പൊതുവായ ഇടപെടൽകൊണ്ട് ഉണ്ടായിട്ടുള്ള ഒരു സംഭവത്തിലും; അല്ലെങ്കിൽ

(vi) പതിനെട്ട് വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് അയാൾ ചെയ്തിട്ടുള്ള ഒരു കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിരിക്കുന്നതുമൂലവും, അയാൾ ഒരു അറിയപ്പെടുന്ന റൗഡിയാണെന്ന് തീരുമാനിക്കുന്നതിനായി കണക്കിലെടുക്കാവുന്ന കുറ്റങ്ങളുടെ എണ്ണം കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്;"

13. `ഗുണ്ട' യുടെ നിർവ്വചനത്തിൽ ഒരു `റൗഡി' കൂടി ഉൾപ്പെടുന്നു.

റൗഡിയുടെ നിർവചനത്തിൽ `റൗഡി' എന്നാൽ സ്വന്തം നിലയിലോ ഒരു സംഘത്തിലെ ഒരംഗമെന്ന നിലയിലോ അതിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കുറ്റങ്ങൾ ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരാൾ എന്ന് അർത്ഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. കേസുകൾ അന്വേഷണങ്ങളിലായിരിക്കുന്നിടത്ത്, 2 (പി) വകുപ്പിൻ കീഴിലെ ഒരു `അറിയപ്പെടുന്ന റൗഡി' ആകുന്നതിന് ബന്ധപ്പെട്ട ആൾ ഉൾപ്പെട്ടതായ മൂന്ന് സംഭവങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഒരു `ഗുണ്ട' ആകുന്നതിനു ബന്ധപ്പെട്ട ആൾ ഏതെങ്കിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, പ്രത്യക്ഷമായോ പരോക്ഷമായോ പൊതു വ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന ഏതെങ്കിലും നിയമവിരുദ്ധ പ്രവൃത്തികൾ പ്രോൽസാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ആളാകണമെന്നാണ് `ഗുണ്ട'യുടെ നിർവ്വചനം കാണിക്കുന്നത്. `ഗുണ്ട'യുടെ നിർവ്വചനത്തിൽ വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ് മുതലായ നിരവധി വിഭാഗങ്ങളും ഉൾപ്പെടുന്നതും അതിൽ ഒരു 'റൗഡി' ഉൾപ്പെടുന്നതുമാകുന്നു. `സാമൂഹ്യ വിരുദ്ധ പ്രവർത്തനം' 2(എ) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതുമാകുന്നു. `സാമൂഹ്യ വിരുദ്ധ പ്രവർത്തനം', `ഗുണ്ട', `അറിയപ്പെടുന്ന ഗുണ്ട', `റൗഡി', `അറിയപ്പെടുന്ന റൗഡി' എന്നിവയുടെ നിർവ്വചനങ്ങളുടെ സൂക്ഷ്മവായനയിൽ വ്യക്തമാകുന്നത് ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെടുകയോ, പ്രത്യക്ഷമായോ, പരോക്ഷമായോ പൊതുവ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന ഏതെങ്കിലും നിയമ വിരുദ്ധ പ്രവൃത്തിയെ പ്രോൽസാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ 2 (ടി) വകുപ്പിൽ നിർവ്വചിക്കപ്പെട്ടതുപോലെ ഒരു റൗഡി `റൗഡി'യുടെ നിർവ്വചനത്തിൽ ഉൾപ്പെട്ടുവരുന്ന ഒരാൾക്ക് ഒരു `ഗുണ്ട' ആകുന്നതിനും കഴിയുമെന്നാണ്, അയാൾ ഒരു `ഗുണ്ട' ആകുന്നതാണ്. അത്തരം ഒരു `ഗുണ്ട' അപ്രകാരമുള്ള രണ്ട് സംഭവങ്ങളിൽ ഉൾപ്പെടുകയാണെങ്കിൽ, അയാൾ `അറിയപ്പെടുന്ന ഗുണ്ട' ആകുന്നതാണ്. ഈ നിർവ്വചനങ്ങളിൽ യാതൊരു ആശയക്കുഴപ്പമോ അവ്യക്തതയോ ഇല്ല. ഏതെല്ലാം കേസുകളിലാണ് 2(ടി) വകുപ്പിൽ നിർവ്വചിക്കപ്പെട്ടതുപോലുള്ള ഒരു `റൗഡി' ഒരു `ഗുണ്ട'യും ഒരു `അറിയപ്പെടുന്ന ഗുണ്ട'യും ആകുന്നതെന്ന് ശരിയായി വ്യാഖ്യാനിക്കുന്നതിൽ യാതൊരു പ്രയാസവുമില്ല.

14. *ശൈലജയും മറ്റുള്ളവരും* അഭി *കേരള സർക്കാരും മറ്റുള്ളവരിലും* (2010 (3) കെ.എൽ.റ്റി എസ്.എൻ 28 (കേ.നം 36)=2010(1) കെ.എച്ച്.സി 457 = 2010 (1) കെ.എൽ.ഡി. 132 ഉൾപ്പെട്ട ചോദ്യം, ആ കേസിൽ പരിഗണനയ്ക്കായി ഉന്നയിച്ച ചോദ്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്ന് കാണാ വുന്നതാണ്.

15. *ബേബി* അഭി *കേരള സർക്കാരിൽ* (2014 (4) കെ.എൽ.റ്റി. 854) വിധിച്ചതുപോലെ, ഏതെങ്കിലും ആളിനെതിരെ ഒരു നിവാരണത്തടങ്കൽ ഉത്തരവോ നിരോധന ഉത്തരവോ പുറപ്പെടുവിക്കാൻ കാപ്പയ്ക്കു കീഴിലെ നിയമപ്രകാരമുള്ള അധികാരസ്ഥാനത്തെ നിർബന്ധിക്കുന്നതിനായി ഒരു മാൻഡമസ് റിട്ട് പുറപ്പെടുവിക്കുന്നതിന് അഭ്യർത്ഥിക്കാൻ ഏതൊരാളിനും നിയമപരമായോ ഭരണഘടനാപരമായോ യാതൊരു അവകാശവുമില്ലാത്തതാകുന്നു. അതേസമയം പക്ഷപാതം കൊണ്ടോ തീർച്ചപ്പെടുത്തിയ നിയമതത്വ ങ്ങളുടെ ദുർവ്യാഖ്യാനമോ തെറ്റിദ്ധാരണയോ കൊണ്ടോ ഉചിതമായ നടപടികളാരംഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരസ്ഥാനം വീഴ്ചവരുത്തിയെന്ന് കോടതി യുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നപക്ഷം, വിഷയത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിൽ, ഹൈക്കോടതി ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 226നു കീഴിൽ നീതീകരിക്കപ്പെടുന്നതായിരിക്കും.

ജില്ലാ പോലീസ് ചീഫ് സമർപ്പിച്ച എക്സിബിറ്റ് പി 2 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഒരാഴ്ചയ്ക്കകം ഉചിതമായ നടപടികളെടുക്കുമെന്ന് പണ്ഡിതനായ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ബോധിപ്പിച്ചിട്ടുള്ളതിനാൽ, ഈ റിട്ട് ഹർജിയിൽ അദ്ദേഹത്തിന് ഏതെങ്കിലും നിർദ്ദേശങ്ങൾ നൽകേണ്ടതിന്റെ ആവശ്യമില്ല.

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ സമർപ്പണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഈ റിട്ട് ഹർജി തീർപ്പാക്കുന്നു.

************

**ബഹു. കേരള ഹൈക്കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് സി.കെ. അബ്ദുൾ റഹിം**
**&**
**ബഹു. ജസ്റ്റിസ് ഷാജി പി. ചാലി**

**ദീപ**
**അഭി**
**ശശി**

**ഡബ്ല്യു.പി (സി) നം. 12278/2008 (എസ്)**

2016 മാർച്ച് 10-ന് വിധി കൽപ്പിച്ചത്

**വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ**

**ഹിന്ദു വിവാഹ ആക്റ്റ്, വകുപ്പ് 27-ഭാര്യയുടെ ഉടമസ്ഥതയിലുള്ളതും ഭർത്താവിനെ ഏൽപ്പിച്ചിട്ടുള്ളതുമായ ആഭരണവും പണവും, പൂർണ്ണമായും ഭാര്യയ്ക്ക് സ്വന്തമായിട്ടുള്ളതും ആയതിന് ഒരു കൂട്ടായ വസ്തുവിന്റെ യാതൊരു സവിശേഷതയും ഇല്ലാത്തതുമാണ്. അത്തരം സാഹചര്യങ്ങളിൽ, ആയത് തിരികെ കിട്ടുന്നതിലേക്ക് ഒരു വിധി ആവശ്യപ്പെടുന്നതിനായി 27-ാം വകുപ്പ് ആശ്രയിക്കാൻ കഴിയാത്തതാണ്. അതുപോലെ, കുടുംബകോടതികൾ ആക്റ്റിലെ 7-ാം വകുപ്പുപ്രകാരം അത്തരം വ്യവഹാര കാരണം യോജിപ്പിക്കാൻ സാധിക്കുന്നതുകൊണ്ട്, പണവും സ്വർണ്ണാഭരണങ്ങളും തിരികെ കിട്ടുന്നതിനായുള്ള പരിഹാരത്തിനായി ഒരേ ഒറിജിനൽ ഹർജിയിൽ ആവശ്യപ്പെടാമെന്നുള്ളതുകൊണ്ടും ഇതുപ്രകാരം സങ്കീർണ്ണമായ നടപടിക്രമ ങ്ങളുടെ പ്രസക്തി ഇല്ലാത്തതാണ്. അതുകൂടാതെ, പ്രസ്തുത വസ്തുക്കളിൽ ഏതെങ്കിലും മൂല്യനിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, അത്തരം വീണ്ടെടുക്കൽ ആവശ്യപ്പെടുന്നതിലേയ്ക്ക് യാതൊരു കോടതിഫീസും വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമാണ്.**

## വിധിന്യായം

ജസ്റ്റിസ് ഷാജി പി. ചാലി

പാലക്കാട് കുടുംബ കോടതിയുടെ ഒ.പി. നമ്പർ 658/2006-ൽ 23-02-2008-ലെ വിധിന്യായത്തിൽ, വിവാഹമോചനത്തിനായുള്ള അപേക്ഷ അനുവദിക്കവേ, കുടുംബ കോടതി 676/2006, 1515/2006 എന്നീ ഇടക്കാല ഹർജികളിൽ ഉന്നയിച്ച

അവകാശവാദങ്ങൾ പരിഗണിക്കുന്നത് നിരസിച്ച ഉത്തരവിനെതിരായി ഫയൽ ചെയ്തതാണ് ഈ റിട്ട് ഹർജി.

(2) ഈ റിട്ട് ഹർജിയുടെ തീർപ്പാക്കലിന് ആവശ്യമായിട്ടുള്ള വസ്തുതകൾ താഴെ പറയും പ്രകാരമാണ്. ഹർജിക്കാരിയും എതിർകക്ഷിയും യഥാക്രമം ഭാര്യയും ഭർത്താവുമാണ്. ഹിന്ദുസമുദായത്തിൽ നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങൾ പ്രകാരം ഹർജിക്കാരിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം 03-09-2003-ൽ നടന്നിട്ടുള്ളതാണ്. ഹർജികക്ഷിക്ക് 1,00,000/- രൂപയും 26 പവൻ സ്വർണ്ണാഭരണങ്ങളും നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ തുകയും അഞ്ചര പവൻ തൂക്കമുള്ള ഒരു മാലയും ഒരു പവൻ തൂക്കം വരുന്ന ഒരു വളയും എതിർകക്ഷി ദുർവിനിയോഗം ചെയ്തിട്ടുള്ളതാണ്. കൂടുതൽ സ്വർണ്ണവും പണവും ആവശ്യപ്പെട്ടുകൊണ്ട് എതിർകക്ഷിയുടെ വീട്ടിൽവച്ചുള്ള ക്രൂരതയും പീഡനവും കാരണം ഹർജിക്കാരിയെ 04-12-2003-ൽ അവളുടെ മാതാപിതാക്കളുടെ വീട്ടിലേക്ക് തിരികെ കൂട്ടിക്കൊണ്ടുവന്നിട്ടുള്ളതാണ്. അതിനുശേഷം, ക്രൂരതയുടെ കാരണത്താൽ, കക്ഷികൾ തമ്മിലുള്ള വിവാഹം വേർപെടുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരി ഓ.പി.നം. 658/2006 ഫയൽ ചെയ്തു. ഹർജിക്കാരി ഇടക്കാല ജീവനാംശത്തിനായി ഒരു അപേക്ഷ കൂടി ഫയൽ ചെയ്തിരുന്നതും ആയത് അനുവദിച്ചുകൊണ്ട് പ്രതിമാസം 750/- രൂപ നിരക്കിൽ നൽകുന്നതിന് എതിർകക്ഷിയെ നിർദ്ദേശിച്ചിരുന്നതുമാണ്. ഹർജിക്കാരിയുടെ അഭിപ്രായത്തിൽ അത് എതിർകക്ഷി പാലിക്കപ്പെട്ടിട്ടില്ലാത്തതാണ്. വേണ്ടുവോളം സമയം കുടുംബകോടതി എതിർകക്ഷിക്ക് നൽകിയെങ്കിലും, എതിർകക്ഷി അയാൾ കൊടുക്കില്ല എന്ന നിർബന്ധ ബുദ്ധിയിലായിരുന്നു. അതിനാൽ, കുടുംബകോടതി എതിർകക്ഷിയുടെ വാദം തള്ളിക്കളഞ്ഞിട്ടുള്ളതാണ്.

(3) അപ്രകാരമിരിക്കെ, എതിർകക്ഷി ദുർവിനിയോഗം ചെയ്ത സ്വർണ്ണാഭരണങ്ങളോ അതിന്റെ വിലയോ നൽകുന്നതിനും പണം തിരികെ കിട്ടുന്നതിനും വേണ്ടി ഹർജിക്കാരി 676/2006, 2515/2006 എന്നീ ഇടക്കാല ഹർജികൾ ഫയൽ ചെയ്തിരുന്നു എന്ന് വാദിക്കുന്നു. എതിർകക്ഷിയുടെ വാദം തള്ളിക്കളഞ്ഞതിനാൽ, സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ 15-10-2007-ൽ ഹർജിക്കാരിയുടെ തെളിവ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. വിവാഹമോചനത്തിനായുള്ള ഒരു ഹർജിയിൽ പണവും സ്വർണ്ണാഭരണങ്ങളും തിരികെ കിട്ടുന്നതിനു വേണ്ടിയുള്ള ഒരു ഇടക്കാല അപേക്ഷ നിലനിൽക്കത്ത ക്കതാണോയെന്ന സംശയം കുടുംബകോടതി ആലോചനയിലെടുത്തു. അതിനുശേഷം ഹർജിക്കാരിയെ കേൾക്കുകയും ആശ്രയിക്കേണ്ടതായ വിധിന്യായങ്ങൾ കുടുംബകോടതിയുടെ നിർദ്ദേശാനുസരണം ഹാജരാക്കിയിട്ടുള്ളതുമാണ്. കേസ് വിധി പറയുന്നതിനുവേണ്ടി

17-10-2007-ലേക്ക് മാറ്റിവച്ചു. 17-10-2007 -ൽ ഹർജിക്കാരി കോടതി മുമ്പാകെ ഹാജരില്ലാ തിരുന്നതും ആയതിനാൽ ഒറിജിനൽ ഹർജിയും ഇടക്കാല അപേക്ഷകളും മേൽപ്പറഞ്ഞ തീയതി യിൽ പ്രത്യേകം ഉത്തരവുകൾ മുഖേന വീഴ്ചയ്ക്ക് തള്ളിയിട്ടുള്ളതുമാണ്. ആയതിന്റെ അനന്തരഫലമായി, ഒറിജിനൽ ഹർജി പുന:സ്ഥാപിക്കു ന്നതിനായി 24-10-2007-ൽ ഹർജിക്കാരി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതി ന്റെ ഒരു പകർപ്പ് എക്സിബിറ്റ് പി 1 ആയി ഹാജരാക്കിയിട്ടുള്ളതുമാണ്. കുടുംബകോടതി എക്സിബിറ്റ് പി1 അനുവദിക്കുകയും ഒറിജിനൽ ഹർജി പുന:സ്ഥാപിക്കുകയും അതിനുശേഷം വിവാഹമോചനത്തിനുവേണ്ടിയുള്ള ഹർജി 23-02-2008-ലെ വിധിന്യായ ത്തിലൂടെ അനുവദിച്ചിട്ടുള്ളതായി എക്സിബിറ്റ് പി 2-ൽ നിന്നും വ്യക്തമാണ്. എന്നിരുന്നാലും, കുടും ബകോടതി 676/2006, 1515/2006 എന്നീ ഇടക്കാല ഹർജികൾ പുന:സ്ഥാപിച്ചിട്ടി ല്ലാത്തതാണ്. ഇപ്രകാരം ഇടക്കാല ഹർജികളും അതിൻകീഴിലുള്ള പരി ഹാരങ്ങളും അനുവദിക്കുന്നതിൽ വിസമ്മതിച്ച കുടുംബകോടതിയുടെ ഉത്തരവിൽ പരാതിപ്പെട്ടുകൊണ്ടാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിട്ടു ള്ളത്.

4. ഹർജിക്കാരിക്കുവേണ്ടിയുള്ള വിജ്ഞാനിയായ അഭിഭാഷകനെ കേട്ടു.

5. നോട്ടീസ് കൈപ്പറ്റിയിട്ടും എതിർകക്ഷിക്കുവേണ്ടി ഹാജരില്ലാ യിരുന്നു. മുകളിൽ സൂചിപ്പിച്ച ഇടക്കാല ഹർജികളിൽ ഏതെങ്കിലും, ഹിന്ദുവിവാഹ ആക്റ്റിലെ 27-ാം വകു പ്പിൻകീഴിലുള്ള പരിഹാരത്തിന് ഹർജി ക്കാരിക്ക് അർഹതയുണ്ടോ എന്ന താണ് പരിഗണിക്കേണ്ടതായി അവശേ ഷിക്കുന്ന ഏകചോദ്യം. 27-ാം വകുപ്പ് താഴെ പറയുംപ്രകാരമാണ്:

"27 വസ്തുവിന്റെ വ്യയനം.- ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടിയിൽ വിവാഹസമയത്തോ അതിനടുത്തോ ഇഷ്ടദാനമായി കിട്ടി യിട്ടുള്ളതും ഭർത്താവിനും ഭാര്യയ്ക്കും കൂട്ടായി അവകാശപ്പെട്ടതും ആയ ഏതെങ്കിലും വസ്തു സംബന്ധിച്ച് കോടതിക്ക് നീതിപൂർവ്വകവും സമുചി തവുമാണെന്നു കോടതി കരുതുന്ന വ്യവസ്ഥകൾ വിധിയിൽ ഉണ്ടാക്കാവു ന്നതാണ്."

(6) 27-ാം വകുപ്പിന്റെ ലളിതമായ ഒരു വായനയിൽ പ്രത്യക്ഷമാകുന്നത്, ഈ ആക്റ്റിൻകീഴിൽ നേരത്തെ ആരംഭിച്ചിട്ടുള്ള ഒരു നടപടിയിൽ, വിവാഹസമയത്തോ അതിനടുത്തോ സമ്മാനിച്ചിട്ടുള്ളതും ഭർത്താവിനും ഭാര്യയ്ക്കും കൂട്ടായ ഉടമസ്ഥതയിലു മുള്ള ഏതെങ്കിലും വസ്തു സംബ ന്ധിച്ച് നീതിപൂർവ്വവും സമുചിതവു മാണെന്നു കരുതുന്ന അത്തരം വ്യവസ്ഥകൾ വിധിയിൽ ഉണ്ടാക്കുന്ന തിന് കോടതിക്ക് അധികാരം നിക്ഷി പ്തമായിട്ടുണ്ട് എന്നാണ്. അതിനാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, ഹിന്ദുവി വാഹ ആക്റ്റിലെ ഏതെങ്കിലും വ്യവ സ്ഥകൾ പ്രകാരം ഒരു വിധി ആവശ്യ പ്പെടുന്നുവെങ്കിൽ മാത്രമേ, 27-ാം

വകുപ്പ് കുടുംബ കോടതിക്ക് ആശ്രയിക്കാൻ കഴിയുകയുള്ളൂവെന്നും വിവാഹസമയത്തോ അതിനടുത്തോ ഏതെങ്കിലും പാരിതോഷികം കക്ഷികൾ സ്വീകരിച്ചിട്ടുള്ളതും ആയത് ഭാര്യയ്ക്കും ഭർത്താവിനും കൂട്ടായി അവകാശപ്പെടാവുന്നതോ ആണെങ്കിൽ, കോടതി മുമ്പാകെ കക്ഷികൾ ഫയൽ ചെയ്യുന്ന പ്രസ്തുത അപേക്ഷയിന്മേൽ തീർപ്പുകല്പിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതുമാണ്. അതിനാൽ വസ്തു ഭാര്യയ്ക്കും ഭർത്താവിനും കൂട്ടായി അവകാശപ്പെട്ടതായിരിക്കണം എന്നതാണ് പ്രസ്തുത വ്യവസ്ഥയുടെ പ്രബലമായ ഘടകം. ഇവിടെ ഈ കേസിൽ തിരികെ കിട്ടുന്നതിന് ആവശ്യപ്പെട്ടിരിക്കുന്ന വസ്തുക്കൾ ഹർജിക്കാരിയുടെ അഭിപ്രായത്തിലും ഹർജിക്കാരിക്ക് വിവാഹസമയത്ത് കൊടുത്ത 1,00,000/- രൂപയും ആറ് പവൻ സ്വർണ്ണാഭരണങ്ങളുമാണ്. പണത്തിനും ആഭരണത്തിനും യാതൊരു സമയത്തും ഹർജിക്കാരിക്കും എതിർകക്ഷിക്കും കൂട്ടായി അവകാശപ്പെട്ട ഒരു വസ്തുവിന്റെ സവിശേഷത ആർജ്ജിച്ചിരുന്നതായ ഒരു കേസ് ഹർജിക്കാരിക്ക് ഇല്ലാത്തതാണ്. ആയതിനാൽ 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 27-ാം വകുപ്പിന്റെ വ്യവസ്ഥകൾ ആശ്രയിച്ചുകൊണ്ട്, ഒരു വിവാഹമോചന ഹർജിയിൽ ഹർജിക്കാരിക്ക് അവൾ ഉടമയായിട്ടുള്ള വസ്തുക്കൾ അവകാശപ്പെടാൻ കഴിയുമോ എന്നതാണ് ചോദ്യം.

7. ഹർജിക്കാരിക്ക് വിവാഹസമയത്ത് നൽകിയ 1,00,000/- രൂപയേയും സ്വർണ്ണാഭരണത്തെയും സംബന്ധിച്ച് പി. ഡബ്ല്യു 1-ന്റെയും 2-ന്റെയും തെളിവ് വിലയിരുത്തിയശേഷം, ഹർജിക്കാരിക്ക് വിവാഹമോചന നടപടിയിൽ അത്തരം ഒരു പരിഹാരത്തിന് അർഹതയില്ലായെന്ന് ഒന്നിലധികം കാരണങ്ങളാൽ കുടുംബകോടതി വിധിച്ചു. ഇടക്കാല ഹർജികൾ രണ്ടും 17-10-2007 -ൽ, അതായത് ഒറിജിനൽ ഹർജി തള്ളിയ തീയതിയിൽ വീഴ്ചയ്ക്ക് തള്ളിയിട്ടുള്ളതാണ്. എന്നാൽ ഹർജിക്കാരി ഒറിജിനൽ ഹർജി പുനഃസ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതും അപ്രകാരം ഒറിജിനൽ ഹർജി മാത്രം ഫയലിലേക്ക് പുനഃസ്ഥാപിക്കപ്പെട്ടിട്ടുള്ളതും ആയതിനാൽ പ്രസ്തുത ഇടക്കാല അപേക്ഷകളിൽ ആവശ്യപ്പെട്ട പരിഹാരം അനുവദിക്കുവാൻ കഴിയാത്തതുമാണ്. അതിനുപുറമെ, പ്രസ്തുത ഇടക്കാല അപേക്ഷകളിൽ അവകാശപ്പെട്ട പരിഹാരം ഒറിജിനൽ ഹർജിയിലോ ഒരു പ്രത്യേക ഒറിജിനൽ ഹർജിയിലൂടെയോ ഹർജിക്കാരിക്ക് അവകാശപ്പെടേണ്ടതായിരുന്ന മുഖ്യ പരിഹാരങ്ങളാണ് എന്നു കൂടി കുടുംബകോടതി വിധിച്ചു. ആയതിനാൽ, ഇടക്കാല അപേക്ഷകളിൽ ആവശ്യപ്പെട്ട പരിഹാരം, ദമ്പതികളുടെ കൂട്ടായ ഉടമസ്ഥതയിലുള്ള ഏതെങ്കിലും വസ്തുക്കളെ സംബന്ധിച്ചല്ലാത്തതിനാൽ, ഹിന്ദു വിവാഹ ആക്റ്റിലെ 27-ാം വകുപ്പിന് യാതൊരു പ്രയോഗികതയുമില്ലായെന്ന് വിധിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും, പണവും സ്വർണ്ണാഭരണങ്ങളും ആവശ്യപ്പെട്ടുകൊണ്ട്

പ്രത്യേകം ഒറിജിനൽ ഹർജി ഫയൽ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഹർജി ക്കാരിക്ക് നൽകിയിട്ടുണ്ട്.

8. വിവാഹസമയത്തോ അതിന ടുത്തോ ഒരു വരൻ/വധു സമ്മാനമായി സ്വീകരിച്ചതും ആയത് ഒരു ജീവിത മാർഗ്ഗമെന്ന നിലയിൽ അവരുടെ കൂട്ടായ ഉപയോഗത്തിൽ വന്നിട്ടുള്ളതു മായ വസ്തു, 27-ാം വകുപ്പിന്റെ പ്രയോഗ ക്ഷമതയിൽ വരുന്ന വസ്തു വിൽ ഉൾപ്പെടുന്നുവെന്ന തീരുമാനം ബോധ്യപ്പെടുത്തുന്നതിലേയ്ക്കായി ഹർജിക്കാരിയുടെ വിജ്ഞാനിയായ അഭിഭാഷകൻ, ബോംബെ ഹൈക്കോ ടതിയുടെ *നന്ദിനി സഞ്ജീവ് അഹുജ* അഭി *സഞ്ജീവ് ബീർസൻ അഹുജ* (എഐആർ 1988 ബോംബെ 239)-ലെ വിധിന്യായത്തിലേക്ക് ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. അതുപോലെ തന്നെ സമാനരീതിയിലുള്ള തീർപ്പ് ബോധ്യ പ്പെടുത്തുന്നതിലേയ്ക്കുവേണ്ടി മധ്യ പ്രദേശ് ഹൈക്കോടതിയുടെ *ശ്രീമതി നിർമ്മല ഗുപ്ത* അഭി *മുന്ന ഗുപ്ത എന്നു വിളിക്കുന്ന റാവേന്ദ്രകുമാർ* (എഐആർ 1996 മധ്യപ്രദേശ് 227)-ലെ വിധിന്യായം നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടു. വിവാഹസമയത്ത് ഹർജിക്കാരിക്ക് ലഭിച്ച ആഭരണം ഹിന്ദു വിവാഹ ആക്റ്റിലെ 27-ാം വകുപ്പനുസരിച്ച് തീർപ്പുകൽപ്പിക്കാ വുന്നതാണെന്ന് വാദിക്കുന്നതി ലേക്കായി അലഹബാദ് ഹൈക്കോടതി യുടെ *കാംദ പ്രസാദ്* അഭി *ശ്രീമതി ഓം വാധി* (എഐആർ 1972 അലഹബാദ് 153)-ലെ ഒരു വിധിന്യായം കൊണ്ടു വന്നു. *ശ്രീമതി സുരീന്ദർ കൗർ* അഭി *മദൻലാൽ സിംഗ്* (എഐആർ 1980 പഞ്ചാബ് & ഹരിയാന 334)-ൽ പഞ്ചാബിലേയും ഹരിയാനയിലേയും ഹൈക്കോടതിയുടെ വിധിന്യായത്തി ലേയ്ക്കും കൂടി വിജ്ഞാനിയായ അഭി ഭാഷകൻ ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. അവിടെയും കോടതി പരിഗണിച്ച ചോദ്യം 27-ാം വകുപ്പനുസരിച്ച് കോടതിക്ക് തീർപ്പു കൽപ്പിക്കുവാൻ കഴിയുന്ന വസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ചായിരുന്നു. മേൽപ്പറഞ്ഞ വിധിന്യായത്തിനു പുറമേ, [2005 (2) കെഎൽറ്റി എസ് എൻ 93 കേസ് നം. 113] *സൂരജ് പ്രകാശ്* അഭി *മൊഹീന്ദർ പാൽ ശർമ*-യിൽ പഞ്ചാബും ഹരിയാ നയും ഹൈക്കോടതി റിപ്പോർട്ട് ചെയ്ത വിധിന്യായത്തിലേയ്ക്കു കൂടി അഭിഭാഷകൻ ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. അവിടെയും പരിഗണിച്ചത് കോടതിക്ക് വിനിയോഗിക്കാൻ കഴിയു ന്ന അധികാരത്തിന്റെ സ്വഭാവത്തെപ്പറ്റി യായിരുന്നു. അലഹബാദ് ഹൈക്കോട തിയുടെ കാംദപ്രസാദിലെ (മേൽപ്പറ ഞ്ഞത്) വിധിന്യായം ഒഴികെ, മുകളിലെ എല്ലാ വിധിന്യായങ്ങളിലും പരിഗണിച്ച ചോദ്യം വിവാഹത്തിലെ കക്ഷികൾക്ക് കൂട്ടായ ഉടമസ്ഥതയിലുള്ള വസ്തുക്ക ളുടെ തീർപ്പുകൽപ്പിക്കലിനെ സംബ ന്ധിച്ചാണ്. വിവാഹത്തിനു മുമ്പോ ശേഷമോ യുക്തമായ ഒരു സമയത്തി നുള്ളിൽ, സമ്മാനങ്ങളായി സ്വീകരിച്ചി ട്ടുള്ള വസ്തുക്കളുടെയും വീട്ടുസാധന ങ്ങളുടെയും പൊതുവായ ഉപയോ ക്താവിന് ആയവ രണ്ടുപേരുടെയും പൊതുവായ പ്രയോജനത്തിനായി

ഉപയോഗിച്ചി ട്ടുള്ളതുമാണെങ്കിൽ പോലും ഭാര്യയുടേയും ഭർത്താവി ന്റേയും കൂട്ടായ വസ്തുവായി കണ ക്കിലെടുക്കുവാൻ കഴിയുന്നതും ആക്റ്റിലെ 27-ാം വകുപ്പുപ്രകാരം തീർപ്പുകല്പിക്കുവാൻ കഴിയുന്നതു മാണെന്ന് കോടതികൾ വിധിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഒന്നുകിൽ ഭർത്താവി നു മാത്രമായിട്ടോ അല്ലെങ്കിൽ ഭാര്യയ്ക്കുമാത്രമായിട്ടോ സ്വന്തമായി ഉള്ള ഒരു വസ്തുവിനെ സംബന്ധിച്ച് 27-ാം വകുപ്പ് ആശ്രയിക്കുവാൻ കഴിയുമെന്ന് അലഹബാദ് ഹൈക്കോട തി കാംദപ്രസാദിൽ വിധിച്ചിട്ടുള്ളതും കൂടാതെ ഹിന്ദു വിവാഹ ആക്റ്റിൽ അന്തർലീനമായിരിക്കുന്ന നിയമനട പടികളിൽ വസ്തുക്കളുടെ സ്വഭാവത്തി ന്റെ അടിസ്ഥാന നിർണ്ണയത്തിൽ അധികാരം സഹജമാണെന്നും അതി നാൽ ഒന്നുകിൽ ഭർത്താവിനു മാത്ര മായിട്ടോ അല്ലെങ്കിൽ ഭാര്യയ്ക്കു മാത്ര മായിട്ടോ സ്വന്തമായുള്ള വസ്തുവിനെ സംബന്ധിച്ച് ഉചിതമായ ഒരു വിധി പുറപ്പെടുവിക്കുന്നതിന് 27-ാം വകുപ്പ് കോടതിയുടെ പൊതുവായ അധികാര ത്തെ ഒഴിവാക്കുന്നില്ലായെന്നുമാണ്.

9. എന്നാൽ, ഞങ്ങൾ കാംദ പ്രസാദിലെ അലഹബാദ് ഹൈക്കോട തിയുടെ സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തോട് ആദരപൂർവ്വം വിയോജിക്കുന്നു. ഹിന്ദു വിവാഹ ആക്റ്റിലെ 27-ാം വകുപ്പിൽ വിഭാവനം ചെയ്തിരിക്കുന്നത് എന്തെന്നാൽ ഒരു സംക്ഷിപ്ത നിയമ നടപടികളിലൂടെ ഭർത്താവിനും ഭാര്യയ്ക്കും കൂട്ടായ ഉടമസ്ഥതയുള്ള ഏതെങ്കിലും വസ്തു വിനെ സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിന് കോടതിക്ക് നൽകിയിട്ടുള്ള ഒരു അധികാരമാണ്. അത് സ്വന്തം നിലയിൽ ലഭിച്ച ഒരു വസ്തു ആകാവുന്നതും ഭർത്താവും ഭാര്യയും വളരെക്കാലം പൊതുവായി ഉപയോഗിച്ച് രണ്ടു കക്ഷികളുടേയും മൗനാനുവാദം കൊണ്ട് അതിന് ഒരു കൂട്ടു സ്വഭാവ സവിശേഷതകൾ ആർജ്ജിക്കാവുന്നതാണെന്നതും സത്യമാണ്. കക്ഷികൾ ഉപയോഗിച്ച വീട്ടുപകരണങ്ങൾ അത്യുത്തമമായ ഉദാഹരണമാണ്. അതുകൊണ്ട് കോട തിക്ക്, കക്ഷികൾ തമ്മിലുള്ള വൈവാ ഹിക ബന്ധത്തെ സംബന്ധിക്കുന്ന ഒരു മുഖ്യ സംഗതി തീരുമാനിക്കുന്ന വേളയിൽ, അവരുടെ ജീവിതം സത്വരമായ യാതൊരു ബുദ്ധിമുട്ടും കൂടാതെ പ്രത്യേകമായി തുടരുന്നത് സാധ്യമാക്കുന്നതിലേക്കായി, ഭർത്താ വിനും ഭാര്യയ്ക്കുമിടയിൽ അത്തരം വസ്തുക്കൾ ഭാഗംവയ്ക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുവാൻ കഴിയും. എന്നാൽ, പ്രസ്തുത അധികാരം ഞങ്ങ ളുടെ അഭിപ്രായത്തിൽ, ഒരു വസ്തു വിന്റെ ഉടമസ്ഥാവകാശമോ ഭർത്താവ് ട്രസ്റ്റി എന്ന നിലയിൽ നടത്തുന്ന വസ്തുവിനെതിരെ ഭാര്യ ഉന്നയിക്കുന്ന അവകാശവാദം തീരുമാനിക്കുന്ന തിനോ ദീർഘിപ്പിക്കുവാൻ കഴിയുന്ന തല്ല. വിവാഹസമയത്തോ അതിനടു ത്തോ പിന്നീടോ ഭാര്യയ്ക്ക് അവളുടെ മാതാപിതാക്കളോ ബന്ധുക്കളോ അവ ളുടെ വ്യക്തിപരമായ ഉപയോഗത്തിന് നൽകിയിട്ടുള്ളതും ഭർത്താവിനെ

ഏൽപ്പിച്ചിട്ടുള്ളതുമായ ആഭരണവും പണവും ഭർത്താവിനും ഭാര്യയ്ക്കും കൂട്ടുടമസ്ഥതയുള്ള വസ്തുവായി വിശേഷിപ്പിക്കുവാൻ കഴിയില്ലായെന്നും ആയതിനെ സംബന്ധിച്ച് ഹിന്ദു വിവാഹ ആക്റ്റിലെ 27-ാം വകുപ്പുപ്രകാരം ഒരു തീർപ്പ് കൽപ്പിക്കുവാൻ കഴിയുന്നതുമാണ്. അതുകൂടാതെ, ഒരു വസ്തു ഭർത്താവിനെ ഏൽപ്പിക്കുകയും ആയത് വസ്തുവിന്റെ ഒരു ട്രസ്റ്റി എന്ന അയാളുടെ പദവിയിൽ ഭർത്താവ് സൂക്ഷിക്കുകയും ചെയ്യുമ്പോൾ എപ്പോഴെങ്കിലും ഭാര്യ ആയത് തിരികെ കിട്ടുന്നതിന് ആവശ്യപ്പെടുന്നെങ്കിൽ, വിവാഹം നിലനിൽക്കുന്നത് കണക്കിലെടുക്കാതെ ആയത് തിരികെ നൽകുന്നതിന് ഭർത്താവ് കടമപ്പെട്ടിരിക്കുന്നു. യാതൊരു വൈവാഹിക കലഹമോ തർക്കങ്ങളോ ഇല്ലെങ്കിൽപോലും അനുയോജ്യമായ നിയമനടപടികൾ അവലംബിച്ചു കൊണ്ട് ഭർത്താവിൽ നിന്നും ഭാര്യയ്ക്ക് അത്തരം ഏൽപ്പിക്കലുകൾ വീണ്ടെടുക്കാൻ കഴിയുമെന്നാണ് ആയതുകൊണ്ട് അർത്ഥമാക്കുന്നത്.

10. അതിനാൽ, ഞങ്ങളുടെ നമ്മുടെ അഭിപ്രായത്തിൽ, ഭാര്യയുടെ ഉടമസ്ഥതയിലുള്ളതും ഭർത്താവിനെ ഏൽപ്പിച്ചിട്ടുള്ളതുമായ ആഭരണവും പണവും, പൂർണ്ണമായും ഭാര്യയ്ക്ക് സ്വന്തമായിട്ടുള്ളതും ആയതിന് ഒരു കൂട്ടായ വസ്തുവിന്റെ യാതൊരു സവിശേഷതയും ഇല്ലാത്തതുമാണ്. അത്തരം സാഹചര്യങ്ങളിൽ, ആയത് തിരികെ കിട്ടുന്നതിലേക്ക് ഒരു വിധി ആവശ്യപ്പെടുന്നതിനായി 27-ാം വകുപ്പ് ആശ്രയിക്കാൻ കഴിയാത്തതാണ്. അതുപോലെ, കുടുംബകോടതികൾ ആക്റ്റിലെ 7-ാം വകുപ്പുപ്രകാരം അത്തരം വ്യവഹാര കാരണം യോജിപ്പിക്കാൻ സാധിക്കുന്നതുകൊണ്ട്, പണവും സ്വർണ്ണാഭരണങ്ങളും തിരികെ കിട്ടുന്നതിനായുള്ള പരിഹാരത്തിനായി ഒരേ ഒറിജിനൽ ഹർജിയിൽ ആവശ്യപ്പെടാമെന്നുള്ളതുകൊണ്ടും ഇതുപ്രകാരം സങ്കീർണ്ണമായ നടപടിക്രമങ്ങളുടെ പ്രസക്തി ഇല്ലാത്തതാണ്. അതുകൂടാതെ, പ്രസ്തുത വസ്തുക്കളിൽ ഏതെങ്കിലും മൂല്യനിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, അത്തരം വീണ്ടെടുക്കൽ ആവശ്യപ്പെടുന്നതിലേയ്ക്ക് യാതൊരു കോടതിഫീസും വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമാണ്.

11. *ബാലകൃഷ്ണ രാമചന്ദ്രകാദം* അഭി *സംഗീത ബാലകൃഷ്ണകാദം* (1997) 7 എസ്സിസി 500) എന്ന കേസിലെ പരമോന്നത കോടതിയുടെ വിധിന്യായത്തിലേക്കുകൂടി പ്രാവീണ്യമുള്ള അഭിഭാഷകൻ ഞങ്ങളുടെ ശ്രദ്ധക്ഷണിച്ചിട്ടുള്ളതും, ആയതിലും പരിഗണനയ്ക്ക് വേണ്ടി ഉയർന്ന ചോദ്യം ഹിന്ദു വിവാഹ ആക്റ്റിലെ 27-ാം വകുപ്പുപ്രകാരമുള്ള ഒന്നായിരുന്നു. എന്നാൽ അവിടെ വസ്തുതാപരമായ സാഹചര്യങ്ങളെ പരമോന്നത കോടതി വിലയിരുത്തിയിട്ടുള്ളതും പ്രസ്തുത കേസിലെ വസ്തുതാവസ്ഥയിൽ 27-ാം വകുപ്പ് ആകർഷിക്കപ്പെടുകയാണെന്ന് വിധിക്കുകയും പുതിയതായി പരിഗണിക്കുന്നതിനുവേണ്ടി കുടുംബകോടതിയിലേക്ക് തിരിച്ചയച്ചിട്ടുള്ളതുമാണ്.

ആയതിനാൽ പരമോന്നത കോടതി ഏതെങ്കിലും നിയമതത്വങ്ങൾ വിധിച്ചിട്ടുള്ളതായി ഞങ്ങൾ കരുതുന്നില്ല.

12. കൂടാതെ, വിജ്ഞാനിയായ അഭിഭാഷകൻ ഉയർത്തിയ മറ്റൊരു വാദം, ഒറിജിനൽ ഹർജി തിരികെ എടുക്കുന്നതിനോടൊപ്പം ഇടക്കാല ഹർജികളും തിരികെയെടുക്കുന്നത് കുടുംബകോടതി നിരസിച്ചത് നിയമവിരുദ്ധമാണെന്നതായിരുന്നു. ഒറിജിനൽ ഹർജി വീണ്ടും ഫയലിലേക്ക് എടുത്തപ്പോൾ, ഇടക്കാല ഹർജികളുടെ പുനഃസ്ഥാപനം സ്വതസിദ്ധമായിരുന്നുവെന്നും ആയത് വീണ്ടും ഫയലിൽ എടുത്തതായി കരുതേണ്ടതാണെന്നും അഭിഭാഷകൻ വാദിക്കുന്നു. എന്നാൽ ഇടക്കാല അപേക്ഷകളിൽ ആവശ്യപ്പെട്ട പരിഹാരങ്ങൾ ഒറിജിനൽ ഹർജിയിൽ ഉൾപ്പെട്ട സംഗതികൾ തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ടതല്ലാത്തതും അവ ഒറിജിനൽ ഹർജിയിലെ അനുബന്ധ പരിഹാരങ്ങളുമല്ലാത്തതുമാകയാൽ ആയതിനോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. ആവശ്യപ്പെട്ടിട്ടുള്ള പരിഹാരങ്ങൾ സ്വതന്ത്രമായ രീതിയിലുള്ളതും അതിൽ ഉന്നയിച്ച അവകാശവാദങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേകം തെളിവ് ആവശ്യമായിരിക്കുന്നതുമാണ്. അതിനു പുറമേ, ഇടക്കാല അപേക്ഷകളിൽ ആവശ്യപ്പെട്ടിട്ടുള്ള പരിഹാരം, ഒറിജിനൽ ഹർജിയിൽ ആവശ്യപ്പെട്ട മുഖ്യ പരിഹാരത്തിൽ നിന്നും തികച്ചും വേർപെട്ടിരിക്കുന്നതാകയാൽ ആയത് ഒറിജിനൽ ഹർജിയോടൊപ്പം പരിഗണിക്കുന്നതിന് പ്രസ്തുത ഇടക്കാല ഹർജികളുടെ പ്രത്യേകമായ പുനഃസ്ഥാപിക്കൽ ഒരു അവശ്യ അനന്തര ഫലമാണെന്ന് ഞങ്ങൾ കാണുന്നു. ഇടക്കാല ഹർജികൾ പുനഃസ്ഥാപിക്കുന്നതിന് ഹർജിക്കാരി ഒരു സമയത്തും ആവശ്യപ്പെട്ടിട്ടില്ലാത്തതും പണവും ആഭരണവും വീണ്ടെടുക്കുന്നതിനായി അതിൽ ആയത് പരിഗണിക്കുന്നതിന് കോടതിക്ക് ഒരു തടസ്സവുമായിരുന്നു. വിഷയത്തിന്റെ ആ കാഴ്ചപ്പാടിലും, റിട്ട് ഹർജിയിൽ വിജയിക്കുന്നതിന് ഹർജികക്ഷിക്ക് അർഹതയില്ലാത്തതാണ്. എന്നിരുന്നാലും, ഈ റിട്ട് ഹർജി തള്ളുന്നത് ഹർജിക്കാരിക്ക് അത്തരം വസ്തുക്കളെ സംബന്ധിച്ച് ഏതെങ്കിലും പ്രത്യേക അവകാശവാദം ചെയ്യുന്നതിന് മാർഗ്ഗതടസ്സമായി നിൽക്കുന്നതല്ലായെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു.

13. റിട്ട് ഹർജി പരാജയപ്പെടുകയും അപ്രകാരം ആയത് തള്ളുകയും ചെയ്യുന്നുവെന്നതാണ് മേൽപ്പറഞ്ഞ ചർച്ചയുടെ ഫലം.

ഈ കേസിലെ തീർപ്പാക്കാത്ത എല്ലാ ഇടക്കാല ഹർജികളും അവസാനിപ്പിക്കുന്നു.

****************

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് ബി. കെമാൽ പാഷ

**ആഷിഷ് അരോർ**
**അഭി**
**കേരള സർക്കാർ**

**റിട്ട് ഹർജി നം. 19310/2015 & 6378/2016**

2016 മാർച്ച് 1-ന് വിധി കൽപ്പിച്ചത്
**വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ**

**ക്രിമിനൽ നടപടി നിയമസംഹിത 1973, വകുപ്പുകൾ 218 & 212 (2)-ഒരേ ഇടപാട് സംബന്ധിച്ച് ഐ.പി.സി 420-ഉം 406-ഉം വകുപ്പുകളിൻ കീഴിലുള്ള കുറ്റങ്ങൾ ആരോപിച്ചിട്ടുള്ള ഒരു കേസിൽ, പ്രസ്തുത രണ്ട് കുറ്റങ്ങൾക്കും വെവ്വേറെയുള്ള ചാർജ്ജുകൾ തയ്യാറാക്കേണ്ടതും ആ കേസിൽ ആ രണ്ടു കുറ്റങ്ങളും ഒരുമിച്ച് വിചാരണ ചെയ്യേണ്ടതുമാണ്.**

**ഈ കേസിലെ പ്രവർത്തനരീതി നടത്തുന്നതിലേക്കായി, വ്യത്യസ്ത എ.ടി എമ്മുകളിലായി വ്യത്യസ്ത എ.ടി.എം കാർഡുകൾ ഉപയോഗിച്ചിട്ടുള്ളതാകുന്നു. അത്തരം സംഗതിയിൽ, വ്യത്യസ്ത കേസുകളിൽ തെളിവുകൾ വ്യത്യസ്തമായിരിക്കുന്നതാണ്. വ്യത്യസ്ത കേസുകളിൽ വ്യത്യസ്ത തുകകളാണ് ചതിക്കപ്പെട്ടിരിക്കുന്നത്. വ്യത്യസ്ത കേസുകളിൽ പ്രതികളെ തിരിച്ചറിയുന്നതിന് വ്യത്യസ്ത സാക്ഷികളുണ്ടാകുന്നതാണ്. അത്തരം സംഗതിയിൽ, ഈ കേസുകൾ ഒരുമിച്ച് കൂട്ടിച്ചേർക്കുന്നതിന് ഒട്ടും തന്നെ സാധ്യമാകുന്നതല്ല.**

### വിധിന്യായം

വ്യത്യസ്ത പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്ത 23 ക്രൈമു കളിലെ പ്രതികളിൽ അഞ്ച് പേർ, ആ എല്ലാ ക്രൈമുകളെയും സംബന്ധിക്കുന്ന കേസുകൾ ഒറ്റ കേസായി ഒരുമിച്ച് കൂട്ടിച്ചേർക്കണമെന്നും അതുവഴി അവയിലെ ഒരു കോടതി മുമ്പാകെ ആയവ ഒരുമിച്ച് വിചാരണ ചെയ്യുവാൻ സാധ്യമാക്കണമെന്നുമുള്ള അപേക്ഷയുമായി ഈ കോടതി മുമ്പാകെ വന്നിട്ടുള്ളതാകുന്നു.

2. ഹർജിക്കാർ 25-30 വയസ്സുള്ള ചെറുപ്പക്കാർ ആകുന്നു. അവർ പഞ്ചാബ് സംസ്ഥാനത്തു നിന്നുള്ളവരാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനേയും ഫെഡറൽ ബാങ്ക് ലിമിറ്റഡിനെയും ചതിക്കുന്നതിനായി അവർ പ്രത്യേക രീതിയിലുള്ള ഒരു പ്രവർത്തന രീതി കൃത്രിമമായുണ്ടാക്കി. ന്യൂഡൽഹി മുതൽ നെടുമ്പാശ്ശേരിവരെ അവർ അവിടെ നിന്നും വിമാനത്തിൽ വരികയും ടാക്സി വാടകയ്ക്കെടുത്ത് തിരുവന

ന്തപുരത്തേക്കും മറ്റ് പല സ്ഥലങ്ങളിലേക്കും പുറപ്പെടുകയും തിരികെ നെടുമ്പാശ്ശേരിയിലേക്ക് മടങ്ങുകയും പതിവാക്കിയിരുന്നു. ഫെഡറൽ ബാങ്ക് ലിമിറ്റഡിന്റെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെയും എ.ടി.എം കൗണ്ടറുകളിൽ വഴിമദ്ധ്യേ, അവർ ഇറങ്ങുക പതിവായിരുന്നു. ഐ.സി.ഐ.സി.ഐ ബാങ്ക്, ആക്സിസ് ബാങ്ക് അതുപോലെ എച്ച്.ഡി.എഫ്.സി ബാങ്ക് എന്നിവയിൽ നിന്നും കരസ്ഥമാക്കിയ വ്യത്യസ്ത എ.ടി.എം കാർഡുകൾ ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെയും ഫെഡറൽ ബാങ്ക് ലിമിറ്റഡിന്റെയും എ.ടി.എം കൗണ്ടറുകളിൽ നിന്നും പണം പിൻവലിക്കുന്നത് അവർ പതിവാക്കി. പണം കിട്ടുന്നതിനായി, അവർ എ.ടി.എം കാർഡുകൾ ഇടുകയും പിൻ നമ്പർ ഫീഡ് ചെയ്യുകയും ചെയ്തിരുന്നു. 10,000/- രൂപയുടെ തുക പുറത്തേക്ക് വരുമ്പോ ൾ അതിൽ നിന്നും അവർ 9,500/- രൂപ എടുക്കുകയും ബാക്കി 500/- രൂപ ഉപേക്ഷിക്കുകയും ചെയ്തിരുന്നു. ഈ കേസുകൾ സംഭവിക്കുന്ന സമയത്ത്, സ്റ്റേറ്റ് ഓഫ് ട്രാവൻകൂറിന്റെയും ഫെഡറൽ ബാങ്ക് ലിമിറ്റഡിന്റെയും എ.ടി.എ മ്മുകളിൽ മെഷീനുകളിൽ ഉപേക്ഷി ക്കുന്ന ആ കറൻസികൾ മെഷീനുകൾ തിരിച്ചെടുക്കുക പതിവായിരുന്നു. രൂപ അകത്തേക്കു പോകുന്ന മുറയ്ക്ക്, 10,000/- രൂപ പിൻവലിക്കാൻ അപേക്ഷിച്ച ആ ഒറിജിനൽ ഇടപാട് അസാധു വാക്കപ്പെടുകയും തന്നിമിത്തം ആ പ്രത്യേക ബാങ്കിന്റെ അക്കൗണ്ട് ഹോൾഡർക്ക് അക്കൗണ്ടിൽ നിന്നും യാതൊരു പണവും നഷ്ടപ്പെടാത്തതും ആകുന്നു. അതേ സമയം, അത്തരം എ.ടി.എ മ്മുകളിൽ നിന്നും തുക പിൻവലിക്കുന്ന ആളുകൾക്ക് അവർ എടുത്ത തുകകൾ മെഷീനു പുറത്തേക്ക് എടുക്കുവാനും കഴിഞ്ഞിരുന്നു.

3. മേല്പറഞ്ഞ പ്രവർത്തനരീതി അവലംബിച്ച് അവർ കോടിക്കണക്കിന് രൂപയ്ക്ക് ഫെഡറൽ ബാങ്ക് ലിമിറ്റഡിനെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെയും ചതിക്കുകയും വഞ്ചിക്കുകയും ചെയ്തുവെന്ന് ആരോപിച്ചിരിക്കുന്നു. ഹർജിക്കാരുടെ പ്രഗത്ഭരായ ഇരു അഭിഭാഷകരുടെയും അഭിപ്രായത്തിൽ വഞ്ചിക്കപ്പെട്ടതായി ആരോപിച്ചിരിക്കുന്ന തുക വളരെ കുറച്ച് ലക്ഷങ്ങളേ വരികയുള്ളൂ, ആരോപിച്ചിരിക്കുന്നതുപോലെ കോടികളല്ല.

4. ഹർജിക്കാർക്കുവേണ്ടി ശ്രീ. മില്ലു ദണ്ഡപാണിയെയും ശ്രീ. രജിത്തിനെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്കു വേണ്ടി ശ്രീ. ജവഹർ ജോസിനെയും ഫെഡറൽ ബാങ്ക് ലിമിറ്റഡിനു വേണ്ടി ശ്രീ. കെ. മധുസൂദനനെയും സംസ്ഥാനത്തിനു വേണ്ടി പാണ്ഡിത്യമുള്ള അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ് ശ്രീ. ടോം ജോസ് പടിഞ്ഞാറേക്കരയെയും കേൾക്കുകയുണ്ടായി.

5. പാണ്ഡിത്യമുള്ള അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ് ഹാജരാക്കിയിട്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ഹർജിക്കാർക്കെതിരെയുള്ള ക്രൈമുകളുടെ വിശദാംശങ്ങൾ കാണിക്കുന്നു, ആയത് താഴെപ്പറയും പ്രകാരമാണ്:-

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ | ക്രൈം നമ്പറും നിയമത്തിലെ വകുപ്പും | കുറ്റപത്രം നൽകിയിട്ടുണ്ടോ ഇല്ലയോ എന്നും കോടതിയുടെ പേരും | സി.സി.നം. |
|---|---|---|---|---|
| 1 | സെൻട്രൽ പിഎസ് | ക്രൈം 1313/12 ഐപിസി യിലെ 120 ബി, 419, 420 & 34 & ഐ.റ്റി ആക്റ്റിലെ 66 എ & സി വകുപ്പുകൾക്ക് കീഴിൽ | 30-03-13-ൽ എറണാകുളം സി.ജെ.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 123/13 |
| 2 | സെൻട്രൽ പിഎസ് | ക്രൈം 1314/12 ഐപിസി യിലെ 120 ബി, 419, 420 & 34 & ഐ.റ്റി ആക്റ്റിലെ 66 എ & സി വകുപ്പുകൾക്ക് കീഴിൽ | 30-03-13-ൽ എറണാകുളം സി.ജെ.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 124/13 |
| 3 | സെൻട്രൽ പിഎസ് | ക്രൈം 1315/12 ഐപിസി യിലെ 120 ബി, 419, 420 & 34 & ഐ.റ്റി ആക്റ്റിലെ 66 എ & സി വകുപ്പുകൾക്ക് കീഴിൽ | 30-03-13-ൽ എറണാകുളം സി.ജെ.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 120/13 |
| 4 | സെൻട്രൽ പിഎസ് | ക്രൈം 1321/12 ഐപിസി യിലെ 120 ബി, 419, 420 & 34 & ഐ.റ്റി ആക്റ്റിലെ 66 എ & സി വകുപ്പുകൾക്ക് കീഴിൽ | 30-03-13-ൽ എറണാകുളം സി.ജെ.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 125/13 |
| 5 | കടവന്ത്ര പിഎസ് | ക്രൈം 779/12 ഐപിസി യിലെ 120 ബി, 419, 420 & 34 & ഐ.റ്റി ആക്റ്റിലെ 66 എ സി വകുപ്പുകൾക്ക് | 30-03-13-ൽ എറണാകുളം സി.ജെ.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 112/13 |

| | | | | |
|---|---|---|---|---|
| | | കീഴിൽ | | |
| 6 | കളമശ്ശേരി | ക്രൈം 1027/12 ഐപിസി യിലെ 420 & 34 വകുപ്പുകൾക്കു കീഴിൽ | 15-04-15-ൽ കളമശ്ശേരി ജെ.എഫ്.സി.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | സി.സി.നം കിട്ടിയിട്ടില്ല |
| 7 | ഇ.റ്റി സൗത്ത് പിഎസ് | ക്രൈം 745/12 ഐപിസി യിലെ 420 & 34 വകുപ്പുകൾക്കു കീഴിൽ | 20-11-13-ൽ എറണാകുളം എ.സി.ജെ.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 829/14 |
| 8 | ഇ.റ്റി സൗത്ത് പിഎസ് | ക്രൈം 746/12 ഐപിസി യിലെ 420 & 34 വകുപ്പുകൾക്കു കീഴിൽ മുമ്പാകെ | 20-11-13-ൽ എറണാകുളം എ.സി.ജെ.എം കോടതി (ഇ&ഒ) കുറ്റപത്രം സമർപ്പിച്ചു | സി.സി.നം കിട്ടിയിട്ടില്ല |
| 9 | ഇ.റ്റി സൗത്ത് പിഎസ് | ക്രൈം 1029/12 ഐപിസി യിലെ 420 & 34 വകുപ്പുകൾക്കു കീഴിൽ | 20-11-13-ൽ എറണാകുളം എ.സി.ജെ.എം കോടതി (ഇ&ഒ) മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 837/14 |
| 10 | ഹാർബർ പിഎസ് | ക്രൈം 434/12 ഐപിസി യിലെ 420 & 34 വകുപ്പുകൾക്കു കീഴിൽ | 29-09-13-ൽ കൊച്ചി ജെ.എഫ്.സി.എം കോടതി I മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | സി.സി.നം കിട്ടിയിട്ടില്ല |
| 11 | പനങ്ങാട് പിഎസ് | ക്രൈം 725/12 ഐപിസി യിലെ 120 ബി, 420 & 34 വകുപ്പുകൾക്കു കീഴിൽ | 30-09-13-ൽ എറണാകുളം എ.സി.ജെ.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | |
| 12 | ആലുവ ഈസ്റ്റ് പിഎസ് | ക്രൈം 1456/12 ഐപിസി യിലെ 120 ബി, 417, 420, 468, 471 എന്നീ വകുപ്പുകൾ 34-നോട് കൂട്ടിവായിച്ചതിനും | 04-04-14-ൽ ആലുവ ജെ.എഫ്.സി.എം കോടതി I മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു | 1028/14 |

| | | | | |
|---|---|---|---|---|
| | | ഐ.റ്റി ആക്റ്റിലെ 65, 66 (സി) വകുപ്പുകൾക്കും കീഴിൽ | | |
| 13 | ചേർത്തല പിഎസ് | ക്രൈം 784/12 ഐപിസി യിലെ 420 & ഐ.റ്റി ആക്റ്റിലെ 66 (സി) വകുപ്പുകൾക്കു കീഴിൽ | 10-06-13-ൽ ചേർത്തല ജെ.എഫ്.സി.എം കോടതി I മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 881/13 |
| 14 | പാലാരിവട്ടം പിഎസ് | ക്രൈം 1000/12 ഐപിസി യിലെ 420 & 34 വകുപ്പുകൾക്കു കീഴിൽ | അന്വേഷണത്തിലാണ്. | |
| 15 | ആറ്റിങ്ങൽ പിഎസ് | ക്രൈം 978/12 ഐപിസി യിലെ 420 & 34 വകുപ്പുകൾക്കു കീഴിൽ | 25-09-12-ൽ ആറ്റിങ്ങൽ ജെ.എഫ്.സി.എം കോടതി I മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 1065/12 |
| 16 | ആറ്റിങ്ങൽ പിഎസ് | ക്രൈം 1228/12 ഐപിസി യിലെ 120 ബി, 417, 420, 468, 471 എന്നീ വകുപ്പുകൾ 34-നോട് കൂട്ടിവായിച്ചതിനും & ഐ.റ്റി ആക്റ്റിലെ 65, 66 (സി) & 66 (ഡി) വകുപ്പുകൾക്കും കീഴിൽ | 31-12-12-ൽ ആറ്റിങ്ങൽ ജെ.എഫ്.സി.എം കോടതി-I മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 104/13 |
| 17 | ബാലരാമപുരം പിഎസ് | ക്രൈം 816/12 ഐപിസി യിലെ 120 ബി, 417, 420, 468, 471 എന്നീ വകുപ്പുകൾ 34-നോട് കൂട്ടിവായിച്ചതിനും & ഐ.റ്റി ആക്റ്റിലെ 65, 66 (സി) & 66 (ഡി) വകുപ്പുകൾക്കു കീഴിൽ | നെയ്യാറ്റിൻകര ജെ.എഫ്.സി.എം കോടതി-III മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു | 3173/14 |
| 18 | കാട്ടാക്കട പിഎസ് | ക്രൈം 1009/12 ഐപിസി യിലെ 120 ബി, 417, 420, 468, 471 എന്നീ വകുപ്പുകൾ | കാട്ടാക്കട ജെ.എഫ്.സി.എം കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 243/14 |

| | | | | |
|---|---|---|---|---|
| | | 34-നോട് കൂട്ടിവായിച്ചതിനും & ഐ.റ്റി ആക്റ്റിലെ 65, 66 (സി) & 66 (ഡി) വകുപ്പുകൾക്കും കീഴിൽ | | |
| 19 | മംഗലപുരം പിഎസ് | ക്രൈം 686/12 ഐപിസി യിലെ 120 ബി, 417, 420, 468, 471 എന്നീ വകുപ്പുകൾ 34-നോട് കൂട്ടിവായിച്ചതിനും & ഐ.റ്റി ആക്റ്റിലെ 65, 66 (സി) & 66 (ഡി) വകുപ്പുകൾക്കും കീഴിൽ | അന്വേഷണത്തിലാണ്. | |
| 20 | കിളികൊല്ലൂർ പിഎസ് | ക്രൈം 660/12 ഐപിസി യിലെ 120 ബി, 406, 420, 468, 471 എന്നീ വകുപ്പുകൾ 34-നോട് കൂട്ടിവായിച്ചതിനും & ഐ.റ്റി ആക്റ്റിലെ 65 & 66 (സി) വകുപ്പുകൾക്കും കീഴിൽ | കൊല്ലം ജെ.എഫ്.സി.എം കോടതി-I മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു | 329/13 |
| 21 | ചേർത്തല പിഎസ് | ക്രൈം 784/12 ഐപിസി യിലെ 420 & ഐ.റ്റി ആക്റ്റിലെ 66 (സി) വകുപ്പുകൾക്കു കീഴിൽ | ചേർത്തല ജെ.എഫ്.സി.എം കോടതി-I മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു. | 881/13 |
| 22 | പേരൂർക്കട പിഎസ് | ക്രൈം 745/12 കൊല്ലം സി.ബി.സി.ഐ.ഡി (ഇ &ഒ) വിംഗിലേക്ക് കൈമാറുകയും 41/സിആർ/ഇഒഡബ്ല്യു-1/ കെഎൽഎം/13 ആയി പുനരക്കമിടുകയും ചെയ്തിട്ടുള്ളതുമാണ് | അന്വേഷണം നിലവിലാണ്. | |
| 23 | കൊല്ലം ഈസ്റ്റ് പിഎസ് | ക്രൈം 956/12 ഐപിസി യിലെ 420 & 34 വകുപ്പുകൾക്കു കീഴിൽ | കൊല്ലം സി.ജെ.എം.സി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു | 49/13 |

